പാലായിൽനിന്ന് എല്ലാമാസവും 15-ാം തീയതി പ്രസിദ്ധീകരിക്കുന്നു
കേരളകത്തോലിക്കാ സഭാനവീകരണപ്രസ്ഥാനം ഒരുക്കുന്ന സ്വതന്ത്രചർച്ചാവേദി

Vol 5 Issue 12
February 2018
Published on 15 Feb.
Price Rs. 15.00

# സത്യജ്വാല
മാസിക



## 'ചർച്ച് ആക്റ്റ്' സ്പെഷ്യൽ!

അണിനിരക്കൂ! .. ചർച്ച് ആക്ടിന്റെ സുതാര്യവ്യവസ്ഥിതിക്കായി – മുഖക്കുറി

ക്രൈസ്തവരുടെ സമൂഹസമ്പത്ത് ഭരിക്കാൻ നിയമം ആവശ്യം – ജോസഫ് പുലിക്കുന്നേൽ

കാനോൻനിയമം ഒരു വിജാതീയനിയമം – ഫാ. ജോൺ കൊച്ചുമുട്ടം

"പ്രവാസി ക്നാനായപള്ളികൾ 'എൻഡോഗമസ്' അല്ല!" – പൗരസത്യതിരുസംഘം – അലക്സ് കാവുംപുറം

'അല്മായശബ്ദം' ബ്ലോഗ് സന്ദർശിക്കാൻ : www.almayasabdam.blogspot.in
'അല്മായശബ്ദം' വെബ്സൈറ്റ് സന്ദർശിക്കാൻ : www.almayasabdam.com

# സത്യജ്വാല മാസിക

കേരളകത്തോലിക്കാ സഭാനവീകരണപ്രസ്ഥാനം (KCRM) ഒരുക്കുന്ന സ്വതന്ത്ര ചർച്ചാവേദി

ഫെബ്രുവരി 2018 | പുസ്തകം 5 | ലക്കം 12

*രചനകൾ അയയ്ക്കാൻ :*
ജോർജ് മൂലേച്ചാലിൽ
*എഡിറ്റർ*
വള്ളിച്ചിറ പി.ഒ.,കോട്ടയം-686574
ഫോൺ: 9497088904
e- mail: geomoole@gmail.com

*വരിസംഖ്യ അയയ്ക്കേണ്ട വിലാസം:*
കെ.ജോർജ്ജ് ജോസഫ്, കാട്ടേക്കര
സർക്കുലേഷൻ മാനേജർ, 'സത്യജ്വാല'
c/o പ്രിന്റ് ഹൗസ്, പാലാ
പാലാ പി.ഒ., കോട്ടയം- 686 575
ഫോൺ: 9037078700
e- mail:gvkatte@gmail.com

*ബാങ്ക് :* S B I, Pala Branch
A/c No. 67117548175
A/c Name: Kerala Catholic Church Reformation Movement
IFSC Code: SBIN0070120

*പത്രാധിപസമിതി:* 1) പ്രൊഫ. സെബാസ്റ്റ്യൻ വട്ടമറ്റം 9495897122 , 2. ഡോ. ജോസഫ് വർഗീസ് (ഇപ്പൻ) - 9446561252, 3) സണ്ണി പുളിക്കൽ - 9447173536, 4) ഡോ. എം.കെ. മാത്യു - 9447112718, 5) ജോസഫ് കാലായിൽ (തൊടുപുഴ) - 9447663433, 6) ചാക്കോ കളരിക്കൽ-USA (001) 5866015195, 7) അലക്സ് കാവുംപുറം -USA (001) 5165039387.

## ഈ ലക്കത്തിൽ

**അണിനിരക്കൂ! സഭയുടെ നിഗൂഢവ്യവസ്ഥിതിക്കെതിരായി, ചർച്ച് ആക്ടിന്റെ സുതാര്യവ്യവസ്ഥിതിക്കുവേണ്ടി**
മുഖക്കുറി ........ 3

**ക്രൈസ്തവരുടെ സമൂഹസമ്പത്ത് ഭരിക്കാൻ നിയമം ആവശ്യം**
ജോസഫ് പുലിക്കുന്നേൽ ........ 5

**മേജർ ആർച്ചുബിഷപ്പിന്റെ ഭൂമികച്ചവടവും മെത്രാന്മാരുടെ എപിക്ക്യൂരിയനിസവും**
എം.എൽ. ജോർജ് മാളിയേക്കൽ ........ 10

**കാനോൻനിയമം ഒരു വിജാതീയനിയമം**
ഫാ. ജോൺ കൊച്ചുമുട്ടം ........ 13

**താങ്കൾ കുമ്പസാരിക്കേണ്ടാ!**
. ........ 16

**നിയമമില്ലാത്തിടത്ത് അരാജകത്വം**
അഡ്വ. ഇന്ദുലേഖാ ജോസഫ് ........ 18

**മാനന്തവാടി രൂപതയുടെ 760 ഏക്കർ തോട്ടം ചുളുവിലയ്ക്കു വിറ്റു!**
. ........ 20

**കൊല്ലം രൂപത കോടികളുടെ കടക്കെണിയിൽ!**
അഡ്വ. ബോറീസ് പോൾ ........ 21

**KCRM നോർത്ത് അമേരിക്ക കേരളമുഖ്യമന്ത്രിക്കു സമർപ്പിക്കുന്ന അപേക്ഷ**
. ........ 22

**കൊല്ലത്ത് 'ചർച്ച് ആക്ട് ആക്ഷൻ കൗൺസിൽ' രൂപീകരിച്ചു**
പുല്ലിച്ചിറ ഇടവകസംരക്ഷണസമിതി ........ 23

**ഹലോ ഹലോ 'ചർച്ച് ആക്ട്!' ചലോ ചലോ സെക്രട്ടറിയേറ്റ്!!**
ഇപ്പൻ ........ 24

**ദൈവദൂഷണത്തിനും കാപട്യത്തിനും കൈയും കാലും വച്ച ഒത്തുതീർപ്പു സർക്കുലർ!**
........ 26

**ആമിനായുടെ ബുദ്ധി പൗരസ്ത്യസംഘത്തിന്റെയും!**
ജോസഫ് പുലിക്കുന്നേൽ ........ 27

**അസാധാരണനായ ഒരു പോരാളി, ധീരനായ ഒരു വഴികാട്ടിയും**
ഫാ. ഡാർലി എടപ്പങ്ങാട്ടിൽ ........ 28

**'ചർച്ച് ആക്റ്റ് ' (അപ്പ. പ്രവ. 6:2-5) വരണം**
ഫാ. ജിമ്മി പൂച്ചക്കാട്ട് ........ 29

**'സത്യദീപ'ത്തിൽനിന്ന് രണ്ട് ഉദ്ധരണികൾ**
. ........ 31

**തമാശയ്ക്കുള്ള സമയമല്ലിത്**
അഗസ്റ്റിൻ വെള്ളിക്കര ........ 32

**ഈയൊരു കാര്യത്തിനു വേണ്ടിയാണ് ഞാൻ ലോകത്തിലേക്കു വന്നത്**
ഡോ. ജെ.സി. കുമരപ്പ ........ 34

**ജോസഫ് പുലിക്കുന്നേൽ ഒരു അനുസ്മരണം**
. ........ 35

**സങ്കല്പകഥകൾ 'കാതലായ വിശ്വാസസത്യ'ങ്ങളായി!**
പ്രൊഫ: പി. എൽ. ലൂക്കോസ് ........ 37

**"പ്രവാസി ക്നാനായപള്ളികൾ 'എൻഡോഗമസ്' അല്ല!"-പൗരസ്ത്യതിരുസംഘം**
അലക്സ് കാവുംപുറം-ന്യൂയോർക്ക് ........ 40

**CBCI മെത്രാന്മാർക്ക് (KCNS) നൽകിയ മെമ്മോറാണ്ടം**
. ........ 41

**എല്ലാ ഉടായിപ്പുവിശ്വാസികൾക്കുമായി ദൈവം എഴുതുന്നത്**
. ........ 42

**KCRM പ്രോഗ്രാം റിപ്പോർട്ട്, പാലാ ചർച്ച് ആക്ട് അനിവാര്യം**
. ........ 44

**സത്യജ്വാല മാസിക**

| വരിസംഖ്യ | ഇൻഡ്യയിൽ | വിദേശത്ത് |
|---|---|---|
| ഒറ്റപ്രതി | 15 രൂപാ | 150 രൂപാ |
| ഒരു വർഷം | 150 രൂപാ | 1500 രൂപാ |
| 5 വർഷം | 600 രൂപാ | 6000 രൂപാ |

*[പേരുവയ്ക്കാത്ത രചനകൾ എഡിറ്ററുടേത്]*
*[രചനകളിലെ അഭിപ്രായങ്ങൾ അതാത് രചയിതാക്കളുടേത്]*

ഫെബ്രുവരി 2018 പുസ്തകം 5 : ലക്കം 12

സത്യജ്വാല

"സാത്താൻെറ കുടിലതന്ത്രങ്ങളെ എതിർത്തു നിൽക്കാൻ ദൈവത്തിൻെറ എല്ലാ ആയുധങ്ങളും ധരിക്കുവിൻ. എന്തെന്നാൽ, നമ്മൾ മാംസത്തിനും രക്തത്തിനും എതിരായിട്ടല്ല, പ്രഭുത്വ ങ്ങൾക്കും ആധിപത്യങ്ങൾക്കും ഈ അന്ധകാരലോകത്തിൻെറ അധിപൻമാർക്കും സ്വർഗീയ ഇടങ്ങളിൽ വർത്തിക്കുന്ന തിന്മയുടെ ദുരാത്മാക്കൾക്കുമെതിരായിട്ടാണു പടവെട്ടുന്നത്. അതിനാൽ, ദൈവത്തിൻെറ എല്ലാ ആയുധങ്ങളും ധരിക്കുവിൻ" (എഫേ. 6: 11-12).

**മുഖക്കുറി**



# അണിനിരക്കൂ!

## സഭയുടെ നിഗൂഢവ്യവസ്ഥിതിക്കെതിരായി, ചർച്ച് ആക്ടിന്റെ സുതാര്യവ്യവസ്ഥിതിക്കുവേണ്ടി

ഒന്നര വർഷത്തിലേറെ പഴക്കമുള്ള സഭയിലെ ഭൂമി കുംഭകോണവിവാദം വെറും രണ്ടു മാസം മുമ്പുമാത്രമാണ് പുറം ലോകമറിയുന്നത്. അതുവരെ ആ സംഭവം ഒരു നിഗൂഢ രഹസ്യമായി സൂക്ഷിക്കുകയായിരുന്നു, അതുമായി ബന്ധപ്പെട്ട സഭാധികൃതർ. ഇതു സംബന്ധിച്ച് എന്തൊക്കെയോ ഭിന്നതകൾ സഭാധികാരത്തിന്റെ അകത്തളങ്ങളിൽ പൊട്ടിപ്പുറപ്പെട്ടിരുന്നില്ലെങ്കിൽ, ഇന്നും ഈ വൻകുംഭകോണം നിഗൂഢമായിത്തന്നെ ഇരിക്കുമായിരുന്നു എന്നു കരുതണം. കാരണം, കൊല്ലം, തൃശ്ശൂർ, മാനന്തവാടി രൂപതാദ്ധ്യക്ഷന്മാർ മുമ്പു നടത്തിയിരുന്ന അനധികൃത ഭൂമികച്ചവടങ്ങളെല്ലാം വർഷങ്ങളായി നിഗൂഢതയിലായിരുന്നു. മേജർ ആർച്ചുബിഷപ്പ് ഉൾപ്പെട്ട ഭൂമികുംഭകോണവാർത്തയുടെ ആഘാതത്തിൽ ഞെട്ടിയുണർന്ന വിശ്വാസിസമൂഹത്തിന്റെ ശ്രമഫലമായിമാത്രമാണ് അവയെല്ലാം പുറത്തായിക്കൊണ്ടിരിക്കുന്നത്.

സ്വാർത്ഥലക്ഷ്യങ്ങളും നിക്ഷിപ്തതാല്പര്യങ്ങളുമുള്ളിടത്താണ് നിഗൂഢത ആവശ്യമായിവരുന്നത്. ചെറിയ കള്ളന്മാർ മുതൽ വൻ കോർപ്പറേറ്റ് കള്ളന്മാർവരെ നിഗൂഢതയിൽ പ്ലാൻ ചെയ്താണ് തങ്ങളുടെ പദ്ധതികൾ നടപ്പാക്കുന്നത്. ലക്ഷ്യത്തിൽ ഉദ്ദേശ്യശുദ്ധിയോ മാർഗ്ഗത്തിൽ സത്യസന്ധതയോ ഇല്ലാത്തതാണ് നിഗൂഢതയെ കൂട്ടുപിടിക്കാൻ അവരെയെല്ലാം നിർബന്ധിതരാക്കുന്നത്. നിഗൂഢതയുടെ ഇരുട്ടാണ് ഇക്കൂട്ടരെ നിലനിർത്തുന്നതുതന്നെ.

എന്നാൽ, യേശുവിന്റെ സഭയിലെന്തിനാണ് ഈ നിഗൂഢത? ഹൃദയശുദ്ധിയും സത്യസന്ധതയും നന്മയും പ്രഘോഷിക്കുന്ന സഭാധ്യക്ഷന്മാർ എന്തിനാണ്, കള്ളന്മാരെയും കൊള്ളക്കാരെയുംപോലെ, ഇരുട്ടിൻെറ നിഗൂഢതയെ അഭയംപ്രാപിക്കുന്നത്? സഭ ഒരു കുടുംബമാണ്, കൂട്ടായ്മയാണ് എന്നൊക്കെ പറഞ്ഞ് കുടുംബനാഥന്റെ സ്ഥാനത്തു കയറിയിരുന്നിട്ട്, കുടുംബാംഗങ്ങളറിയാതെ കുടുംബസ്വത്തു കൈയ്ക്കലാക്കി രഹസ്യത്തിൽ മറിച്ചു വിൽക്കുന്നുവെങ്കിൽ, അയാൾ കുടുംബനാഥനാകുന്നതെങ്ങനെ? 'എന്റെ ആടുകളെ മേയ്ക്കുക' എന്ന യേശുവിന്റെ വിളിക്കു പ്രത്യുത്തരം നൽകാനെന്നമട്ടിൽ രംഗപ്രവേശംചെയ്തവർ തൊഴുത്തിന്റെ മുൻവാതിലിലൂടെ അകത്തു കടക്കാൻ ധൈര്യപ്പെടാതെ കള്ളന്മാരെയും കവർച്ചക്കാരെയുംപോലെ മറുവഴിയിലൂടെയാണ് അകത്തു കടക്കുന്നതെങ്കിൽ (യോഹ.10:1-5), അവരെയെങ്ങനെ യേശുവിന്റെ ആട്ടിൻപറ്റത്തിന്റെ ഇടയന്മാരായി കണക്കാക്കാനാവും? കള്ളന്മാരും കവർച്ചക്കാരുമായല്ലാതെ അവരെയെങ്ങനെ നോക്കിക്കാണാനാവും? "ഇടയന്മാർ എന്റെ ആടുകളെ അന്വേഷിക്കുകയോ തീറ്റിപ്പോറ്റുകയോ ചെയ്യാതെ തങ്ങളെത്തന്നെ തീറ്റിപ്പോറ്റി.... ഇതാ, ഞാൻ ഇടയന്മാർക്ക് എതിരാണ്,........ ആടു മേയ്ക്കുന്ന ജോലിയിൽനിന്നു ഞാൻ അവരെ നീക്കിക്കളയും... അവയെ അവരുടെ വായിൽനിന്നു ഞാൻ രക്ഷിക്കും" (എസെ. 34:710) എന്ന ദൈവികതാക്കീതു മനസ്സിലാക്കി ഇടയസ്ഥാനത്തുനിന്നു സ്വയം പുറത്തുപോകാൻ ഈ കള്ളയിടയന്മാർ തയ്യാറായേ പറ്റൂ. അതിനവർ വിസമ്മതിക്കുകയാണെങ്കിൽ, ഇരുട്ടിന്റെ നിഗൂഢതയിൽ മറുവഴിയിലൂടെ കടന്നുവന്ന് തങ്ങളുടെ വസ്തുവകകൾ അപഹരിച്ച അവരെ അവിശ്വസ്തരായ കൂലിക്കാരെപ്പോലെ കരുതി സഭയെന്ന തൊഴുത്തിനു പുറത്താക്കാൻ ദൈവത്തിന്റെ ആട്ടിൻപറ്റവും തയ്യാറാകേണ്ടിയിരിക്കുന്നു. കാരണം, യേശുവിന്റെ സഭയെ കൊള്ളക്കാരുടെ ഗുഹയാകാതെ നോക്കാനുള്ള കടമ സഭാസമൂഹത്തിനുമുണ്ട്.

**യേശുവിന്റെ സഭയിലെന്തിനാണ് ഈ നിഗൂഢത? ഹൃദയശുദ്ധിയും സത്യസന്ധതയും നന്മയും പ്രഘോഷിക്കുന്ന സഭാധ്യക്ഷന്മാർ എന്തിനാണ്, കള്ളന്മാരെയും കൊള്ളക്കാരെയുംപോലെ, ഇരുട്ടിൻെറ നിഗൂഢതയെ അഭയംപ്രാപിക്കുന്നത്?**

ഇങ്ങനെയൊക്കെ പറയേണ്ടിവരുന്നത്, വാർത്ത പുറത്തായിട്ടു രണ്ടു മാസമായിട്ടു കർദ്ദിനാൾ ആലഞ്ചേരി താൻ നേതൃത്വം കൊടുത്ത ഈ ഇടപാടു സംബന്ധിച്ച വസ്തുതകൾ സഭാസമൂഹത്തോടു തുറന്നുപറയാൻ വിമുഖത കാട്ടുന്നു എന്നതുകൊണ്ടാണ്. എന്തിന്, തന്റെ സഹായമെത്രാന്മാരോടോ വൈദികസമൂഹത്തോടോപോലും വസ്തുതകൾ വിശദീകരിക്കാൻ അദ്ദേഹം കൂട്ടാക്കുന്നില്ല. കാര്യങ്ങൾ ആരാഞ്ഞ തന്നെ അപമാനിക്കുകയാണ് കർദ്ദിനാൾ ചെയ്ത

തെന്ന് മാർ എടയന്ത്രത്ത് പറയുന്നതിന്റെ ശബ്ദരേഖയും ലോകം മുഴുവൻ കേട്ടു. ഒരു ഉന്നത സഭാസ്ഥാനിയെന്ന നിലയിൽ അദ്ദേഹത്തിന്റെ ഈ സമീപനം തീർച്ചയായും യേശുവിന് എതിർസാക്ഷ്യമാണ്. കേരളകത്തോലിക്കർക്ക് വലിയ ഇടർച്ചയ്ക്കാണ്, തന്റെ കുറ്റകരമായ മൗനത്തിലൂടെ അദ്ദേഹം കാരണമായിരിക്കുന്നത്. പൊതുസമൂഹത്തിൽ അവരെയെല്ലാം ലജ്ജിതരാക്കുകയുംചെയ്യുന്നു, അദ്ദേഹം.

അസ്ഥാനത്തുള്ള ഈ മൗനത്തിലൂടെ അദ്ദേഹം ഒന്നിനൊന്നു പരിഹാസ്യനായിക്കൊണ്ടിരിക്കുകയാണെന്ന വസ്തുതയെങ്കിലും അദ്ദേഹത്തിനു കാണാൻ കഴിഞ്ഞിരുന്നെങ്കിൽ! ഭൂമിയിടപാടു സംബന്ധിച്ച് ഗൗരവതരമായ അനവധി ചോദ്യങ്ങൾ അദ്ദേഹത്തിന്റെ തലയ്ക്കുമേൽ തൂങ്ങിനിൽക്കുമ്പോൾ അവയ്ക്കെല്ലാംകൂടി, 'സാങ്കേതികപ്പിഴവുണ്ടായി' എന്ന ഒരേയൊരു മറുപടി ആവർത്തിക്കുമ്പോൾ എങ്ങനെ അദ്ദേഹം പരിഹാസ്യനാകാതിരിക്കും! തന്റെ ഭാഗത്ത് സാങ്കേതികമായ തെറ്റേ ഉണ്ടായിട്ടുള്ളൂ എന്നു പറയുമ്പോൾ, യഥാർത്ഥ തെറ്റുകാർ വേറെയാണ് എന്നാണല്ലോ അതിനർത്ഥം. മൗനം പാലിച്ച് ആ യഥാർത്ഥ കുറ്റക്കാരെ രക്ഷിക്കാൻ ശ്രമിക്കുമ്പോഴും അദ്ദേഹം സംശയത്തിന്റെ നിഴലിലാണ്. 'എന്റെ പരിമിതികൾ നിങ്ങളുടെ പ്രാർത്ഥനകൾകൊണ്ടു പരിഹരിക്കപ്പെടും' എന്നും, 'സത്യത്തിന്റെ പ്രകാശം പരക്കുമ്പോൾ എല്ലാം പരിഹരിക്കപ്പെടു'മെന്നും മറ്റുമുള്ള അദ്ദേഹത്തിന്റെ 'പുണ്യപ്രസ്താവനകൾ' എത്രയോ ബാലിശവും പരിഹാസ്യവുമാണ്! ഭൂമികുംഭകോണം സംബന്ധിച്ച സത്യത്തിന്റെ പ്രകാശം പരക്കാനിടവരാതിരിക്കാൻ വായ മൂടിക്കെട്ടിവെച്ചിരിക്കുന്ന അദ്ദേഹംതന്നെ സത്യത്തിന്റെ പരക്കുന്ന പ്രകാശത്തെപ്പറ്റി വാചാലനാകുമ്പോൾ അതെത്ര വലിയ വിരോധാഭാസമാണ്! ഇത്ര ഗുരുതരമായി ആരോപണവിധേയനായിട്ടും, യാതൊരു ജാള്യതയും കൂടാതെ, ഭാവി പാത്രിയർക്കീസ് കസേരയിൽ കയറിയിരുന്ന് അഹങ്കാരപ്രദർശനം നടത്തിയത് എത്ര അപഹാസ്യമായിപ്പോയി! അദ്ദേഹം തന്റെ വിശ്വാസ്യതയും പ്രതിച്ഛായയും ഏറ്റവുമേറെ കളഞ്ഞുകുളിച്ചത്, താൻ അത്മായരുടെ തടങ്കലിലാണ് എന്നു പറഞ്ഞ് വൈദികസമ്മേളനത്തിൽ പങ്കെടുക്കാതെ നാടകം കളിച്ചതിലൂടെയാണ്. സഭയിലെ സുതാര്യതയ്ക്കുവേണ്ടി, അതിരൂപതയിൽ രൂപംകൊണ്ട 'Archdiocesan Movement for Transparency'(AMT) എന്ന അത്മായ-വൈദികപ്രസ്ഥാനം അങ്കമാലിയിൽ നടത്തിയ യോഗം കലക്കാൻ 'കാഞ്ഞിരപ്പള്ളി-ചങ്ങനാശ്ശേരി സ്റ്റൈലി'ൽ പള്ളിഗുണ്ടകൾ ഇറങ്ങിയപ്പോൾ അദ്ദേഹത്തിന്റെ ധാർമ്മികമുഖം വീണ്ടും വികൃതമായി. അല്ലെങ്കിൽ, ഏറ്റവും അടുത്ത നിമിഷത്തിൽത്തന്നെ അദ്ദേഹം അതിനെ അപലപിക്കുകയും അതിനു നേതൃത്വം കൊടുത്തവരെ തള്ളിപ്പറയുകയും ചെയ്യണമായിരുന്നു. വളരെ വൈകി നടത്തിയ ഖേദപ്രകടനവും ഒരു നാടകമായിരുന്നുവെന്ന് AMT ജനു. 4-നു വൈക്കത്തു നടത്തിയ ഫൊറോനാതല യോഗം കലക്കാൻ അതേ വിശുദ്ധഗുണ്ടകൾ ആക്രോശവുമായി വീണ്ടും രംഗത്തെത്തിയപ്പോൾ തെളിഞ്ഞിരിക്കുകയാണ്. ഭൂമിവിവാദം സംബന്ധിച്ചു പുറത്തുവന്ന വിദഗ്ദ്ധസമിതിയുടെ റിപ്പോർട്ടു ചർച്ചചെയ്യാനോ, സഭയുടെ സാമ്പത്തികഇടപെടലുകളിൽ സുതാര്യത ആവശ്യപ്പെടാനോ ഒന്നും, എല്ലാ സഭാസ്വത്തുക്കളുടെയും യഥാർത്ഥ ഉടമകളായ അത്മായർക്ക് അവകാശമില്ലപോലും! ഇവരൊക്കെ എന്താണു വിചാരിച്ചുവെച്ചിരിക്കുന്നത്, സീറോ-മലബാർ സഭ ഒരു വെള്ളരിക്കാപ്പട്ടണമെന്നോ?

കാനോൻ നിയമപ്രകാരം എറണാകുളം-അങ്കമാലി അതിരൂപതാസ്വത്തുക്കളുടെമേൽ തനിക്കു ലഭ്യമാക്കിയിരിക്കുന്ന ഉടമസ്ഥാവകാശത്തിലും ഭരണാധികാരത്തിലുമുള്ള അമിതവിശ്വാസമാകാം, ആരെന്തു പറഞ്ഞാലും അതിനൊന്നും ഉത്തരം പറയാനുള്ള ബാധ്യത തനിക്കില്ലെന്ന തരത്തിലുള്ള മൗനത്തിനും ഈ പെരുമാറ്റങ്ങൾക്കുമെല്ലാം അടിസ്ഥാനകാരണം. ഭൂമികുംഭകോണം ആരോപിക്കപ്പെട്ടിരിക്കുന്ന കേരളത്തിലെ മറ്റു മെത്രാന്മാരും ഇതേ മൗനത്തിലാണെന്നോർക്കുക. അവയൊന്നും കാര്യമായ വാർത്താപ്രാധാന്യം നേടുന്നില്ലെന്നതും ശ്രദ്ധിക്കുക. എറണാകുളത്തു ചോദ്യങ്ങൾ ചോദിക്കുന്നത് സഹായമെത്രാന്മാരും വൈദികരുമായിരുന്നില്ലെങ്കിൽ, കൊല്ലം-മാനന്തവാടി രൂപതകളിലെന്നപോലെ അത്മായർ മാത്രമായിരുന്നെങ്കിൽ, സാങ്കേതികപ്പിഴവു പറ്റിയെന്ന കുറ്റസമ്മതം പോലും ഉണ്ടാകുമായിരുന്നില്ലെന്നു ചുരുക്കം. ഇടവകയിലെയോ രൂപതയിലെയോ ഏതെങ്കിലും ഒരു നടപടിയെ ചോദ്യംചെയ്ത്, അല്ലെങ്കിൽ അതിനു പരിഹാരംതേടി, ഒരു മെത്രാനെ സമീപിക്കുന്ന ഒരു അത്മായനോ അത്മായസംഘത്തിനോ എന്തു പരിഗണനയാണ് ഇന്നു രൂപതയിൽ ലഭിക്കുന്നതെന്ന് എല്ലാവർക്കും അറിയാം. മിക്കവാറും വാദി പ്രതിയാകും, അല്ലെങ്കിൽ മൗനംതന്നെയായിരിക്കും ഉത്തരം. സ്വേച്ഛാധികാരിയായ രാജാവ് പ്രജകളോടു പെരുമാറുന്നതുപോലെയാണ്, ഇന്നത്തെ മെത്രാന്മാർ അത്മായരോട് പെരുമാറുന്നത്. തങ്ങളോട് ഉത്തരം പറയാനുള്ള ബാധ്യത രാജാവിനുണ്ടെന്ന് തലയുയർത്തിനിന്നു പറയാൻ പ്രജകൾ ഭയക്കുമെന്ന് രാജാവിനറിയാം. അവിശുദ്ധമായ ഇതേ അറിവിന്റെ ബലത്തിലാണ്, റോമൻ മനുസ്മൃതി എന്നു വിശേഷിപ്പിക്കാവുന്ന കാനോൻനിയമം കുട്ടിരാജാക്കന്മാരായി വിശ്വാസിസമൂഹത്തിന്റെ തലയ്ക്കു മുകളിൽ പ്രതിഷ്ഠിച്ചിരിക്കുന്ന മെത്രാന്മാരും മാർ ആലഞ്ചേരിയോട് ഇടഞ്ഞുനിൽക്കുന്ന മെത്രാന്മാരടക്കം എല്ലാ മെത്രാന്മാരും. കാനോൻനിയമം തങ്ങൾക്കു കനിഞ്ഞരുളിയിരിക്കുന്ന രാജകീയാധികാരത്തിൽ സന്തുഷ്ടരാണ് എന്നതാണു വസ്തുത.

അപ്പോൾ അടിസ്ഥാനപ്രശ്നം മാർ ആലഞ്ചേരിയുടെയോ മാർ സ്റ്റാൻലി റോമന്റെയോഒന്നും തെറ്റായ മനോഭാവമോ പെരുമാറ്റദൂഷ്യമോ അല്ല; മറിച്ച്, അവരെ അങ്ങനെയാക്കുന്ന, അവരെ സർവ്വാധിപതികളാക്കുന്ന കാനോൻനിയമമാണ്. അതിനെ നിയന്ത്രിക്കാൻ അതിനുമീതെ ഒരു നിയമം ഇന്ത്യയിലില്ല എന്നതാണ്. സഭാശുശ്രൂഷകരിൽ ആത്മീയത നിറയ്ക്കേണ്ടതിനുപകരം, അവരിൽ അധികാരമദോന്മത്തത നിറയ്ക്കുന്ന ഈ അക്രൈസ്തവനിയമഗ്രന്ഥമാണ്,

*ശേഷം പേജ് 8-ൽ വായിക്കുക*

# ക്രൈസ്തവരുടെ സമൂഹസമ്പത്ത് ഭരിക്കാൻ നിയമം ആവശ്യം



**ജോസഫ് പുലിക്കുന്നേൽ**

**ക്രൈ**സ്തവരുടെ സമൂഹസമ്പത്ത് ഭരിക്കുന്നതിന്, ഗവണ്മെന്റ് ഒരു നിയമം നിർമ്മിക്കണമെന്ന ആവശ്യം ഇന്ന് ക്രൈസ്തവസമൂഹത്തിൽ സജീവമായി ഉയർന്നുവന്നിരിക്കുന്നു. ഇന്ത്യയിൽ വിവിധ മതസമൂഹങ്ങൾ ഉണ്ട്; ആ മതസമൂഹങ്ങൾക്കെല്ലാം വൻപിച്ച സാമൂഹികസമ്പത്തുമുണ്ട്. ഈ സമൂഹസമ്പത്ത് ഭരിക്കുന്നതിന് അതത് മതസമൂഹങ്ങൾക്ക് പാരമ്പര്യനിയമങ്ങളും ചട്ടങ്ങളും ഉണ്ടായിരുന്നു. ബ്രിട്ടീഷ് ഭരണകാലത്തുതന്നെ, ഈ മതസമൂഹങ്ങളുടെ പൊതുസമ്പത്ത് ഭരിക്കുന്നതിനുള്ള നിയമങ്ങൾ ക്രോഡീകരിക്കപ്പെട്ടു. ഇസ്ലാം മതസമൂഹത്തിന്റെ പൊതുസ്വത്തിന്റെയും സ്ഥാപനങ്ങളുടെയും ഭരണത്തിന് വഖഫ് നിയമത്തിനും, സിഖ് സമൂഹത്തിന്റെ സമൂഹസമ്പത്ത് ഭരിക്കാൻ ഗുരുദ്വാരാ നിയമത്തിനും ബ്രിട്ടീഷുകാർ രൂപംകൊടുത്തു. ഇന്ത്യ സ്വതന്ത്രയായതിനുശേഷം ഇന്ത്യയിലെ ക്ഷേത്രസമ്പത്തിന്റെ ഭരണം സംബന്ധിച്ച് വിവിധ നിയമങ്ങൾക്ക് ഓരോ സ്റ്റേറ്റും രൂപംകൊടുക്കുകയുണ്ടായി.

ഇന്ത്യ ഒരു മതനിരപേക്ഷ രാഷ്ട്രമാണ്. മതങ്ങളുടെ ആഭ്യന്തരസംവിധാനങ്ങളിലും വിശ്വാസാചാരങ്ങളിലും ഇടപെടാൻ ഗവൺമെന്റുകളെ ഭരണഘടന അനുവദിക്കുന്നില്ല. എന്നാൽ ഭരണഘടനയുടെ 25-ാം വകുപ്പ് മതാചരണത്തോട് ബന്ധപ്പെടാവുന്ന, സാമ്പത്തികമോ ധനപരമോ രാഷ്ട്രീയമോ ആയ, ഏതെങ്കിലും പ്രവർത്തനത്തെ ക്രമപ്പെടുത്തുന്നതോ നിയന്ത്രിക്കുന്നതോ ആയ നിയമങ്ങൾ നിർമ്മിക്കാൻ ഗവണ്മെന്റിനെ അനുവദിക്കുന്നു. ഈ വകുപ്പിന്റെ പിൻബലത്തിലാണ്, വഖഫ് ആക്ടും ഗുരുദ്വാരാ നിയമവും ദേവസ്വം നിയമങ്ങളും ഗവൺമെന്റ് ക്രോഡീകരിച്ചിട്ടുള്ളത്.

ഇന്ത്യയിലെ മതസമൂഹങ്ങൾക്ക് നൂറ്റാണ്ടുകളുടെ പാരമ്പര്യമുണ്ട്. മതങ്ങളുടെ സാമൂഹികസമ്പത്തിന്റെ ഭരണം നിർവഹിക്കുന്നതിനു പാരമ്പര്യമായി നിയോഗിക്കപ്പെട്ടവർ, പിന്നീട് സമൂഹങ്ങൾക്കുള്ളിൽ ശക്തിപ്രാപിക്കുകയും സമൂഹസമ്പത്ത് ദുരുപയോഗിക്കുകയുംചെയ്തു. ഹിന്ദുക്കളുടെ സമൂഹസമ്പത്തായ ക്ഷേത്രങ്ങൾ ഒരു കാലത്ത് ബ്രാഹ്മണരുടേതായിത്തീർന്നു. സിക്ക് ഗുരുദ്വാരകൾ, മഹന്തുകൾ എന്ന് വിളിക്കപ്പെട്ടുപോന്ന ഒരു ന്യൂനപക്ഷത്തിന്റെ കൈപ്പിടിയിൽ ഒതുങ്ങി. ഈ സാഹചര്യത്തിലാണ് ഹിന്ദു-മുസ്ലീം-സിഖ് മതസമൂഹങ്ങളുടെ സമൂഹസമ്പത്ത് വ്യവസ്ഥാപിതമായി ഭരിക്കുന്നതിനും പരിരക്ഷിക്കുന്നതിനുമായി നിയമനിർമാണം നടത്തിയത്.

*[ജോസഫ് പുലിക്കുന്നേൽ 2004 ആഗസ്റ്റ് 21-ന് കോട്ടയത്ത് പ്രമുഖക്രൈസ്തവ നേതാക്കളെ വിളിച്ചുകൂട്ടി 'ചർച്ച്ആക്ട്' എന്ന ആശയം അവതരിപ്പിക്കുന്നതിനു മുന്നൊരുക്കമായി, ആ ജൂലൈയിൽ ഇറക്കിയ ഓശാന സ്പെഷ്യൽ പതിപ്പിലെ ദീർഘമായ എഡിറ്റോറിയൽ ലേഖനം. ഇത് 2 ലക്ഷങ്ങളിലായി പ്രസിദ്ധീകരിക്കുന്നു.]*

എന്നാൽ ക്രൈസ്തവസമുദായത്തിന്റെ സമൂഹസമ്പത്തിന്റെ ഭരണം നടത്തുന്നതിന് ക്രോഡീകൃതമായ ഒരു നിയമം ഇതുവരെയും നിർമിച്ചിട്ടില്ല എന്നത് വിരോധാഭാസമാണ്. **ഭരണകൂടം ക്രൈസ്തവസമൂഹത്തോടു കാണിക്കുന്ന വിവേചനമായേ ഇതിനെ കണക്കാക്കാനാകൂ.**

ക്രൈസ്തവരുടെ സമൂഹസമ്പത്തു ഭരിക്കുന്നതിന് ഒരു നിയമം വേണം, ആ നിയമത്തിന്റെ അടിസ്ഥാനപ്രമാണങ്ങൾ ബൈബിളിലും ഇന്ത്യയിലെ ക്രൈസ്തവരുടെ പാരമ്പര്യത്തിലും ഊന്നിയുള്ളവയായിരിക്കണം. മുസ്ലീമുകൾക്കുള്ള വഖഫ് നിയമവും ഹിന്ദുക്കൾക്കുള്ള ദേവസ്വം നിയമവും സിക്കുകാർക്കുള്ള സിക്ക് ഗുരുദ്വാരാനിയമവും, അതത് സമുദായങ്ങളുടെ ആധികാരികപഠനങ്ങളും പാരമ്പര്യങ്ങളും അനുസരിച്ചാണ് രൂപം കൊടുത്തിരിക്കുന്നത്.

ഓരോ മതവിഭാഗത്തിന്റെയും സാമൂഹികസമ്പത്ത് എങ്ങനെ ഭരിക്കണമെന്നു തീരുമാനിക്കേണ്ടത് മതസ്ഥാപകരുടെ ലക്ഷ്യങ്ങളും അതത് മതസമൂഹത്തിന്റെ പാരമ്പര്യങ്ങളുമനുസരിച്ചായിരിക്കണം. മുസ്ലീം വഖഫ് നിയമത്തിന്റെ അടിസ്ഥാനം നബി തിരുമേനി ഖുറാനിലൂടെ ആവിഷ്കരിച്ച അടിസ്ഥാനതത്വങ്ങളും ഇസ്ലാമിക സമൂഹത്തിന്റെ പാരമ്പര്യങ്ങളുമാണ്. ജസ്റ്റീസ് എസ്.ഐ. ജാഫ്രി എഴുതുന്നു: *''പ്രവാചകന്റെ കാലത്ത് ഖൈബർ പ്രദേശത്ത് ഒമർ കുറെ സ്ഥലം സമ്പാദിച്ചു. ഈ സ്ഥലം എങ്ങനെ ഭക്തിപരമായ കാര്യങ്ങൾക്ക് (pious use) ഉപയോഗിക്കാം എന്ന് നബി തിരുമേനിയുടെ ഉപദേശം ഒമർ ആരാഞ്ഞു. പ്രവാചകൻ പറഞ്ഞു: ഈ സമ്പത്തിന്റെ ഉൽപന്നങ്ങൾ മനുഷ്യനന്മയ്ക്കായി ഉപയോഗിക്കുക. അത് വിൽക്കാൻ പാടില്ല. അത് ആർക്കും നൽകാനും പാടില്ല; അതിൽ നിന്നുള്ള വരുമാനം നിന്റെ മക്കൾക്കും നിന്റെ ബന്ധുക്കൾക്കും പാവപ്പെട്ടവർക്കും ഈശ്വരദാനമായി നൽകുക. ഈ നിർദേശമാണ് വഖഫ് ചെയ്യാൻ ഒമറിനെ പ്രേരിപ്പിച്ചത്. പ്രവാചകന്റെ കാല*

*ത്തുതന്നെ ഇത്തരം അനേകം ട്രസ്റ്റുകൾ - വഖഫുകൾ - സ്ഥാപിച്ചിരുന്നു"* (Wakaf Laws in India, Page: III).

**സുവിശേഷനിർദ്ദേശങ്ങൾ**

ക്രൈസ്തവമതത്തിന്റെ അടിസ്ഥാനഗ്രന്ഥം സുവിശേഷമാണ്. ക്രൈസ്തവരുടെ സമൂഹസമ്പത്തിന്റെ സ്വരൂപണത്തെയും കൈകാര്യകർതൃത്വത്തെയും കുറിച്ചുള്ള മതശാസന സുവിശേഷത്തിൽ കാണുന്നത് ഇപ്രകാരമാണ്: "വിശ്വാസികളുടെ ആ സമൂഹം ഒരേ ഹൃദയവും ഒരേ ആത്മാവുമായി വ്യാപരിച്ചു; തങ്ങളുടെ സ്വത്തുക്കൾ തങ്ങളുടേതുമാത്രമാണെന്ന് ആരും അവകാശപ്പെട്ടില്ല. അവർക്ക് ഉണ്ടായിരുന്നതെല്ലാം പൊതുവായിരുന്നു. ..... അവരുടെ ഇടയിൽ ദരിദ്രരായി ആരും ഉണ്ടായിരുന്നില്ല. കാരണം, പറമ്പും വീടും സ്വന്തമായി ഉണ്ടായിരുന്നവരെല്ലാം, അവ വിറ്റുകിട്ടിയ പണമത്രയും അപ്പോസ്തലന്മാരുടെ പാദങ്ങളിൽ അർപ്പിച്ചു. ഓരോരുത്തന്റെയും ആവശ്യമനുസരിച്ച് അതു വിതരണം ചെയ്യപ്പെട്ടു. 'പ്രോത്സാഹനത്തിന്റെ പുത്രൻ' എന്ന് അർഥമുള്ള ബർന്നബാസ് എന്ന അപരനാമത്താൽ അപ്പോസ്തലന്മാർ വിളിച്ചിരുന്ന സൈപ്രസുകാരനും ലേവിയനുമായ യോസേഫ്, തന്റെ വയൽ വിറ്റുകിട്ടിയ പണം കൊണ്ടുവന്ന് അപ്പോസ്തലന്മാരുടെ പാദങ്ങളിൽ അർപ്പിച്ചു"(അപ്പോ. പ്രവ. 4: 31-37).

ആദിമസഭയിൽ സമൂഹസമ്പത്ത് അപ്പോസ്തലന്മാർക്കാണ് നൽകിയിരുന്നതെങ്കിലും അത് വ്യക്തിപരമായിട്ടായിരുന്നില്ല. ക്രൈസ്തവസമൂഹത്തിന്റെ ചിഹ്നാത്മകപ്രതിനിധികൾ എന്ന നിലയിലാണ് അപ്പസ്തോലന്മാർക്ക് സമൂഹം സമ്പത്ത് നൽകിയത്. അത് അപ്പോസ്തലന്മാരുടേതാണെന്ന് അവർ കരുതിയിരുന്നില്ല. അത് സമൂഹത്തിന്റേതായിരുന്നു.

കാലാന്തരത്തിൽ ക്രൈസ്തവസമൂഹത്തിന്റെ ആവശ്യങ്ങൾക്കായി സ്വയംപ്രേരിതസംഭാവനയായി ലഭിച്ച പണം എങ്ങനെ കൈകാര്യം ചെയ്യണമെന്ന പ്രശ്നം ഉയർന്നുവന്നു. ക്രിസ്തുവിന്റെ പന്ത്രണ്ട് 12 അപ്പോസ്തലന്മാരും ഒന്നിച്ചു ചേർന്ന് ഇക്കാര്യത്തെക്കുറിച്ച് ഒരു തീരുമാനമെടുത്തു: **"അതുകൊണ്ട് ആ പന്ത്രണ്ട് പേർ ശിഷ്യസമൂഹത്തെ വിളിച്ചുകൂട്ടി പറഞ്ഞു: 'ഞങ്ങൾ ദൈവവചനപ്രഘോഷണം ഉപേക്ഷിച്ചു ഭക്ഷണവിതരണത്തിൽ ഏർപ്പെടുന്നതു ശരിയല്ല. അതിനാൽ, സഹോദരരേ, നിങ്ങളുടെ ഇടയിൽനിന്നു സമ്മതരും വിജ്ഞാനവും ആത്മാവും നിറഞ്ഞവരുമായ ഏഴുപേരെ തിരഞ്ഞെടുക്കുക. അവരെ ഞങ്ങൾ ഈ ജോലിക്കായി നിയോഗിക്കാം. ഞങ്ങളാകട്ടെ, പ്രാർഥനയിലും വചനശുശ്രൂഷയിലും ഏകാഗ്രചിത്തരായി ഇരുന്നുകൊള്ളാം"** (6: 1-4).

അപ്പോസ്തലന്മാർ ഏകകണ്ഠമായി എടുത്ത ഈ തീരുമാനമാണ്, സഭയുടെ ഭൗതികസമ്പത്ത് എങ്ങനെ ഭരിക്കപ്പെടണമെന്നതിന്റെ അടിസ്ഥാനതത്വം. ഈ അടിസ്ഥാനതത്വത്തിൽനിന്നുള്ള എല്ലാ വ്യതിയാനങ്ങളും സഭാവിരുദ്ധമാണ്.

ഇവിടെ ഓർക്കേണ്ട ഒരു കാര്യമുണ്ട്. അപ്പസ്തോലന്മാർ ജീവിച്ചിരുന്നത് രണ്ടു സമൂഹപാരമ്പര്യങ്ങളിലായിരുന്നു. (1) യഹൂദയാ പാരമ്പര്യം: യഹൂദമതസമൂഹം ഒരു പാട്രിയാർക്കൽ സമൂഹമായിരുന്നു. അതായത്, അധികാരം, കുടുംബത്തലവനിൽ നിക്ഷിപ്തമായ സമൂഹവ്യവസ്ഥ. (2) റോമൻ പാരമ്പര്യം: റോമൻ സമൂഹം രാജകീയമായിരുന്നു. എല്ലാ അധികാരങ്ങളും രാജാക്കന്മാരിൽ കേന്ദ്രീകൃതമായിരുന്നു.

അപ്പോസ്തലന്മാർ വലിയ പണ്ഡിതന്മാരായിരുന്നില്ല. എങ്കിലും അവർ, അന്നു നിലവിലുള്ള രണ്ട് സമൂഹസമ്പ്രദായങ്ങളിൽനിന്നും സഭയുടെ ഘടനാസമ്പ്രദായം കടംവാങ്ങാതെ, തികച്ചും ജനാധിപത്യരീതിയിലുള്ള ഘടനാസമ്പ്രദായമാണ് ക്രൈസ്തവസമൂഹത്തിന്റെ സമ്പത്തു ഭരിക്കുന്നതിന് നൽകിയത്.

സമൂഹചരിത്രങ്ങളുടെ വികാസപരിണാമങ്ങൾ പഠിക്കുന്നവർക്ക് എങ്ങനെ, പാമരന്മാരായ അപ്പോസ്തലന്മാർ, രണ്ടായിരം കൊല്ലം മുമ്പ് ജനാധിപത്യരീതിയിൽ സമ്പത്തു ഭരിക്കണമെന്ന തീരുമാനം എടുത്തു എന്നത് അത്ഭുതമായി തോന്നാം.

നാലാം നൂറ്റാണ്ടുവരെ ഈ അപ്പോസ്തലപാരമ്പര്യം സഭയിൽ നിലനിന്നതായി കാണാം. സഭയുടെ പ്രാദേശികമൂപ്പന്മാരെ (മേലന്വേഷക)സഭാസമൂഹം തിരഞ്ഞെടുക്കുകയായിരുന്നു. മൂന്നാം നൂറ്റാണ്ടിൽ മാർപാപ്പായായിരുന്ന റോമിലെ ഹിപ്പോളിറ്റസ് എഴുതുന്നു:

**"എല്ലാവരാലും തിരഞ്ഞെടുക്കപ്പെട്ടതിനുശേഷമാകട്ടെ, ഒരാൾ മെത്രാനായി അഭിഷേചിക്കപ്പെടാൻ. എല്ലാവർക്കും ഹൃദ്യനായ ഒരാൾ നിർദ്ദേശിക്കപ്പെട്ടുകഴിഞ്ഞാൽ, ജനങ്ങൾ സഭാശുശ്രൂഷകരോടും സന്നിഹിതരായ മെത്രാന്മാരോടുമൊപ്പം, കർത്താവിന്റെ ദിനത്തിൽ ഒത്തുചേരട്ടെ.എല്ലാവരുടെയും അംഗീകാരത്തോടെ മെത്രാന്മാർ അദ്ദേഹത്തിനുമേൽ കൈകൾ വയ്ക്കുകയും സഭാശുശ്രൂഷകർ നിശ്ശബ്ദരായി നിൽക്കുകയുംവേണം. അവർ മാത്രമല്ല, എല്ലാവരും നിശ്ശബ്ദതയിൽ മുഴുകി, പരിശുദ്ധാരൂപിയുടെ ആഗമനത്തിനായി തങ്ങളുടെ ഹൃദയങ്ങളിൽ പ്രാർഥിച്ചുകൊണ്ടിരിക്കണം"** (The Faith of the Early Fathers, Page: 166 - സ്വതന്ത്ര തർജമ).

ആദിമനൂറ്റാണ്ടുകളിൽ തികച്ചും ജനാധിപത്യരീതിയിലായിരുന്നു സഭ ഭരിക്കപ്പെട്ടിരുന്നത്.

**ഭാരതസഭ**

16-ാം നൂറ്റാണ്ടുവരെ ഭാരതസഭയിൽ സഭാസമ്പത്തു ഭരിക്കുന്നതിലുള്ള അപ്പോസ്തലപാരമ്പര്യം തുടർന്നുപോന്നതായി കാണാം. **ലോകത്തിൽ ഒരു ക്രൈസ്തവസമൂഹത്തിലും ഇത്രയേറെക്കാലം, ജനാധിപത്യത്തിലധിഷ്ഠിതമായ ഈ അപ്പോസ്തലപാരമ്പര്യം തുടർന്നുപോന്നതായി കാണുന്നില്ല. ഇത് ഭാരതത്തിന് അഭിമാനകരമാണ്.**

4-ാം നൂറ്റാണ്ടോടുകൂടി റോമാസാമ്രാജ്യത്തിനുള്ളിൽ ക്രൈസ്തവസഭ രാജകീയമായിത്തീർന്നു. മതഭരണം രാജാക്കന്മാരുടെ കൈപ്പിടിയിൽ ഒതുങ്ങി. പക്ഷേ, അങ്ങനെ ഒരു ദുര്യോഗം ഭാരതസഭയ്ക്കുണ്ടായില്ല. അതിനാൽ സഭയിലെ ആദ്ധ്യാത്മികശുശ്രൂഷയും ഭൗതികശുശ്രൂഷയും അപ്പസല്തോലന്മാരുടെ തീരുമാനമനുസരിച്ച് ജനാധിപത്യരീതിയിലാണ് നടന്നുപോന്നത്.

ഭാരതസഭാചരിത്രകാരനായ റവ.ഡോ. സേവ്യർ കൂടപ്പുഴ എഴുതുന്നു: **"വൈദികർ രൂപതയ്ക്കുവേണ്ടി**

**യല്ല ഇടവകയ്ക്കുവേണ്ടിയാണു പട്ടമേറ്റിരുന്നത്. വിവാഹജീവിതം നയിക്കുന്നവർക്കും വൈദികപട്ടം നല്കിയിരുന്നു..... ഇടവകപ്രതിനിധികൾ 'ദേശക്കുറി' നൽകി വൈദികവിദ്യാർത്ഥിയെ മെത്രാന്റെ പക്കലേക്കയയ്ക്കും. അതുവഴി ആ വിദ്യാർത്ഥിയുടെ പഠനച്ചെലവ് വഹിക്കുവാനുള്ള ഉത്തരവാദിത്വവും അവർ ഏറ്റെടുക്കുന്നു"** (ഭാരതസഭാചരിത്രം, പേജ് 194). ഇത് സൂചിപ്പിക്കുന്നത് വൈദികരെ തിരഞ്ഞെടുത്തിരുന്നതും പള്ളിയോഗം ആയിരുന്നു എന്നാണ്.

ആദിമസഭയിലെന്നപോലെ, ആദ്ധ്യാത്മികശുശ്രൂഷ ഭാരതസഭയിൽ തിരഞ്ഞെടുക്കപ്പെട്ട മൂപ്പന്മാരിലാണ് നിക്ഷിപ്തമായിരുന്നത്. സഭയുടെ തലവനായിരുന്ന 'ജാതിക്കു കർത്തവ്യ'നെ സഭായോഗം തിരഞ്ഞെടുക്കുകയായിരുന്നു. 'ജാതിക്കു കർത്തവ്യന്' സഭാസമൂഹത്തിന്റെ സാമ്പത്തികകൈകാര്യകർതൃത്വത്തിൽ ഒരധികാരവും ഉണ്ടായിരുന്നില്ല. തിരഞ്ഞെടുത്തു നിയോഗിക്കപ്പെട്ട സഭാശുശ്രൂഷകരായ വൈദികർക്കും സഭയുടെ ഭൗതികസമ്പത്തിന്റെമേൽ ഒരു ഭരണാധികാരവും ഉണ്ടായിരുന്നില്ല.

16-ാം നൂറ്റാണ്ടിൽ പാശ്ചാത്യർ ഇവിടെ വരുമ്പോൾ, അനേകം സഭാകൂട്ടായ്മകൾ കേരളത്തിൽ ഉണ്ടായിരുന്നു. അവയുടെ ഭരണസമ്പ്രദായത്തെക്കുറിച്ച് പ്രമുഖരായ ചരിത്രകാരന്മാരുടെ വിവരണം താഴെ കൊടുക്കുന്നു:

**റവ.ഡോ. സേവ്യർ കൂടപ്പുഴ**

"മാർത്തോമ്മാ ക്രൈസ്തവരുടെ സഭാഘടനാസമ്പ്രദായം വികസിച്ചത് അവരുടെ സവിശേഷമായ സാമൂഹ്യ-രാഷ്ട്രീയ-സാംസ്കാരികഭൂമികയിലായിരുന്നു. അതിന് മൂന്നു തലങ്ങളാണുണ്ടായിരുന്നത്. എ) പ്രാദേശികതലത്തിൽ: പള്ളിയോഗം, ബി) സാമുദായികതലത്തിൽ : ആർച്ച് ഡീക്കൻ (ജാതിക്കു കർത്തവ്യൻ), സി) സഭാശ്രേണീതലത്തിൽ: മെത്രാപ്പോലീത്തായും പാത്രിയാർക്കീസും.

മൂന്നു തലങ്ങളുള്ള ഈ സഭാഘടനാശൈലിയാണ് അവരുടെ സഭാകൂട്ടായ്മയിൽ പ്രതിഫലിച്ചത്.

**പ്രാദേശികതലത്തിൽ: പള്ളിയോഗം**

**ഇന്ത്യയിലെ മാർത്തോമ്മാക്രിസ്ത്യാനികളുടെ അതിവിശിഷ്ടസഭാസമ്പ്രദായമാണ് പള്ളിയോഗം.** സഭാജീവിതത്തിന്റെ വ്യത്യസ്തതലങ്ങളിലുള്ള വൈദികരുടെയും അത്മായരുടെയും അതിലെ മതിയായ പ്രാതിനിധ്യംകൊണ്ട് സ്വരൈക്യത്തോടും ഉന്നതമായ പൊതു ഉത്തരവാദിത്വബോധത്തോടുംകൂടി തങ്ങളുടെ വിശ്വാസം സംരക്ഷിക്കുവാൻ അവർക്കു കഴിഞ്ഞു. ബഹുമാനിതമായ പൗരാണികതയിൽ വേരൂന്നിയതും തങ്ങളുടെ സഭാജീവിതത്തെ പതിനാറു നൂറ്റാണ്ടുകാലം ഫലപ്രദമായവിധത്തിൽ പ്രകാശിപ്പിച്ചതുമായ ഈ സമ്പ്രദായം, **പക്ഷേ, 1599 മുതൽ 1896വരെ അവരുടെമേൽ അടിച്ചേൽപ്പിക്കപ്പെട്ട ലത്തീൻ നൈയാമികഘടനയുമായി നിരന്തരം ഏറ്റുമുട്ടലിലായി. 1653-ൽ അവർ പരസ്യമായി ഒരു പ്രതിഷേധപ്രകടനം നടത്തുകയും മാർത്തോമ്മാ ക്രൈസ്തവരിൽ ഒരു വിഭാഗം ഈ ലത്തീൻ അധികാരഘടനയിൽനിന്നു വിട്ടുപോവുകയും ചെയ്തു.**

പദോല്പത്തിശാസ്ത്രപ്രകാരം, വിളിക്കപ്പെട്ടവരുടെ സമൂഹമാണ് സഭ. അവരുടെ കൂടിച്ചേരലിന് സഭാപരമായ പ്രാധാന്യമുണ്ട്. പ്രാദേശികതലത്തിൽ അവരുടെ കൂട്ടായ്മയുടേതായ ആ മാനത്തെ സജീവമായും ഉയർത്തിയും നിലനിർത്തിയത് അവരുടെ പള്ളിയോഗം മുഖേനയായിരുന്നു. അവരുടെ സഭാജീവിതത്തിൽ വളരെ പ്രധാനപ്പെട്ട ഒരു പങ്കാണ് അതു വഹിച്ചത്.

ഇടവകയിലെ കുടുംബങ്ങളുടെയും വൈദികരുടെയും പ്രതിനിധികളാണ് പള്ളിയോഗത്തിലുണ്ടായിരുന്നത്. ഇതിന്റെ ഉത്ഭവത്തിന് ദ്രാവിഡരുടെ മൻറം എന്നറിയപ്പെടുന്നതും, ഗ്രാമതലത്തിൽ ഉത്തരവാദിത്വവും ആധികാരികത്വവുമുള്ള പരമ്പരാഗതഗ്രാമസഭയോടു കടപ്പാടുണ്ടെന്നു തോന്നുന്നു. പള്ളിയോഗം,തദ്ദേശവൈദികരുടെ നേതൃത്വത്തിൽ, പൊതുതാല്പര്യമുള്ള എല്ലാക്കാര്യങ്ങളെക്കുറിച്ചും ചർച്ച ചെയ്ത് തീരുമാനങ്ങളെടുത്തിരുന്നു. ഇടവകജീവിതവും പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ, ഈ സമിതിയുടെ തീരുമാനങ്ങൾ അനുസരിക്കാൻ എല്ലാവരും ബാധ്യസ്ഥരായിരുന്നു. ഉദാഹരണത്തിന്, വൈദികാർത്ഥികളുടെ തിരഞ്ഞെടുപ്പും അംഗീകാരവും, ജനങ്ങളുടെ ക്രൈസ്തവജീവിതം, സാമ്പത്തികനടത്തിപ്പ്, പരസ്യപാപികളെ ശിക്ഷിക്കൽ, കലഹങ്ങളുണ്ടാകുമ്പോഴത്തെ അനുരഞ്ജനം മുതലായവ പള്ളിയോഗത്തിന്റെ അധികാരപരിധിയിലായിരുന്നു. പൊതുവായ താല്പര്യവും പ്രാധാന്യവുമുള്ള കാര്യങ്ങളിൽ സാഹചര്യത്തിനനുസരിച്ച്, ഒരു പ്രദേശത്തെ വിവിധ ഇടവകകളിലെ പൊതുയോഗങ്ങൾ ഒന്നിച്ചുകൂടാറുണ്ടായിരുന്നു. പള്ളിയോഗമെന്ന ഈ ഘടനാസമ്പ്രദായം, പ്രാദേശികതലത്തിൽ സഭാകൂട്ടായ്മ നിലനിർത്തുന്നതിനുള്ള ഫലപ്രദമായ ഒരു ഉപാധിയായിരുന്നു.

മാർത്തോമ്മാക്രൈസ്തവരുടെ സഭാസമ്പ്രദായത്തിൽ അതിന്റേതായ സവിശേഷതയുണ്ടായിരുന്നു; പ്രത്യേകിച്ചും, സഭാകാര്യങ്ങളിൽ മുഴുവൻ സമുദായത്തിന്റെയും സജീവപങ്കാളിത്തമുണ്ടായിരുന്നു എന്നതിൽ. യോഗാംഗങ്ങളെല്ലാവർക്കുംതമ്മിൽ സമ്പൂർണ്ണ സമത്വമാണുണ്ടായിരുന്നത്. സമുദായത്തിൽ കൂട്ടായ്മയും ഐകമത്യവും നിലനിർത്താൻ ഇത് ഫലപ്രദമായ ഒരു ഉപാധിയായിരുന്നു. സഭ ഒരു സമുദായമാണെന്ന അല്ലെങ്കിൽ ഒരു കൂട്ടായ്മയാണെന്ന ആശയം യോഗത്തിലൂടെ സജീവമായി നിലനിന്നിരുന്നു. മാർത്തോമ്മാ ക്രൈസ്തവരുടെ ഇടയിൽ 1750-ൽ നിലനിന്നിരുന്ന ഈ പരമ്പരാഗത പള്ളിയോഗത്തിന്റെ പ്രവർത്തനങ്ങളെക്കുറിച്ച് ഫാ. ബോണിഫസ് ഒ.സി.ഡി. ഇങ്ങനെ റിപ്പോർട്ടു ചെയ്തിട്ടുണ്ട്.

"ഓരോ ഇടവകയിലും സഭാസംബന്ധമായ കാര്യങ്ങൾ കൈകാര്യം ചെയ്യുന്ന ഒരു യോഗമുണ്ട്. പ്രാദേശികവൈദികരും അത്മായരുമാണ് അതിലെ അംഗങ്ങൾ. സാമ്പത്തികകാര്യങ്ങൾ നിർമ്മാണപ്രവർത്തനങ്ങൾ, പള്ളിയുടെ പരിപാലനം, വൈദികാന്തസിലേക്കുള്ള സ്ഥാനാർത്ഥികളെ അംഗീകരിക്കൽ, സഭാകുറ്റങ്ങളിൽ നിന്നു വിമോചിപ്പിക്കൽ മുതലായ കാര്യങ്ങളിൽ അവർ ചർച്ച ചെയ്തു തീരുമാനമെടുക്കുന്നു."

"സമുദായത്തിന്റെ ആധികാരികമായ അഭ്യർത്ഥന കൂടാതെ മെത്രാൻ വൈദികാർത്ഥിത്വമോ സഭാകുറ്റങ്ങളിൽനിന്നുള്ള വിമോചനമോ നൽകിയിരുന്നില്ല. പള്ളി ▸▸

*മുഖക്കുറി തുടർച്ച....*

നമ്മുടെ പുരോഹിതരെയും മെത്രാന്മാരെയുമെല്ലാം സഭയുടെ ഭൗതികാധികാരികളാക്കുന്നത്. സത്യോന്മുഖതയും അന്വേഷണബുദ്ധിയും തനതുദർശനവും സ്വഭാവശുദ്ധിയുമുള്ള വ്യക്തിത്വങ്ങൾക്കുമാത്രമേ, വച്ചുനീട്ടപ്പെടുന്ന ഭൗതികാധികാരകെണിയിൽ വീഴാതെ ആദ്ധ്യാത്മികമൂല്യങ്ങളിൽ ഉറച്ചു നിൽക്കാനാവൂ. നമ്മുടെ മെത്രാൻസംഘത്തിൽ ഒരാൾപോലും ഈ ആദ്ധ്യാത്മികധീരതയും ആത്മബലവും ഉള്ളതായി തെളിയിച്ചിട്ടില്ല. അല്ലായിരുന്നുവെങ്കിൽ, സഭാസമൂഹത്തിന്റേതാണെന്നു കൃത്യമായറിയാവുന്ന സഭാസ്വത്തുക്കളും സ്ഥാപനങ്ങളും ഒറ്റയടിക്കു മാർപാപ്പയുടേതാക്കിത്തീർത്ത കാനോൻ നിയമത്തിനെതിരെ ഒരു എതിർശബ്ദമെങ്കിലും ഉയർന്നേനെ; അത്, 'അന്യന്റെ വസ്തുക്കൾ മോഹിക്കരുത്', 'മോഷ്ടിക്കരുത്' എന്നീ ദൈവകല്പനകളുടെ ലംഘനം ഉൾക്കൊള്ളുന്നതാണെന്നു കണ്ട് തള്ളിക്കളഞ്ഞേനെ. ആദ്ധ്യാത്മികാവബോധത്തിന്റെ ഒരു കണികയെങ്കിലും നമ്മുടെ മെത്രാന്മാർക്കുണ്ടായിരുന്നുവെങ്കിൽ, അധികാരകേന്ദ്രീകൃതമായിരുന്ന അന്നത്തെ റോമൻ സമ്പ്രദായത്തെ ചൂണ്ടിക്കാട്ടി, 'ഇതു നിങ്ങളുടെ ഇടയിൽ ഉണ്ടാകരുത്' എന്നും 'എല്ലാവരുടെയും ഭൃത്യരാകണ'മെന്നുമുള്ള യേശുവിന്റെ കല്പന (മത്താ. 20:25-28) ചവറ്റുകുട്ടയിലെറിഞ്ഞ് രൂപതാമെത്രാനെ രൂപതാതിർത്തിക്കുള്ളിലുള്ളവരുടെമേൽ നിയമനിർമ്മാണ, നിയമവ്യാഖ്യാന, നിയമനിർവ്വഹണാധികാരങ്ങളോടെ വാഴുന്ന കുട്ടിരാജാവാക്കി പ്രതിഷ്ഠിക്കുന്ന കാനോൻനിയമത്തെ അസ്വീകാര്യമെന്നു പറഞ്ഞ് അവർ തിരസ്കരിക്കുമായിരുന്നു. യേശുവിന്റെ സുവിശേഷസാരം അല്പമെങ്കിലും ഇവർ ഗ്രഹിച്ചിരുന്നുവെങ്കിൽ, യേശുവിനെ പരീക്ഷിക്കാൻ പിശാചു വെച്ചുനീട്ടിയ സാമ്പത്തികവും അധികാരപരവും മഹത്വകാംക്ഷാപരവുമായ അതേ പ്രലോഭനങ്ങളാണതിന്റെ ഉള്ളടക്കമെന്നു മനസ്സിലാക്കി ഈ റോമൻ രാജകീയപരീക്ഷണത്തെ നമ്മുടെ മെത്രാന്മാർ അതിജീവിക്കുമായിരുന്നു. എന്നാൽ, യേശുവിനെ തങ്ങളുടെ സാമ്പത്തിക-അധികാര-മഹത്വവാഞ്ഛകളുടെ സാക്ഷാത്കാരത്തിനുള്ള ഒരു ഉപകരണംമാത്രമായി കണ്ട കേരളത്തിലെ മെത്രാന്മാർ സുവിശേഷഗ്രന്ഥം മാറ്റിവെച്ച് റോമൻ കാനോൻനിയമഗ്രന്ഥം ഏറ്റുവാങ്ങി പ്രതിഷ്ഠിക്കുകയാണുചെയ്തത്.

തിരിഞ്ഞുനോക്കിയാൽ, കേരളത്തിൽ കാനോൻനിയമം അടിച്ചേൽപ്പിക്കപ്പെട്ടപ്പോൾമുതലാണ് ഇവിടെ പുരോഹിത ധാർഷ്ട്യത്തിന്റെയും യജമാന ▸▸

▸▸ യിൽ ഒത്തുകൂടിയതിനുശേഷം സമുദായം മെത്രാൻ ഔദ്യോഗികമായി ഹർജി സമർപ്പിക്കുകയും വൈദികാന്തസുകളിലേക്കുള്ള അപേക്ഷകരെ അദ്ദേഹം ശ്രവിക്കുകയാണ് ചെയ്തിരുന്നത്."

"വളരെ പ്രധാനപ്പെട്ട കാര്യങ്ങളിൽ സമീപഇടവകകളിൽനിന്നുള്ളവർ ഒത്തുചേരുന്നു. അതിപ്രധാനമായ ഓരോ വിഷയത്തിലും രാജ്യത്തിലെ എല്ലാ ഇടവകകളും ക്ഷണിക്കപ്പെടുന്നു, ചിലപ്പോൾ മുഴുവൻ രൂപതയിലെയും എല്ലാ ഇടവകകളെയുംതന്നെ."

"തീരുമാനങ്ങളുടെ നടത്തിപ്പിന് ഇത്തരമൊരു നടപടിക്രമം വളരെ പ്രധാനമാണ്. ഉദാഹരണത്തിന്, ഉദയംപേരൂർ സൂനഹദോസിന്റെ സിദ്ധാന്തപരമായ പഠിപ്പിക്കലുകളെ കുറേപ്പേർ അംഗീകരിക്കുയുണ്ടായെങ്കിലും സഭയെ ഉടച്ചുവാർക്കുന്നതു സംബന്ധിച്ചുള്ള അതിന്റെ നിയമവകുപ്പുകളെ, സൂനഹദോസിൽ തങ്ങൾ സന്നിഹിതരായിരുന്നില്ല എന്നതിന്റെ അടിസ്ഥാനത്തിൽ അവർ ഇന്നോളം അംഗീകരിച്ചിട്ടില്ല."

സമുദായത്തിന്റെ പ്രാദേശികപ്രശ്നങ്ങൾ പള്ളിയോഗത്തിൽ ചർച്ച ചെയ്തിരുന്നു. കൂടുതൽ വ്യാപകമായ പ്രാധാന്യമർഹിക്കുന്ന വിഷയങ്ങൾ, ബന്ധപ്പെട്ട എല്ലാ ഇടവകകളുടെയും പ്രതിനിധികളടങ്ങിയ പ്രാദേശികയോഗത്തിൽ, അഥവാ പൊതുയോഗത്തിൽ ആണ് ചർച്ച ചെയ്തിരുന്നത്.

ഇന്ത്യയിലെ ഒരു കർമ്മലീത്താമിഷനറിയായിരുന്ന ഫാ. പൗളിനോസ് ബർത്തലോമ്യോ ഇതിനെ ഒരു 'പ്രജാപ്രഭുത്വഭരണസമ്പ്രദായം' (republican system of government) എന്നാണ് വിളിക്കുന്നത്. മാർത്തോമ്മാക്രൈസ്തവരുടെ സഭാഘടനാസമ്പ്രദായത്തിന്റെ നിർവഹണരീതിയെക്കുറിച്ചു പഠിച്ചതിനുശേഷം അദ്ദേഹം എഴുതുന്നു:

"ഈ ക്രൈസ്തവർ വ്യവസ്ഥാപിക്കുന്നത് ഒരു തരം 'ക്രൈസ്തവപൗരാധിപത്യസമ്പ്രദായ' (Christian civil republic)മാണ്. ഏതെങ്കിലുമൊരു ഇടവകയുടെ അവകാശങ്ങൾക്കു ഭീഷണിയുണ്ടായാൽ, അതിനെ പ്രതിരോധിക്കാൻ മറ്റ് ഇടവകകൾ ഒന്നിച്ചുകൂടുന്നു. ഇടവക വൈദികരും മുതിർന്നവരും എല്ലാവിഷയങ്ങളിലും ന്യായവിധി നടത്തുകയും തീർപ്പുണ്ടാക്കുകയും ചെയ്യുന്നു" (Oriental Churches an introduction, P: 43-45-സ്വതന്ത്ര തർജമ).

**മറ്റൊരു ഗ്രന്ഥത്തിൽ സഭാഘടനാസമ്പ്രദായത്തെക്കുറിച്ച് ഡോ. സേവ്യർ കൂടപ്പുഴ ഇങ്ങനെ എഴുതുന്നു.**

"പുതിയനിയമ പശ്ചാത്തലത്തിന്റെ സ്വഭാവസവിശേഷതകളുമായി മാർത്തോമ്മാ ക്രിസ്ത്യാനികളുടെ സഭാഭരണസമ്പ്രദായത്തിനും വളരെ അടുപ്പമുണ്ടായിരുന്നു. അവരുടെ വികേന്ദ്രീകൃതമായ സഭാഭരണരീതി, അപ്പോ. പ്രവ. 6:1-6 ൽനിന്നും പ്രചോദനമുൾക്കൊണ്ടുള്ളതായിരുന്നു. അപ്പോസ്തലന്മാർ നൽകിയ മുൻഗണനയ്ക്കുള്ള ഒരു ഉത്തമമാതൃകയാണ് നാമിവിടെ കാണുന്നത്."

ദൗർഭാഗ്യവശാൽ, 16-ാം നൂറ്റാണ്ടുമുതൽ ഇൻഡ്യയിലെ സഭ, നൈയാമികതയിൽ ഊന്നലുള്ള മതാധികാരത്തിന്റേതായ വിദേശപാരമ്പര്യത്തെ ഉൾക്കൊണ്ടു. പോർട്ടുഗീസുകാരുമായുള്ള ബന്ധത്തോടെയാണ് 'മാർത്തോമ്മായുടെ നിയമവു'മായി ഏറ്റുമുട്ടുന്ന ഈ പുതിയ പാരമ്പര്യത്തിനു തുടക്കമായത്"-സ്വതന്ത്രതർജമ (Ecclesial Identity of the St. Thomas Chrtistians, P: 74,84).

(തുടരും)

ത്തത്തിന്റെയും തോത് കുത്തനെ ഉയരാൻ തുടങ്ങിയത്; വികാരിമാർ പോലീസ് എസ്.ഐ.മാരെപ്പോലെയും മെത്രാന്മാർ ഡി.ജി.പി.മാരെപ്പോലെയും വിശ്വാസികളോടു പെരുമാറിത്തുടങ്ങിയത്; അവർ ആഢംബര സുഖഭോഗജീവിതം ആരംഭിച്ചത്; ബലാത്സംഗവീരന്മാരും കൊലപാതകികളുമായ പുരോഹിതരെ സംരക്ഷിക്കാൻ നേർച്ചപ്പണത്തിൽനിന്ന് കോടികൾ കോടതിച്ചെലവിനായി മാറ്റാനാരംഭിച്ചത്; അവസാനം, സഭാസ്വത്തുക്കൾ സ്വകാര്യസ്വത്തുപോലെ വിറ്റു തുലയ്ക്കാനാരംഭിച്ചത്.... ഇതിനെല്ലാമെതിരെ എത്ര പ്രതികരിച്ചാലും ഒച്ചവെച്ചാലും മറുപടി പറയാതെ മിണ്ടാതിരിക്കുന്നതും കാനോൻനിയമം അവർക്കു നൽകുന്ന നിയമപരമായ പരിരക്ഷയുടെ ബലത്തിലാണ്; സഭാസ്വത്തു ഭരിക്കാൻ ഇന്ത്യയിലൊരു നിയമമില്ല എന്ന സുരക്ഷിതബോധത്തിലാണ്.

അതുകൊണ്ട്, ഒച്ചവച്ചും പ്രതിഷേധിച്ചും സമരം ചെയ്തും കേസുകൾകൊടുത്തുമൊക്കെ അവരെ പ്രതിരോധത്തിലും സമ്മർദ്ദത്തിലുമാക്കുന്നതിനോടൊപ്പം, സഭാസ്വത്തുക്കൾ ഭരിക്കാനാവശ്യമായ ഒരു നിയമനിർമ്മാണത്തിനുവേണ്ടിയുള്ള ശക്തമായ ഒരു സംയോജിതനീക്കത്തിനുകൂടി അഖിലകേരളാടിസ്ഥാനത്തിൽ രൂപംകൊടുക്കേണ്ടിയിരിക്കുന്നു. യഥാർത്ഥത്തിൽ അതിനുവേണ്ടിയുള്ള ഉദ്യമങ്ങൾ ഇപ്പോൾത്തന്നെ പാതിവഴി എത്തിനിൽക്കുകയുമാണ്. അതായത്, ഈയിടെ അന്തരിച്ച ശ്രീ ജോസഫ് പുലിക്കുന്നേൽ 2004-ൽ 'ചർച്ച് ആക്ട്' എന്ന ആശയം അവതരിപ്പിച്ചപ്പോൾമുതലുള്ള അദ്ദേഹത്തിന്റെയും ഒട്ടേറെ സ്വതന്ത്രസഭാസംഘടനകളുടെയും പ്രവർത്തനഫലമായി, ഈ വിഷയം കേരളഗവൺമെന്റിന്റെ ശ്രദ്ധയിൽ കൊണ്ടുവരാനും, ജസ്റ്റീസ് വി.ആർ. കൃഷ്ണയ്യരുടെ അദ്ധ്യക്ഷതയിൽ നിയോഗിക്കപ്പെട്ട നിയമപരിഷ്കരണ കമ്മീഷനിൽ അതൊരു വിഷയമാക്കാനും, കമ്മീഷൻ രൂപംകൊടുത്ത 'The Kerala Christian Church Properties and Institution Trust Bill' എന്ന കരടുനിയമം ഗവൺമെന്റിനുമുമ്പിൽ എത്തിക്കാനും കഴിഞ്ഞിട്ടുണ്ട്. വിവിധ രൂപതകളിൽ സഭാദ്ധ്യക്ഷന്മാരുടെ നേതൃത്വത്തിലുണ്ടായ ഭൂമികുംഭകോണങ്ങൾക്കും അഴിമതികൾക്കുമെതിരെ ജനരോഷം ഇരമ്പിനിൽക്കുന്ന ഇന്നത്തെ സാഹചര്യത്തിൽ, ഇവരെയെല്ലാം തളയ്ക്കാനും സഭാസ്വത്തുക്കൾ സംരക്ഷിക്കാനും പര്യാപ്തമായ പ്രസ്തുത 'ട്രസ്റ്റ് ബില്ലി'ലേക്ക്, അഥവാ 'ചർച്ച് ആക്ടി'ലേക്ക്, ജനങ്ങളുടെയും ഗവൺമെന്റിന്റെയും ശ്രദ്ധതിരിപ്പിക്കുക ഇന്ന് താരതമ്യേന എളുപ്പമാണ്. ചുരുക്കത്തിൽ, വരമ്പത്തിരിക്കുന്ന ചർച്ച് ആക്ടിനെ ശക്തമായും നിശ്ചയദാർഢ്യത്തോടുകൂടിയും ഒന്നു തള്ളിയാൽമതി, ഇനി അതു നിയമമാകാൻ. അതോടെ കുറ്റവാളികളായ സഭാമേലദ്ധ്യക്ഷന്മാരെ നിയമത്തിനുമുമ്പിലെത്തിക്കാനും ഇനി ഇത്തരം സംഭവങ്ങൾ ആവർത്തിക്കില്ലെന്ന് ഉറപ്പാക്കാനും വിശ്വാസിസമൂഹത്തിനു കഴിയും.

നിർദ്ദിഷ്ട ചർച്ച് ആക്ടിന്റെ പ്രത്യേകത അത് ബൈബിളധിഷ്ഠിതവും ആദിമസഭയുടെയും കേരളസഭയുടെയും വിശുദ്ധപാരമ്പര്യങ്ങൾക്കനുസൃതവും ആണെന്നുള്ളതാണ്. അപ്പോസ്തലന്മാരെല്ലാവരും ഒന്നിച്ചുചേർന്ന്, സഭാഭരണം സംബന്ധിച്ച് നടത്തിയ നയപ്രഖ്യാപനമാണ് (അപ്പ. പ്രവ. 6:2-4) ചർച്ച് ആക്ടിന് അടിത്തറ. ഈ നയപ്രഖ്യാപനത്തിന്റെതന്നെ വികസിതരൂപമായിരുന്നു, മൂന്നുതട്ടുകളിൽ പ്രവർത്തിച്ചിരുന്ന നസ്രാണികളുടെ പള്ളിയോഗ സഭാഭരണസമ്പ്രദായം. അതനുസരിച്ച്, സഭാസമൂഹം തിരഞ്ഞെടുക്കുന്ന കമ്മിറ്റികളിലാണ് സഭയുടെ ഭൗതികഭരണം നിക്ഷിപ്തമായിരുന്നത്. അതേ മാതൃകയിൽ, ഇടവകകളിൽനിന്നുള്ള പ്രതിനിധികളടങ്ങിയ ഇടവക-രൂപതാ-സംസ്ഥാനതല ട്രസ്റ്റ് അസംബ്ലികളും അവ തിരഞ്ഞെടുക്കുന്ന ട്രസ്റ്റ് കമ്മിറ്റികളുമാണ് സഭാഭരണത്തിനായി നിർദ്ദിഷ്ട ചർച്ച് ആക്ട് വിഭാവനം ചെയ്തിരിക്കുന്നത്. വികാരിക്കും മെത്രാനും മേജർ ആർച്ചുബിഷപ്പിനും അതാതു ട്രസ്റ്റ് കമ്മിറ്റികൾക്കും ട്രസ്റ്റ് അസംബ്ലികൾക്കും ആദ്ധ്യക്ഷ്യംവഹിക്കാനും ധാർമ്മികോപദേശങ്ങൾ നൽകാനുംമാത്രമാണ് അവകാശമുണ്ടാവുക. കാനോൻനിയമം ഉടമകളായ വിശ്വാസികളെ ഉപദേശാവകാശം മാത്രമുള്ളവരായി തരംതാഴ്ത്തിയെങ്കിൽ, ചർച്ച് ആക്ട് സുതാര്യമായി തീരുമാനങ്ങളെടുത്തു മുന്നോട്ടുപോകാൻ അധികാരമുള്ളവരാക്കി അവരെ ഉയർത്തുന്നു.

ചർച്ച് ആക്ട് പ്രാബല്യത്തിലാക്കിക്കൊണ്ടുമാത്രമേ, സഭയിൽ വളർന്നുവരുന്ന സഭാഭരണപ്രശ്നങ്ങൾക്കെല്ലാം ശാശ്വതപരിഹാരം കണ്ടെത്തുവാൻ നമുക്കാവുകയുള്ളൂ. ഇതു മനസ്സിലാക്കി, ചർച്ച് ആക്ട് നടപ്പിലാക്കുക എന്ന ഒരേയൊരു ലക്ഷ്യം മുൻനിർത്തി പ്രവർത്തിക്കാൻ ഒരു വിശാലവേദി കേരളത്തിലുണ്ടാകേണ്ടത് അവശ്യം ആവശ്യമായിരിക്കുന്നു. ഇപ്പോൾ നിലവിലുള്ള സ്വതന്ത്രസഭാസംഘടനകളും ഈ ദിശയിൽ പുതുതായി ഉരുത്തിരിഞ്ഞുകൊണ്ടിരിക്കുന്ന പ്രസ്ഥാനങ്ങളും തമ്മിൽത്തമ്മിൽ കൈകോർത്താൽ മതി, അതു സാക്ഷാത്കരിക്കപ്പെടും.

**-എഡിറ്റർ**

## സത്യജ്വാല

**'സത്യജ്വാല' – അന്ധരായ വഴികാട്ടികൾ നയിക്കുന്ന ഇരുൾപാതയിൽ ഒരു ചെറുതിരിവെട്ടം!**
**'സത്യജ്വാല' – കള്ളയിടയന്മാർക്കെതിരെ ഒരു ചെറുമുറവിളി!.**
**'സത്യജ്വാല' – പള്ളികൾ കൊള്ളക്കാരുടെ ഗുഹകളാക്കിയവർക്കെതിരെ ഒരു ചെറു ചാട്ടവാർ!**
**'സത്യജ്വാല' – നവീകൃതസഭാജീവിതത്തിലേക്ക് ഒരു എളിയ വഴികാട്ടി!**
**ചെറുതിരി തീപ്പന്തമാക്കുക, മുറവിളി ആർപ്പുവിളിയാക്കുക, ചാട്ടവാർ ചാട്ടവാറുകളാക്കുക...**
**യാഥാസ്ഥിതികസഭാജീവിതത്തിൽനിന്നും ദൈവരാജ്യപൗരജീവിതത്തിലേക്കു വഴിതുറക്കുക**
**'സത്യജ്വാല' – വായിക്കുക, വരിക്കാരാകുക, വരിക്കാരാക്കുക, പ്രചരിപ്പിക്കുക!**

ചർച്ച് ആക്ട് സ്പെഷ്യൽ

# മേജർ ആർച്ചുബിഷപ്പിന്റെ ഭൂമികച്ചവടവും മെത്രാന്മാരുടെ എപിക്ക്യൂരിയനിസവും (തുടർച്ച)

**എം.എൽ. ജോർജ് മാളിയേക്കൽ** (ജന. സെക്രട്ടറി, Catholic Laymen's Association)

**അൽപ്പം പൈതൃകത്തിലേക്ക്**

തോമാ ചർച്ച്, മാർതോമ്മാ നസ്രാണി ചർച്ച്, സെന്റ് തോമസ് ചർച്ച് എന്നീ വിവിധ നാമങ്ങളിലാണ് സീറോ-മലബാർ സഭ അറിയപ്പെട്ടിരുന്നത്. 1923 ഡിസംബർ 20-ാം തീയതി റൊമാനി പൊന്തിഫിച്ചെസ് (Romani Pontifices) എന്ന ബൂളയിലൂടെ റോം നൽകിയതാണ് സീറോ-മലബാർ സഭ എന്ന പേര്. ഈ പേരുമാറ്റംവഴി നമ്മുടെ സഭയുടെ തനതായ അവകാശാധികാരങ്ങൾ ഇല്ലാതാക്കി. നമ്മുടെ സ്വദേശമെത്രാന്മാർ റോമൻ അധികാരവുമായി 'ആദ്‌ലീമിന' സന്ദർശനം നടത്തിയും അവരുടെ പാലിയം സ്വീകരിച്ചും റോമൻസിനഡിൽ പങ്കെടുത്തും ഭാരതനസ്രാണി സമൂഹത്തെ റോമിന്റെ ഭരണവ്യവസ്ഥിതിക്കു വിധേയമാക്കുവാൻ ആത്മവഞ്ചന നടത്തിപ്പോരുകയാണ് ചെയ്തത്. 1930-ൽ ആരംഭിച്ച് 1931 ഫെബ്രുവരി 15-ന് അവസാനിച്ച തിരുവിതാംകൂർ കാനേഷ്മാരി കണക്കെടുപ്പിൽ എറണാകുളം-അങ്കമാലി അതിരൂപതാബിഷപ്പ് ആഗസ്തീനോസ് കണ്ടത്തിൽ ഇടയലേഖനംവഴി ഇടവക പട്ടക്കാരെ സെൻസസ് അധികാരികളോടൊപ്പം വീടുകൾതോറുമയച്ച് നസ്രാണികൾ എന്ന പേരിൽ അറിയപ്പെട്ടിരുന്ന നമ്മെ സെൻസസ് ഉദ്യോഗസ്ഥരെക്കൊണ്ട് റോമൻ കത്തോലിക്കർ എന്ന് പേരെഴുതിച്ച് ആസൂത്രിതമായി നാമമാറ്റം വരുത്തി. നസ്രാണികൾ സമ്പാദിച്ച കോടാനുകോടികൾ വിലമതിക്കുന്ന പള്ളികളും സ്ഥാപനങ്ങളും ഇതരസ്വത്തുക്കളും റോമൻനിയമം പ്രയോഗിച്ച് മെത്രാന്റേതാക്കി അവയ്ക്കുമേൽ നസ്രാണികൾക്കുണ്ടായിരുന്ന അവകാശാധികാരങ്ങളും പൊതുവായ നിയന്ത്രണവും ഇല്ലാതാക്കുകയായിരുന്നു ഇതിന്റെ ഗൂഢലക്ഷ്യം.

1990 ആഗസ്റ്റ് മാസം 25-ാം തീയതി നമ്മുടെ മെത്രാന്മാർ റോമുമായി നടത്തിയ ഗൂഢാലോചനയിൽ, നസ്രാണി സഭയെക്കൂടി റോമൻ ശൈലിയിൽ ഭരിക്കാനാവശ്യമായ ഒരു നിയമം നിർമ്മിച്ചുനൽകണമെന്ന് റോമിനോടാവശ്യപ്പെട്ടു. ഇതനുസരിച്ച് 1991 ഒക്ടോബർ 1-ന് പൗരസ്ത്യകാനൻനിയമം പ്രാബല്യത്തിലാക്കി റോം വിജ്ഞാപനമിറക്കി. വിജ്ഞാപനത്തിൽ അലക്സാണ്ട്രിയ, അന്ത്യോക്യ, അർമേനിയ, കൽദായ, കോൺസ്റ്റാന്റിനോപ്പിൾ എന്നീ സഭകളെ ഈ നിയമത്തിന്റെ പരിധിയിൽ ഉൾപ്പെടുത്തി. കൽദായ മെത്രാന്മാരെ കൂട്ടുപിടിച്ച് നമ്മുടെ മെത്രാന്മാർ പോപ്പിനെ സമീപിച്ചതുകൊണ്ട് നമ്മളും കൽദായസഭാഗ്രൂപ്പിൽപ്പെട്ടവരാണെന്ന് പോപ്പിന് ധാരണയുണ്ടായി.

> നമ്മുടെ സഭയെ, 1992 ഡിസംബർ 16-ാം തീയതി, കാനൻനിയമത്തിലൂടെ മേജർ ആർച്ചുബിഷപ്പിന്റെ സർവ്വാധികാരസഭയാക്കി മാറ്റി. ഇതുവഴി നമ്മുടെ അവകാശാധികാരങ്ങൾ ആഭിചാരത്തിലൂടെ (black magic) മെത്രാന്റേതാക്കി മാറ്റുകയാണുചെയ്തത്. പരമ്പരാഗതമായി സഭയിൽ നിലനിന്നുപോന്ന പള്ളിയോഗത്തിന്റെ അന്തഃസത്ത പൂർണ്ണമായി ഇല്ലായ്മചെയ്യുവാൻ ഈ നിയമം മെത്രാന്മാർക്ക് കളമൊരുക്കി.

**ഗൂഢതന്ത്രം തുടരുന്നു**

എന്നാൽ, പൗരസ്ത്യസഭകൾക്കുവേണ്ടി വിജ്ഞാപനംചെയ്ത മേൽ പ്രസ്താവിച്ച നിയമത്തിൽ നമ്മുടെ സഭ ഉൾപ്പെടുകയില്ലെന്നു മനസ്സിലാക്കിയ മെത്രാന്മാർ വീണ്ടും റോമിനെ സമീപിച്ചു. അവരുടെ അഭ്യർത്ഥനപ്രകാരം പോപ്പ് ജോൺപോൾ രണ്ടാമൻ 1992 സെപ്തംബർ 4-ാം തീയതി ആർച്ച് ബിഷപ്പ് തോമസ് വൈറ്റിന്റെ നേതൃത്വത്തിൽ ഒരു നാലംഗകമ്മീഷനെ കേരളത്തിലേക്കയച്ചു. അവർ നമ്മുടെ മെത്രാന്മാരുമായി ആലോചന നടത്തി, കമ്മീഷനെക്കൊണ്ട് നസ്രാണിസഭ കൽദായസഭയുടെ പുത്രീസഭയാണെന്ന് വ്യാജറിപ്പോർട്ട് തയ്യാറാക്കിച്ച് പോപ്പിന് സമർപ്പിച്ചു. ഈ റിപ്പോർട്ടിനെ

ആധാരമാക്കിയാണ് ജനാധിപത്യഭരണവ്യവസ്ഥിതിയിലുള്ള നമ്മുടെ ക്രിസ്തീയസഭയെ പോപ്പ് 1992 ഡിസംബർ 16-ാം തീയതി മേജർ ആർക്കി എപ്പിസ്ക്കോപ്പൽ സഭയാക്കി ബൂള വഴി വിളംബരംചെയ്തത്. അങ്ങനെ 1991 ഒക്ടോബർ 1-ന് വിജ്ഞാപനംചെയ്ത പൗരസ്ത്യ കാനൻ നിയമത്തിന്റെ പരിധിയിലേക്ക് സീറോ-മലബാർ സഭയെ കൊണ്ടെത്തിച്ചു.

**പള്ളിയോഗങ്ങൾ**

ഇക്കാലമത്രയും നമ്മുടെ പള്ളിയോഗങ്ങളിലൂടെ ജനാധിപത്യരീതിയിലാണ് സഭാപ്രവർത്തനങ്ങൾ നടത്തിപ്പോന്നിട്ടുള്ളത്. പള്ളിയോഗങ്ങൾക്കുമേൽ വൈദികർക്കോ മെത്രാനോ, ആത്മീയകാര്യങ്ങളൊഴികെ, ഭൗതികകാര്യങ്ങളിൽ യാതൊരുവിധ അധികാരാവകാശമോ നിയന്ത്രണമോ ഉണ്ടായിരുന്നില്ല. സഭയെ പൊതുവെ ബാധിക്കുന്ന സുപ്രധാനമായ കാര്യങ്ങളെക്കുറിച്ച് വിചിന്തനംചെയ്ത് തീരുമാനങ്ങൾ എടുത്തുപോന്നിട്ടുള്ളതും, ആവശ്യമുള്ളപ്പോൾ പ്രത്യേകംപ്രത്യേകം കമ്മറ്റികളും കമ്മീഷനുകളും ഏർപ്പെടുത്തിവന്നിട്ടുള്ളതും, ആയതിലെ അംഗങ്ങളെ നിശ്ചയിച്ചുപോന്നിട്ടുള്ളതും, ബഡ്ജറ്റ് ചർച്ചചെയ്ത് അംഗീകാരം നൽകിപ്പോന്നിട്ടുള്ളതും, അവയുടെ മുൻഗണനാക്രമം നടപ്പിലാക്കിയിരുന്നതും ആത്മീയശുശ്രൂഷകൾക്കാവശ്യമായ ഭൗതികക്രമീകരണങ്ങൾ ചെയ്തുപോന്നിട്ടുള്ളതും പൊതുയോഗങ്ങളിലൂടെയാണ്.

നമ്മുടെ സഭയെ, 1992 ഡിസംബർ 16-ാം തീയതി, കാനൻനിയമത്തിലൂടെ മേജർ ആർച്ചുബിഷപ്പിന്റെ സർവ്വാധികാരസഭയാക്കി മാറ്റി. ഇതുവഴി നമ്മുടെ അവകാശാധികാരങ്ങൾ ആഭിചാരത്തിലൂടെ (black magic) മെത്രാന്റേതാക്കി മാറ്റുകയാണുചെയ്തത്. പരമ്പരാഗതമായി സഭയിൽ നിലനിന്നുപോന്ന പള്ളിയോഗത്തിന്റെ അന്തഃസത്ത പൂർണ്ണമായി ഇല്ലായ്മചെയ്യുവാൻ ഈ നിയമം മെത്രാന്മാർക്ക് കളമൊരുക്കി.

**വിവിധ ഭരണസമിതികൾ**

1991-ലെ പൗരസ്ത്യകാനൻനിയമത്തിന്റെ പിൻബലത്തിലും മറവിലുമാണ് മെത്രാന്മാർ തങ്ങളുടെ ഏകാധിപത്യഭരണം സഭയിൽ നടപ്പിൽ വരുത്തുന്നതിനുവേണ്ടി വിവിധ സമിതികൾക്കു രൂപംകൊടുത്തത്. ഈ സമിതികളൊന്നും സഭയുടെ താല്പര്യങ്ങളോ അവകാശാധികാരങ്ങളോ സംരക്ഷിക്കുന്നവയല്ല; മെത്രാന്റെ താല്പര്യങ്ങൾ സംരക്ഷിക്കുവാനുള്ളതാണ്. അപ്പോസ്തലപിൻഗാമി എന്ന നിലയ്ക്ക് മെത്രാൻ ദൈവജനത്തിന്റെ ആത്മീയശുശ്രൂഷാചുമതല നിർവ്വഹിക്കുന്ന വ്യക്തിയും വൈദികരിൽ മൂപ്പൻസ്ഥാനം വഹിക്കുകയും ആദ്ധ്യാത്മികലേഖനങ്ങളും സർക്കുലറുകളും നൽകുവാൻ അധികാരപ്പെട്ടവനുമാണ്. ഇത്തരം ചുമതലകളൊക്കെ വിസ്മരിച്ചുകൊണ്ട് ബൈബിൾവിരുദ്ധമായ ഒരു ഏകാധിപത്യഭരണക്രമമാണ് മെത്രാന്മാർ ഇന്ന് സഭയിൽ നടപ്പാക്കിക്കൊണ്ടിരിക്കുന്നത്. ഇവർ രൂപംകൊടുക്കുന്ന സമിതികൾ എന്താണെന്ന് മനസ്സിലാക്കിയാൽമാത്രമേ അവയോരോന്നും ദൈവജനോന്മുഖമായ വളർച്ചയ്ക്ക് സഹായകമാണോ എന്നും അവയുടെ പ്രവർത്തനം ദൈവജനത്തിന്റെ നിലവിലുള്ള അവകാശാധികാരങ്ങൾക്ക് നിരക്കുന്നതാണോ എന്നും മനസ്സിലാക്കാൻ കഴിയുകയുള്ളൂ. ദൈവജനത്തിന്റെ സഭാപരവും ജനാധിപത്യപരവുമായ അവകാശങ്ങളെ നിരാകരിക്കുന്ന ഒരു സമിതിയും മെത്രാൻഭരണസംവിധാനത്തിൽ ഉണ്ടാകാൻ പാടില്ല.

**മെത്രാൻസിനഡ്**

മെത്രാൻസിനഡെന്നാൽ, വൈദികമേലാളന്മാർ സമ്മേളിച്ച് വിശ്വാസപരമായ കാര്യങ്ങൾ ചർച്ചചെയ്ത് തീർപ്പു കല്പിക്കുന്ന അസംബ്ലിയാണ്. ഈ അസംബ്ലിക്ക് സഭയുടെ ഭൗതികകാര്യങ്ങൾ ചർച്ചചെയ്ത് തീരുമാനങ്ങൾ എടുക്കാനും നടപ്പിൽ വരുത്താനുള്ള അധികാരാവകാശങ്ങളില്ല.

**ബിഷപ്സ് കൗൺസിൽ**

ബിഷപ്സ് കൗൺസിലെന്നാൽ, മെത്രാന്മാരുടെ സംഘബലം വർദ്ധിപ്പിക്കുന്നതിനും അവർക്ക് സഭയിൽനിന്ന് ലഭിക്കേണ്ട ആനുകൂല്യങ്ങൾ നേടിയെടുക്കുന്നതിനുമുള്ള ഒരു സംഘടനമാത്രമാണ്. ഈ സംഘടനയ്ക്കും സഭയുടെ ഭൗതികകാര്യങ്ങൾ ചർച്ചചെയ്ത് തീരുമാനങ്ങളെടുത്തു നടപ്പിലാക്കാനുമുള്ള അധികാരമില്ല.

**വൈദികസമിതി**

വൈദികർ രൂപതയിലെ ദൈവജനത്തിന്റെ ആത്മീയശുശ്രൂഷയിൽ മെത്രാന്റെ സഹകാരികളാണ്. വചനം പ്രസംഗിക്കുവാനും കൂദാശകൾ പരികർമ്മം ചെയ്യുവാനും വൈദികർ കടപ്പെട്ടവരാണ്. വൈദികസമിതി (പ്രീസ്റ്റ് കൗൺസിൽ) വൈദികരുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിനും വൈദികർക്കെതിരെ മെത്രാന്മാർ ശിക്ഷാനടപടികൾ എടുത്താൽ അതിനെ നേരിടുന്നതിനുംവേണ്ടി വൈദികരാൽ തിരഞ്ഞെടുക്കപ്പെട്ടിട്ടുള്ളതും മെത്രാൻ അംഗീകരിച്ചിട്ടുള്ളതുമായ സമിതിയാണ്.

**ആലോചനാസമിതി**

രൂപതാമെത്രാനെ സഹായിക്കുന്നതിനും സംരക്ഷിക്കുന്നതിനുംവേണ്ടി വൈദികരിൽനിന്ന് 5-ൽ കുറയാത്തതും 12-ൽ കൂടാത്തതുമായ അംഗങ്ങളെ മെത്രാൻ ഐച്ഛികമായി നിയമിച്ചിട്ടുള്ളതാണ് ഈ സമിതി.

**സാമ്പത്തികകാര്യസമിതി**

രൂപതാബിഷപ്പ് പ്രസിഡന്റായി, രൂപതാബിഷപ്പ് ഐച്ഛികമായി രൂപീകരിച്ചിട്ടുള്ള വൈദികർമാത്രം ഉൾക്കൊള്ളുന്ന സമിതിയാണ് ഇത്.

**പാസ്റ്ററൽ കൗൺസിൽ**

രൂപതയുടെ ആദ്ധ്യാത്മികപ്രവർത്തനങ്ങൾ നവീകരിക്കുവാനും ആയതിനാവശ്യമായ പദ്ധതികൾ ആവിഷ്കരിക്കുവാനും അത് ക്രിയാത്മകമാക്കുവാനും മെത്രാനെ സഹായിക്കുന്നതിനുള്ള ഉപദേശകസമിതിയാണ് പാസ്റ്ററൽ കൗൺസിൽ. പാസ്റ്റർ എന്നാൽ Clergyman -വൈദികൻ-എന്നാണർത്ഥം. പാസ്റ്ററൽ എന്നാൽ, ഇടയന്മാരെ സംബന്ധിച്ചുള്ള എന്നാണർത്ഥം. മേൽ വിവരിച്ച മെത്രാൻസിനഡ് അടക്കമുള്ള സമിതികളൊന്നും 99% വരുന്ന അൽമായസമൂഹം തിരഞ്ഞെടുക്കുകയോ അവരുടെ അംഗീകാരത്തോടെ പ്രവർത്തിക്കുകയോ ചെയ്യുന്ന സഭാസമിതികളല്ല.

**അഖിലകേരള കത്തോലിക്കാകോൺഗ്രസ്സ് (A.K.C.C.)**

മറ്റു സമുദായങ്ങൾ ശക്തിയാർജ്ജിക്കുന്നതിനെ

നേരിടാനും, മെത്രാന്റെ ഐച്ഛികതാല്പര്യം സംരക്ഷിക്കാനും അദ്ദേഹത്തിന്റെ ആജ്ഞാനുവർത്തികളായി പ്രവർത്തിക്കുമെന്നുറപ്പുള്ള ഉണ്ണാക്കന്മാരെ ഇടവകവൈദികർവഴി കണ്ടെത്തി മെത്രാന്മാരുടെ കമാന്റോകളാക്കി രൂപീകരിച്ചിട്ടുള്ളതാണ് ഇന്നത്തെ A.K.C.C. അതുമാത്രമല്ല, മെത്രാന്റെ ശക്തിയെ പരിപോഷിപ്പിക്കുകയും സമുദായശക്തിയെ ക്ഷയിപ്പിക്കുകയുമാണ് ഇതിന്റെ ലക്ഷ്യം. Accustomed Killers of Catholic Community (A.K.C.C.) എന്ന പേരാണ് ഇതിനു കൂടുതൽ യോജിക്കുന്നത്.

സീറോ-മലബാർ സഭയിലെ മെത്രാൻകേന്ദ്രീകൃതസമിതികളുടെ ഒരു ഏകദേശഘടനയാണ് ഇവിടെ വിശകലനം ചെയ്തത്.

എറണാകുളം-അങ്കമാലി അതിരൂപതാമെത്രാന്റെ വസ്തുക്കച്ചവട ഇടപാടിൽ അന്വേഷണം നടത്തേണ്ടതും കമ്മീഷനെ ഏർപ്പെടുത്തേണ്ടതും കമ്മിറ്റികൾ രൂപീകരിക്കേണ്ടതും അതിലെ അംഗങ്ങളെ നിശ്ചയിക്കേണ്ടതും റിപ്പോർട്ട് തയ്യാറാക്കി ചർച്ചചെയ്ത് പരിഹാരം നിശ്ചയിക്കേണ്ടതും മെത്രാൻ സിനഡോ ബിഷപ്പ് കൗൺസിലോ പ്രീസ്റ്റ് കൗൺസിലോ അവർ നിയമിക്കുന്ന ആലോചനാസമിതിയോ സാമ്പത്തികകാര്യസമിതിയോ പാസ്റ്ററൽ കൗൺസിലോ A.K.C.C. പോലുള്ള ഉണ്ണാക്കൻ സംഘടനകളോ അല്ല. സീറോ-മലബാർസഭയുടെ ഭൗതികകാര്യനിർവ്വഹണത്തിൽ ഇടപെടാൻ ഈ സംഘടനകൾക്കൊന്നും യാതൊരുവിധ അവകാശാധികാരങ്ങളും ഇല്ലെന്നുള്ളത് ഈ രാജ്യത്തെ വാർത്താമാധ്യമങ്ങളും സംഘടനകളും പൊതുസമൂഹവും മനസ്സിലാക്കേണ്ടതാണ്.

**സഭാസമ്പദ്ഘടന – ബൈബിൾ – ഇന്ത്യൻ ഭരണഘടന**

ക്രിസ്തീയസഭ രൂപമെടുത്തിട്ടുള്ളത് പൊതുവായിട്ടാണ്. അതിന്റെ പൊതുസ്വത്തുക്കൾ കൈകാര്യം ചെയ്തുപോന്നിട്ടുള്ളത് പൊതുമാനദണ്ഡങ്ങൾ പാലിച്ചുകൊണ്ടാണ്. അപ്പ. പ്രവ. 2:44 ഇപ്രകാരം രേഖപ്പെടുത്തിയിരിക്കുന്നു: "വിശ്വസിച്ചവർ എല്ലാവരും ഒറ്റ സമൂഹമാകുകയും തങ്ങൾക്കുണ്ടായിരുന്നതെല്ലാം പൊതുവായിത്തീരുകയും ചെയ്തു." 4:32-ഉം ഇതുതന്നെ ആവർത്തിക്കുന്നു. "വിശ്വാസികളുടെ സമൂഹം ഒരു ഹൃദയവും ഒരു ആത്മാവും ആയിരുന്നു. ആരും സഭാസ്വത്തുക്കൾ സ്വന്തമെന്ന് അവകാശപ്പെട്ടില്ല. എല്ലാം പൊതുസ്വത്തായിരുന്നു."

സഭയുടെ ഭൗതികസമ്പത്തുകളുടെ കൈകാര്യസ്ഥതയും വിനിയോഗവും നിർവ്വഹണവും യേശുവും അപ്പസ്തോലന്മാരും അത്മായരെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്. ഇതനുസരിച്ച് പൊതുയോഗത്തിനു വിധേയമായി പ്രവർത്തിക്കുന്ന അൽമായപ്രതിനിധികളാണ് ഭൗതികകാര്യങ്ങൾ നിർവ്വഹിക്കേണ്ടത്. ഇത് ക്രിസ്തീയവിശ്വാസപ്രകാരമുള്ള ആചാരവും കീഴ്‌വഴക്കവും നടപ്പുരീതിയുമാണ്. ക്രൈസ്തവവിശ്വാസത്തിനെതിരായ വെല്ലുവിളികളെയും മൗലികാവകാശലംഘനങ്ങളെയും നേരിടുന്നതിന് അൽമായന് ഒറ്റയ്ക്കും കൂട്ടായും അവകാശമുണ്ട്. ഇത് ഇന്ത്യൻ ഭരണഘടന നൽകിയിട്ടുള്ള അടിസ്ഥാന അവകാശമാണ്. മെത്രാൻ ചാർത്തിക്കൊടുത്താൽപ്പോലും ഈ അവകാശത്തിന്മേൽ കൈവയ്ക്കാൻ മേൽപ്രസ്താവിച്ച നിയമവിരുദ്ധസമിതികൾക്ക് യാതൊരു അവകാശവുമില്ല. സീറോ-മലബാർ സഭയെ പൊതുവെ ബാധിക്കുന്ന സുപ്രധാനമായ സംഗതികളെക്കുറിച്ച് വിചിന്തനംചെയ്ത് തീരുമാനങ്ങൾ കൈക്കൊള്ളേണ്ടത് അൽമായരുടെ പൊതുയോഗമാണ്. അതിനു വിരുദ്ധമായ സമിതികളും പ്രസ്ഥാനങ്ങളും അവയുടെ തീരുമാനങ്ങളും ബൈബിളധിഷ്ഠിതമോ ജനാധിപത്യപരമോ അല്ല; അതെല്ലാം റോമൻ സർവ്വാധികാരത്തിന്റേതാണ്.

ഫോൺ: 9400953632

(തുടരും)

## സത്യജ്വാല സാമ്പത്തികസ്ഥിതി

**2018** ജനുവരി ലക്കം അച്ചടിച്ചുകഴിയുമ്പോൾ ഉദ്ദേശം 60000 രൂപാ നീക്കിയിരുപ്പ് ഉണ്ടാകുമെന്നായിരുന്നുവല്ലോ കണക്കാക്കിയിരുന്നത്. എന്നാൽ, കൂടുതൽ പേജുകളോടെ 700 കോപ്പി കൂടുതൽ അച്ചടിച്ചതിനും, എറണാകുളം പത്രസമ്മേളനം, ധർണ, പാലാ പൊതുസമ്മേളനം എന്നിവയ്ക്കുമായി 15000 ത്തോളം രൂപാ അധികച്ചെലവുണ്ടായി, നീക്കിയിരുപ്പ് 45000 രൂപായായി കുറഞ്ഞിരുന്നു.

അതിനുശേഷം 13500 രൂപാ വരിസംഖ്യയായും 42000 രൂപാ സംഭാവനയായും 2018 ഫെബ്രുവരി പകുതിവരെ ലഭിച്ചു. അപ്പോൾ, ഈ കാലയളവിലെ ആകെ വരവ് 55500 രൂപാ.- മുൻ നീക്കിയിരിപ്പ് (45000) ഉൾപ്പെടെ ആകെ വരവ് ഉദ്ദേശം 100500 രൂപാ.

2018 ഫെബ്രുവരി ലക്കം വിശേഷാൽപ്പതിപ്പ് അയച്ചുകഴിയുമ്പോൾ സത്യജ്വാലയ്ക്ക് 65000- ത്തോളം രൂപാ നീക്കിയിരിപ്പുണ്ടായേക്കാം എന്നാണ് പ്രതീക്ഷിക്കുന്നത്.

## സംഭാവന

**2018 ജനുവരി – ഫെബ്രുവരി**

| | |
|---|---|
| സി.കെ.പുന്നൻ, ചിറയിൽ | 1000 |
| കെ.എം.എബ്രാഹം, പുത്തൻവേലിയിൽ | 1000 |
| KCRM/ KANA- ചിക്കാഗോ | 40000 |
| ഈ കാലയളവിലെ ആകെ സംഭാവന | 42000 |

ഉദാരമായി സംഭാവന നൽകിയ അഭ്യുദയകാംക്ഷികൾക്ക്, പ്രത്യേകിച്ച് ചിക്കാഗോയിലെ KCRM/ KANA പ്രവർത്തകർക്ക്, നന്ദി!

**-സർക്കുലേഷൻ മാനേജർ & എഡിറ്റർ**


# കാനോൻനിയമം ഒരു വിജാതീയനിയമം

**ഫാ. ജോൺ കൊച്ചുമുട്ടം**

*[‘നസ്രാണിദീപം’ ചീഫ് എഡിറ്ററായ ലേഖകൻ, മാസികയുടെ 2018 ജനുവരി ലക്കത്തിൽ എഴുതിയ മുഖക്കുറി]*



**ക**ത്തോലിക്കാസഭയുടെ ഭരണവ്യവസ്ഥിതി കാനോൻനിയമത്തിൽ അധിഷ്ഠിതമാണ്. ഈ കാനോൻ നിയമം ബൈബിൾ അധിഷ്ഠതമാണോ എന്ന സംശയമാണ് ഇതിനെക്കുറിച്ച് കൂടുതൽ പഠിക്കുവാൻ പ്രചോദനമായത്. മാത്രമല്ല, ബൈബിൾ അനുസരിച്ചല്ല, കാനോൻ നിയമമനുസരിച്ചാണ് സഭ ഭരിക്കപ്പെടുന്നതെന്ന് സഭയിലെ എത്രയും സമുന്നതനായ ഒരു അധികാരി ബഹു. കോടതിയെ ധരിപ്പിച്ചതും ഇത്തരം ഒരു പഠനത്തിനു പിൻബലമായി.




വാസ്തവത്തിൽ കാനോൻ നിയമം മാനുഷികനിയമമാണ്. മാനുഷികനിയമം ദൈവികനിയമത്തിനു വിധേയമായി വ്യാഖ്യാനിക്കപ്പെടണം. അതിനെ ഒരിക്കലും ദൈവികനിയമത്തിന് സമമായോ ഉപരിയായോ പ്രതിഷ്ഠിച്ചുകൂടാ. വി. മത്തായിയുടെ സുവിശേഷം 23-ാം അധ്യായം മുഴുവൻ മാനുഷിക നിയമങ്ങളെ ദൈവികനിയമങ്ങളായി പഠിപ്പിച്ച യഹൂദപൗരോഹിത്യത്തിന് എതിരേയുള്ള ആഞ്ഞടിക്കലായിരുന്നു.

ഭൗതികഅധികാരങ്ങളും പ്രതാപങ്ങളും തനിക്കുള്ളതാണ്. അതിനാൽ, തന്നെ ആരാധിക്കുന്നവർക്ക് ഇതെല്ലാം നൽകുമെന്നാണ് സാത്താൻ വാഗ്ദാനംചെയ്യുന്നത് (ലൂക്ക. 4: 5-9). യേശു അവതരിച്ചത് ഭൗതികാധികാരപ്രതാപങ്ങളിൽ വ്യാപരിക്കാനായിരുന്നില്ല. അതുകൊണ്ടാണ് എന്റെ രാജ്യം ഐഹികമല്ല എന്ന് അവിടുന്ന് പരസ്യമായി പ്രഖ്യാപിച്ചത് (യോഹ. 18:36). മാത്രമല്ല, അവിടന്ന് തന്റെ അനുയായികളോട് ശുശ്രൂഷ ആയിരിക്കണം നിങ്ങളുടെ മുഖമുദ്ര എന്ന് കല്പിക്കുകയും ചെയ്തു (ലൂക്ക. 22:26; മത്താ. 20:25-28; മർക്കോ. 10:35-45; യോഹ. 13:14-17). യേശു അപ്പസ്തോലന്മാരെയും പിൻഗാമികളെയും ഏല്പിച്ചത് ഐഹികരാജ്യമല്ല; ആത്മീയരാജ്യമാണ് എന്ന് ഇവയിൽനിന്നെല്ലാം വ്യക്തമാണ്.

പിന്നെയെങ്ങനെ ഇന്നത്തെ ഭരണസംവിധാനക്രമങ്ങളുണ്ടായി? ഇന്നത്തെ അധികാരശ്രേണിയെ സാധൂകരിക്കുന്ന കാനോൻനിയമം എങ്ങനെ നിലവിൽവന്നു? സഭയുടെ നിയമവ്യവസ്ഥ കാനോൻനിയമമാണ്; അതിനാൽ ഈ കാനോൻ നിയമത്തെ സഭയുടെ വ്യക്തിനിയമമായി അംഗീകരിക്കണമെന്ന് വാദിക്കുമ്പോൾ കാനോൻ നിയമവ്യവസ്ഥ സഭയിൽ കടന്നുവന്നതിനെക്കുറിച്ച് ശരിയായ അറിവ് ആവശ്യമാണ്.

കത്തോലിക്കാസഭയിലെ കാനോൻനിയമവ്യവസ്ഥയെ പാശ്ചാത്യമെന്നും പൗരസ്ത്യമെന്നും രണ്ടായി തിരിച്ചിരിക്കുന്നു. പാശ്ചാത്യലത്തീൻ കാനോൻനിയമം CIC എന്നും പൗരസ്ത്യസഭകളുടെ കാനോൻ നിയമം CCEO എന്നും ചുരുക്കെഴുത്തിൽ അറിയപ്പെടുന്നു. 1918-ൽ ക്രോഡീകൃതമായ കാനോൻ നിയമം പരിഷ്കരിക്കണമെന്ന് സ്വർഗ്ഗീയ ജോൺ 23-ാമൻ മാർപാപ്പ തീരുമാനിച്ചു. ഇതിനെത്തുടർന്നാണ് സഭാപരിഷ്കരണത്തിനായി അദ്ദേഹം രണ്ടാം വത്തിക്കാൻ കൗൺസിൽ വിളിച്ചുകൂട്ടിയത്. എന്നാൽ ജോൺ 23-ാം പാപ്പയുടെ മരണത്തോടെ അദ്ദേഹത്തിന്റെ സഭാകാഴ്ചപ്പാടുകളും മരിച്ചു. സാമ്രാജ്യഭരണത്തിന്റെ മൂശയിൽ വാർത്തെടുക്കപ്പെട്ട വത്തിക്കാൻ ഭരണകൂടം മാറ്റങ്ങൾക്ക് തികച്ചും എതിരായിരുന്നു. തന്മൂലം, കാനോൻനിയമത്തിന്റെ പരിഷ്ക്കരണം പൂർണ്ണമായും അവതാളത്തിലായി. 1918-ലെ കാനോൻനിയമവ്യവസ്ഥയ്ക്ക് കാര്യമായ മാറ്റങ്ങളൊന്നും വരുത്താതെ 1983-ൽ പാശ്ചാത്യസഭകൾക്കുള്ള കാനോൻനിയമം 1983-ൽ വിശുദ്ധ ജോൺ പോൾ രണ്ടാമൻ മാർപാപ്പ പ്രഖ്യാപിച്ചു. തുടർന്ന് പ്രായോഗികമായി യാതൊരു മാറ്റവും ഇല്ലാതെതന്നെ പൗരസ്ത്യസഭകൾക്കായുള്ള കാനോൻനിയമം മാർപാപ്പ 1991-ൽ നടപ്പിൽ വരുത്തി. വത്തിക്കാൻ കൗൺസിൽ കഴിഞ്ഞ് വർഷങ്ങൾക്കുശേഷം നടപ്പിൽ വരുത്തിയ ഈ കാനോൻനിയമസംഹിതകളിൽ കൗൺസിലിന്റെ അരൂപി തെല്ലും ഉൾക്കൊണ്ടിട്ടില്ല എന്നത് അതിശയമായിരിക്കുന്നു! CIC -ൽ 1752 കാനോനകൾ ഉള്ളപ്പോൾ CCEO-ൽ 1540 കാനോനകളാണുള്ളത്. യഹൂദമതപുരോഹിതന്മാർ അനുയായികളുടെമേൽ 613 നിയമങ്ങളാണ് കെട്ടിവച്ചത്. ഈ നിയമങ്ങളെയെല്ലാം രണ്ടേ രണ്ട് നിയമങ്ങളായി യേശു വെട്ടിച്ചുരുക്കി. യേശുവിന്റെ തുടർച്ച എന്ന് അവകാശപ്പെടുന്ന

സഭയാകട്ടെ, യഹൂദപുരോഹിതന്മാരെയും കടത്തിവെട്ടി. ഇന്ന് 1500-ൽപരം നിയമങ്ങൾകൊണ്ട് സഭാമക്കളെ വരിഞ്ഞ് മുറുക്കിയിരിക്കുന്നു!!

മെത്രാൻ ക്രിസ്തുവിന്റെ വികാരിയും സ്ഥാനപതിയും എന്നാണ് കാനൻ നിയമം പറയുന്നത്. പൗരസ്ത്യകാനോൻ നിയമം 178-ാം കാനോനിയിൽ പറയുന്നു, "രൂപതയുടെ അജപാലനധർമ്മം സ്വന്തംപേരിൽ നടത്തുന്നതിനായി ഏൽപിക്കപ്പെട്ടിരിക്കുന്ന രൂപതാദ്ധ്യക്ഷൻ ക്രിസ്തുവിന്റെ വികാരിയും സ്ഥാനപതിയും എന്ന നിലയിൽ അതിനെ ഭരിക്കുന്നു." എന്റെ രാജ്യം ഐഹികമല്ലെന്ന് യേശു അർത്ഥശങ്കയ്ക്കിടയില്ലാത്തവിധം പ്രഖ്യാപിച്ചിട്ടുണ്ടല്ലോ. കാനോൻനിയമം നിർവചിക്കുന്ന അധികാരാവകാശങ്ങൾ യേശു നൽകിയിട്ടില്ല. അപ്പോൾ അതു പിൻവാതിലിലൂടെ സഭ കൈവശപ്പെടുത്തിയതാണ് എന്നതിൽ സംശയമില്ല. എങ്കിൽ കാനോൻ നിയമം അനുശാസിക്കുന്ന ഭൗതികാധികാരം സഭയ്ക്ക് ആരു നൽകി? എങ്ങനെ ലഭിച്ചു? ഈ ചോദ്യങ്ങൾ പ്രസക്തങ്ങളാണ്.

'കോൺസ്റ്റന്റൈന്റെ ദാനം' എന്ന കള്ളരേഖയാണ് മാർപാപ്പയുടെയും അദ്ദേഹം നിയമിക്കുന്ന മെത്രാന്മാരുടെയും ഭൗതികാധികാര അവകാശങ്ങളുടെ ആധാരശില. സഭാചരിത്രകാരനായ റവ. ഡോ. സേവ്യർ കൂടപ്പുഴ എഴുതിയ തിരുസഭാചരിത്രത്തിൽ നിന്നും ഉദ്ധരിക്കട്ടെ: *"മാർപാപ്പാ രാഷ്ട്രാധിപനും കൂടിയായതിന്റെ പിൻബലമായിവേണം കോൺസ്റ്റന്റൈന്റെ ദാനത്തെ വീക്ഷിക്കാൻ. പാശ്ചാത്യ റോമാസാമ്രാജ്യത്തിന്റെയും സാർവത്രികസഭയുടെയുംമേൽ മാർപാപ്പയ്ക്ക് പരമാധികാരം നൽകിക്കൊണ്ട് കോൺസ്റ്റന്റൈൻ ചക്രവർത്തി സിൽവെസ്റ്റർ ഒന്നാമന് (314-355) നൽകിയ വിളംബരമായി ഇതിനെ കണക്കാക്കിപ്പോന്നു. പക്ഷേ, എട്ടാം നൂറ്റാണ്ടിൽ മാർപാപ്പയുടെ രാഷ്ട്രാധികാരത്തിനുള്ള പിൻബലമായി ആരോ കെട്ടിച്ചമച്ച ഒരു വ്യാജരേഖയാണിത്. നവോത്ഥാനകാലംവരെ ഇതിന്റെ സാധുതയെ ആരും ചോദ്യം ചെയ്തിരുന്നില്ല. ഈ വ്യാജരേഖയിൽ ചക്രവർത്തിക്കുണ്ടായ ഒരു ദിവ്യദർശനത്തെക്കുറിച്ചും, ചക്രവർത്തി കുഷ്ഠരോഗത്തിൽ നിന്നും അത്ഭുതകരമായി വിമുക്തനായതിനെക്കുറിച്ചും നാടകീയമായി ചിത്രീകരിച്ചിട്ടുണ്ട്. ദർശനത്തിൽ വി. പത്രോസും വി. പൗലോസും ചക്രവർത്തിയോട് ക്രിസ്തുമതം സ്വീകരിക്കാൻ ആവശ്യപ്പെട്ടെന്നും, സുഖപ്രാപ്തിക്കായി സിൽവെസ്റ്റർ മാർപാപ്പായെ സന്ദർശിക്കാൻ ആവശ്യപ്പെട്ടെന്നും കാണാം. ഈ രേഖയനുസരിച്ച് അന്ത്യോക്യാ, അലക്സാണ്ട്രിയ, ജറുസലേം, കോൺസ്റ്റാന്റിനോപ്പിൾ എന്നീ നാലു റോമൻ പ്രവിശ്യകളിലും മാർപാപ്പയ്ക്ക് അധികാരം നൽകിയിട്ടുണ്ടത്രേ! രാജകീയമായ വേഷവിധാനങ്ങളും, സ്ഥാനമാനങ്ങളും മാർപാപ്പയ്ക്കും മറ്റു സഭാധികാരികൾക്കും കോൺസ്റ്റന്റൈൻ ഈ രേഖ വഴി അനുവദിച്ചിരിക്കുന്നു. സഭാധികാരികളെല്ലാം- മാർപാപ്പാ, കർദ്ദിനാളന്മാർ, മെത്രാന്മാർ, വൈദികർ- റോമാസാമ്രാജ്യത്തിലെ രാജകീയവും ഉന്നതവുമായ വേഷവിധാനങ്ങൾ സ്വീകരിച്ചതിന്റെ കാരണവും ഈ രേഖയിൽ കാണുന്നുണ്ട്. റോമാസാമ്രാജ്യത്തിലെ വിവിധ സ്ഥാനപദവികൾ സഭ സ്വീകരിച്ചതിനുള്ള സാധൂകരണവും ഈ രേഖയിലുണ്ട്.*

*രാഷ്ട്രീയാധികാരം ലഭിച്ചതോടെ സഭാധികാരികളുടെ ക്രിസ്തീയലാളിത്യവും അരൂപിയും ആഢംബരജീവിതത്തിനും വേഷവിധാനങ്ങൾക്കും വഴിമാറിക്കൊടുത്തു എന്നു പറയേണ്ടിയിരിക്കുന്നു. സഭാധികാരികൾ രാജകൊട്ടാരങ്ങളിലെ സുഖജീവിതം ആരംഭിക്കുകയാണ്. അതോടൊപ്പംതന്നെ രാജകീയമായ പ്രൗഢികൾ അവരുടെ എല്ലാ വ്യാപാരങ്ങളിലേക്കും കടന്നുവന്നു.*

*മാർപാപ്പായ്ക്ക് ലാറ്ററൻ കൊട്ടാരം സൗജന്യമായി ലഭിച്ചു. രാജകീയ വേഷവിധാനങ്ങളായ കിരീടവും പുറംകുപ്പായവും, ചുവന്ന ഉടുപ്പും മറ്റു രാജകീയ വസ്ത്രങ്ങളും ഉപയോഗിച്ചുതുടങ്ങി. മാർപാപ്പയുടെ അംശവടി രാജാവിന്റെ ചെങ്കോലിനു പകരമായി. ഇങ്ങനെ രാജാവിന്റെ എല്ലാ വേഷവിധാനങ്ങളും സ്ഥാനമാനങ്ങളും സഭാധികാരിയായ മാർപാപ്പയുടെ അവകാശമാക്കി"* (തിരുസഭാചരിത്രം, രണ്ടാം പതിപ്പ്. പേജ് 498-99).

കാനോൻനിയമത്തിന്റെ മറ്റൊരു സ്രോതസ് പെപ്പിന്റെ ദാനം എന്നറിയപ്പെടുന്നു. കോൺസ്റ്റന്റൈന്റെ ദാനമെന്ന രേഖ അനുസരിച്ച് ഇറ്റലിയുടെ ഭരണാവകാശം മാർപാപ്പ ഏറ്റെടുത്തു. പക്ഷേ, ലൊമ്പാർഡുകൾ പേപ്പൽ രാജ്യത്തെ ആക്രമിച്ചു. തുടർന്ന് റോമിലെ സഭാകൂട്ടായ്മയുടെ തലവനായ സ്റ്റീഫൻ മാർപാപ്പാ ഫ്രാൻസിൽ പോയി, രാഷ്ട്രത്തലവനായ പെപ്പിനെ സന്ദർശിച്ചു. ഫ്രാൻസിന്റെ രാജാവിനെ അട്ടിമറിച്ച് അധികാരം പിടിച്ചെടുത്ത പെപ്പിനെ ഫ്രാൻസിലെ രാജാവായി മാർപാപ്പ പ്രഖ്യാപിച്ചു. മാത്രമല്ല, പെപ്പിന്റെ കുടുംബത്തിൽനിന്നല്ലാതെ ഫ്രാൻസിലെ ജനത രാജാക്കന്മാരെ സ്വീകരിക്കരുതെന്ന് ആഹ്വാനവും ചെയ്തു. പെപ്പ് ഒരു വലിയ സൈന്യവുമായി ഇറ്റലിയിലെത്തി ലൊമ്പാർഡുകളെ പരാജയപ്പെടുത്തി, മാർപാപ്പയ്ക്ക് ഇറ്റലിയുടെ ഭരണാവകാശം നൽകി. അങ്ങനെയാണ് പേപ്പൽ സ്റ്റേറ്റ് ഉണ്ടായത്. ഇവയുടെ നിയമങ്ങളും ആചാരങ്ങളും കീഴ്വഴക്കങ്ങളും പിന്നീട് കാനോൻനിയമത്തിന്റെ ഭാഗമായി.

മാർപാപ്പായുടെ ഭൗതികാധികാരം ഉറപ്പിക്കുന്നതിന്, ഇസിദോർ (560-636) എന്ന ഒരു വിശുദ്ധന്റേതെന്നപേരിൽ, കളവായി രചിച്ചുപ്രചരിപ്പിച്ച ഒരു രേഖയാണ് 'Collection of Canons of Isidor.' പ്രസിദ്ധ ദൈവശാസ്ത്രജ്ഞനായ ഫാ. ഹാൻസ്ക്യൂങ് കാനോൻ നിയമത്തിന്റെ ക്രോഡീകരണത്തെക്കുറിച്ച് ഇങ്ങനെ എഴുതുന്നു: *"Gratian, the founder of canon law, wrote his law-book, which laid the foundation for all that was to follow in later times, including the 1918 code of Canon Law, quoting 324 passages from popes of the first four centuires, of which 313 are demonstrably forged"* (Infallible, page 95). ആദ്യ നാലു നൂറ്റാണ്ടുകളിലെ മാർപാപ്പമാരുടെ വ്യാജമായ 313 രേഖകളുൾപ്പെടെയുള്ള 324 രേഖകളെ ഉദ്ധരിച്ചാണ്, കാനോൻനിയമത്തിന് അടിസ്ഥാനമിട്ട ഗ്രേഷ്യൻ തന്റെ നിയമഗ്രന്ഥമെഴുതിയത്. തുടർന്നുള്ള കാലങ്ങളിൽ 1918 -ലെ കാനോൻനിയമം ഉൾപ്പെടെ സകലതും ഈ അടിത്തറയിലാണ് രൂപപ്പെട്ടത്. കള്ളരേഖകളുടെ അടിസ്ഥാനത്തിൽ രൂപംകൊടുത്ത കാനോൻനിയമം ഇന്നും സഭയുടെ ഭരണനിയമമായി കൊണ്ടാടപ്പെടുന്നു!!!

കാനോൻനിയമം മനുഷ്യനിർമിതവും കാലാകാലങ്ങളിൽ മനുഷ്യനു മാറ്റാവുന്നതുമാണ്. അതിന് പരിശുദ്ധിയൊന്നും ഇല്ല. (നിയമം കാലത്തിനൊപ്പമായിരിക്കണം എന്ന സുപ്രീംകോടതി പരാമർശം ഇവിടെ സ്മരി

ക്കുന്നു.) മധ്യകാലങ്ങളിൽ, രാജാധികാര പരിവേഷിതമായിരുന്ന ഒരു കാലഘട്ടത്തിൽ, വ്യാജരേഖകളുടെ അടിസ്ഥാനത്തിൽ രൂപംകൊടുത്ത കാനോൻനിയമം ക്രൈസ്തവവിശ്വാസത്തിന്റെ ഭാഗമല്ല. മാത്രമല്ല, അതിൽ ആവിഷ്കരിച്ചിരിക്കുന്ന ഭൗതികഭരണവ്യവസ്ഥ ക്രിസ്തുവിന് എതിർസാക്ഷ്യമാണ്, വിജാതിയവുമാണ്.

കാനോൻനിയമം കൈഊന്നുന്നത് സഭയുടെ ഭൗതികവസ്തുക്കളെല്ലാം റോമിലെ മാർപാപ്പായുടേതാണെന്ന സങ്കല്പത്തിലാണ്. പത്രോസിന്റെ പിൻഗാമിയെന്ന നിലയിൽ മാർപാപ്പയ്ക്ക് വിശ്വാസത്തെക്കുറിച്ചും സന്മാർഗത്തെക്കുറിച്ചും സഭയെ പ്രബോധിപ്പിക്കാനുള്ള അവകാശം ആരും ചോദ്യം ചെയ്യുന്നില്ല. "വെള്ളിയും പൊന്നും എനിക്കില്ല" (അപ്പോ. 3:6) എന്നു പറഞ്ഞ ക്രിസ്തുവിന്റെ അപ്പോസ്തലനായിരുന്ന പത്രോസിന്റെ പിൻഗാമികൾക്ക് സമ്പത്തും രാജ്യവും ലഭിച്ചത് വ്യാജരേഖകളിലൂടെയാണ് എന്ന് തെളിയിക്കപ്പെട്ടു. ലോകത്തെയും അതിന്റെ സമ്പത്തിനെയും യേശുവിന്റെമുമ്പിൽ കാണിച്ച് പ്രലോഭിപ്പിച്ചു പരാജയപ്പെട്ട സാത്താൻ, 'കോൺസ്റ്റന്റൈന്റെ ദാന'മെന്ന കള്ളരേഖയിലൂടെ പിന്നീട് റോമിലെ മൂപ്പനെ പ്രലോഭിപ്പിച്ച് വിജയിച്ചു. അവയെല്ലാം സാത്താനുള്ളതായിരുന്നല്ലോ?

ക്രിസ്തുവിൽ വിശ്വസിക്കുന്ന ദൈവജനം, ദൈവാരാധനയ്ക്കായി നിർമിച്ച പള്ളിയും ക്രൈസ്തവസേവനത്തിനായി രൂപംകൊടുത്ത സ്ഥാപനങ്ങളും ആ ദൈവജനക്കൂട്ടായ്മയുടേതാണ്. കള്ളരേഖകളുടെ അടിസ്ഥാനത്തിൽ രൂപംകൊടുത്ത കാനോൻ നിയമത്തിലൂടെ അതു സ്വന്തമാക്കുവാൻ ആർക്കും അവകാശമില്ല. ഭരണകർത്താവും ഭരണീയരുമെന്ന വിഭജനം രാജഭരണത്തിന്റെ ക്രമമായിരുന്നു. ഭരണീയരായ ജനങ്ങൾക്ക് ഭരണാധികാരത്തിന്റെ രൂപീകരണത്തിൽ അവിടെ യാതൊരു പങ്കുമില്ല. അവർ അവകാശങ്ങളില്ലാത്ത പ്രജകൾമാത്രം!

കാനോൻ നിയമം സഭയ്ക്കുള്ളിൽ രാജാധികാരമാണ് വിഭാവനം ചെയ്യുന്നത്. കാനോൻനിയമം 191-ാം വകുപ്പ് മെത്രാന്മാരുടെ അധികാരം നിർവചിക്കുന്നതു നോക്കുക; **"തനിക്ക് ഭരമേൽപ്പിക്കപ്പെട്ടിരിക്കുന്ന രൂപതയെ നിയമനിർമ്മാണ, ഭരണനിർവഹണ, നീതിന്യായ അധികാരത്തോടുകൂടി മെത്രാന്മാർ ഭരിക്കുന്നു."** ഇന്ന് ലോകത്തിൽ ഒരു ഭരണാധികാരിയിലും ഈ മൂന്ന് അധികാരങ്ങളും കൂട്ടായി നിക്ഷിപ്തമാകുന്നില്ല എന്നോർക്കുക.

കോൺസ്റ്റന്റൈൻ ചക്രവർത്തിയുടെ കള്ളരേഖയും ഫ്രഞ്ചു രാജാവായിരുന്ന പെപ്പിന്റെ ദാനവും ഇസിദോറിന്റെ കള്ളരേഖകളുമെല്ലാം റോമൻ സാമ്രാജ്യത്തിനുള്ളിലുണ്ടായിരുന്ന സഭകളെമാത്രം ബാധിക്കുന്നവയാണ്. അതിപുരാതനമായ നസ്രാണിസഭയിൽ മെത്രാന്മാർക്കും പുരോഹിതർക്കും ഈ സഭയുടെ ഭൗതികസമ്പത്തിന്റെമേൽ യാതൊരു അധികാരവും ഉണ്ടായിരുന്നില്ല. റവ. ഫാ. കുറിയേടത്ത് മെത്രാന്മാരുടെ അധികാരത്തെക്കുറിച്ചു പറയുന്നതു നോക്കുക: *"മെത്രാന്മാർ സമുദായത്തിന്റെ ഭൗതിക ഭരണത്തിൽ ഇടപെട്ടിരുന്നോ എന്ന ചോദ്യത്തിന്, വളരെ അപൂർവ്വവും അസാധാരണവുമായ സാഹചര്യങ്ങളിലല്ലാതെ മെത്രാന്മാർ അങ്ങനെയുള്ള യാതൊരധികാരവും പ്രയോഗിച്ചിരുന്നില്ലെന്നും സമുദായത്തിന്റെ സാമൂഹിക-ഭൗതിക-കാര്യങ്ങളുടെ യഥാർത്ഥ നടത്തിപ്പ് സാധാരണയായി ജാതിക്കു കർത്തവ്യന്റെയും യോഗത്തിന്റെയും കൈകളിലായിരുന്നു എന്നുമാണ് ചരിത്രകാരന്മാർ ഏതാണ്ട് ഏകകണ്ഠമായിത്തന്നെ പറയുന്നത്" (Authority in the Catholic community in Kerala, page: 86 - സ്വന്തം തർജ്ജമ).*

1653-ൽ കൂനൻകുരിശു സത്യത്തിലേക്ക് നയിച്ച കാരണങ്ങൾ, ഫാ. കൂടപ്പുഴ എഴുതുന്നതു നോക്കുക: *"മെത്രാന്മാർ ആത്മീയകാര്യങ്ങളിൽ മാത്രം ശ്രദ്ധിക്കുകയെന്നതായിരുന്നു മലബാറിലെ രീതി. നസ്രാണികളുടെ ആർച്ചുഡീക്കനായിരുന്നു സഭയുടെ സാമ്പത്തികവും സാമൂഹികവും സാമുദായികവും ഭരണപരവുമായ എല്ലാ കാര്യങ്ങളും നടത്തിപ്പോന്നത്. മെത്രാന്റെയും ആർച്ചുഡീക്കന്റെയും അധികാരമണ്ഡലങ്ങൾ രണ്ടായിരുന്നു. ഇവിടത്തെ പാരമ്പര്യത്തെ മറികടന്ന് ആത്മീയവും ലൗകികവുമായ എല്ലാ കാര്യങ്ങളും റോസ് മെത്രാൻ കൈകാര്യം ചെയ്യാൻ തുടങ്ങി. ഇത് റോസിനോടുള്ള ആർച്ചുഡീക്കന്റെ അമർഷം വർദ്ധിപ്പിച്ചു"* (ഭാരതസഭാചരിത്രം, റവ. ഡോ. സേവ്യർ കൂടപ്പുഴ, പേജ് 339).

സഭയുടെ ഭൗതികസ്വത്തുക്കൾ ഭരിക്കുന്നതിന് ഒരു സിവിൽ നിയമം ആവശ്യമാണെന്ന് സമകാലിക സംഭവങ്ങൾ ചൂണ്ടിക്കാണിക്കുന്നു. സഭയ്ക്ക് ഉള്ളിൽനിന്നുതന്നെ വൈദികർ സഭയുടെ സുതാര്യതയ്ക്കുവേണ്ടി രംഗത്ത് വരുവാൻ തുടങ്ങിയിരിക്കുന്നു. ഇത് പലതിന്റെയും ഒരു തുടക്കമായി കണക്കാക്കാം. സ്വർഗ്ഗീയ ജസ്റ്റീസ് കൃഷ്ണയ്യർ അവതരിപ്പിച്ച ചർച്ച് ആക്ട് എന്നറിയപ്പെടുന്ന സഭയുടെ ഭൗതിക സമ്പത്ത് ഭരിക്കാൻ ഒരു സിവിൽ നിയമത്തിന്റെ കരട് കണ്ണടച്ച് എതിർക്കാതെ സൂക്ഷ്മമായി പഠിച്ച് കുറ്റമറ്റതാക്കിത്തീർക്കുവാൻ സഭാധികാരികൾ മുന്നോട്ടുവരുന്നില്ലെങ്കിൽ അത് ഉണ്ടാക്കുന്ന പ്രത്യാഘാതം അതീവഗുരുതരമായിരിക്കും എന്ന് ബന്ധപ്പെട്ടവർ ഓർത്തിരിക്കുന്നത് നന്ന്.

വിദേശനിർമ്മിതവും റോമാസാമ്രാജ്യത്തിനകത്തുള്ള സഭകളെ ബാധിക്കുന്നതുമായ കാനോൻ നിയമം നസ്രാണിസഭയ്ക്ക് ബാധകമാക്കുന്നത് യുക്തിസഹമല്ല. പൗരസ്ത്യകാനോൻ നിയമം അടിച്ചേൽപ്പിച്ചുകൊണ്ട് നസ്രാണികൾക്ക് പർട്ടിക്കുലർ ലോ ഉണ്ടെന്ന് വാദിക്കുന്നത് ശുദ്ധ അസംബന്ധമാണ്. നസ്രാണികൾക്ക് ഇവിടുത്തെ പശ്ചാത്തലത്തിൽ ഇവിടെത്തന്നെ രൂപീകൃതമായ നിയമങ്ങളാണ് വേണ്ടത്. നൂറ്റാണ്ടുകൾ പഴക്കമുള്ള പാരമ്പര്യങ്ങളും ശീലങ്ങളും സാംസ്കാരിക ആചാരങ്ങളും ആണല്ലോ പില്ക്കാലത്ത് നിയമങ്ങളായി ഭവിക്കുന്നത്. നൂറ്റാണ്ടുകൾ പഴക്കമുള്ള നസ്രാണിസഭയുടെ യുഗങ്ങളായി നിലകൊള്ളുന്ന വഴക്കങ്ങളൊന്നുംതന്നെ പൗരസ്ത്യ കാനോൻനിയമത്തിന്റെ കാനോനകളുടെ ഉറവിടമായി സ്വീകരിച്ചിട്ടില്ല എന്നത് വിസ്മയമായിരിക്കുന്നു; അതും ഈ സഭയുടെ ഓമനപ്പുത്രനായ കർദ്ദിനാൾ ജോസഫ് പാറേക്കാട്ടിൽ അതിന്റെ അദ്ധ്യക്ഷനായിരിക്കെ. റോമാസാമ്രാജ്യത്തിലെ സഭകൾക്കുവേണ്ടി രൂപംകൊണ്ട കാനോൻനിയമത്തിന്റെ ഭാണ്ഡം അതേപടി തലയിലേറ്റി വിദൂരസ്ഥവും റോമാസാമ്രാജ്യത്തിന് പുറത്തുള്ളതുമായ നസ്രാണിസഭയ്ക്ക് സ്വത്വം നിലനിർത്തുവാൻ കഴിയുന്നില്ല എന്ന ദുരവസ്ഥയാണ് ഇന്നുള്ളത്. അതിന്റെ ബാക്കി പത്രമാണ് സീറോ-മലബാർ സഭയിൽ ഇന്ന് ഉരുണ്ടുകൂടിയിരിക്കുന്ന കാർമേഘങ്ങൾ.

ഫോൺ: 9961436124

KCRM പ്രതിമാസപരിപാടി

# ചർച്ച് ആക്ടിനുമാത്രമായി ഒരു അഖിലകേരളപ്രസ്ഥാനം

## നേതൃതലകൂടിയാലോചന എറണാകുളത്ത്

**2018 ഫെബ്രുവരി 24, ശനിയാഴ്ച 10.30 മുതൽ**

**ഹൈക്കോർട്ടിനുസമീപം പറവൂർ ബസ്സ് സ്റ്റോപ്പിനടുത്തുള്ള 'പ്രസന്നവിഹാർ' റിക്രിയേഷൻ റൂമിൽ.**

സ്വതന്ത്രസഭാസംഘടനകളിലെ ബഹുമാന്യരായ പ്രവർത്തകരേ, സത്യജ്വാലയുടെ പ്രബുദ്ധരായ വായനക്കാരേ,

ഫെബ്രുവരി മാസപരിപാടി പാലായിലല്ല നടത്തുന്നത് എന്നറിയിക്കട്ടെ. പകരം, ചർച്ച് ആക്ടിനുവേണ്ടി പ്രവർത്തിക്കാൻ തയ്യാറുള്ളവരുടെ ഒരു നേതൃതല കൂടിയാലോചനായോഗം എറണാകുളത്തു നടത്തുകയാണ്. കേരളസഭ, പ്രത്യേകിച്ച് കത്തോലിക്കാസഭ, അതിസങ്കീർണ്ണമായൊരു പ്രതിസന്ധിഘട്ടത്തിലാണിന്ന്. അധികാരധാർഷ്ട്യവും ധനാർത്തിയുംമൂത്ത രൂപതാദ്ധ്യക്ഷന്മാർ, വിശ്വാസിസമൂഹം വിയർത്തുണ്ടാക്കിയ കോടിക്കണക്കിനുമൂല്യമുള്ള സഭാസ്വത്തുക്കൾ സ്വന്തമെന്നപോലെ, ആരോടുമാലോചിക്കാതെ തന്നിഷ്ടപ്രകാരം വിറ്റുതുലച്ചുകൊണ്ടിരിക്കുന്നുവെന്ന വാർത്തകൾ പുറത്തുവന്നുകൊണ്ടിരിക്കുന്നു. ഇതിനെ തടയാനോ ചോദ്യം ചെയ്യാനോ ക്രൈസ്തവരെ പ്രാപ്തരാക്കുന്ന ഒരു നിയമം ഇന്ത്യയിൽ നിലവിലില്ല എന്നതാണ്, നാമിപ്പോൾ നേരിടുന്ന പ്രധാന തടസ്സം.

ഇത്തരുണത്തിൽ, ജസ്റ്റീസ് വി. ആർ. കൃഷ്ണയ്യർ അദ്ധ്യക്ഷനായിരുന്ന നിയമപരിഷ്കരണകമ്മീഷൻ ക്രോഡീകരിച്ച് ഗവൺമെന്റിനു 2009-ൽ സമർപ്പിച്ച 'ചർച്ച് ആക്ട്' ചർച്ചചെയ്ത് നിയമമാക്കണമെന്ന് അടിയന്തിരമായി ഗവൺമെന്റിനോടു നാം ആവശ്യപ്പെടേണ്ടതുണ്ട്. ഇക്കാര്യത്തിൽ വിശ്വാസിസമൂഹത്തെ ബോധവൽക്കരിക്കേണ്ടതുമുണ്ട്. അതിന്, ശക്തമായ ഒരു പ്രസ്ഥാനം കേരളാടിസ്ഥാനത്തിൽ കെട്ടിപ്പടുക്കേണ്ടത് അവശ്യം ആവശ്യമായിരിക്കുന്നു. ഈ ചിന്തയുടെ അടിസ്ഥാനത്തിലും ഈ ചിന്ത പങ്കുവയ്ക്കുന്ന മറ്റു സംഘടനാനേതാക്കളുടെകൂടി താല്പര്യപ്രകാരവുമാണ് ഈ പരിപാടി സംഘടിപ്പിക്കുന്നത്.

ഓരോ സംഘടനയിൽനിന്നും 5 പേരെയാണു ഈ കൂടിയാലോചനായോഗത്തിലേക്കു പ്രതീക്ഷിക്കുന്നത്. നിർദ്ദിഷ്ട അഖിലകേരള പ്രസ്ഥാനവുമായി ബന്ധപ്പെട്ടു പ്രവർത്തിക്കാൻ സ്വന്തം പ്രദേശത്ത് സംഘടന രൂപീകരിക്കാനോ, നിലവിലുള്ള ഏതെങ്കിലും പ്രസ്ഥാനവുമായി ചേർന്നു പ്രവർത്തിക്കാനോ ആഗ്രഹിക്കുന്ന സത്യജ്വാലയുടെ മാന്യവായനക്കാർക്കും ഈ ആലോചനായോഗത്തിൽ പങ്കെടുക്കാവുന്നതാണ്. അവർ താഴെക്കൊടുത്തിരിക്കുന്ന ഫോൺ നമ്പരിൽ വിളിച്ച് പേരു രജിസ്റ്റർ ചെയ്യണമെന്നു താല്പര്യപ്പെടുന്നു.


**ഷാജു ജോസ് തറപ്പേൽ**

(സെക്രട്ടറി, KCRM) ഫോൺ: **9496540448**


## യോഗസ്ഥലത്തേക്കുള്ള വഴി

ഹൈക്കോടതി സ്റ്റോപ്പിൽ ബസ്സിറങ്ങി, ഹൈക്കോർട്ടിനു സമീപമുള്ള പറവൂർ ബസ്സ് സ്റ്റോപ്പ് ഏതാണെന്നന്വേഷിക്കുക. പറവൂർ ബസ്സ് സ്റ്റോപ്പിലെത്തി, അവിടെനിന്നു സുമാർ 75 മീറ്റർ പറവൂർ റൂട്ടിൽ മുന്നോട്ടു നടന്നാൽ, റോഡിന് ഇടതുവശത്ത് മിലിട്ടറിയുടെ 'പ്രസന്നവിഹാർ' എന്ന ഫ്ളാറ്റ് കാണാം. അവിടെയെത്തി പ്രസന്നവിഹാറിലെ 'റിക്രിയേഷൻ റൂം' ഏതാണെന്നു സെക്യൂരിറ്റിയോടു ചോദിക്കുക.

സംശയനിവാരണത്തിന് **9446561252** എന്ന നമ്പറിൽ ബന്ധപ്പെടാവുന്നതാണ്.

# താങ്കൾ കുമ്പസാരിക്കേണ്ടാ!

**ജയിംസ് ഐസക് കുടമാളൂർ**



**ഇ**ടവകയിലെ വാർഷികധ്യാനം കഴിഞ്ഞു. പതിവുപോലെ പൂർവ്വികശാപം, ശുദ്ധീകരണാത്മാക്കൾക്കുവേണ്ടിയുള്ള പ്രാർത്ഥന, കുടുംബാംഗങ്ങൾ നേരിടുന്ന ശാപം, ഇതൊക്കെയായിരുന്നു മുഖ്യ വിഷയങ്ങൾ. 'എന്റെ അഭിക്ഷിക്തരെ തൊട്ടുപോകരുത്' എന്ന സങ്കീർത്തനവാക്യം അടിസ്ഥാനമാക്കി വൈദികരെ വിമർശിക്കുന്നതു മഹാപാപമെന്നും വ്യക്തമാക്കി. ഒടുവിൽ ദശാംശം കൃത്യമായി പള്ളിക്കു നൽകാതിരുന്നാൽ വരാവുന്ന സാമ്പത്തികനഷ്ടത്തെക്കുറിച്ചും ധ്യാനഗുരു പ്രസംഗിച്ചു. എല്ലാവരും കുമ്പസാരിച്ചശേഷമേ മടങ്ങാവൂ എന്നും നിർദ്ദേശിച്ചു.

എന്റെ സ്നേഹിതൻ റിട്ടയർഡ് ബാങ്ക് മാനേജർ തനിക്കുണ്ടായ അനുഭവം എന്നോടു പറഞ്ഞു. കുമ്പസാരം ഉദ്ദേശിച്ചാണ് ധ്യാനഗുരുവിനെ സമീപിച്ചത്. കുമ്പസാരിക്കുന്നതിനു മുമ്പായി ചില കാര്യങ്ങൾ സംസാരിക്കുവാനുണ്ടെന്നു അറിയിച്ചു. കുറച്ചുനാളായി തനിക്കു സഭയോടുതന്നെ വിശ്വാസമില്ലാതായിരിക്കുന്നു. വാട്ട്സാപ്പിലൂടെ കേൾക്കുന്നതെല്ലാം ചിന്താക്കുഴപ്പം സൃഷ്ടിക്കുന്നു. കേരളത്തിലെ ഒരു രൂപതാമെത്രാൻ എല്ലാ മാസവും കാനഡായ്ക്കു പറക്കുന്നത് അവിടെയുള്ള ഭാര്യയെയും മക്കളെയും കാണാനാണെന്നു വാട്ട്സ് ആപ്പിൽ കാണുന്നു. എറണാകുളത്തു നടന്ന ഭൂമിയിടപാടുകളിൽ മേജർ ആർച്ചുബിഷപ്പു മാത്രമല്ല, വൈദികരും ആത്മായരും മറ്റു ചില ബിഷപ്പുമാരും കള്ളപ്പണം കൈപ്പറ്റിയെന്നും കേൾക്കുന്നു. സഭയിൽ അധാർമ്മികത കൊടികുത്തിവാഴുമ്പോൾ ഈ ധ്യാനപ്രസംഗങ്ങൾക്ക് എന്തർത്ഥം?- ബാങ്കു മാനേജരായിരുന്ന ഈ മാന്യവ്യക്തി ധ്യാനഗുരുവിനോടു തന്റെ മനോവിഷമം തുറന്നുപറഞ്ഞു.

'താങ്കൾ കുമ്പസാരിക്കേണ്ടാ. ഇപ്പോൾ പോകാം' - ഇതായിരുന്നു ധ്യാനഗുരുവിന്റെ ഉപദേശം.

സഭയിലെ വൈദികരെയും മെത്രാന്മാരെയുംകാൾ മനസ്സാക്ഷിപ്രകാരം ഉത്തമജീവിതം നയിക്കുന്ന താൻ കുമ്പസാരിക്കേണ്ട ആവശ്യമില്ലാ എന്നാണോ ധ്യാനഗുരു ഉദ്ദേശിച്ചത്?-എന്റെ സ്നേഹിതൻ എന്നോടു ചോദിച്ചു. ആയിരിക്കാം എന്നു ഞാൻ മറുപടി പറഞ്ഞു.

ഫോൺ: 9847126316

## KCRM പ്രോഗ്രാം റിപ്പോർട്ട് – തൊടുപുഴ
## 2018 ജനുവരി മാസാന്ത്യചർച്ച – റിപ്പോർട്ട്

**എ**റണാകുളം-അങ്കമാലി അതിരൂപതയോടു ബന്ധപ്പെട്ട ഭൂമിവിവാദത്തിന്റെ വിവിധവശങ്ങൾ ചർച്ചചെയ്യുന്നതിനായി 2018 ജനു. 28-ന് KCRM തൊടുപുഴ യൂണിറ്റ് യോഗം ചേർന്നു. അഡ്വ. ജോസ് ജോസഫ് പ്രശ്നത്തിന്റെ നിയമവശങ്ങൾ എടുത്തുകാട്ടി ചർച്ചയ്ക്ക് തുടക്കമിട്ടു. നിയമത്തിന്റെ കണ്ണുമൂടിക്കെട്ടി നടത്തിയ കള്ളക്കച്ചവടം കോടതിയിൽ തെളിയിക്കാൻ കഴിയുമോ എന്ന് അദ്ദേഹം സന്ദേഹം പ്രകടിപ്പിച്ചു. തുടർന്നു സംസാരിച്ച അഡ്വ. ജോസ് പാലിയത്ത്, നിയമത്തിന്റെ കണ്ണുമൂടിക്കെട്ടിയാലും നീതിബോധത്തിന്റെ വെളിച്ചത്തിൽ കച്ചവടത്തിൽ നടന്ന കള്ളത്തരം തെളിഞ്ഞുനിൽക്കുമെന്നും ഈ കുംഭകോണം ഒരുതരത്തിലും നീതീകരിക്കപ്പെടാവുന്നതല്ലെന്നും വ്യക്തമാക്കി.

ഫരിസേയരുടെയും നിയമജ്ഞരുടെയും നിയമമാണ് സഭയിൽ നടപ്പാക്കുന്നതെന്നും വൈദികനേതൃത്വം ഏകപക്ഷീയമായി നടത്തുന്ന ഇടപാടുകളുടെ ബാദ്ധ്യത ഏറ്റെടുക്കാൻ വിശ്വാസിസമൂഹത്തിനു കഴിയുകയില്ലെന്നും, സഭയിൽ നിലവിലിരിക്കുന്ന കാനോൻനിയമങ്ങൾ വിശ്വാസികൾ തള്ളിക്കളയണമെന്നും ശ്രീ. സി.വി. ജോർജ് ഉൽബോധിപ്പിച്ചു. നമുക്കു വേണ്ടത് വിശ്വാസികൾക്ക് പ്രാതിനിദ്ധ്യം നൽകുന്ന ചർച്ച് ആക്റ്റാണ്. ജസ്റ്റീസ് കൃഷ്ണയ്യരുടെ നേതൃത്വത്തിൽ നിയമ പരിഷ്കരണ കമ്മീഷൻ തയ്യാറാക്കി സമർപ്പിച്ചിരിക്കുന്ന നിർദ്ദിഷ്ട ട്രസ്റ്റ് ബിൽ നിയമമാക്കാനാവശ്യമായ പ്രവർത്തനങ്ങൾ മുമ്പോട്ടു കൊണ്ടുപോകണമെന്ന് അദ്ദേഹം ആഹ്വാനം ചെയ്തു.

ചർച്ചയിൽ പങ്കെടുത്തുകൊണ്ട് സംസാരിച്ച ശ്രീ. വി. എ. അഗസ്റ്റിൻ വെള്ളിലക്കാട്ട് സി.ഒ. ഫ്രാൻസിസ് മരങ്ങാട്ടുപള്ളി എന്നിവർ ശക്തമായ ഇടപെടലുകളിലൂടെ വിശ്വാസിസമൂഹം പള്ളി ഭരണത്തിൽ പങ്കാളിത്തം ഉറപ്പാക്കണമെന്ന് ഉൽബോധിപ്പിച്ചു.

ക്ഷണിക്കപ്പെടാത്ത ഒരു അതിഥിയെപ്പോലെ യോഗത്തിൽവന്നുപെട്ട യുവവൈദികൻ ഫാ.സ്കറിയ പുന്നമറ്റം, അദ്ധ്യക്ഷന്റെ അനുവാദത്തോടെ ചില വിയോജിപ്പുകൾ പ്രകടിപ്പിച്ചു. പള്ളിയോഗങ്ങളിൽ അഭിപ്രായങ്ങൾ പറയാനും പ്രവർത്തനങ്ങളിൽ സഹകരിക്കാനും അധികമാരും മുമ്പോട്ടു വരുന്നില്ല എന്നതായിരുന്നു അച്ചന്റെ പരാതി. അത്മായന്റെ അഭിപ്രായത്തിന് പള്ളി യോഗത്തിൽ എന്തു നിയമപരിരക്ഷയാണുള്ളത് എന്നായിരുന്നു മറുചോദ്യം. ഭൂരിപക്ഷാഭിപ്രായപ്രകാരം പള്ളിനടപടികൾ നടത്താൻ തയ്യാറാണോ എന്ന ചോദ്യം ഉയർന്നു.

അടുത്ത മീറ്റിംഗിൽ പങ്കെടുത്ത് ഒരു വിഷയം ചർച്ചചെയ്യാം എന്നു സമ്മതിച്ച് അച്ചൻ ഇടപെടൽ അവസാനിപ്പിച്ചു. ഫോൺ നമ്പരും തന്നു. തുടർന്ന്, സെക്രട്ടറി ഫോണിൽ ബന്ധപ്പെട്ടെങ്കിലും കെ.സി.ആർ.എം യോഗത്തിൽ പങ്കെടുക്കുന്നത് നല്ലതല്ലെന്നാണ് മുകളിൽനിന്ന് നിർദ്ദേശിച്ചിരിക്കുന്നതെന്നു പറഞ്ഞ് അദ്ദേഹം ഒഴിവായി. ശ്രീ. സി.സി. ബേബിച്ചന്റെ നന്ദി പ്രസംഗത്തോടെ 5.30-ന് മാസാന്ത്യചർച്ച പര്യവസാനിച്ചു.

-റിപ്പോർട്ടു തയ്യാറാക്കിയത്:
**പ്രൊഫ. പി.സി. ദേവസ്യ** (സെക്രട്ടറി)

# നിയമമില്ലാത്തിടത്ത് അരാജകത്വം



അഡ്വ. ഇന്ദുലേഖാ ജോസഫ്


**നി**യമവാഴ്ച ഭരണഘടനയുടെ അടിസ്ഥാനതത്വമാണ്. നിയമത്തിനതീതരായി ആരുമില്ല. നിയമത്തിന്റെ അഭാവം അരാജകത്വത്തെ ക്ഷണിച്ചുവരുത്തുന്നു. കത്തോലിക്കാസഭയിൽ അരങ്ങേറിയ കർദ്ദിനാൾ ജോർജ് ആലഞ്ചേരി ഉൾപ്പെട്ട ഭൂമികുംഭകോണം നിയമത്തിന്റെ അഭാവത്തിലുള്ള അരാജകത്വത്തിന്റെ ഉത്തമ ഉദാഹരണമാണ്.

സഭയുടെ സ്വത്ത് സഭാമക്കളുടെ സമ്പത്താണ്. സർവ്വോപരി, പൊതുജനങ്ങളുടെ സ്വത്താണ്. ഇതരമതസ്ഥരുടെ സംഭാവനകളും സഭാസ്വത്തിന്റെ ഭാഗമാണ്. മാത്രമല്ല, സഭ സേവനാടിസ്ഥാനത്തിൽ ലാഭേച്ഛയില്ലാതെ പ്രവർത്തിക്കുന്ന പ്രസ്ഥാനമാണ് എന്ന അനുമാനത്തിൽ സർക്കാരിൽനിന്നു ടാക്സ് ഡിഡക്ഷൻ ഉൾപ്പെടെ പല ആനുകൂല്യങ്ങളും പറ്റുന്നുമുണ്ട്.

ഇത്തരം സാഹചര്യങ്ങളിൽ സഭയുടെ കണക്കറ്റ സ്വത്തു ഭരിക്കാൻ വ്യവസ്ഥാപിതമായ ഒരു നിയമം വേണം എന്ന ആവശ്യവുമായി ജോസഫ് പുലിക്കുന്നേൽ എന്ന മഹാരഥൻ 2004-ൽ രംഗത്തുവന്നു. തുടർന്ന്, ഈ ആശയം അദ്ദേഹം ഓശാനയിലൂടെ ശക്തമായി പ്രചരിപ്പിച്ചു. പല വ്യക്തികളും സംഘടനകളും ഇതിൽ ആകൃഷ്ടരാവുകയും ആശയപ്രചരണവുമായി മുന്നോട്ടുപോകുകയും ചെയ്തു. അങ്ങനെയാണ് ജസ്റ്റീസ് വി.ആർ. കൃഷ്ണയ്യർ അദ്ധ്യക്ഷനായി നിയമിക്കപ്പെട്ട നിയമപരിഷ്ക്കരണ കമ്മീഷന്റെ പരിഗണനാവിഷയങ്ങളിൽ ഇതുകൂടി ഉൾപ്പെട്ടത്. 2009-ൽ 'The Kerala Christians Church Properties and Institutions Trust Bill' എന്ന ബില്ലിന്റെ കരട് ജസ്റ്റീസ് കൃഷ്ണയ്യർ കേരളഗവൺമെണ്ടിനു സമർപ്പിച്ചു.

ആദിമസഭയിൽ ക്രിസ്തുശിഷ്യന്മാർ സ്വത്തുഭരണത്തിൽ ഇടപെട്ടിരുന്നില്ല. അവർ ആദ്ധ്യാത്മിക ജീവിതത്തിൽ മുഴുകിയിരുന്നു. സ്വത്തു കൈകാര്യം ചെയ്യുന്നതിനായി വിശ്വാസികളുടെ ഇടയിൽനിന്നും തിരഞ്ഞെടുത്ത ഡീക്കന്മാരെ അവർ ചുമതലപ്പെടുത്തി. ഈ ശ്ലൈഹികപാരമ്പര്യം തുടരുവാൻ സമ്പത്തിന്റെ മധു നുകർന്ന് മത്തുബാധിച്ച പൗരോഹിത്യം വിസമ്മതിക്കുന്നു.

സഭയിൽ ജനാധിപത്യം കൊണ്ടുവരുക എന്നതാണ് ഈ ചർച്ച് ബില്ലുകൊണ്ട് ഉദ്ദേശിക്കുന്നത്. **"സഭകളുടെ ലൗകികആസ്തികളുടെ ഭരണത്തിൽ ജനാധിപത്യചട്ടക്കൂട് കൊണ്ടുവരുന്നതുവഴി അവയുടെ ഭരണം ബൈബിളധിഷ്ഠിതമായ ശരിയായ ക്രൈസ്തവ രൂപമാതൃക (Christian Modality) യിലേക്കു കൊണ്ടുവരപ്പെടുന്നതിന് ഈ ബിൽ ഉദ്ദേശിക്കുന്നു"** എന്നാണ്, ഈ ബില്ലിന്റെ ഉദ്ദേശ്യ-ലക്ഷ്യമായി തുടക്കത്തിലേ പറഞ്ഞിട്ടുള്ളത്. പ്രസ്തുത ബിൽ നിലവിൽ വരുന്നതോടെ വിശ്വാസികൾ ഇടവകകളിൽനിന്നു തിരഞ്ഞെടുക്കുന്ന സമിതികളായിരിക്കും ഇടവകയുടെയും രൂപതയുടെയും മൊത്തം സഭയുടെയും സ്വത്തുവകകൾ ഭരിക്കുന്നത്. ഈ തലങ്ങളിലെല്ലാം സുതാര്യമായ സംവിധാനത്തിലൂടെ കണക്കറ്റ സ്വത്തുക്കൾ ഓഡിറ്റിനു വിധേയമാക്കപ്പെടും.



ചർച്ച് ആക്ട് നടപ്പിലാക്കണമെന്ന ഞങ്ങളുടെയൊക്കെ മുറവിളി നാളിതുവരെ വനരോദനമായി കലാശിക്കുകയായിരുന്നു. എന്നാൽ, എറണാകുളം-അങ്കമാലി അതിരൂപതയിൽ നടമാടിയ സാമ്പത്തികത്തട്ടിപ്പ് ചർച്ച് ആക്ടിന്റെ ആവശ്യകതയിലേക്ക് ശക്തമായി വിരൽചൂണ്ടുന്നു. സഭയിലിന്ന് സ്വത്തു ഭരിക്കുന്നത്, ഭരണഘടനാവിരുദ്ധമായ കാനോനിക നിയമത്തിന്റെ അടിസ്ഥാനത്തിലാണ്. ഒരു വിദേശരാഷ്ട്രത്തിൽ പാസാക്കിയതാണ് കാനോൻനിയമം എന്നിരിക്കെ, പരമാധികാരരാഷ്ട്രമായ ഇന്ത്യയിൽ ആ നിയമം ഉപയോഗിക്കുന്നതുതന്നെ അംഗീകരിക്കാൻ കഴിയാത്തതാണ്.

കാനോൻ നിയമം അനുശാസിക്കുന്ന നിബന്ധനകൾപോലും പാലിക്കാതെയാണ് കർദ്ദിനാൾ ആലഞ്ചേരിയും അദ്ദേഹത്തിന്റെ സില്ബന്ധികളും സ്ഥലക്കച്ചവടം നടത്തിയത്. ഇവിടെ കാനോൻനിയമം 1292-ാം അനുശാസിക്കുന്ന പ്രകാരമുള്ള ഫിനാൻസ് കമ്മിറ്റിയു

ടെയോ ഉപദേശകസമിതിയുടെയോ നിർദ്ദേശം സ്വീകരിക്കാതെയാണ് സ്ഥലം കൈമാറ്റം ചെയ്തത്. മാത്രമല്ല, കാനോൻ 1293 പ്രകാരം അപ്രൈസൽ കമ്മിറ്റി അപ്രൂവ് ചെയ്ത ലാൻഡ് വാല്യൂപോലും പരിഗണിക്കാതെയാണ് സഭയ്ക്കു നഷ്ടം വരുത്തിക്കൊണ്ട് പ്രസ്തുത കച്ചവടം നടത്തിയത്.

നിയമങ്ങളുടെ അഭാവത്തിൽ ഇത്തരം സാമ്പത്തിക ക്രമക്കേടുകൾക്കെതിരെ നിയമസംവിധാനങ്ങളെ സമീപിക്കാൻപോലും കത്തോലിക്കർക്കു കഴിയുന്നില്ല. ഹിന്ദുക്കൾക്കു ദേവസ്വം ബോർഡും മുസ്ലീങ്ങൾക്ക് വഖഫ്ബോർഡും അവരുടെ സ്വത്തുഭരണത്തിനുണ്ട്. ഈ വഖഫ് ബോർഡിനും ദേവസ്വം ബോർഡിനുമെതിരെ എണ്ണമറ്റ കേസുകളാണ് കോടതിയിൽ നിലവിലുള്ളത്. ഏതൊരു വിശ്വാസിക്കും ഇവയുടെ പ്രവർത്തനങ്ങളിൽ അതൃപ്തിയുണ്ടായാൽ കോടതിയെ സമീപിക്കാവുന്നതാണ്. എന്നാൽ ക്രിസ്ത്യൻ പുരോഹിതന്മാർ എന്തു തട്ടിപ്പും വെട്ടിപ്പും നടത്തി സഭയുടെ സ്വത്തുക്കൾ നശിപ്പിച്ചാലും വിശ്വാസി സഹിച്ചേ പറ്റൂ. ചോദ്യം ചെയ്യാനാവാത്ത ഏതു പരമാധികാരശക്തിയും സ്വേച്ഛാധിപത്യത്തിന്റെ കൂത്തരങ്ങാവും.

ആദിമസഭയിൽ ക്രിസ്തുശിഷ്യന്മാർ സ്വത്തുഭരണത്തിൽ ഇടപെട്ടിരുന്നില്ല. അവർ ആദ്ധ്യാത്മിക ജീവിതത്തിൽ മുഴുകിയിരുന്നു. സ്വത്തു കൈകാര്യം ചെയ്യുന്നതിനായി വിശ്വാസികളുടെ ഇടയിൽനിന്നും തിരഞ്ഞെടുത്ത ഡീക്കന്മാരെ അവർ ചുമതലപ്പെടുത്തി. ഈ ശ്ലൈഹികപാരമ്പര്യം തുടരുവാൻ സമ്പത്തിന്റെ മധു നുകർന്ന് മത്തു ബാധിച്ച പൗരോഹിത്യം വിസമ്മതിക്കുന്നു. സഭയുടെ ഭൗതികകാര്യങ്ങൾ കൈകാര്യം ചെയ്യാൻ അത്മായർ പ്രാപ്തരല്ല എന്നാണ് അവരുടെ വാദം. ആദ്ധ്യാത്മിക ആചാര്യന്മാർ സ്വത്തു കൈകാര്യം ചെയ്യുന്നതോടെ അവരെ ചോദ്യം ചെയ്യാൻ ശരാശരി വിശ്വാസി മടിക്കുന്നു. മറിച്ച്, അത്മായരാണ് സ്വത്തു കൈകാര്യം ചെയ്യുന്നതെങ്കിൽ, ചങ്കുവെറ കൂടാതെ അവരെ ചോദ്യംചെയ്യാൻ വിശ്വാസികൾക്കു കഴിയും. അതുകൊണ്ട്, പുരോഹിതന്മാർ അവരുടെ പവിത്രത കൈവെടിയാതെ ആദ്ധ്യാത്മികനേതൃത്വത്തിന്റെ ചുക്കാൻ പിടിക്കട്ടെ.

പള്ളിസ്വത്തിനെ സംബന്ധിക്കുന്ന രണ്ടു വ്യത്യസ്തമായ ജഡ്ജുമെന്റുകൾ കേരളഹൈക്കോടതിയുടെതന്നെ രണ്ടു സിംഗിൾ ബഞ്ചുകൾ അടുത്തിടെ പുറപ്പെടുവിക്കുകയുണ്ടായി. 'മേജർ ആർച്ചു ബിഷപ്പ് അങ്കമാലി Vs. ലാലൻ തരകൻ' എന്ന കേസിൽ കാനോൻ നിയമത്തെ വ്യാഖ്യാനിച്ചുകൊണ്ട്, 'പള്ളി വെഞ്ചരിക്കുന്നമാത്രയിൽ അതു ബിഷപ്പിന്റേതായിത്തീരുന്നു' എന്നാണ് ജഡ്ജി വിധിച്ചത്! പ്രസ്തുത കേസിൽ കാനോൻ നിയമത്തെ ക്ലബ് നിയമങ്ങളോട് കോടതി ഉപമിച്ചിരിക്കുന്നു! ക്ലബ്ബിലെ അംഗങ്ങൾ ക്ലബ് നിയമങ്ങൾ പാലിക്കുന്നതുപോലെ സഭയിൽ അംഗമാകുന്നതോടെ ക്രിസ്ത്യാനികൾ സഭാനിയമങ്ങൾ പാലിക്കാൻ നിർബന്ധിതരാകുന്നു എന്നായിരുന്നു വ്യാഖ്യാനം. 'സെലീന ഫെർണാണ്ടസ് ആൻഡ് അനതർ ബെർണാഡ് ഫ്രാൻസീസ് ആൻഡ് അതേർസ്' എന്ന കേസിൽ കേരളഹൈക്കോടതി, ബിഷപ്പിന്റെയോ വികാരിയുടെയോ അനുമതി കൂടാതെ ഇടവകയെ പ്രതിനിധീകരിച്ച് പള്ളിസ്വത്തിനെ സംബന്ധിക്കുന്ന കേസ് നടത്താൻ പള്ളിക്കമ്മിറ്റിക്കാർക്കു കഴിയും എന്നു പ്രസ്താവിച്ചു.



**ജസ്റ്റീസ് വി. ആർ. കൃഷ്ണയ്യർ**
അദ്ധ്യക്ഷൻ,
നിയമപരിഷ്കരണകമ്മീഷൻ

ഈ രണ്ടു വിധികളിലും, നിയമങ്ങളുടെ അഭാവത്തിൽ കോടതികൾ കാനോനികനിയമത്തെ ആശ്രയിക്കാൻ നിർബന്ധിതമാവുന്നു. ഇടവകയെ പ്രതിനിധീകരിച്ചു കേസ് നടത്താൻ പള്ളിക്കമ്മിറ്റിക്കു കഴിയും എന്നു പറയുമ്പോൾ, ഇന്നത്തെ പള്ളിക്കമ്മിറ്റികൾ തികച്ചും ജനാധിപത്യവിരുദ്ധമായി രൂപംകൊണ്ടതാണെന്നു നാം മനസ്സിലാക്കണം. പുരോഹിതരുടെ വരുതിക്കു നിൽക്കുന്ന വിശുദ്ധഗുണ്ടകളാണ് സാധാരണയായി പാരിഷ് കൗൺസിലുകളിലും പാസ്റ്ററൽ കമ്മിറ്റികളിലുമൊക്കെ കയറിപ്പറ്റുന്നത്.

നിയമങ്ങളുടെ അഭാവത്തിൽ ഇന്ത്യൻ കോടതികൾക്കുപോലും വിദേശനിയമത്തെ ആശ്രയിക്കേണ്ടിവരുന്നത് ഒരു ദുരവസ്ഥയാണ്.

അടിയന്തിരമായി ചർച്ച് ആക്ട് നടപ്പിലാക്കുന്നതിലൂടെമാത്രമേ കാര്യങ്ങൾക്കു ഒരു പരിഹാരമുണ്ടാകൂ. ഭരണഘടനയുടെ 25-ാം അനുച്ഛേദമനുസരിച്ചു മതവുമായി ബന്ധപ്പെട്ട സാമ്പത്തികകാര്യങ്ങളിൽ ആവശ്യമായ നിയന്ത്രണങ്ങൾ ഏർപ്പെടുത്താൻ രാഷ്ട്രത്തിനു കഴിയും. മാത്രമല്ല, 26-ാം അനുച്ഛേദം മതസംഘടനകളുടെ സ്ഥാവര-ജംഗമ വസ്തുക്കളുടെ ഭരണം നിയമാനുസൃതമാവണമെന്നു വിവക്ഷിക്കുന്നു. ഇങ്ങനെയിരിക്കിലും വോട്ടു ബാങ്കിനെ ഭയന്ന് ചർച്ച് ആക്ട് നടപ്പിലാക്കാൻ രാഷ്ട്രീയപാർട്ടികൾ മുതിരുന്നില്ല.

ഭരണഘടനയുടെ 14-ാം അനുച്ഛേദപ്രകാരം നിയമത്തിനുമുമ്പിൽ നാമെല്ലാവരും സമന്മാരാണ്. അങ്ങനെയെങ്കിൽ, ഈ നിയമം എല്ലാവർക്കും ഒരുപോലെയാവണ്ടേ? സമാനമായ നിയമങ്ങളുടെ അഭാവത്തിൽ നിയമത്തിനു മുന്നിലുള്ള തുല്യത അസാധ്യമാണ്. ഹിന്ദുക്കൾക്ക് ദേവസ്വം ബോർഡും മുസ്ലീങ്ങൾക്ക് വഖഫ് ബോർഡുംപോലെ, ക്രിസ്ത്യാനികൾക്കും അവരുടെ സ്വത്തു ഭരിക്കാൻ ഒരു നിയമസംവിധാനം തീർച്ചയായും കൂടിയേതീരൂ. എറണാകുളം-അങ്കമാലി അതിരൂപതയിൽ നടന്ന ഭൂമികുംഭകോണം ഇതിനൊരു നിമിത്തമാവട്ടെ!

ഫോൺ: 9400721252

# മാനന്തവാടി രൂപതയുടെ 760 ഏക്കർ തോട്ടം ചുളുവിലയ്ക്കു വിറ്റു!

[*2018 ജനു. 30-ലെ 'പ്രവാസിശബ്ദ'ത്തിൽ വന്ന ലേഖനം*]

ക്രിസ്തുപോയിട്ട് ചെകുത്താൻപോലും ഭയക്കുന്ന സ്ഥലമാവുകയാണ് ഫാ. റോബിന്റെയും മറ്റ് നിരവധി വൈദികരുടെയും ബലാൽസംഗവും അവിഹിതഗർഭവുമടക്കം പുറത്തുവന്ന മാനന്തവാടി രൂപത.






**മാ**നന്തവാടി രൂപതയിൽ കോടികളുടെ ഭൂമികുംഭകോണം! ഇടപാടിൽ കമ്മീഷനായി ബിഷപ്പിനും കൂട്ടാളിയായ വൈദികനും കിട്ടിയത് കോടികൾ.

കർദ്ദിനാൾ നടത്തിയ ഭൂമികുംഭകോണത്തിന്റെ പിന്നാലെയാണ് സീറോ-മലബാർസഭയെ പിടിച്ചുലയ്ക്കുന്ന മറ്റൊരു വൻ സാമ്പത്തിക തിരിമറി നടന്നിരിക്കുന്നത്. 760 ഏക്കർ തോട്ടമാണ് വിറ്റുതുലച്ചത്. 300 ഏക്കറിനു രേഖയില്ലായിരുന്നു.

ഇടനിലക്കാരനായ വൈദികൻ കമ്മീഷനായി കൈപ്പറ്റിയത് 3 കോടി രൂപയാണെന്നാണ് പുറത്തുവരുന്ന റിപ്പോർട്ടുകൾ. പണത്തിന്റെ രേഖകൾ ആവശ്യപ്പെട്ട് അൽമായസംഘടനകൾ ശക്തമായി രംഗത്തെത്തി. വിശ്വാസികളുടെ പണവും പള്ളി സമ്പത്തും വിറ്റുമുടിച്ചവർ അതു തിരികെ വച്ചില്ലെങ്കിൽ പ്രക്ഷോഭം തെരുവിൽ ഉണ്ടാകുമെന്നും അൽമായ കൂട്ടായ്മകളും അവരുടെ വാട്സ്ആപ്പ് ഗ്രൂപ്പുകളും മെത്രാൻ ജോസ് പൊരുന്നേടത്തിനു മുന്നറിയിപ്പ് നൽകി.

ഇതിനിടെ വൈദികന്റെ സാമ്പത്തികത്തട്ടിപ്പ് പുറത്തുവിട്ട വിശ്വാസിയുടെ കുമ്പസാരരഹസ്യം പുറത്തുവിട്ട് ക്രൂരമായ പ്രതികാരവും ബ്ലാക്ക് മെയിലിങ്ങും മാനന്തവാടി രൂപതയിൽ നടന്നു. സഭയിലെ സാമ്പത്തികത്തട്ടിപ്പ് ചോദ്യം ചെയ്ത വിശ്വാസിയെ ഞായറാഴ്ച്ച കുർബാനയിൽ നിരീശ്വരവാദിയായി പ്രഖ്യാപിച്ചു. മാനന്തവാടി രൂപതയിലെ മെത്രാൻ മാർ ജോസ് പൊരുന്നേടമാണ് ഇതിനു നിർദ്ദേശം നൽകിയത്. കുമ്പസാര രഹസ്യം ഇടവക വികാരി പുറത്താക്കിയതു സംബന്ധിച്ച് മാനന്തവാടി രൂപതാമെത്രാൻ ജോസ് പൊരുന്നേടത്തിനു പരാതി നൽകി. എന്നാൽ അദ്ദേഹം അത് ചവറ്റുകുട്ടയിൽ ഇടുകയാണുചെയ്തത്. വൈദികർക്കെതിരേ ശബ്ദിച്ചാൽ നിന്റെ എല്ലാ രഹസ്യവും പുറത്താകും എന്നും ഭീഷണിപ്പെടുത്തിയത്രേ!

ക്രിസ്തുപോയിട്ട് ചെകുത്താൻപോലും ഭയക്കുന്ന സ്ഥലമാവുകയാണ്, ഫാ. റോബിന്റെയും മറ്റ് നിരവധി വൈദികരുടെയും ബലാൽസംഗവും അവിഹിതഗർഭവുമടക്കം പുറത്തുവന്ന മാനന്തവാടി രൂപത. രൂപതയിലെ അനാശാസ്യം, പണം തട്ടിപ്പ് എന്നിവയിൽ ഇതേ ബിഷപ്പിനെ പുറത്താക്കാൻ മുമ്പ് തീരുമാനിച്ചതായിരുന്നു. കത്തോലിക്കാ സഭയുടെ ചാനലായ ജീവൻ ടി.വി ബിഷപ്പ് ഒഴിവായ വിവരം പുറത്തുവിട്ടതുമാണ് എന്നാൽ, താൻ രാജിവയ്ക്കില്ലെന്ന് പരസ്യമായി പറഞ്ഞ് അധികാരത്തിൽ തുടരുകയായിരുന്നു മാർ ജോസ് പൊരുന്നേടം. അധികാരത്തിൽ തുടരാൻ അന്ന് കർദ്ദിനാളിന്റെ കാലു പിടിക്കുകയായിരുന്നു ഇയാൾ. മാത്രമല്ല ഫാ. റോബിൻ പീഡിപ്പിച്ച പെൺകുട്ടിയുടെ വിവരങ്ങളെല്ലാം മുൻപേതന്നെ ഈ മെത്രാൻ അറിഞ്ഞിരുന്നു. വൈദികന്റെ പീഡനം അരമനയിൽ പരാതിയായി പറഞ്ഞിട്ടും മെത്രാൻ കണ്ണടച്ചു. ഈ സമയം പെൺകുട്ടി 6 മാസം ഗർഭിണിയായിരുന്നു. കർദ്ദിനാൾ മുഖ്യമന്ത്രിയുമായി സംസാരിച്ച് ബിഷപ്പിനെ പോക്സോ കേസിൽനിന്ന് ഒഴിവാക്കി എടുക്കുകയായിരുന്നു.

മംഗലാപുരത്ത് ബൽത്തങ്ങാടിയിൽ കോടികൾ വിലയുള്ള തോട്ടം വിൽപന നടത്തിയിട്ട് ഏറെ നാളായില്ല. മാനന്തവാടി രൂപതാമെത്രാൻ ഈയിടെ കർണ്ണാടകത്തിൽ ബൽത്താങ്ങാടിയിലുള്ള 200 ഏക്കർ

തോട്ടമാണ് വിറ്റത്. രേഖയിലുള്ളത് 460 ഏക്കറാണെങ്കിലും മൊത്തത്തിൽ 760 ഏക്കർ ഭൂമി വരും. ഇത് കപ്പൽ ജോയി എന്ന വൻ ധനാഢ്യനാണ് വാങ്ങിച്ചത്. ഇടനിലക്കാരനായ ഫാ. ജോർജ്ജ് മൈലാടൂർ എന്നയാൾക്ക് 3 കോടി കമ്മീഷൻ കൊടുത്തു എന്നാണ് ഇതുമായി ബന്ധപ്പെട്ട ടെലിഫോൺ റെക്കോഡുകൾ. വളരെ ലാഭത്തിൽ ഭൂമി ലഭിച്ച കപ്പൽ ജോയി എന്നയാൾ മാനന്തവാടി സ്വദേശിയാണ്. ഇദ്ദേഹത്തിനു 4 കപ്പലുകൾ ഉണ്ട്. മാത്രമല്ല, മാനന്തവാടിക്കടുത്ത് ഇയാൾ 7000 ചതുരശ്ര അടിയിൽ കൊട്ടാരവീടും ഉണ്ടാക്കുന്നു. മാനന്തവാടി രൂപതാ കത്തീഡ്രൽ പള്ളി താൻ സൗജന്യമായി നിർമ്മിച്ചുതരാം എന്ന് ഇയാൾ ഓഫർ നൽകിയെങ്കിലും ആരുടെയും ഔദാര്യം വേണ്ടാ എന്നു പറഞ്ഞ് വിശ്വാസികൾ നിരസിക്കുകയായിരുന്നു. രൂപതയിലെ ഭൂമി ഇടപാട് അന്വഷണ വിധേയമാക്കണം.

കേരളത്തിലെ കത്തോലിക്കാസഭ ഒരു വലിയ പ്രതിസന്ധിയെ നേരിട്ടുകൊണ്ടിരിക്കുന്ന കാലഘട്ടമാണിത്. ഭൂമി വിൽപനയുടെപേരിൽ സീറോ-മലബാർ സഭയിൽ കർദ്ദിനാളിന്റെ നേതൃത്വത്തിൽ ഒരു വിഭാഗവും വൈദികരുടെ നേതൃത്വത്തിൽ മറ്റൊരു വിഭാഗവും വാക്പോര് തുടങ്ങിയിട്ട് നാളേറെയായി. ഇപ്പോൾ ഇരു വിഭാഗമായി തിരിഞ്ഞു സംഘർഷത്തിൽ എത്തിനിൽക്കുന്നു. വിശ്വാസിസമൂഹത്തെ വഞ്ചിച്ച് യേശുക്രിസ്തുവിന്റെപേരിൽ കാട്ടിക്കൂട്ടുന്ന വൻ തട്ടിപ്പ് നാം കാണാതെ പോകരുത്. പ്രതികരിച്ചേ മതിയാകൂ. മാനന്തവാടി രൂപതയിലെ ഭൂമിതട്ടിപ്പും കോടികൾ വിഴുങ്ങിയതും അന്വേഷിക്കണം എന്ന് വിശ്വാസികൾ ആവശ്യപ്പെടുന്നു.

കൂടാതെ ബംഗളൂരു സിറ്റിയിൽ കോടികൾ വിലയുള്ള രണ്ട് ഏക്കർ ഭൂമി വിൽപന നടത്തിയിട്ടുണ്ട്. ബംഗളൂരുവിൽ വിറ്റത് ശതകോടികളുടെ സ്വത്താണ്. ഈ പണം എവിടെ പോയി? പണത്തിന്റെ കണക്ക് പറഞ്ഞില്ലെങ്കിൽ സമരമായിരിക്കും കാണുക എന്നും വിശ്വാസികൾ പറയുന്നു. വാടസ്ആപ്പ് വഴി കൂട്ടായ്മ രൂപപ്പെടുന്നു. ഈ ഭൂമിയെല്ലാം വിശ്വാസിസമൂഹത്തിന്റെ പണം ഉപയോഗിച്ച് വാങ്ങിയതാണെന്ന കാര്യത്തിൽ ആർക്കും സംശയമില്ല. ആ ഭൂമി വില്പന നടത്തിയതെന്തിനെന്നും പണം എന്തു ചെയ്തുവെന്നും അറിയാനുള്ള അവകാശം ഓരോ സഭാംഗത്തിനും ഉണ്ട്. ഇതൊന്നും ചോദ്യംചെയ്യാൻ പാടില്ലായെന്നാണ് രൂപതാകേന്ദ്രത്തിന്റെ നിലപാട്. ചോദ്യംചെയ്യുന്നവരുടെ കുമ്പസാരരഹസ്യംവരെ പരസ്യപ്പെടുത്തി കടുത്ത മതദ്രോഹപ്രവൃത്തികളാണ് മാനന്തവാടി മെത്രാനും കൂട്ടാളികളും ചെയ്യുന്നത്.

●

# കൊല്ലം രൂപത കോടികളുടെ കടക്കെണിയിൽ!

അഡ്വ. ബോറീസ് പോൾ

**മൂ**ടിയനായ പുത്രൻ ആര്? സഭയെന്നത് ബിഷപ്പും പുരോഹിതരുംമാത്രം അടങ്ങുന്ന ഒരു സംഗതിയെന്നു തെറ്റിദ്ധരിച്ചിരിക്കുന്ന ചിലർ എന്നെ സഭാവിരോധിയായി വിശേഷിപ്പിക്കുന്നു! യഥാർത്ഥ സഭ അൽമായർകൂടി അടങ്ങുന്നതാണെന്ന് അവർ ദയവായി മനസ്സിലാക്കുക!

ഇനി യഥാർത്ഥ സഭാവിരോധിയെ ഞാൻ തുറന്ന് കാട്ടാം. സമ്പന്നവും, ഭൂസ്വത്തുക്കൾ അസാധാരണമാംവിധം സ്വന്തമായുള്ളതുമായിരുന്നു, കൊല്ലം രൂപത. ഇന്ന് കൊല്ലം ബിഷപ്പ് സ്റ്റാൻലി റോമൻ വരുത്തിവച്ചിരിക്കുന്ന കടബാധ്യത എത്രയെന്ന് കേട്ടാൽ, കുഞ്ഞാടുകളേ, നിങ്ങൾ ഞെട്ടരുത്. ബാങ്ക് ലോൺ ഇനത്തിൽ 50 കോടിയിൽപരം! സ്ഥാപനങ്ങളിൽനിന്നുള്ള ലോണിനത്തിൽ 10 കോടിയിൽപരം! വ്യക്തികളിൽനിന്നുള്ള ലോൺ ഇനത്തിൽ 2 കോടിയോളം! ഇതെല്ലാം ഒരു എഞ്ചിനീയറിംഗ് കോളജിന്റെപേരിൽ ആണെന്നുകൂടി അറിയുക. ഈ കോളജ് മുഖേന രക്ഷപ്പെട്ട ഒരു മത്സ്യത്തൊഴിലാളി കുടുംബംപോലും നമ്മുടെ നാട്ടിൽ കാണില്ല!

സഭയുടെ വസ്തുക്കൾ വിറ്റ് എത്ര വിലയാധാരങ്ങൾ രജിസ്റ്റർ ചെയ്തു എന്ന് എണ്ണിപ്പറയാൻ എളുപ്പമല്ല. വില്പനകളുടെ വിശദാംശം ആർക്കും അറിയില്ല; വൈദികർക്കുപോലും! ഇനി മറ്റൊരു രഹസ്യം! മുങ്ങിത്താഴുന്ന കപ്പലായ 'ബിഷപ്പ് ജെറോം ഇൻസ്റ്റിട്യൂട്ടി'ന്റെ പേരിൽ 30 കോടിയുടെ ഗ്രാന്റ് കേന്ദ്രസർക്കാരിൽനിന്നു കിട്ടാൻ ബി.ജെ.പി നേതാക്കളുമായി രൂപതയ്ക്കുവേണ്ടി ചിലർ ചർച്ചകൾ തുടങ്ങിയിട്ടുണ്ട്. എട്ടു കോടി രൂപ കമ്മീഷൻ വാഗ്ദാനം ചെയ്തിട്ടുണ്ടെന്ന് പിന്നാമ്പുറ സംസാരം കൊല്ലത്ത് കേട്ടു തുടങ്ങി. ബിഷപ്പിന്റെ ഇപ്പോഴത്തെ ബി.ജെ.പി സ്നേഹം പരസ്യമാണ്. കേന്ദ്രത്തിന്റെ തൊഴിൽമേള കൊല്ലത്ത് സംഘടിപ്പിച്ചത് മേൽപറഞ്ഞ, കടം കേറി മുടിഞ്ഞുകൊണ്ടിരിക്കുന്ന സ്ഥാപനത്തിൽ! ഉദ്ഘാടനം ബിഷപ്പിന് സമയമില്ലാത്തതിനാൽ വലംകൈ ആയ പുരോഹിതൻ!

ഇതൊന്നും ശ്രദ്ധിക്കാതെ ചില കത്തോലിക്കാസഖാക്കൾ എന്റെ ഫേസ്ബുക്ക് പോസ്റ്റുകളിൽ കാവി തിരക്കി സമയം കളയുന്നു! 80 കോടിയോളം രൂപ കടം ഉണ്ടാക്കി സഭയെ നന്നാക്കിയ ബിഷപ്പ് സ്റ്റാൻലിയാണോ ഞാനാണോ സഭാവിരോധി? രണ്ട് തുട്ടടിക്കാൻ സഭയെ കേന്ദ്രസർക്കാരിന് പണയംവയ്ക്കുന്ന ബിഷപ്പ് സ്റ്റാൻലിയോ ഞാനോ സംഘി?

ഫോൺ: 9447332516

KCRM
N. AMERICA

# KCRM നോർത്ത് അമേരിക്ക കേരളമുഖ്യമന്ത്രിക്കു സമർപ്പിക്കുന്ന അപേക്ഷ

**ബഹു. കേരളമുഖ്യമന്ത്രീ,**

വടക്കേഅമേരിക്കയിൽ (യു. എസ്. എ. & കാനഡ) പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന 'കേരള കത്തോലിക്കാ സഭാനവീകരണപ്രസ്ഥാന'ത്തെ (Kerala Catholic Church Reformation Movement - North America) പ്രതിനിധീകരിച്ചാണ് താങ്കൾക്ക് ഞാൻ ഈ കത്തയയ്ക്കുന്നത്. കേരളത്തിലെ ക്രിസ്ത്യൻസഭകളിൽ, പ്രത്യേകിച്ച് സീറോ-മലബാർസഭയിൽ, സഭാസ്വത്തുക്കൾ ഭരിക്കാൻ നിയമങ്ങൾ നിലവിലില്ലാത്തതിനാൽ, താങ്കളുടെ സർക്കാർ എത്രയും വേഗം നിയമനിർമാണ നടപടികൾ സ്വീകരിക്കണമെന്ന കാര്യം താങ്കളുടെ ശ്രദ്ധയിൽപ്പെടുത്തുകയും അതിനായി അഭ്യർത്ഥന നടത്തുകയുമാണ് ഞങ്ങളുടെ സംഘടന ഈ കത്തുകൊണ്ട് ഉദ്ദേശിക്കുന്നത്.

കേരളത്തിലെ മാർത്തോമ്മാ നസ്രാണികളുടെ പള്ളിയും പള്ളിസ്വത്തുക്കളും അതാത് ഇടവകക്കാരുടേതായിരുന്നു. അതു ഭരിച്ചിരുന്നത് പള്ളിയോഗനടപടി ക്രമപ്രകാരമായിരുന്നു. പാശ്ചാത്യഅധിനിവേശത്തോടെ ആ ഭരണരീതിക്കു മങ്ങലേറ്റിരുന്നു. എന്നാൽ, 1991 -ൽ റോമിലെ മാർപാപ്പ പൗരസ്ത്യകാനോൻ നിയമം സീറോ-മലബാർ സഭയ്ക്കുകൂടി ബാധകമാക്കിയതോടെ മാർത്തോമ്മാ നസ്രാണി ക്രിസ്ത്യാനികൾ ആർജിച്ച മുഴുവൻ സഭാസ്വത്തുക്കളും സ്ഥാപനങ്ങളും ഒരു വിദേശമതനിയമത്തിലൂടെ ഒറ്റയടിക്ക് ഇവിടത്തെ മെത്രാന്മാരുടെ അധികാരത്തിൻകീഴിലായി. കാനോൻ നിയമം ഇന്ത്യക്കാരായ ക്രൈസ്തവരുടെ സഭാസ്വത്തുക്കളുടെമേൽ മെത്രാന്മാർക്കു നൽകുന്നത് സർവ്വാധികാരമാണ്. ഒരു പരമാധികാരരാഷ്ട്രമായ ഇന്ത്യയിലെ സ്വത്തുക്കൾ ക്രയവിക്രയം ചെയ്യാനുള്ള അധികാരം താൻ നിയോഗിക്കുന്ന ഒരു മെത്രാനു നൽകാൻ വത്തിക്കാൻ രാഷ്ട്രത്തലവനായ മാർപാപ്പയ്ക്ക് അവകാശമുണ്ടാകുന്നതെങ്ങനെ എന്ന ഭരണഘടനാപരമായ ചോദ്യംകൂടി ഇവിടെ ഉയരുന്നുണ്ട്. തന്നെയുമല്ല, മാർത്തോമ്മാ ക്രിസ്ത്യാനികളുടെ പള്ളികളും പള്ളിസ്വത്തുക്കളും പള്ളിപൊതുയോഗങ്ങൾവഴി ജനാധിപത്യരീതിയിൽ ഭരിച്ചിരുന്ന പൂർവ്വപാരമ്പര്യത്തെ കാനോൻനിയമം നശിപ്പിച്ചുകളയുകയുംചെയ്തു.

ഇന്ന് റോമിലെ മാർപാപ്പായാൽ നിയമിക്കപ്പെടുന്ന മെത്രാന്മാരാണ് പള്ളിയും പള്ളിസ്വത്തുക്കളും ഭരിക്കുന്നത്. അതുകൊണ്ടുണ്ടാകുന്ന ഗുരുതരമായ വീഴ്ചകളെപ്പറ്റി എറണാകുളം-അങ്കമാലി അതിരൂപതയിൽ അടുത്തകാലത്തു നടന്ന ഭൂമിവില്പനത്തട്ടിപ്പിലൂടെ നമുക്കെല്ലാവർക്കും അറിവുള്ളതാണല്ലോ. ഇന്നു സഭയിൽ പുരോഹിതഫാസിസം അപകടകരമായ വിധത്തിൽ വളർന്നുകൊണ്ടിരിക്കുന്നു എന്നു വ്യസനസമേതം ഇവിടെ രേഖപ്പെടുത്താൻ ഞങ്ങൾ ആഗ്രഹിക്കുന്നു. ക്രിസ്തീയസഭകളിലെ സ്വത്തുഭരണകാര്യങ്ങളിൽ നടന്നുകൊണ്ടിരിക്കുന്ന നിയമരാഹിത്യത്തിന്റെ അപകടം മനസ്സിലാക്കി 1980-ൽ മദ്രാസ് ഹൈക്കോടതിയിൽ ജസ്റ്റീസ് ടി.സത്യദേവ് ഒരു ഉത്തരവ് പുറപ്പെടുവിച്ച വാർത്ത 1980 നവംബർ 12-ലെ 'ഹിന്ദു'വിൽ റിപ്പോർട്ടു ചെയ്തിരുന്നു. അതിൽ അദ്ദേഹം അഭിപ്രായപ്പെട്ടിരിക്കുന്നത്, 'സഭാസ്വത്തുഭരണത്തിൽ ഒരു നിയമം ആവശ്യമായിരിക്കുന്നു' (Law for management of church property needed) എന്നാണ്.

ഇന്ത്യയിലെ മതങ്ങൾക്ക് തങ്ങളുടെ മതപരമായ സ്വത്തുക്കളും സ്ഥാപനങ്ങളും ഭരിക്കാൻനിയമമുണ്ടാക്കണമെന്ന് ഇന്ത്യൻ ഭരണഘടന 29-ാം വകുപ്പ് അനുശാസിക്കുന്നുണ്ട്. ക്രിസ്ത്യാനികളൊഴികെ മറ്റ് മതവിഭാഗങ്ങൾക്ക് (ഹിന്ദുക്കൾക്ക് ദേവസ്വംബോർഡും സിക്കുകാർക്ക് ഗുരുദ്വാരനിയമവും മുസ്ലീമുകൾക്ക് വക്കഫ്ബോർഡും) സമുദായസ്വത്തു ഭരിക്കുന്നതിന് സർക്കാർ നിയമമുണ്ടാക്കിയിട്ടുണ്ട്. അതിൻപ്രകാരമാണ് അവരുടെ സ്വത്തുക്കൾ ഇന്നു ഭരിച്ചുകൊണ്ടിരിക്കുന്നത്. ഇന്ത്യയിലെ മറ്റെല്ലാ മതസ്ഥരുടെയും പൊതുസ്വത്തു ഭരിക്കാൻ പ്രത്യേകം പ്രത്യേകം നിയമങ്ങളുണ്ടായിരിക്കേ, ക്രൈസ്തവസമൂഹത്തിന്റെ മതസ്വത്തുഭരിക്കാൻമാത്രം നിയമനിർമ്മാണം നടത്താത്തത് ക്രിസ്ത്യാനികളോടുള്ള മതവിവേചനമാണെന്ന വാദം പൊന്തിവന്നതിന്റെ അടിസ്ഥാനത്തിലാണ് ജസ്റ്റീസ് വി.ആർ.കൃഷ്ണയ്യർ അദ്ധ്യക്ഷനായി നിയോഗിക്കപ്പെട്ട നിയമപരിഷ്കരണകമ്മീഷന്റെ പരിഗണനയ്ക്ക് ഈ വിഷയംകൂടി ഉൾപ്പെടുത്തിയത്. ആവശ്യമായ പഠനങ്ങൾക്കും തെളിവെടുപ്പുകൾക്കും ശേഷം, 2009 ജനുവരി 26-ന്, 'The Kerala Christian Church Properties and Institutions Trust Bill-2009 എന്ന കരടുനിയമം നിയമമാക്കാൻ ശിപാർശ ചെയ്ത് ജസ്റ്റീസ് കൃഷ്ണയ്യർ, അന്നത്തെ നിയമമന്ത്രി എം. വിജയകുമാറിന് സമർപ്പിച്ച വിവരം അങ്ങേയ്ക്ക് അറിവുള്ളതാണല്ലോ.

കൂടാതെ, ക്രൈസ്തവരുടെ സമൂഹസമ്പത്തു ഭരിക്കാൻ രാഷ്ട്രത്തിന്റേതായ ഒരു നിയമം വേണമെന്ന് ഞങ്ങൾ ഉറച്ചു വിശ്വസിക്കുന്നു. അത് ഇന്ത്യൻ ഭരണഘടന ക്രിസ്ത്യാനികൾക്കു വാഗ്ദാനം ചെയ്തിരിക്കുന്ന നീതി മാത്രമാണ്. ആയതിനാൽ താമസംവിനാ ആ കരടുനിയമം താങ്കളുടെ നിയമസഭയിൽ ചർച്ചചെയ്ത് നിയമമാക്കണമെന്ന് ഞങ്ങൾ അഭ്യർത്ഥിക്കുന്നു. കേരളത്തിലെ ക്രിസ്തീയസഭകളിൽ ഇന്നു നടന്നുവരുന്ന എല്ലാ കൊള്ളരുതായ്മകൾക്കും, അനധികൃതഭൂമിക്രയവിക്രയങ്ങൾക്കും, കുരിശുനാട്ടിയുള്ള വനംകൈയേറ്റങ്ങൾക്കും, ന്യൂനപക്ഷാ

# കൊല്ലത്ത് 'ചർച്ച് ആക്ട് ആക്ഷൻ കൗൺസിൽ' രൂപീകരിച്ചു

**പുല്ലിച്ചിറ ഇടവകസംരക്ഷണസമിതി**

**കൊ**ല്ലം ബിഷപ്പ് റവ. സ്റ്റാൻലി റോമന്റെ സ്വേച്ഛാപരവും ഏകപക്ഷീയവുമായ പെരുമാറ്റത്തിനെതിരെ പ്രതിഷേധിക്കുന്നതിനായി, കൊല്ലം രൂപതയിലെ അത്മായർ 2018 ഫെബ്രു. 4-ാം തീയതി കൊല്ലം ഫേൺസ് ഹാളിൽ ഒത്തുചേർന്നു. ശ്രീ. ക്രിസ്റ്റഫർ.ജി .യുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ അഡ്വ. ബോറിസ് പോൾ ആമുഖപ്രഭാഷണം നടത്തി. ബിഷപ്പ് സ്റ്റാൻലി റോമൻ 8 കോടി രൂപ മൂല്യമുള്ള ഭൂമി വെറും ഒരു കോടിക്ക് വിറ്റതിന്റെ രേഖകൾവച്ചും വിവിധ സംഭവങ്ങൾ ചൂണ്ടിക്കാണിച്ചും അദ്ദേഹത്തിന്റെ സ്വേച്ഛാധിപത്യശൈലിയിലുള്ള പ്രവർത്തനരീതി അദ്ദേഹം വിശദീകരിച്ചു. ഈ സ്ഥലവും വേറെ പല സ്ഥലങ്ങളും, വിശ്വാസിസമൂഹത്തെ അറിയിക്കാതെയും വില്പനസംബന്ധിച്ച് ഒരിടത്തും അറിയിപ്പു പരസ്യപ്പെടുത്താതെയും അപരിചിതരായവർക്ക് അദ്ദേഹം വിൽക്കുകയായിരുന്നു. ഈ ക്രയവിക്രയത്തിലുള്ള രഹസ്യസ്വഭാവം, ഈ ഭൂമിക്കച്ചവടങ്ങൾ സംബന്ധിച്ച് ഗുരുതരമായ സംശയങ്ങൾ ഉയർത്തുന്നു.

ഈ യോഗത്തിലുണ്ടായ മറ്റൊരു വെളിപ്പെടുത്തൽ, കൊല്ലത്തെ എൻജിനീയറിംഗ് കോളേജിന്റെ നടത്തിപ്പുമായി ബന്ധപ്പെട്ടുണ്ടായിരിക്കുന്ന ഭീമമായ കടബാധ്യതയെക്കുറിച്ചാണ്. ഇതുമായി ബന്ധപ്പെട്ട് ബാങ്കിലുണ്ടായിരിക്കുന്ന കടം 56 കോടിയാണെന്നു കണക്കാക്കപ്പെടുന്നു. കൂടാതെ, വ്യക്തികളിൽനിന്നു രണ്ടു കോടിയും സ്ഥാപനങ്ങളിൽനിന്നു 11 കോടിക്കടുത്തും കടമെടുത്തിട്ടുണ്ട്. രൂപതയുടെമേൽ ഇത്ര ഭീമമായൊരു തുക കടബാധ്യതയുണ്ടായതെങ്ങനെയെന്നത് സംശയാസ്പദമാണ്. ഇക്കാര്യവും വിശ്വാസിസമൂഹത്തെ അറിയിക്കാതെ നിഗൂഢമായാണ് അദ്ദേഹം നിർവ്വഹിച്ചിരിക്കുന്നത്. യോഗത്തിൽ വെളിപ്പെട്ട മറ്റൊരുകാര്യം വ്യാജരേഖ ചമച്ചും റവന്യൂരേഖകളിൽ കൃത്രിമം കാട്ടിയും രണ്ടേക്കർ ഗവൺമെന്റ് ഭൂമി കൊല്ലം ബിഷപ്പിന്റെ പേരിലാക്കി ആധികാരികരേഖയുണ്ടാക്കി എന്നതാണ്. തുടർന്ന് ഈ ഗവമെന്റുഭൂമി പല പ്ലോട്ടുകളാക്കിത്തിരിച്ച് പലർക്കായി വിൽക്കുകയും ചെയ്തു. ഇതിനെതിരെ ഗവൺമെന്റു നൽകിയിട്ടുള്ള കേസ് സ്വാധീനവും തന്ത്രങ്ങളും പ്രയോഗിച്ച് നീട്ടിക്കൊണ്ടുപോകുകയാണ്, ബിഷപ്പ്.

'ഭാരതവിമോചനം' എഡിറ്റർ ശ്രീ. പ്ലാസിഡ് ജി മുക്കാട് യോഗം ഉദ്ഘാടനംചെയ്യുകയും ശ്രീ. തിയോഫിലസ് ആഞ്ചലോസ് ചർച്ചയ്ക്കു നേതൃത്വം കൊടുക്കുകയും ചെയ്തു. സർവ്വശ്രീ തങ്കച്ചൻ, അഗസ്റ്റിൻ പെരേര, ഫെലിക്സ് ബാബു, എഫ്രേം കൊടുവിള, ബാസ്റ്റ്യൻ പാട്ടക്കടവ്, നിക്സൺ തങ്കശ്ശേരി, ജോയി അഗസ്റ്റിൻ, മെയ്തിൽ വിൻസെന്റ് മുതലായവർ ചർച്ചയിൽ പങ്കെടുത്തു.



*അഡ്വ. ബോറിസ് പോൾ സംസാരിക്കുന്നു*

സഭാസ്വത്തുക്കളുടെയും സ്ഥാപനങ്ങളുടെയും ഭരണത്തിനായി വിഭാവനം ചെയ്തിരിക്കുന്ന 'ട്രസ്റ്റ് നിയമം' പ്രാബല്യത്തിൽ കൊണ്ടുവരുന്നതിനുവേണ്ടി പ്രവർത്തിക്കുന്നതിനായി ഒരു 'ആക്ഷൻ കൗൺസിൽ' രൂപീകരിക്കാൻ യോഗം തീരുമാനിച്ചു. മെത്രാന്മാരുടെ നിയമരഹിത തോന്ന്യവാസ ശൈലിക്ക്, ജസ്റ്റീസ് വി.ആർ. കൃഷ്ണയ്യർ അദ്ധ്യക്ഷനായിരുന്ന നിയമപരിഷ്കരണകമ്മീഷൻ രൂപകല്പന ചെയ്തു ക്രോഡീകരിച്ച് ഗവൺമെന്റിനു ശിപാർശചെയതിട്ടുള്ള നിർദ്ദിഷ്ട 'ട്രസ്റ്റ് ബിൽ' നിയമം മാത്രമേ പരിഹാരമായുള്ളൂ എന്നു യോഗം വിലയിരുത്തി. കൊല്ലം ബിഷപ്പ് ക്രമരഹിതമായി നടത്തിയിട്ടുള്ള ഇടപാടുകൾക്കെതിരെ നിയമപരമായി നീങ്ങാനും യോഗം തീരുമാനിച്ചു.

തുടർന്ന്, ശ്രീ. ക്രിസ്റ്റഫർ ജി പ്രസിഡന്റായും ശ്രീ ഇഗ്നേഷ്യസ് റോബർട്ട് സെക്രട്ടറിയായും 'ചർച്ച് ആക്ട് ആക്ഷൻ കൗൺസിൽ' രൂപീകരിച്ചു. മറ്റു ഭാരവാഹികളെ വൈകാതെ പ്രഖ്യാപിക്കും. സർവ്വശ്രീ ഫെലിക്സ് ബാബു, പ്ലാസിഡ് ജി. മുക്കാട്, തിയോഫിലസ് ആഞ്ചലോസ്, ഇ.കെ. ബോസ്‌വെൽ, അഗസ്റ്റിൻ പെരേര, സെലസ്റ്റിൻ ഡിസ്മസ് എന്നിവരാണ് രക്ഷാധികാരികൾ. ●

---

വകാശത്തിന്റെ പേരു പറഞ്ഞുള്ള വർഗ്ഗീയ/രാഷ്ട്രീയ നീക്കങ്ങൾക്കും ഒരറുതിവരുത്താനും സഭാപൗരന്മാർക്ക് സഭാസ്വത്തുക്കളും സ്ഥാപനങ്ങളും സുതാര്യമായി ഭരിക്കാനുള്ള അവകാശം വീണ്ടെടുക്കാനും ഈ ആധികാരികനിയമംവഴി സാധിക്കുമെന്ന് ഞങ്ങൾ വിശ്വസിക്കുന്നു.

സ്നേഹാദരവുകളോടെ,
'KCRM-നോർത്ത് അമേരിക്ക'യ്ക്കുവേണ്ടി,
**ചാക്കോ കളരിക്കൽ**
(ജനറൽ കോർഡിനേറ്റർ)
ഫോൺ: 001-586-601-5195
ckalarickal10@hotmail.com ●

ചർച്ച് ആക്ട് സ്പെഷ്യൽ

# ഹലോ ഹലോ 'ചർച്ച് ആക്ട്!' ചലോ ചലോ സെക്രട്ടറിയേറ്റ്!!



ഇപ്പൻ

**തെ**രുവിലുപേക്ഷിക്കപ്പെട്ട ഒരു പട്ടിക്കുഞ്ഞ്. എല്ലും തോലും മാത്രം. ആട്ടും തല്ലും ഏറും ഏറെക്കൊണ്ട് അവശൻ. അതാ, യോഗ്യനായ ഒരു മനുഷ്യൻ വരുന്നു. പട്ടിക്കുഞ്ഞിനൊരു വെളിപാട്-വട്ടായിലച്ചൻ ക്ഷമിക്കുക – ഇതാ നിന്റെ രക്ഷകൻ! അവൻ അയാളുടെ അടുത്ത് വാലാട്ടി മണത്തുമണത്തു കൂടുന്നു. അയാൾ വേഗത്തിൽ നടന്നു നോക്കുന്നു. പട്ടിക്കുഞ്ഞു വിടുന്നില്ല. അയാൾ ആട്ടുന്നു. കല്ലെടുക്കുന്നു. ഓങ്ങുന്നു. കോക്രി കാണിക്കുന്നു. നിവൃത്തിയില്ലാതെ എറിയുന്നു. പക്ഷേ, കൊള്ളിക്കുന്നില്ല. ശുനകനും മാന്യനും കണ്ടുമുട്ടുന്നിടത്തൊക്കെ ഈ നാടകം ആവർത്തിക്കുന്നു. ഒന്നും രണ്ടുമല്ല, 25 വർഷം ഈ ബന്ധം തുടരുന്നു. നിങ്ങൾ പറയൂ, അയാൾ ഒരു മനുഷ്യനാണെങ്കിൽ ആ പട്ടിയെ രഹസ്യമായെങ്കിലും സ്നേഹിച്ചുതുടങ്ങില്ലേ? പക്ഷേ, എന്തുചെയ്യാം? അയാൾക്കേയുള്ളൂ മനുഷ്യപ്പറ്റ്. വീട്ടിലുള്ളതെല്ലാം സൊസൈറ്റിലേഡികളാണ്. അവർക്കു കില്ലപ്പട്ടികളെ കണ്ടുകൂടാ. അയാൾക്കാകെ ചെയ്യാവുന്നതിത്രമാത്രം. വീട്ടിൽ നിന്നിറങ്ങുമ്പോൾ ഒരു എല്ലിൻ കഷണം പോക്കറ്റിലൊളിപ്പിച്ചുവെച്ച് പട്ടി കാണാതെ അവനു മണത്തുചെല്ലാവുന്ന സ്ഥലത്ത് നിക്ഷേപിച്ച് ഗൗരവഭാവത്തിൽ നടന്നു കളയുക. അവനോടുള്ള സ്നേഹം പ്രകടിപ്പിക്കാൻ അയാൾക്കു ഭയമാണ്. പട്ടി കയറി വിളയാടി വീട്ടിലെത്തിയാൽ പട്ടി മാത്രമല്ല, അയാളും പുറത്ത്!

ഈ കഥയിലെ പട്ടി ഞാനും മനുഷ്യപ്പറ്റുള്ള മനുഷ്യൻ മലയാള മനോരമയുടെ അസോസിയേറ്റ് എഡിറ്റർ ജോസ് പനച്ചിപ്പുറവുമാണെന്നു വെളിപ്പെടുത്തിയാൽ ഞാനും അദ്ദേഹവുമായുള്ള 25 വർഷത്തെ ബന്ധമായി. ഇന്ദുലേഖയുടെ നൃത്തസമരംതൊട്ടു തുടങ്ങിയതാണത്. മനോരമയിൽ വന്ന കുമ്പസാരസത്യഗ്രഹം സംബന്ധിച്ച ഒരു ദിവസം വൈകിയ വാർത്ത എനിക്കങ്ങനെ അദ്ദേഹം കനിഞ്ഞു സമ്മാനിച്ച ഒരു എല്ലിൻ കഷണമാണ്.

നന്ദി പറയാൻ ഞാനദ്ദേഹത്തെ വിളിച്ചു. 'ഒരു ന്യൂസ് മേക്കറെന്ന നിലയിൽ അങ്ങെന്റെ ഗുരുവാണ്.' ഉടനെവന്നു കനപ്പിച്ച മറുപടി. 'നമ്മളാരുടെയും ഗുരുവാകാൻ ആഗ്രഹിക്കുന്നില്ല.' 'എനിക്ക് ഏകലവ്യനാകാമല്ലോ' ഞാൻ പറഞ്ഞു. പനച്ചി അംഗീകരിച്ചാലും ഇല്ലെങ്കിലും അദ്ദേഹം എന്റെ ഗുരുവാണ്. മാധ്യമശ്രദ്ധയിൽ ഇടിച്ചുകയറാനുള്ള പല തന്ത്രങ്ങളും ഞാൻ പഠിച്ചത് അദ്ദേഹം പറഞ്ഞിട്ടുള്ള വഴക്കുകളിലൂടെയാണ്. എങ്ങനെ വഴക്കു പറയാതിരിക്കും? ഞാൻ ചെയ്യുന്ന ലൊട്ടുലൊടുക്കുകാര്യങ്ങൾവരെ അദ്ദേഹത്തെ വിളിച്ചറിയിക്കും. കേരളത്തിലെ ഏറ്റവും പീക്കിരിപ്പത്രത്തിന്റെവരെ മുഖ്യപത്രാധിപരെ വിളിച്ചറിയിച്ചാൽ കൊള്ളാമെന്ന് എനിക്കുണ്ട്. വിളിച്ചാൽ അവരെയൊക്കെ ഒന്നുകിട്ടണ്ടേ? 563646. എന്റെ ഭാര്യയുടെയും പിള്ളേരുടെയും നമ്പർ കഴിഞ്ഞാൽ മനോരമയുടെ ഈ നമ്പരേ എനിക്കു കാണാപ്പാഠം അറിയാവൂ. അതിൽ വിളിച്ചാൽ പത്തു സെക്കന്റിനുള്ളിൽ പനച്ചിപ്പുറത്തെ കിട്ടും. എനിക്കേ കിട്ടൂ എന്നു വിചാരിക്കരുത്. സ്ഥലത്തെ പ്രധാനദിവ്യനും കിട്ടും. പ്രധാനതെണ്ടിക്കും കിട്ടും. വാർത്തക്കുഞ്ഞുങ്ങളെ സ്വീകരിക്കാൻവേണ്ടി 24 മണിക്കൂറും തുറന്നിരിക്കുന്ന അമ്മത്തൊട്ടിലാണദ്ദേഹം. മനോരമ എന്ന സൊസൈറ്റീലേഡി സെക്സ് അപ്പീലിലുള്ള അമിതശ്രദ്ധമൂലം മുലകളിൽ പൂതനാവിഷം പുരട്ടുന്നതുകൊണ്ട് ഭാവിയുടെ വാഗ്ദാനങ്ങളാകേണ്ട പല കുഞ്ഞുങ്ങളും ചാപിള്ളകളാകുന്നുവെന്നുമാത്രം. അരവയർ നിറയാതെ കീറയുറക്കപ്പായിൽ കിടന്നു പിച്ചും പേയും പറയുന്ന ഭാരതമാതാവിന്റെ കോടിക്കണക്കിനു

> **ഭൂമികുംഭകോണത്തെക്കുറിച്ചുള്ള കിംവദന്തികൾ കേട്ടു തുടങ്ങിയപ്പോഴേ എനിക്കു തോന്നി, ഇതിന്റെ പിറകിലുള്ള ബുദ്ധികേന്ദ്രത്തെ വിമോചന ദൈവശാസ്ത്രവും പുലിക്കുന്നനും ചർച്ച് ആക്ടും കെ. സി. ആർ. എം. പോലുള്ള നവീകരണപ്രസ്ഥാനങ്ങളും സത്യജ്വാലയുടെ തീക്ഷ്ണോഷ്ണ കിരണങ്ങളും സ്വാധീനിക്കുന്നുണ്ടെന്ന്. കർദ്ദിനാളിനെ എതിർക്കുന്ന ഭൂരിപക്ഷം വൈദികരെയും അല്മായരെയും ഇതൊന്നും സ്പർശിക്കുന്നുണ്ടെന്നു തോന്നുന്നില്ല.**

കുഞ്ഞുമക്കളുടെ പോറ്റമ്മയാകുന്നതിനേക്കാൾ മനോരമയ്ക്കു പ്രിയം മുതലാളിത്തത്തിന്റെ മുന്തിയ വേശ്യയാകാനാണ്. ലോകമുതലാളിത്തത്തെ താങ്ങിനിർത്തുന്ന കത്തോലിക്കാമതമലിനജലസേതു എറണാകുളത്തു പൊട്ടുമ്പോൾ മനോരമ മണൽച്ചിറ കെട്ടാൻ ശ്രമിക്കുന്നതിനെ പിന്നെ എങ്ങനെ കാണണം? പോരാഞ്ഞ് ഈയിടെ ബ്രെസ്റ്റുള്ള ▸▸

ക്രൈസ്റ്റിനെ ചിത്രീകരിച്ചതിന് കേരളത്തിലെ മെത്രാന്മാരെല്ലാം കൂടി അവരുടെ പപ്പും പൂടയും പച്ചയ്ക്കു പറിച്ചതേയുള്ളൂ. വേശ്യ കാശുകിട്ടുമെന്നു കണ്ടാൽ പീഡനരതിപോലും സഹിക്കും.

ഈ ഗുരുശിഷ്യബന്ധത്തിന്റെ കഥ നീണ്ടുപോയെങ്കിൽ ക്ഷമിക്കുക. അനർഘസമ്പത്തായ അറിവുതരുന്നവനെ ആദരിക്കണം. എന്നെ സംബന്ധിച്ച് ബ്രഹ്മജ്ഞാനത്തിനു തൊട്ടുതാഴെ നിൽക്കുന്ന ഒരറിവ് - ഒരു മാധ്യമരഹസ്യം - അദ്ദേഹമാണെനിക്കു പകർന്നുതന്നത്. 'വിവാദങ്ങൾക്കൊന്നും ഞങ്ങളില്ല. എന്തെങ്കിലും സംഭവം നടന്നാൽ ഞങ്ങൾ ഇടും.' ഈ വാക്കും അദ്ദേഹത്തിന് പാലിക്കാൻ കഴിഞ്ഞിട്ടില്ല. പക്ഷേ, അദ്ദേഹം ഉപദേശിച്ചതനുസരിച്ച് നമ്മൾ നടത്തിയ സംഭവങ്ങൾ മറ്റു മാധ്യമങ്ങൾ ആഘോഷിച്ചിട്ടുണ്ട്. ഈ ബോധോദയത്തിനുശേഷമാണ് എനിക്കു സമരങ്ങളോട് ഭ്രാന്തമായ ആവേശം!

ചർച്ച് ആക്ടുമായി ബന്ധപ്പെട്ടു നടന്ന ഏറ്റവും ഗംഭീരമായ സെമിനാറായിരുന്നു വർഷങ്ങൾക്കുമുമ്പ് എറണാകുളത്തുവെച്ചു നടന്നത്. അത് ജസ്റ്റീസ് വി.ആർ. കൃഷ്ണയ്യരായിരുന്നു ഉദ്ഘാടനം ചെയ്തത്. വലിയ ഹാൾ നിറഞ്ഞുകവിഞ്ഞ് ആളുകളുണ്ടായിരുന്നു. 'ജോയിന്റ് ക്രിസ്ത്യൻ കൗൺസി'ലിന്റെ അന്നത്തെ സെക്രട്ടറിയായിരുന്ന ശ്രീ. ഫെലിക്സ് പുല്ലൂടന്റെ സംഘാടകശേഷിയുടെ വിജയംകൂടിയായിരുന്നത്. എന്നിട്ടോ? എല്ലാ മാധ്യമങ്ങളും ക്രൂരമായി തമസ്കരിച്ചു. അന്നു ഞാനൊരു പാഠം പഠിച്ചു. കതകടച്ചിട്ടു നടത്തുന്ന കുമ്പസാരസിമ്പോസിയങ്ങളൊന്നും മാധ്യമശ്രദ്ധ നേടില്ല. അതുകൊണ്ടു പ്രയോജനമില്ലെന്നല്ല. അവ നമ്മൾ തമ്മിലുള്ള ബന്ധങ്ങൾ ഊഷ്മളമാക്കും. നമ്മുടെ വിജ്ഞാനചക്രവാളത്തിന്റെ അതിരുകളെ വികസിപ്പിക്കും. പക്ഷേ, പുരോഗതിയുടെ ഊർജ്ജസ്രോതസ്സായ അറിവ് ജനങ്ങളിലെത്തണമെങ്കിൽ മാധ്യമങ്ങളുടെ സഹായം കൂടിയേ കഴിയൂ. മാധ്യമശ്രദ്ധ നേടാൻ തെരുവിലിറങ്ങിയേതീരൂ.

ഭൂമികുംഭകോണത്തെക്കുറിച്ചുള്ള കിംവദന്തികൾ കേട്ടുതുടങ്ങിയപ്പോഴേ എനിക്കുതോന്നി, ഇതിന്റെ പിറകിലുള്ള ബുദ്ധികേന്ദ്രത്തെ വിമോചനദൈവശാസ്ത്രവും പുലിക്കുന്നനും ചർച്ച് ആക്ടും കെ.സി.ആർ.എം. പോലുള്ള നവീകരണപ്രസ്ഥാനങ്ങളും സത്യജ്വാലയുടെ തീക്ഷ്ണോഷ്ണകിരണങ്ങളും സ്വാധീനിക്കുന്നുണ്ടെന്ന്. കർദ്ദിനാളിനെ എതിർക്കുന്ന ഭൂരിപക്ഷം വൈദികരെയും അല്മായരെയും ഇതൊന്നും സ്പർശിക്കുന്നുണ്ടെന്നു തോന്നുന്നില്ല. കുർബ്ബാന ചൊല്ലുമ്പോൾ പുരോഹിതൻ പൃഷ്ഠം എങ്ങോട്ടു തിരിക്കണം? കർത്താവിനെ ഈ ഇരുപത്തൊന്നാം നൂറ്റാണ്ടിൽ ക്ലാവർ ആകൃതിയിലുള്ള കുരിശിൽ ഒന്നുകൂടി തറയ്ക്കണോ? ഇങ്ങനെയുള്ള പല ഉള്ളിതൊലിച്ച തർക്കങ്ങൾ ചങ്ങനാശ്ശേരിക്കാരും എറണാകുളംകാരും തമ്മിൽ വളരെക്കാലമായി ഉണ്ട്. ഗള്ളിവർ ചെന്നുപെട്ട ലില്ലിപ്പുട്ടിലും ഉണ്ടായിരുന്നല്ലോ, മുട്ട എവിടംതൊട്ടു മുറിക്കണം എന്നതിനെക്കുറിച്ചുള്ള മഹായുദ്ധങ്ങളിൽ ചെന്നു കലാശിക്കുന്ന തർക്കങ്ങൾ. കർദ്ദിനാളാണെങ്കിലും ശരി, ചങ്ങനാശ്ശേരിക്കാരൻ ഒരു വരത്തൻ ഇവിടെ വന്നാളുകളിക്കേണ്ടെന്ന ഹുങ്കും ഒരു കൂട്ടർക്കുണ്ട്. പക്ഷേ, സ്വത്തു മെത്രാന്റെ ആണെന്ന കാര്യത്തിൽമാത്രം ഇവർക്കൊരു തർക്കവുമില്ല. മെത്രാൻ എറണാകുളംകാരനാണെങ്കിൽ പ്രശ്നം തീർന്നു.

എന്നാൽ കർദ്ദിനാൾ വിരുദ്ധരായ ന്യൂനപക്ഷത്തിന്റെ കഥ അങ്ങനെയല്ല. അവരാണ് പള്ളികളിൽ ലഘുലേഖ വിതരണം ചെയ്യാൻ ചങ്കൂറ്റം കാട്ടിയവർ. അങ്കമാലിയിൽ സമ്മേളിച്ചതവരാണ്. ആ യോഗത്തിനു ഞാനും പോയിരുന്നു, ഒരു നിരീക്ഷകനായി. സീറോ-മലബാർ ചെളിക്കുളത്തിൽ അല്മായർക്കുവേണ്ടി തന്ത്രപൂർവ്വം മീൻ പിടിക്കുന്നവരെയാണ് ഞാനവിടെ കണ്ടത്. ചർച്ചകൾ നയിച്ചിരുന്നത് വട്ടോളിയച്ചനാണ്. (ഈ വട്ടോളി, പത്തുവർഷംമുമ്പ് എന്നെയും കുടുംബത്തെയും സാത്താന്റെ സഭ കിടത്തിപ്പൊരിച്ചുകൊണ്ടിരുന്നപ്പോൾ നാട്ടിൽ സംഘടിപ്പിച്ച പൊതുയോഗത്തിൽ 'ഓറ'യിലെ ഫാദർ അലോഷ്യസ് ഫെർണാണ്ടസിനോടൊപ്പം വന്നു പ്രസംഗിച്ച അച്ചനാണ്). ഇവർ ചർച്ച് ആക്ടെന്ന പദം ഉപയോഗിക്കുന്നില്ലെന്നേയുള്ളൂ. അന്നത്തെ യോഗം പാസാക്കിയ മുഖ്യ പ്രമേയം നോക്കുക. 'ഏതു മെത്രാൻ വന്നാലും ഇനി അല്മായരുടെ അനുവാദംകൂടാതെ സ്ഥലം വിൽക്കാനോ കടപ്പെടുത്താനോ പാടില്ല.' ഇവിടെനിന്ന് ഒരു പടികൂടി ചവിട്ടിയാൽ ചർച്ച് ആക്ടായി. അതുകൊണ്ടാണു പറഞ്ഞത്, എറണാകുളം വിവാദത്തിന്റെ മുഖ്യസൂത്രധാരകരെ ചർച്ച് ആക്ട് സ്വാധീനിച്ചിട്ടുണ്ടെന്ന്. ഇവരോടാണ് കർദ്ദിനാളിനും കലിയെന്ന് അസന്ദിഗ്ദ്ധമായി തെളിഞ്ഞു. യോഗത്തിനു വന്നവരെല്ലാംതന്നെ പതിവുപോലെ മധ്യവയസ്കരും വയസ്സന്മാരുമായിരുന്നു. അവരെയൊക്കെ തട്ടിമറിച്ചുകൊണ്ടാണ് കർദ്ദിനാളിന്റെ കൽദായഗുണ്ടകൾ കാട്ടുപോത്തുകളെപ്പോലെ വട്ടോളിയച്ചനുനേരെ മുക്രയിട്ടെത്തിയത്. കർദ്ദിനാൾ കാണുന്നിടത്തെല്ലാം കരയുന്നുണ്ടല്ലോ, കർത്താവിന്റെ പാവം പാവം രാജകുമാരനായ തനിക്കൊരു മണ്ടത്തരം പറ്റിയതാണെന്ന്. അങ്കമാലിയിലെ അങ്കക്കലിപ്രകടനം കോഴികട്ടവന്റെ തലയിൽത്തന്നെയാണ് പൂടയെന്ന് ഉച്ചത്തിൽ വിളിച്ചുകൂവുന്നു. കർദ്ദിനാൾ ഗർദ്ദഭബുദ്ധിയായ ഒരു മേജർ ചട്ടമ്പിയും കൂടിയാണെന്ന് പിന്നീട് വൈക്കത്തും തെളിയിച്ചു.

ഇത്രയൊക്കെയായിട്ടും ചർച്ച് ആക്ട് ഒരാവശ്യമാണെന്നു തോന്നാത്തവരോട് ഇനി കർത്താവ് നേരിട്ടു വന്നു പറഞ്ഞാലും പ്രയോജനമൊന്നുമില്ല. ഇതുപോലൊരു സുവർണ്ണാവസരം ഇനി കിട്ടാനില്ല. ഇടതുപക്ഷസർക്കാർ ചർച്ച് പ്രോപ്പർട്ടീസ് ബിൽ പൊടിതട്ടിയെടുത്താൽ മെത്രാന്മാർ വിമോചനസമരത്തിന്റെ 'വി' പറയുന്നതിനുമുമ്പേ അവർക്കു വിരേചനം സംഭവിച്ചിരിക്കും. അങ്ങനെ അത് അവരുടെ ടോയ്‌ലറ്റുകളിലൊതുങ്ങുന്ന വിരേചനസമരമായി കലാശിക്കും.

ഇത് അല്മായ നായകൾക്കു ലഭിച്ച ദിവസമാണ്. നമുക്കു കുരച്ചു കുരച്ചു സെക്രട്ടറിയേറ്റിലേക്കു മുന്നേറാം. ഹലോ ഹലോ ചർച്ച് ആക്ട്! ചലോ ചലോ സെക്രട്ടറിയേറ്റ്! പൗരോഹിത്യത്തിന്റെ ആട്ടും തുപ്പും ഏറും ഏറെക്കൊണ്ട് അവശരായ നമ്മൾ നടത്തുന്ന ഈ സുപ്രധാന 'സംഭവം' ജനാധിപത്യത്തിന്റെ കാവൽനായയായിരിക്കേണ്ട മനോരമ തമസ്കരിക്കുമോന്നു നോക്കാം.

ഫോൺ: 9446561252

# ദൈവദൂഷണത്തിനും കാപട്യത്തിനും കൈയും കാലുംവച്ച ഒത്തുതീർപ്പുസർക്കുലർ!

*[കർദ്ദിനാൾ ആലഞ്ചേരി, മാർ സെബാസ്റ്റ്യൻ എടയന്ത്രത്ത്, മാർ ജോസ് പുത്തൻവീട്ടിൽ എന്നിവരുടെപേരിൽ ഫെബ്രു. 8-നു തയ്യാറാക്കി 11-ന് എറണാകുളം-അങ്കമാലി അതിരൂപതയ്ക്കുകീഴിലുള്ള പള്ളികളിൽ വായിച്ച സംയുക്ത സർക്കുലർ കാപട്യപ്രദർശനത്തിന്റെ ഒരു മാസ്റ്റർപീസാണ്. പത്രമാധ്യമങ്ങളിലൂടെ അതിന്റെ ഉള്ളടക്കം എല്ലാവരും അറിഞ്ഞിരിക്കുമെന്നതിനാൽ അതു പ്രസിദ്ധീകരിച്ച് 'സത്യജ്വാല'യുടെ സ്ഥലം മെനക്കെടുത്തുന്നില്ല; പ്രതികരിക്കുക മാത്രം ചെയ്യുന്നു]*

**അ**ങ്ങനെ എറണാകുളം - അങ്കമാലി അതിരൂപതയിലെ എല്ലാ പ്രശ്നങ്ങളും തീർന്നിരിക്കുന്നു! പീഡാസഹനത്തിലൂടെ കടന്നുപോയ മാർ ആലഞ്ചേരിക്കും രൂപതയ്ക്കും ഇതാ, ഉയിർപ്പുകാലം ആഗതമായിരിക്കുന്നു! കർത്താവിന് അസാദ്ധ്യമായി ഒന്നുമില്ല. അതുകൊണ്ടിനി, ഈശോയുടെ തിരുഹൃദയരക്തത്താൽ കഴുകി വിശുദ്ധീകരിക്കപ്പെടാൻ നമുക്കൊരുമിച്ചു പ്രാർത്ഥിച്ചാൽ മതി. നോമ്പിന്റെ ആദ്യത്ത വെള്ളിയാഴ്ച പ്രാർത്ഥനാദിനമായി ആചരിച്ച് ആരാധന നടത്തുകയും ഉപവസിച്ചു പ്രാർത്ഥിക്കുകയും ചെയ്യുന്നതോടെ പ്രശ്നങ്ങളെല്ലാം ക്ലോസ്! പിന്നീടാണ് ഉയിർപ്പ്!

ദൈവനാമം ദുരുപയോഗിച്ചും ദൈവവചനങ്ങൾ അസ്ഥാനത്തു തിരുകിക്കയറ്റിയും ഏതു പ്രശ്നത്തിൽനിന്നും കുരുക്കുകളിൽനിന്നും തങ്ങളെ അനായാസം രക്ഷപെടുത്തുകയും വിശ്വാസിസമൂഹത്തെ ഒരുക്കുകയും ചെയ്യുന്ന കുതന്ത്രസർക്കുലറുകളും ഇടയലേഖനങ്ങളും മെനയാനുള്ള കഴിവാണ് മെത്രാന്മാരാകാനുള്ള അടിസ്ഥാന യോഗ്യത എന്നു തോന്നുന്നു.

ദൈവനാമം ദുരുപയോഗിച്ചും ദൈവവചനങ്ങൾ അസ്ഥാനത്തു തിരുകിക്കയറ്റിയും ഏതു പ്രശ്നത്തിൽ നിന്നും കുരുക്കുകളിൽ നിന്നും തങ്ങളെ അനായാസം രക്ഷപെടുത്തുകയും വിശ്വാസിസമൂഹത്തെ ഒരുക്കുകയും ചെയ്യുന്ന കുതന്ത്രസർക്കുലറുകളും ഇടയലേഖനങ്ങളും മെനയാനുള്ള കഴിവാണ് മെത്രാന്മാരാകാനുള്ള അടിസ്ഥാന യോഗ്യത എന്നു തോന്നുന്നു.



പുരോഹിത-അധികാരവർഗ്ഗങ്ങളെ വിമർശിച്ചതിന്റെ പേരിൽ യേശുവിനേൽക്കേണ്ടിവന്ന പീഡാസഹനവും, സഭയുടെ പൊതുസ്വത്ത് അധികാരഗർവോടെ തന്നിഷ്ടപ്രകാരം വിറ്റുതുലച്ചതിന്റെപേരിൽ ആരോപണവിധേയനായ ശ്രേഷ്ഠപുരോഹിതന്റെ 'പീഡാസഹന'വും തമ്മിൽ സാദൃശ്യം കണ്ടെത്തിയ ഈ മെത്രാൻത്രിത്വത്തിന്റെ പ്രതിഭാവിലാസം എത്ര അപാരം! പീഡാസഹനത്തിലൂടെ കടന്നുപോയത് രൂപതാസമൂഹമല്ലയോ എന്ന് വർണ്ണ്യത്തിൽ ആശങ്കപരത്തിയുള്ള ഉൽപ്രേക്ഷയും ഗംഭീരം! മാർ ആലഞ്ചേരിയെ ആരോപണങ്ങളുടെ മുൾമുനയിൽനിർത്തി 'പീഡാസഹന'ത്തിലേക്കു വലിച്ചിഴച്ച 'പ്രിയപ്പെട്ട അച്ചന്മാ'രെ അവരുടെ 'അവസരോചിതമായ' ഇടപെടലുകളുടെപേരിൽ ശ്ലാഘിച്ചിരിക്കുന്നതും, അതേശ്വാസത്തിൽ, അതെല്ലാം ചർച്ചയാക്കുകമാത്രം ചെയ്ത ടി.വി. ചാനലുകളുൾപ്പെടെയുള്ള മാധ്യമങ്ങളെ അവ 'സമാധാനപരമായ അന്തരീ ക്ഷത്തെ മലനീകരിക്കുന്നു' എന്നാരോപിച്ചു നിന്ദിച്ചിരിക്കുന്നതും ആരുടെയും കണ്ണുതള്ളിക്കാൻ പോരുന്ന മഹാഅഭ്യാസംതന്നെ!

വിശ്വാസികളെയെല്ലാം മഠയന്മാരായിക്കരുതി അതിബുദ്ധിമാന്മാരെഴുതുന്ന ഇത്തരം മഠയലേഖനങ്ങൾക്കു പ്രബുദ്ധകേരളത്തിൽ എന്തുവില? തങ്ങളുടെ തനിനിറം കൂടുതൽ തുറന്നുകാട്ടുന്ന ഈ 'ആധികാരിക'അഭ്യാസത്തോടെ, മെത്രാൻവർഗ്ഗത്തിന്റെയാകെ വിലയിടിവാണ് സംഭവിച്ചിരിക്കുന്നത്. ഇവരുടെ മാന്ത്രികവടിക്കുകീഴിൽ അടിമകളായി ചരിക്കുന്ന കത്തോലിക്കാസമുദായം കൂടുതൽ പരിഹാസ്യവുമായിരിക്കുന്നു.

കോടികളുടെ കൊള്ള വെളിച്ചത്തായിട്ടും അതിലെ വസ്തുതകൾ കുമ്പസാരരഹസ്യം പോലെ നിഗൂഢതയിൽ സൂക്ഷിച്ചും, 'സാങ്കേതികപ്പിഴവ്' എന്ന മന്ത്രമോതി സ്വയം നീതികരിച്ചും നിൽക്കുന്ന ഒരു സഭാതലവനെ, അദ്ദേഹത്തിന്റെ കുറെ അധികാര

ങ്ങൾ കൈയ്ക്കലാക്കിയശേഷം വെള്ളപൂശി വിശുദ്ധനാക്കാനും, ഒപ്പം ഭൂമികുംഭകോണവിഷയം ഒതുക്കത്തിൽ കുഴിച്ചുമൂടാനും ശ്രമിക്കുന്നു, ഈ സർക്കുലർ. എന്നാൽ, സഭയിൽ സുതാര്യത യ്ക്കുവേണ്ടി ഇപ്പോൾ മുന്നോട്ടു വന്നിട്ടുള്ളവരും, അതുറപ്പു നൽകുന്ന ചർച്ച് ആക്ടിനുവേണ്ടി മുമ്പേതന്നെ രംഗത്തുള്ളവരുമായ സഭാപൗരന്മാരുടെ കർമ്മശേഷിക്കും നിശ്ചയദാർഢ്യത്തിനുംമുന്നിൽ, 'തെറ്റുപറ്റിപ്പോയി' എന്നൊരു വാക്കുച്ചരിക്കാൻ പോലും തയ്യാറാകാത്ത ഈ സർക്കുലറിന് പുല്ലുവിലയാണുള്ളതെന്ന്, 'ഏകശരീരമായി' ത്തീർന്നിരിക്കുന്ന ഈ ത്രിത്വമെത്രാൻസംഘം അറിഞ്ഞിരിക്കട്ടെ!

ഇവരോടു പറയാനുള്ളത് കൃത്യമായ വാക്കുകളിൽ, പാറേമ്മാക്കൽ ഗോവണദോർ അന്നത്തെ കൊച്ചിമെത്രാനോട് വളരെ മുമ്പേതന്നെ ഇങ്ങനെ പറഞ്ഞിട്ടുണ്ട്: **"...മലങ്കരയുള്ള പള്ളികൾ മിഷനറിമാരുടെ തന്തമാർ പണിയിച്ചതാണെന്നും, ഇവിടുത്തെ ജനങ്ങൾ മിഷനറിമാരുടെ അടിമകളും വിടുപണിക്കാരുമാണെന്നും മിഷനറിമാരുടെ അനുവാദംകൂടാതെ പള്ളിക്കാർക്ക് ഇവിടെ ഒന്നും ചെയ്യാൻ സാധിക്കുകയില്ലെന്നും. പക്ഷേ ഞാൻ നിന്നോട് പറയട്ടെ. നീ അത്രയൊന്നും ഉറച്ചിരിക്കണ്ടെ, നിന്റെ ഉപായവും തട്ടിപ്പും കൊണ്ട് ഞങ്ങളുടെ പള്ളിക്കാരിൽ ചിലർ നിന്നെ സേവിച്ചു നിൽക്കുന്നുണ്ടെങ്കിലും ഞങ്ങളുടെ പള്ളികൾ നിന്റെ കാരണവന്മാർ പണിയിച്ചിട്ടുള്ളതൊന്നുമല്ല. ഞങ്ങളെയും ഞങ്ങളുടെ പള്ളികളെയും ആരും നിനക്ക് വിറ്റിട്ടുമില്ല. ഞങ്ങളുടെ യോഗത്തിന് നിന്നെ സ്വീകരിക്കാൻ മനസ്സുണ്ടെങ്കിൽ സ്വീകരിക്കും. മനസ്സില്ലെങ്കിൽ ബലം പ്രയോഗിച്ച് സ്വീകരിപ്പിക്കാൻ നിന്നെക്കൊണ്ടു സാദ്ധ്യമല്ല. ഇതു നല്ലവണ്ണം ധരിച്ചുകൊള്ളുക"** (വർത്തമാനപുസ്തകം: പേജ്, 366). ●

# ആമിനായുടെ ബുദ്ധി
# പൗരസ്ത്യസംഘത്തിന്റെയും!

**ജോസഫ് പുലിക്കുന്നേൽ**

*[ഓശാന മാസികയുടെ 2004 ജൂലൈ ലക്കത്തിൽ പുലിക്കുന്നേൽസാർ തൊടുത്തുവിട്ട ഈ ഫലിതാസ്ത്രം ഇപ്പോഴെങ്കിലും കേരളത്തിലെ മെത്രാന്മാരുടെ ഹൃദയത്തിൽ തുളച്ചുകയറേണ്ടതാണ്]*

ചോദ്യം: പൗരസ്ത്യസംഘത്തിന് സീറോ-മലബാർസഭയുടെമേൽ നൈയാമികമായി അധികാരമൊന്നുമില്ലെന്ന് ജൂൺ മാസത്തിലെ ഓശാനയിൽ എഴുതിയിരുന്നല്ലോ? എന്നാൽ എങ്ങനെയാണ് പൗരസ്ത്യസംഘം ഇന്നും സീറോ-മലബാർ സഭയുടെ മേൽ ആധിപത്യം പുലർത്തുന്നത്? എന്തുകൊണ്ട് നമ്മുടെ മെത്രാന്മാർ ഈ മതകൊളോണിയലിസത്തെ എതിർക്കുന്നില്ല?

ഉത്തരം: ഇതാണ് ആമിനായുടെ ബുദ്ധി! ആമിനാ 12-ാം വയസ്സിൽ കാദർകുട്ടിയെ കല്ല്യാണംകഴിച്ചു.

6 കൊല്ലത്തിനകം ആമിന അഞ്ച് പ്രസവിച്ചു. കാദർകുട്ടി അടുത്തുള്ള പള്ളിയിൽ മുക്രിയാണ്; ഒപ്പം മന്ദബുദ്ധിയും. മുക്രിയുടെ വരുമാനംകൊണ്ട് വീടുപോറ്റാൻ പറ്റാതായി.

അപ്പോഴാണ് തടിക്കച്ചവടക്കാരൻ മൂസാൻകുട്ടി ഗ്രാമത്തിൽ എത്തുന്നത്. ആമിനായ്ക്ക് 18 വയസ്സ്, നല്ല മൊഞ്ചുള്ള കുട്ടി! കിടപ്പറയിൽ ആമിനായുടെ വളകിലുക്കവും അടക്കിപ്പിടിച്ചുള്ള സംസാരവും മൂസാൻകുട്ടിയുടെ ശീൽക്കാരവുംകേട്ട് കാദർകുട്ടി വരാന്തയിൽ ഉറങ്ങാതെ കിടക്കും.

ആമിനയോട് കാദർകുട്ടി ഒരിക്കൽ ചോദിച്ചു: ''ഈ മൂസാൻകുട്ടിയുമായി നിനക്കെന്താ ബന്ധം?"

കാദർകുട്ടിക്ക് ഒരു അലുവാക്കഷണം കൊടുത്തിട്ട് ആമിനാ പറഞ്ഞു: "മൂസാക്കാ തന്നതാ!" കാദർകുട്ടി സ്വാദോടെ അലുവാ തിന്നു.

മക്കൾ ആമിനായോടു ചോദിച്ചു: "മൂസാൻകുട്ടി ഇക്കായുമായി ഉമ്മയ്ക്ക് എന്താ ബന്ധം?"

പിള്ളേർക്ക് ഓരോ കഷണം അലുവാ കൊടുത്തിട്ട് ആമിനാ പറഞ്ഞു: "മൂസാക്കുട്ടി ഇക്കാ തന്നതാ!" പിള്ളേർ സ്വാദോടെ അലുവാ തിന്നു.

അയൽക്കാരി ഖദീജാ ചോദിച്ചു: "മൂസാൻകുട്ടി ഇക്കായുമായി ആമിന യ്ക്ക് എന്താ ബന്ധം?" ഖദീജായ്ക്കും കൊടുത്തു ഒരു അലുവാക്കഷണം. ബന്ധം ചോദിച്ച പാത്തുമ്മായ്ക്കും നബീസയ്ക്കും കൊടുത്തു അലുവാക്കഷണം...... മൂസാൻകുട്ടിയുമായുള്ള ബന്ധത്തെക്കുറിച്ചു ചോദിക്കുന്നവർക്കെല്ലാം ആമിനാ അലുവായും ജിലേബിയും തുടരെ കൊടുത്തുകൊണ്ടിരുന്നു! എല്ലാവർക്കും ബഹുതൃപ്തി

"പൗരസ്ത്യസംഘവുമായി സീറോ-മലബാർസഭയ്ക്ക് എന്താ ബന്ധം?" എന്നു ചോദിക്കുന്നവർക്കു ലഭിക്കുന്ന ഉത്തരമിതാണ്: 'തൃശൂരിലും തലശ്ശേരിയിലും സെമിനാരി പണിയാൻ പണം തന്നത് പൗരസ്ത്യസംഘമല്ലേ? പുറമേ, പള്ളികൾ പണിയാൻ പണം, പിന്നെ വിദേശകുർബാനപ്പണം, പൗരസ്ത്യദൈവശാസ്ത്രം പഠിക്കാൻ പണം; ഇതെല്ലാം തന്നത് പൗരസ്ത്യസംഘമല്ലേ?"

ഇത്തരം എത്രയെത്ര അലുവാക്കഷണങ്ങളാണ് മെത്രാന്മാർ കൈപ്പറ്റിയത് എല്ലാ മെത്രാന്മാരും തൃപ്തർ ആമിനായിൽനിന്നും മെത്രാന്മാർ ഈ തന്ത്രം പഠിച്ചോ, അതോ മെത്രാന്മാരിൽനിന്നും ഈ തന്ത്രം ആമിനാ പഠിച്ചോ? ആർക്കറിയാം?! ●

പ്രതികരണം

# അസാധാരണനായ ഒരു പോരാളി, ധീരനായ ഒരു വഴികാട്ടിയും



ഫാ. ഡാർലി എടപ്പങ്ങാട്ടിൽ

'സഭയിലെ ഭൂമികുംഭകോണവും പുലിക്കുന്നേലിന്റെ ഉയിർത്തെഴുന്നേല്പും' എന്ന ശീർഷകത്തിൽ 'സത്യജ്വാല'യിൽ വന്ന മുഖക്കുറി (ലക്കം: ജനു. 2018) മുഖത്തടിയായി. അന്തരിച്ച ജോസഫ് പുലിക്കുന്നേലിന്റെ ജീവിതത്തെ അപഗ്രഥിച്ചു കുറിച്ച ഓരോ വാക്കും തിരുസഭയ്ക്കുള്ള താക്കീതുമായി. സത്യജ്വാല നൽകുന്ന സൂചനകൾ കണ്ടില്ലാ-കേട്ടില്ലായെന്നു നടിച്ച് സഭ മുന്നോട്ടുപോയാൽ, പൗരോഹിത്യദുഷ്പ്രഭുക്കന്മാർ ഇന്നല്ലെങ്കിൽ നാളെ ജനകീയവിചാരണ നേരിടേണ്ടിവരും. ഓരോ സഭയിലും പൗരോഹിത്യസ്ഥാനികൾ നടത്തുന്ന ഭൂമികുംഭകോണങ്ങളെക്കുറിച്ചും അവിഹിതസ്വത്തു സമ്പാദനത്തെക്കുറിച്ചും ഇച്ഛാശക്തിയുള്ള ഒരു സർക്കാർ അന്വേഷിച്ചാൽ രാഷ്ട്രീയഭിക്ഷാംദേഹികൾപോലും ഞെട്ടിപ്പോകും!



85-ാം വയസ്സിലും യുവാവിന്റെ ഊർജ്ജസ്വലതയോടെ തന്റെ ആദർശങ്ങളിൽ അന്ത്യശ്വാസംവരെ ഉറച്ചുനിന്ന വ്യക്തിയാണ് ജോസഫ് പുലിക്കുന്നേൽ. വിട്ടുവീഴ്ചകൾക്കു തയ്യാറാകുന്നവർ വർദ്ധിച്ചുകൊണ്ടിരിക്കുന്ന കാലഘട്ടത്തിൽ തിരുസഭയിലെ ജീർണ്ണതയ്ക്കെതിരെ അദ്ദേഹം പിൻവാങ്ങാതെ ഉറച്ചുനിന്നു. ഇത്രയധികം മനഃശക്തിയുള്ള മറ്റൊരാളെ കേരളം കണ്ടിട്ടുണ്ടോ? കത്തോലിക്കാസഭയ്ക്കുണ്ടായിരുന്ന ഏക പണ്ഡിതവിമർശകനായിരുന്നു ജോസഫ് പുലിക്കുന്നേൽ. കാനോൻനിയമം ഉൾപ്പെടെയുള്ള എല്ലാ മതവിഷയങ്ങളിലും വിശ്വാസങ്ങളിലും അത്യധികമായ അറിവ് അദ്ദേഹത്തിനുണ്ടായിരുന്നു. ഓശാനമൗണ്ട് എന്ന കാമ്പസ് അദ്ദേഹത്തിന്റെ വിശ്വാസങ്ങൾ വിത്തിട്ട ഭൂമികയാണ്. ഒരിക്കൽ, ഓശാനമൗണ്ട് സന്ദർശിച്ച എനിക്ക് അദ്ദേഹം നൽകിയ ഊഷ്മളസ്നേഹാദരവ് അവിസ്മരണീയമാണ്.

ക്രൈസ്തവപൗരോഹിത്യത്തിന്റെ അപ്രമാദിത്വത്തിനെതിരെ നിരന്തരം ചോദ്യങ്ങളും വിമർശനങ്ങളും ഉന്നയിച്ച പുലിക്കുന്നേൽ കഥാവശേഷനാകുമ്പോൾ, സഭാധികാരത്തിനെതിരായി അരനൂറ്റാണ്ടോളം അദ്ദേഹം നടത്തിയ നീണ്ടപോരാട്ടം നിലയ്ക്കരുത്. അത് 'സത്യജ്വാല'യുടെയും 'ഓശാന'യുടെയും പ്രവർത്തകർ ഏറ്റെടുത്ത് അദ്ദേഹത്തിന്റെ സ്മരണ എന്നും നിലനിർത്തണം. മതനിഷേധമല്ല, മതത്തിന്റെ നവീകരണമാണ് ലക്ഷ്യമെന്ന് ജോസഫ് സാർ എന്നും പറഞ്ഞിരുന്നു. സഭാസംരംഭങ്ങളുടെ നടത്തിപ്പിലുള്ള ക്രമക്കേടുകളെയും അഴിമതിയെയും പൗരോഹിത്യത്തിന്റെ ആഡംബരഭ്രമത്തെയും പൊതുവേദിയിൽ വിമർശിക്കാൻ മുന്നോട്ടുവന്ന അദ്ദേഹത്തിന്റെ അനുയായികളായി 'സത്യജ്വാല' പ്രവർത്തകർ മാറുമെന്ന് പ്രതീക്ഷിക്കുകയാണ്.

"അസാധാരണനായ ഒരു പോരാളി. കത്തോലിക്കാസഭയിലെ പൗരോഹിത്യത്തിനെതിരെ നാവും തൂലികയും ഒരുപോലെ വിനിയോഗിച്ച അതുല്യനായ പോരാളി. സർവ്വശക്തമായ സഭയെ നേർക്കുനേർനിന്ന് ഒറ്റയ്ക്കു ചോദ്യംചെയ്യാൻ ആത്മബലവും ആർജ്ജവവും കാണിച്ചു ധിഷണാശാലി" പ്രമുഖ കഥാകൃത്തും ജോസഫ് സാറിന്റെ സഹോദരീപുത്രനുമായ ശ്രീ. സക്കറിയയുടെ ഈ വിലയിരുത്തലായിരിക്കും ചരിത്രം അദ്ദേഹത്തെക്കുറിച്ച് അടയാളപ്പെടുത്തുക.

നിർദ്ധനരും നിരാലംബരും നിസ്സഹായരുമായ ഏഴകൾക്ക് എന്നും താങ്ങും തണലുമായി നിലകൊണ്ട ജോസഫ് സാറിന്റെ ആശയദർശങ്ങൾ അദ്ദേഹം ഒരു യഥാർത്ഥ ക്രിസ്ത്യാനിയും മനുഷ്യസ്നേഹിയും ആണെന്ന് തെളിയിച്ചു. "വേർഡ്സ് ആർ മോർ പവർഫുൾ ദാൻ വെപ്പൺസ്" എന്ന ആപ്തവാക്യത്തെ നേരോടെ, നിർഭയം, നിരന്തരം 39 വർഷം മുടങ്ങാതെ പ്രസിദ്ധീകരിച്ച 'ഓശാന' മാസികയിലൂടെ വായനക്കാരെ അറിയിച്ചു. മറ്റൊരു പ്രസിദ്ധീകരണത്തിനും സ്വപ്നം കാണാൻ പോലും കഴിയാത്തത്ര പരമാർത്ഥങ്ങളും സംഭവങ്ങളും നേരായ വിവരങ്ങളും ജനശ്രദ്ധയിൽ കൊണ്ടുവരാൻ സാറിന് കഴിഞ്ഞുവെന്നത് ചില്ലറക്കാര്യമല്ലെന്നു നാം ഓർക്കണം. 'ഓശാന' മലയാളികൾക്ക് നൽകിയ ഏറ്റവും വിലപ്പെട്ട സംഭാവനയാണ് ഓശാന ബൈബിൾ എന്നതും പ്രത്യേകം പ്രസ്താവ്യമാണ്.

ഇത്രയേറെ സങ്കീർണ്ണവും സംഭവബഹുലവും അനുഭവസമ്പന്നവുമായ ഒരു സാഹസികജീവിതജൈത്രയാത്രയ്ക്കു ഭാഗ്യമുണ്ടായ ക്രൈസ്തവലോകത്തെ ഏകവ്യക്തി ജോസഫ് പുലിക്കുന്നേലായിരിക്കുമെന്ന കാര്യത്തിൽ ഒരു സംശയവും ഇല്ല. അദ്ദേഹത്തിന്റെ അനിതരസാധാരണകഴിവും കാര്യശേഷിയും മഹത്വവും മേന്മയും മഹിമയും നന്മയും എല്ലാം അതർഹിക്കുന്ന ഗൗരവത്തോടും പ്രാധാന്യത്തോടുംകൂടി ഉൾക്കൊള്ളാൻ കത്തോലിക്കാസഭയ്ക്കു കഴിഞ്ഞില്ലല്ലോ എന്ന ദുഃഖം അവശേഷിക്കുന്നു!

ഫോൺ: 0484-2740515

# ‘ചർച്ച് ആക്റ്റ് ’
## (അപ്പ. പ്രവ. 6:2-5)
# വരണം



**ഫാ. ജിമ്മി പൂച്ചക്കാട്ട്**

*[2018 ജനു. 10-ലെ ‘സത്യദീപ’ത്തിൽവന്ന ലേഖനമാണിത്. ഇതിൽ ഒളിഞ്ഞുകിടക്കുന്ന പുരോഹിതകുരുട്ടുബുദ്ധി ചൂണ്ടിക്കാണിക്കാൻ ഇതു പ്രസിദ്ധീകരിക്കുന്നു. എഡിറ്ററുടെ പ്രതികരണം ലേഖനത്തെത്തുടർന്ന് കാണുക.]*

സഭയിൽ ഭൂമിയെയും സമ്പത്തിനെയുംപറ്റിയായിരുന്നു ഈ കാലഘട്ടത്തിൽ ചർച്ചകളും തർക്കങ്ങളും. അതിന്റെ ന്യായാന്യായങ്ങളൊന്നും ഈ കുറിപ്പിന്റെ ലക്ഷ്യമല്ല. എന്നാൽ ഇതുമായി ബന്ധപ്പെട്ട് കൃത്യമായ നിയമസംഹിതവേണം (Church Act), അതുണ്ടാക്കണം എന്നെല്ലാം അഭിപ്രായം വന്നു. കത്തോലിക്കാസഭയിൽ ഉള്ളതിനെക്കാൾ കൃത്യമായ നിയമം മറ്റെവിടെയാണുള്ളത്. നിയമമുള്ളതുകൊണ്ടാണ് അതു ചോദ്യം ചെയ്യപ്പെടുന്നത്. ഡോക്ടർ അംബേദ്കറുടെ വാക്കുകൾ പ്രസക്തമാണ്. എന്നെങ്കിലും ഈ ഇന്ത്യൻ ഭരണഘടന പരാജയപ്പെട്ടേക്കാം. അത് ഇതിലെ നിയമങ്ങൾ മോശമായതുകൊണ്ടല്ല. മറിച്ച്, അതു പാലിക്കാൻ അവർക്കു സാധിക്കാതെ പോകുന്നതുകൊണ്ടാണ്. സഭയുടെ കാനോനിക നിയമസംഹിതയും ഇതിലേറെ ഉറപ്പും ബലവും സംരക്ഷണവും നൽകുന്നതാണ്. ഇതിനെ വെല്ലുന്ന ഒരു നിയമത്തെപ്പറ്റി ചിന്തിക്കുന്നതുതന്നെ അതിരു കടന്നതാണ്.

എന്നാൽ സഭയുടെ കാനോനിക നിയമസംഹിതയ്ക്കുംമുമ്പ്, അതിനേക്കാൾ ഉപരിയായ ഒരു സഭാനിയമം അപ്പസ്തോലപ്രവർത്തനം ആറാം അദ്ധ്യായം രണ്ടു മുതൽ അഞ്ചുവരെ വാക്യങ്ങളിലുണ്ട്. അത് ആദിമ ക്രൈസ്തവസഭയുടെ ചർച്ച് ആക്റ്റ് ആണ്. ഒരു നിയമം എന്നതിലുപരി അപ്പസ്തോലന്മാർ കൈക്കൊണ്ട ജീവിതശൈലിയാണത്. ഇന്ന് അപ്പസ്തോലന്മാരുടെ പിൻഗാമികളായ മെത്രാന്മാരും അവരുടെ സഹകാരികളായ പുരോഹിതരും കാത്തുസൂക്ഷിക്കണമെന്ന് സഭ ആഗ്രഹിക്കുന്ന ചർച്ച് ആക്റ്റ്. സമർപ്പിതസമൂഹവും വചനാധിഷ്ഠിത ജീവിതം നയിക്കുന്ന വിശ്വാസസമൂഹവും ശിരസാവഹിക്കേണ്ട ജീവിതനിയമം.

അപ്പസ്തോലന്മാർ പൂർണമായും നിരന്തരമായ പ്രാർത്ഥനയിലും വചനശുശ്രൂഷയിലും വ്യാപരിക്കുന്ന രീതി (അപ്പ. പ്രവ. 6:4). വചനത്തിന്റെ ശുശ്രൂഷയിലായിരിക്കേണ്ടയാൾ അതിൽ ശ്രദ്ധിക്കാതെ തീൻമേശയുടെയോ, വയറിന്റെയോ, വയറ്റിപ്പിഴപ്പിന്റെയോ ശുശ്രൂഷകരാകേണ്ടതില്ല എന്നാണ് അപ്പസ്തോലന്മാരുടെ നിഗമനം (cf. അപ്പ. പ്രവ. 6:2). ഈ അഭിപ്രായം വിശ്വാസസമൂഹത്തിനു മുഴുവൻ ഇഷ്ടപ്പെട്ടത്രേ (അപ്പ. പ്രവ. 6:5). ഇന്നും ഇത് ആർക്കാണ് ഇഷ്ടപ്പെടാത്തത്. പള്ളിപണിയിക്കുന്ന അച്ചനെക്കാൾ പ്രാർത്ഥിക്കുന്ന അച്ചനെയല്ലേ ജനം ഇഷ്ടപ്പെടുന്നത്. പള്ളിപണിയുമ്പോഴും പ്രാർത്ഥന മുടക്കാത്തവരെയാണ് അവർ പ്രതീക്ഷിക്കുന്നത്.

ബലിയർപ്പിക്കാനുള്ള വസ്തുക്കൾ വിൽക്കാനും നാണയം മാറ്റാനും ഇരുന്നവർ ദേവാലയം പോലും കവർന്നെടുക്കുന്ന അവസ്ഥയ്ക്കെതിരെ യേശു ചാട്ടവാറെടുത്തു (യോഹന്നാൻ 2:13). വിജാതീയരുടെ സ്ഥലത്ത് (Court of Gentiles-മോണ്ടളം) കടന്നു എന്നത് ഭീമമായ കുറ്റമായി അവൻ ആരോപിക്കുമ്പോൾ ഇന്ന് പള്ളിക്കകത്തും മദ്ബഹായിലും കച്ചവടമോ കച്ചവടകാര്യങ്ങളുടെ വിശദീകരണമോ ഭീമമായി ഉള്ളിടത്ത് ഈശോ ഉണ്ടോ ആവോ? ഞങ്ങൾ ദൈവവചനശുശ്രൂഷയിൽ ഉപേക്ഷ കാണിച്ച്, ഭക്ഷണമേശകളിൽ ശുശ്രൂഷിക്കുന്നതു ശരിയല്ല എന്ന് ഉറക്കെപ്പറയാനുള്ള ആർജ്ജവം അപ്പസ്തോലന്മാരുടെ പിൻഗാമികൾക്കും അവരുടെ സഹശുശ്രൂഷകർക്കും ലഭിക്കട്ടെ.

സ്ഥാവരജംഗമങ്ങളോടുള്ള അതിരറ്റ അടുപ്പവും സ്നേഹവും ക്രിസ്തുശിഷ്യനു ഭൂഷണമല്ല എന്നും അതിനായി നടത്തുന്ന കള്ളത്തരങ്ങൾ മരണത്തോളം വില നൽകേണ്ടതാണെന്നും വചനം പഠിപ്പിക്കുന്നു. പറമ്പു നിന്റെ സ്വന്തമായിരുന്നില്ലേ? വിറ്റു കിട്ടിയതും നിന്റെ അധീനതയിലായിരുന്നില്ലേ? ഈ പ്രവൃത്തി ചെയ്യാൻ നിന്നെ പ്രേരിപ്പിച്ചതെന്താണ്? നീ വ്യാജം പറഞ്ഞത് മനുഷ്യനോടല്ല ദൈവത്തോടാണ് (അപ്പ. പ്രവ. 5:3-4).

സഭയുമായി ബന്ധമുള്ള ഏതു സ്ഥലത്തും ഒരു നിയമനമോ, ഒരു കമ്മിറ്റിയിലേക്ക് നോമിനേഷനോ വേണ്ടിവന്നാൽ പ്രധാനി എന്ന മട്ടിൽ അതിലേക്ക് കടന്നു കയറുന്നത് ആത്മാക്കളെ ശുശ്രൂഷിക്കുന്നവരോ സഭയുടെ സ്ഥാവരജംഗമങ്ങളുടെ കാവൽക്കാരോ? എന്നാൽ ഇന്ന് ഇടവകയായാലും രൂപതയായാലും സ്ഥലവും സ്ഥാപനങ്ങളും സ്ഥാവരജംഗമങ്ങളുമാണ് ഒന്നാം സ്ഥാനത്ത് എന്നു തോന്നുന്നുണ്ടെങ്കിൽ ഞങ്ങൾ പ്രാർത്ഥനയിലും വചനശുശ്രൂഷയിലും നിരന്തരം വ്യാപരിച്ചുകൊള്ളാം എന്ന് അപ്പസ്തോലന്മാരെപ്പോലെ ഏറ്റുപറയാനുള്ള സമയം അതിക്രമിച്ചിരിക്കുന്നു.

ജനം കൈകാര്യം ചെയ്യുകയും കാത്തുസൂക്ഷിക്കുകയും ചെയ്യുന്ന ഭൗതികസമ്പത്തിന്റെ അവസാനവാക്കും കൈയൊപ്പുമായി മനഃസാക്ഷിയുടെ മതിൽക്കെട്ടിനുള്ളിൽ ഉറച്ച വിശ്വാസവും ധാർമ്മികബോധവുമായി പൗരോഹിത്യ അജപാലന നേതൃത്വം നിൽക്കുമ്പോഴാണ് ക്രൈസ്തവ നിയമസംഹിത കരുത്തുറ്റതാവുന്നത്. അവസാനവാക്കാകേണ്ടവർ ആദ്യംമുതലേ ഇടപെടുമ്പോൾ വിശ്വാസസമൂഹം പറയുന്നു, ഇവർ ആത്മീയരല്ല ഭൗതികരാണെന്ന്!

പകരം ആരെ ഏല്പിക്കണം എന്നും വചനം വ്യക്തമാക്കുന്നുണ്ട്. ആഗ്രഹിച്ചുവരുന്നവരെയോ ഇതിനായി മുറവിളി കൂട്ടുന്നവരെയോ അല്ല മറിച്ച് ‘വിശ്വാസവും പരിശുദ്ധാത്മാവും നിറഞ്ഞവരെ’ പ്രത്യേകം കണ്ടെത്തണം (അപ്പ. പ്രവ. 6:5).

▸▸

അവസാനമായി ഒരു സംഭവംകൂടി. കർദ്ദിനാൾ വർക്കി വിതയത്തിൽ പിതാവിന്റെ സെക്രട്ടറിയായിരിക്കുന്ന കാലം. പിതാവിനൊപ്പം ഒരു മിണ്ടാമഠം സന്ദർശിക്കുമ്പോൾ അവരോടു ഞാൻ ചോദിച്ചു, ഈ ലോകത്ത് ഇത്രയേറെ കണ്ടുപിടുത്തങ്ങളും വികസനപ്രവർത്തനങ്ങളും എല്ലാം ഉണ്ടായിട്ട് അതെല്ലാം മോശമാണ് എന്നു പറഞ്ഞ് ഒരു ആയുഷ്കാലം മുഴുവൻ ഇങ്ങനെ മിണ്ടാമഠത്തിൽ കഴിയാൻ നിങ്ങൾക്ക് എങ്ങനെ സാധിക്കുന്നു. മറുചോദ്യം പെട്ടെന്ന് വന്നു-ഈ ലോകത്തിലുള്ളതെല്ലാം മോശമാണെന്ന് ഞങ്ങൾ പറഞ്ഞു എന്ന് അച്ചനോട് ആരു പറഞ്ഞു. തൊട്ടടുത്തിരുന്ന ക്രൂശിത രൂപത്തിൽ പിടിച്ചിട്ട് ആ സിസ്റ്റർ പറഞ്ഞു ഈ ലോകത്തിലുള്ളതെല്ലാം നല്ലതാണച്ചോ. എന്നാൽ അതിനേക്കാൾ നല്ല ഒരു സംഗതി ഞങ്ങൾ കണ്ടുമുട്ടിയപ്പോൾ മറ്റുള്ളതെല്ലാം ഞങ്ങൾ വേണ്ടെന്നു വച്ചതാണ്!

പള്ളിപണിയും പണപ്പിരിവും സ്ഥലവും സ്ഥാവര ജംഗമവും എല്ലാം നല്ലതാണ്. ഇതെല്ലാം മോശമാണെന്നോ ഇത്രയും വലിയസമൂഹത്തിന് പള്ളിയോ സ്ഥലമോ ആസ്തിയോ ഒന്നും വേണ്ട എന്നോ ഉള്ള കപടവിപ്ലവമോ അല്ല ഇവിടെ കുറിക്കുന്നത്. എന്നാൽ മിണ്ടാമഠത്തിലെ സിസ്റ്റർ പറയുംപോലെ അതിനെക്കാൾ നല്ലതായ ഈശോയ്ക്കും അവന്റെ വചനപ്രഘോഷണത്തിനും അജപാലനശുശ്രൂഷയ്ക്കും പ്രാർത്ഥനയ്ക്കുമായി മറ്റതെല്ലാം വേണ്ടെന്നുവയ്ക്കുന്ന ചർച്ച് ആക്റ്റ് (അപ്പ. പ്രവ. 6:2-5) എവിടെയെങ്കിലും പരാജയപ്പെടുന്നുണ്ടെങ്കിൽ അവിടെ വിനാശത്തിന്റെ അശുദ്ധലക്ഷണം നിൽക്കരുതാത്തിടത്തു നിൽക്കുന്നതു നാം കണ്ടുകൊണ്ടിരിക്കുന്നു (മർക്കോസ് 13:14). പൈശാചികതയുടെ പിടിയിലായാൽ അർത്ഥമില്ലാത്തതും യാഥാർത്ഥ്യമില്ലാത്തതുമായ പല ആരോപണ പ്രത്യാരോപണങ്ങളിലൂടെയും സഭയെ ഛിന്നഭിന്നമാക്കാൻ അവൻ അത്യുത്സാഹം കാട്ടുന്നതും ഈ കാലത്തിന്റെ കണ്ണാടിയിലൂടെ നാം നോക്കിക്കാണേണ്ട സത്യം മാത്രമാണ്.

**പ്രതികരണം**

*-സഭയിലെ ഭൂമികുംഭകോണപശ്ചാത്തലത്തിൽ, ചർച്ച് ആക്ട് പ്രാബല്യത്തിൽ കൊണ്ടുവരേണ്ടതിന്റെ ആവശ്യകതയെക്കുറിച്ചുള്ള ചിന്തകളും ചർച്ചകളും വിശ്വാസിസമൂഹത്തിൽ വ്യാപകമാവുകയാണ്. അതിനെ പ്രതിരോധിക്കാൻ വഴികാണാതെ, ചർച്ച് ആക്ടിനെ അനുകൂലിക്കുന്നു എന്നു തോന്നിപ്പിച്ച്, 'കത്തോലിക്കാസഭയിൽ ഉള്ളതിനേക്കാൾ കൃത്യമായ നിയമം മറ്റെവിടെയാണുള്ളത്' എന്നു ചിന്തിപ്പിക്കുകയാണിവിടെ, സഭാവക്താവുകൂടിയായ ഫാ. ജിമ്മി പൂച്ചക്കാട്ട്. 'സഭയുടെ കാനോനികനിയമസംഹിത ഉറപ്പും ബലവും സംരക്ഷണവും നൽകുന്നതാണ'ത്രെ! 'അതിനെ വെല്ലുന്ന ഒരു നിയമത്തെപ്പറ്റി ചിന്തിക്കുന്നതുതന്നെ തെറ്റാണു'പോലും!*

*എങ്കിൽപ്പിന്നെ എന്തിനാണാവോ, അപ്പോസ്തല പ്രവർത്തനം 6-ാം അദ്ധ്യായം 2 മുതൽ 5 വരെയുള്ള വാക്യങ്ങളുദ്ധരിച്ച് അത് ആദിമസഭയുടെ ചർച്ച് ആക്ടായിരുന്നു എന്നു പറഞ്ഞ് അതേക്കുറിച്ചു ചിന്തിച്ചത്? വചനത്തിന്റെ ശുശ്രൂഷയിലായിരിക്കേണ്ടയാൾ അതിൽ ശ്രദ്ധിക്കാതെ തീൻമേശയുടെയോ വയറിന്റെയോ വയറ്റിപ്പിഴപ്പിന്റെയോ ശുശ്രൂഷകരാകേണ്ടതില്ല എന്നതായിരുന്നു. അപ്പസ്തോലന്മാരുടെ നിഗമനം എന്നു പറഞ്ഞ് അതിന് കാനോനികനിയമസംഹിതയെക്കാൾ ഉറപ്പും ബലവുമുണ്ടെന്ന് ധ്വനിപ്പിച്ചത് എന്തുകൊണ്ട്? ഇന്ന് അപ്പസ്തോലന്മാരുടെ പിൻഗാമികളായ മെത്രാന്മാരും അവരുടെ സഹകാരികളായ പുരോഹിതരും കാത്തുസൂക്ഷിക്കണമെന്ന് സഭ ആഗ്രഹിക്കുന്ന ചർച്ച് ആക്ട് ആണത് എന്നു പറഞ്ഞ് അതു കാനോനികനിയമത്തെ വെല്ലുന്നതാണ് എന്നു സൂചിപ്പിച്ചതെന്തിനാണ്?*

*പരസ്പരവിരുദ്ധങ്ങളായ ആശയങ്ങളെ കൂട്ടിക്കെട്ടി, 'അതുതാനല്ലയോ ഇത്' എന്നു ജനങ്ങളെ തെറ്റിദ്ധരിപ്പിക്കുന്നതിലുള്ള പുരോഹിതമിടുക്കാണിവിടെ ഫാ. പൂച്ചക്കാട്ട് പ്രദർശിപ്പിച്ചിരിക്കുന്നത് എന്നു പറയേണ്ടിവരുന്നു. അല്ലെങ്കിൽ പുരോഹിതവിഭാഗത്തിനുമാത്രം 'ഉറപ്പും ബലവും സംരക്ഷണവും' നൽകുന്ന പുരോഹിത നിർമ്മിത കാനോൻ നിയമത്തെ, 'കോൺസ്റ്റന്റൈന്റെ ദാനം' എന്ന കള്ളരേഖയെ അടിസ്ഥാനമാക്കി മാർപാപ്പയുടെയും മെത്രാന്മാരുടെയും ഭൗതികമായ അധികാരാവകാശങ്ങൾ ഉറപ്പിക്കുന്ന കാനോൻനിയമത്തെ, മറ്റെവിടെയുമില്ലാത്തത്ര 'കൃത്യമായ നിയമ'മെന്ന് എങ്ങനെ അദ്ദേഹത്തിനു പറയാൻ കഴിഞ്ഞു? കാനോൻനിയമത്തിന്റെ ഉപജ്ഞാതാവായ ഗ്രേഷ്യൻ അതിനാധാരമാക്കിയ 324 രേഖകളിൽ 313-ഉം വ്യാജരേഖകളായിരുന്നുവെന്ന് തെളിയിക്കപ്പെട്ടതാണെന്ന വസ്തുത (കാണുക, ഫാ. ഹാൻസ് കുങ്ങിന്റെ -* 'Infallible' *പേജ് 95) ഫാ. പൂച്ചക്കാട്ടിന് അറിയില്ലെന്നുണ്ടോ? 'നിങ്ങളുടെയിടയിൽ അധികാരികളുണ്ടായിരിക്കരുത്' (മത്താ. 20:25-28). എന്നു കല്പിച്ച യേശുവിന്റെപേരിൽ, "തനിക്കു ഭരമേല്പിക്കപ്പെട്ടിരിക്കുന്ന രൂപതയെ നിയമനിർമ്മാണ, നിയമവ്യാഖ്യാന, ഭരണനിർവ്വഹണാധികാരങ്ങളോടുകൂടി മെത്രാന്മാർ ഭരിക്കുന്നു" (പൗരസ്ത്യകാനോൻനിയമം 191-ാം വകുപ്പ്) എന്നു പ്രഖ്യാപിക്കുന്ന സർവ്വാധിപത്യ കാനോൻനിയമത്തിലെ ക്രിസ്തുനിഷേധം കാണാനാവാത്തവിധം ബൗദ്ധികാന്ധത ബാധിച്ചുവോ അദ്ദേഹത്തിന്? കാനോൻനിയമത്തെയും സഭാഭരണം സംബന്ധിച്ച അപ്പോസ്തലരുടെ പ്രമാണരേഖ (അപ്പോ. പ്രവ. 6:2-5)യെയും ചർച്ച് ആക്ടിനെയുമെല്ലാം എന്തിനോ വേണ്ടി വളരെ പുരോഗമനപരം എന്ന നാട്യത്തിൽ കൂട്ടിക്കുഴയ്ക്കുകയാണദ്ദേഹം. ഭൂമികുംഭകോണം കണ്ട് ഞെട്ടിയുണർന്ന വിശ്വാസിസമൂഹം നിയമപരിഷ്കരണ കമ്മീഷൻ നിയമമാക്കാൻ ശിപാർശചെയ്ത് ഗവൺമെണ്ടിനു നൽകിയിരിക്കുന്ന* 'The Kerala Christian Church Properties and Institutions Trust Bill' *എന്ന ചർച്ച് ആക്ടിലേക്കു തിരിയുന്നു എന്നു കണ്ട്, 'ഇതാ, ചർച്ച് ആക്ട്' എന്നു വിളിച്ചുപറഞ്ഞ് അവരുടെ ശ്രദ്ധതിരിക്കാൻ നോക്കുകയാണദ്ദേഹം.*

*പൂച്ചക്കാട്ടച്ചന്റെ അറിവിനായി പറയട്ടെ, താങ്കൾ അപ്പ. പ്രവ. 6:2-5-ൽ ചൂണ്ടിക്കാണിക്കുന്ന അതേ 'ചർച്ച് ആക്ടാ'ണ്, അതിന്റെ സാരാംശത്തിൽ നിയമപരിഷ്കരണക്കമ്മീഷൻ ഗവൺമെണ്ടിനു സമർപ്പിച്ചിരിക്കുന്ന ചർച്ച് ആക്ടും. കാരണം, അപ്പോസ്തലന്മാർ പ്രഖ്യാപിച്ച അതേ 'ചർച്ച് ആക്ടാ'യിരുന്നു, 'മാർത്തോമ്മായുടെ മാർഗ്ഗവും വഴിപാടും' എന്ന പേരിൽ 16 നൂറ്റാണ്ടുകാലം നിലനിന്നിരുന്നത്. അതിൻപ്രകാരം മൂന്നു തട്ടു*

# ‘സത്യദീപ’ത്തിൽനിന്ന് രണ്ട് ഉദ്ധരണികൾ

*[‘സീറോ-മലബാർ സഭയുടെ ഔദ്യോഗിക ജിഹ്വ ആയിരിക്കുമ്പോഴും, സഭാധികാരത്തിന്റെ വഴിവിട്ട പോക്കിനെതിരെ ‘സത്യദീപം’ എടുക്കുന്ന ധീരമായ നിലപാടുകളെ മാനിക്കുന്നതിനായി, അതിൽ സമീപകാലത്തുവന്ന ലേഖനങ്ങളിൽനിന്ന് രണ്ട് ഉദ്ധരണികൾ പ്രസിദ്ധീകരിക്കുന്നു.’]*

## ഒന്ന്

(*‘ജൂബിലി നല്കുന്ന രണ്ടു വെളിച്ചങ്ങൾ’ എന്ന ശീർഷകത്തിൽ, 2018 ജനു. 17-ലെ ‘സത്യദീപ’ത്തിൽവന്ന എഡിറ്റോറിയലിൽനിന്ന് ഒരുഭാഗം*)

“......ക്രയവിക്രയങ്ങളിലെ ക്രമക്കേടുകളെക്കുറിച്ചു വിശദമായി അന്വേഷിക്കാൻ വിദഗ്ദ്ധരടങ്ങുന്ന ഒരു കമ്മീഷൻ അതിരൂപതയ്ക്കകത്തുനിന്നും അഞ്ചു മെത്രാന്മാരടങ്ങുന്ന ഒരു കമ്മിറ്റി സീറോ-മലബാർ മെത്രാൻ സിനഡിന്റെ ഭാഗത്തുനിന്നും ഉണ്ടായത് ശ്ലാഘനീയമാണ്. വസ്തുതകളെ മൂടിവയ്ക്കാനും തെറ്റുകളെ ഒതുക്കിത്തീർക്കാനുമല്ല ഹൃദയം തുറന്നുള്ള ഏറ്റുപറച്ചിലുകൾക്കും തുടർനടപടികൾക്കും ക്ഷതം പരിഹരിക്കാനുള്ള കൂട്ടായ പരിശ്രമങ്ങൾക്കും ഇവരുടെ ഇടപെടലുകൾ ഉപകരിക്കണം.

പിഴവുകൾ പറ്റിയെന്ന ആത്മാർത്ഥതയോടെയുള്ള മാർപാപ്പമാരുടെ ഏറ്റുപറച്ചിലുകൾ ചരിത്രത്തിൽ സഭയുടെ യശസ്സ് ഉയർത്തിയിട്ടേയുള്ളൂ. സഭ വിശുദ്ധരുടെ മാത്രമല്ല, വിശുദ്ധി ആഗ്രഹിക്കുന്ന പാപികളുടേതു കൂടിയാണെന്ന് അത്തരം കുമ്പസാരങ്ങൾവഴി ലോകം തിരിച്ചറിഞ്ഞതുമാണ്. മറകളില്ലാതെയുള്ള ഏറ്റുപറച്ചിൽ കുറവുകളെ നിറവുകളിലേക്കുള്ള ചവിട്ടുപടികളാക്കുന്നു.

സാമൂഹികമാധ്യമങ്ങളിലും ചാനലുകളിലും ഈ പ്രശ്നത്തെക്കുറിച്ച് അതിരുവിട്ട അനവധി അഭിപ്രായപ്രകടനങ്ങളും സത്യവിരുദ്ധപ്രസ്താവനകളും ഉണ്ടായിട്ടുണ്ട്. ഇത്തരം പ്രകടനങ്ങൾ എല്ലാ വിഷയങ്ങളെക്കുറിച്ചും നാം കാണുന്നതാണ്. എങ്കിലും സംഭവിച്ച കാര്യങ്ങളെയും വസ്തുതകളെയും തെറ്റുകളെയും പൊതുജനമദ്ധ്യത്തിൽ കൊണ്ടുവന്നു വിഴുപ്പലക്കരുത് എന്നു പറയുമ്പോൾത്തന്നെ, തുറന്നുപറയേണ്ട യാഥാർത്ഥ്യങ്ങൾ മറച്ചുപിടിക്കുന്നതും കാലത്തിനു യോജിച്ചതല്ല. സാമാന്യബുദ്ധിയുള്ളവർക്കൊക്കെ കാര്യങ്ങൾ അറിയാമെന്നിരിക്കെ, സഭയുടെ പ്രതിച്ഛായയെക്കുറിച്ചും സൽപ്പേരിനെക്കുറിച്ചും ആകുലപ്പെട്ടു യാഥാർത്ഥ്യത്തെ തമസ്കരിക്കുന്നതു ശരിയല്ല.

കാലിത്തൊഴുത്തിൽ ദരിദ്രനായി ജനിച്ചു ദരിദ്രനായി ജീവിച്ചു കുരിശിൽ ദരിദ്രനായി മരിച്ച ക്രിസ്തുവിന്റെ മണവാട്ടിയാണു സഭ. മണവാളനെ മറന്നു സമ്പന്നയാകാൻ തിരുസഭ എപ്പോഴൊക്കെ ശ്രമിച്ചിട്ടുണ്ടോ അപ്പോഴൊക്കെ സഭ പ്രതിസന്ധിയുടെ പ്രതിക്കൂട്ടിലായിട്ടുണ്ട്. ഈ മണവാട്ടിക്കുണ്ടാകേണ്ട ദാരിദ്ര്യാരൂപി തിരിച്ചുപിടിക്കാൻ ദൈവം കാലാകാലങ്ങളിൽ അയയ്ക്കുന്ന ആമോസുമാരെ തിരിച്ചറിയാൻ സഭയുടെ ജൂബിലി വർഷത്തിലെ ഈ പ്രതിസന്ധിക്കാലം നമ്മെ സഹായിക്കട്ടെ..”

## രണ്ട്

(*2018 ജനു. 31-ലെ സത്യദീപ’ത്തിൽ, ‘സുറിയാനി ക്രൈസ്തവരുടെ സുതാര്യത: ഒരു വീണ്ടുവിചാരം’ എന്ന ശീർഷകത്തിൽ ഡോ. ഇഗ്നേഷ്യസ് പയ്യപ്പിള്ളി എഴുതിയ ലേഖനത്തിൽനിന്ന് ഒരു ഭാഗം*)

“...ഭൂരിഭാഗം സുറിയാനി ക്രൈസ്തവദേവാലയങ്ങളിലും ഇരുപതാം നൂറ്റാണ്ടിന്റെ ഉത്തരാർദ്ധംവരെ കണക്കെഴുതിയിരുന്നത് (കണക്കപ്പിള്ളമാർ) ഹൈന്ദവരായ പിള്ളമാരോ മേനോൻമാരോ ആയിരുന്നുവെന്ന് താളിയോലകളിൽ നിന്നും കണക്കു പുസ്തകങ്ങളിൽ നിന്നും വ്യക്തമാണ്. എഴുത്തോലകളിൽ ഒരു പ്രധാനപ്പെട്ട ഇനം നാൾവഴി (Day Book) ആണ്. സംഖ്യയുടെ ഏറ്റവും ചെറിയ അംശം (fraction) പോലും കണക്കുകളിൽ രേഖപ്പെടുത്തിയിരുന്നു. സാധാരണ കാൽ (1/4); അര (1/2); മുക്കാൽ (3/4) എന്നീ ഭിന്നസംഖ്യകൾ രേഖപ്പെടുത്തുക സ്വാഭാവികം. എന്നാൽ പള്ളിക്കണക്കുകളിൽ കാണുന്ന ഭിന്നസംഖ്യകൾ കൗതുകം ജനിപ്പിക്കുന്നവയാണ്. ഉദാഹരണമായി അരയ്ക്കാൽ (1/8 = 0.125), മകാണി (1/16 = 0.0625), മുണ്ടാണി (1/32 = 0.03152) എന്നീ ▸▸

---

*കളുള്ള പള്ളിയോഗങ്ങളായിരുന്നു, ഇടവകകളുടെയും പല ഇടവകകൾ ചേർന്ന പ്രാദേശികസഭാകൂട്ടായ്മകളുടെയും ആകമാന നസ്രാണിസഭയുടെയും ഭൗതികഭരണം നിർവ്വഹിച്ചിരുന്നതെന്ന്, ഇപ്പോഴത്തെ തൃശൂർ ആർച്ചുബിഷപ്പ് മാർ ആൻഡ്രൂസ് താഴത്തിന്റെ* ‘Law of Thomas’ *എന്ന ഗ്രന്ഥത്തിൽനിന്നും പ്രസിദ്ധരായ മറ്റു സഭാചരിത്രകാരന്മാരുടെ ഗ്രന്ഥങ്ങളിൽനിന്നും മനസ്സിലാക്കാൻ കഴിയും. ഒരു ജനാധിപത്യഗവൺമെന്റ് മതസമൂഹങ്ങൾക്കുവേണ്ടി നിയമം നിർമ്മിക്കുന്നത്, ആ മതസമൂഹത്തിൽ നിലനിന്നിരുന്ന ആദരണീയ പാരമ്പര്യങ്ങളെ അടിസ്ഥാനമാക്കിയാണ്. നിർദ്ദിഷ്ട ചർച്ച് ആക്ട് പരിശോധിച്ചാൽ, അത് നസ്രാണി പള്ളിയോഗപാരമ്പര്യത്തിന്റെ കാലാനുസൃത പുനരാവിഷ്കാരമാണെന്ന് ആർക്കും കാണാം. ഇടവകകളിൽനിന്നു തിരഞ്ഞെടുക്കപ്പെടുന്നവരുടെ പ്രതിനിധികളടങ്ങിയവരുടെ മൂന്നു തട്ടുകളിലുള്ള ട്രസ്റ്റ് കമ്മിറ്റികൾ-ഇടവക ട്രസ്റ്റുകമ്മിറ്റി, രൂപതാ ട്രസ്റ്റ് കമ്മിറ്റി, സംസ്ഥാനതല ട്രസ്റ്റുകമ്മിറ്റി-ഇടവകയുടെയും രൂപതയുടെയും മൊത്തം സഭയുടെയും ഭൗതികഭരണം നിർവ്വഹിക്കുന്നു.*

*ആദിമസഭയിലെ അപ്പോസ്തലപാരമ്പര്യത്തെ മാനിക്കുന്ന ഫാ. പൂച്ചക്കാട്ടിന് അതിനോടും ഭാരതനസ്രാണിസഭാപാരമ്പര്യത്തോടും ചേർന്നുപോകുന്ന ആധുനിക ചർച്ച് ആക്ടിനോട് വിരോധം തോന്നേണ്ട കാര്യമൊന്നുമില്ല.കാനോൻനിയമത്തിന്റെ ഭാരം ആ തലയിൽനിന്ന് എടുത്തുമാറ്റണം എന്നുമാത്രം!*

**-എഡിറ്റർ**

ഭിന്നസംഖ്യകൾ. പള്ളിക്കണക്കുകളിൽ പുലർത്തിയിരുന്ന സുതാര്യതയും സത്യസന്ധതയും ഏറ്റവും പ്രകടമായ ഉദാഹരണങ്ങളാണിവ.

നാൾവഴി താളിയോലകളിൽ എഴുതിയിരിക്കുന്ന കാലത്തുപോലും രശീതി എഴുതിക്കൊടുക്കുന്ന പതിവുണ്ടായിരുന്നു. നാൾവഴി ഓലയുടെ കൂട്ടത്തിൽ രശീതികളായി എഴുതിയ ഓലകളും കൂട്ടിച്ചേർത്ത് ചുരുണങ്ങളായിട്ടാണ് നാൾവഴി ഓലകൾ സൂക്ഷിച്ചിരുന്നത്. മാത്രമല്ല, കണക്കുകൾ ഓലയിൽ എഴുതിയിരുന്നപ്പോൾ ഒരേ കണക്കിന്റെ മൂന്നു കോപ്പികൾ വീതം തയ്യാറാക്കിയിരുന്നു. രശീതിയും അങ്ങനെതന്നെ. മൂന്നു കോപ്പികളിൽ ഒന്ന് വികാരിയുടെ പക്കലും മറ്റൊന്ന് കൈക്കാരന്മാരുടെ (പ്രത്യേകിച്ചും നടത്തു കൈക്കാരന്റെ) പക്കലും മൂന്നാമത്തേത് പള്ളിയിലെ മേൻപൂട്ടിലുമാണ് സൂക്ഷിച്ചിരുന്നത്. മേൻപൂട്ടിന് മൂന്നു താക്കോലുകൾ നിർബന്ധമായിരുന്നു. ഒരു താക്കോൽ വികാരിയുടെ പക്കലും മറ്റ് രണ്ടെണ്ണം കൈക്കാരന്മാരുടെ സൂക്ഷിപ്പിലുമായിരുന്നു. ഒരിക്കൽ എഴുതിയ കണക്ക് വികാരിയോ കൈക്കാരന്മാരോ പരസ്പരം അറിയാതെ മാറ്റിയെഴുതാൻ ഇതുമൂലം സാധിക്കുമായിരുന്നില്ല. അതിനാൽത്തന്നെ പള്ളിക്കണക്കുകളെ സംബന്ധിച്ച തർക്കങ്ങൾക്കും സാധ്യത വളരെ കുറവായിരുന്നുതാനും. മാത്രമല്ല, ഹൈന്ദവരായ കണക്കപ്പിള്ളമാർ ഏതെങ്കിലും ഒരാളുടെ ഇഷ്ടത്തിന് കണക്കുകളിൽ കൃത്രിമത്വം കാണിക്കാനും ഇതിനാൽത്തന്നെ തയ്യാറല്ലായിരുന്നു. എല്ലാ പ്രധാന രേഖകളിലും നാൾവഴിയിലും രണ്ടു സാക്ഷികളുടെ ഒപ്പും നിർബന്ധമായി എഴുതിച്ചേർത്തിരുന്നതും കള്ളക്കണക്കുകളെ ഒഴിവാക്കാൻ സഹായിച്ചിരുന്നു. പള്ളിവക വസ്തുക്കളും ഭൂമികളും ആധാരങ്ങളും എന്നുവേണ്ട കല്ല്, മരം, ലോഹം എന്നിവകൊണ്ടുള്ള സകല സാധന സാമഗ്രികളുടെയും ലിസ്റ്റ് (മുറിച്ചാർത്ത്) വരെ എഴുതി മേൻപൂട്ടിലും വികാരിയുടെ പക്കലും കൈക്കാരന്മാരുടെ പക്കലും സൂക്ഷിച്ചിരുന്നു. തെരട്ട് ഹാജരാക്കുന്നതോടൊപ്പം മേല്പറഞ്ഞ മുറിച്ചാർത്തും എല്ലാവർഷവും മെത്രാസനകച്ചേരിയിൽ സമർപ്പിക്കേണ്ടിയിരുന്നു. മേല്പറഞ്ഞ സംഭവങ്ങളെല്ലാം തന്നെ സുറിയാനി ക്രൈസ്തവർ പള്ളിമുതലുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ പുലർത്തിയിരുന്ന സുതാര്യതയുടെ തെളിവുകൾതന്നെ....."

●

# തമാശയ്ക്കുള്ള സമയമല്ലിത്



അഗസ്റ്റിൻ വെള്ളിക്കര

**കേ**രളത്തിലെ സീറോ-മലബാർ കത്തോലിക്കാസഭ തകർച്ചയിലേക്കെന്നോ വളർച്ചയിലേക്കെന്നോ ഉള്ള നിഗമനങ്ങളിൽനിന്നു മാറി, ഇപ്പോൾ സഭ നേരിട്ടുകൊണ്ടിരിക്കുന്ന പ്രതിസന്ധികളെ എങ്ങനെ മറികടക്കാമെന്ന് ഓരോ സഭാംഗവും ഗൗരവമായി ചിന്തിക്കേണ്ട സമയമാണിപ്പോൾ. ആരെന്തു തെമ്മാടിത്തരം കാട്ടിയാലും പരി. ആത്മാവു നോക്കിക്കൊള്ളും എന്ന അമിതവിശ്വാസം വേണ്ട - വിതച്ചതു കൊയ്യുമെന്നും, വാളെടുക്കുന്നവൻ വാളാലെയെന്നുമുള്ള പ്രമാണങ്ങളും പരി. ആത്മാവിന്റേതുതന്നെയാണ്. അല്പം പ്ലാസ്റ്ററൊട്ടിച്ച് മറയ്ക്കാവുന്നതല്ല ഇന്നുള്ള സഭയുടെ മുറിവുകൾ. മെത്രാന്മാരിലും വൈദികരിലും അത്മായരിലും പക്ഷങ്ങൾ പരസ്യമായി രൂപപ്പെട്ടുകഴിഞ്ഞിരിക്കുന്നു. കേരളക്രൈസ്തവസമൂഹത്തിന് ഒരു പ്രത്യേകം ആരാധനാക്രമം ഉണ്ടാകുന്നതിനോടോ ലോകത്തിലുള്ള എല്ലാ കേരളീയരും ഒന്നായിരിക്കുന്നതിനോടോ ഞാനെതിരല്ല. പക്ഷേ, സുവിശേഷപ്രചാരണം എന്ന ആശയത്തിൽനിന്നു മാറി പാരമ്പര്യസംരക്ഷണം ദൗത്യമായി സഭ വ്യാഖ്യാനിക്കുന്നതിനെ എതിർക്കാതിരിക്കാൻ വയ്യ. ഒരു ക്രിസ്ത്യാനിയുടെ കേന്ദ്രബിന്ദു തോമ്മാശ്ലീഹായല്ല, യേശുവാണ്. ഈ പാരമ്പര്യവാദം ഉന്നയിച്ചാലേ സ്വതന്ത്രറീത്തെന്ന വാദഗതിക്കു സാധുതയുണ്ടായിരിക്കുയുള്ളൂവെന്നതു സത്യമായിരിക്കാം. പക്ഷേ, പ്രവാസിജീവിതം നയിക്കുന്നവരെ റീത്തിന്റെപേരിലും പാരമ്പര്യത്തിന്റെപേരിലുമായി ഒറ്റപ്പെടുത്തുന്നതിലാണ് അതിപ്പോൾ ചെന്നെത്തിയിരിക്കുന്നത്. അതു വരാനിരിക്കുന്ന ഒരു വലിയ പാരയായി മാറുകതന്നെ ചെയ്യും. മറ്റൊരു സംസ്കാരം ഈ മണ്ണിൽ വേണ്ടായെന്നു വിദേശങ്ങളിൽ പലരും പറഞ്ഞെന്നുമിരിക്കും. ഈ ഒറ്റപ്പെടുത്തൽ വടക്കേ ഇന്ത്യയിൽ സഭക്കേറ്റ പല പ്രഹരങ്ങളുടെയും കാരണവുമാണ്.

എവിടെയാണു നമുക്കു തെറ്റുപറ്റിയത്? സൂക്ഷ്മമായി പരിശോധിച്ചാൽ, സീറോ-മലബാർ മെത്രാന്മാർക്ക് വേണ്ടിയിരുന്ന അമിതാധികാരമായിരുന്നു ഈ റീത്തുവാദത്തിനു പിന്നിലെന്നു കാണാം. സ്വതന്ത്ര ഭരണാധികാരമുള്ള ഒരു റീത്തായി മാറിയപ്പോഴേ അവർ ചെയ്തത്, സഭാസ്വത്തുക്കൾ വിശ്വാസികളിൽനിന്നെടുത്തു മാറ്റുകയും വിശ്വാസിയെ ഉപദേശാധികാരത്തിലേക്കു ചുരുക്കുകയുമാണ്. ആരാധനക്രമം നിശ്ചയിക്കുന്നിടത്തും, 98% വരുന്ന അത്മായരുടെ അഭിപ്രായങ്ങൾ കണക്കിലെടുത്തില്ല. അത്മായനിന്ന് അജ്ഞനല്ല. ഭ്രാന്തൻ പരിഷ്കാരങ്ങൾ നടപ്പിലാക്കി, നിയമങ്ങൾകൊണ്ടും പണപ്പിരിവുകൊണ്ടും വിശ്വാസിയെ വരിഞ്ഞുമുറുക്കി. അന്നുമുതൽ രൂപപ്പെട്ടുവരുന്ന അഗ്നിപർവ്വതമാണ് ഇപ്പോൾ എല്ലാവർക്കും ഭീഷണിയായി പുകഞ്ഞുകൊണ്ടിരിക്കുന്നത്.

ശ്രീ ജോസഫ് പുലിക്കുന്നേൽ വിടവാങ്ങിയപ്പോൾ സഭയ്ക്കുള്ളിലുള്ളവരിൽ ബഹുഭൂരിപക്ഷവും അദ്ദേഹത്തോട് ഐക്യദാർഢ്യം പ്രകടിപ്പിക്കുകയാണുചെയ്തത്. ബിഷപ്പ് ജേക്കബ് മുരിക്കൻ അദ്ദേഹത്തിന്റെ വീട്ടിലെത്തി പ്രാർത്ഥിക്കുകയുംചെയ്തു. നിരവധി മെത്രാൻമാരും വൈദികരും പ്രമുഖരും ഉൾപ്പെടുന്ന വൻ

ജനാവലി അദ്ദേഹത്തെ യാത്രയയയ്ക്കാൻ എത്തുകയും ചെയ്തിരുന്നു. സഭാംഗങ്ങളുടെ ചിന്തകളിലുണ്ടായ മാറ്റമാണിതു കാണിക്കുന്നത്. 'സ്നേഹത്തിൽ അധികാരമില്ല, അധികാരത്തിൽ സ്നേഹവുമില്ല' – അദ്ദേഹം ആവർത്തിക്കുമായിരുന്ന ഒരു വാചകമാണിത്. ശരിയല്ലേ? സഭാകാര്യങ്ങളിൽ അദ്ദേഹത്തോളം അഗാധമായ അറിവു നേടിയ ഒരു വ്യക്തി നമ്മുടെയിടയിൽ ഇനിയുണ്ടാവാൻ ഇടയില്ല. വെറും നാലു വർഷത്തിനുമുമ്പ് സഭയ്ക്കെതിരെ എഴുതുന്നവർ അജ്ഞാതരായിരുന്നെങ്കിൽ ഇന്നതല്ല സ്ഥിതി. അത്രമാത്രം മാറ്റമാണുള്ളിൽ സംഭവിച്ചത്. മെത്രാന്മാരെക്കാളും വൈദികരെക്കാളും താരതമ്യേന ശുദ്ധജീവിതം നയിക്കുന്നവരാണ് തങ്ങളെന്ന് അത്മായർ വിശ്വസിച്ചു തുടങ്ങിയിരിക്കുന്നു. വളരെ നല്ല ചില വൈദികരും വൈദികമേലദ്ധ്യക്ഷന്മാരും നമുക്കുണ്ടെന്നുള്ളത് മറക്കുന്നില്ല.

സീറോ-മലബാർ സഭ നല്ലതു മാത്രമേ ചെയ്തിട്ടുള്ളൂവെന്നു വാദിക്കുന്നവർ ഓർക്കുക – കേരള ക്രൈസ്തവരുടെ ഹൃദയത്തിൽ കൊത്തിയിരുന്ന ക്രൂശിതരൂപമാണ് പാരമ്പര്യവാദികൾ പിഴുതെടുത്തത്. മാർത്തോമ്മാക്കുരിശ് പാഷണ്ഡതയുടെ അടയാളമായിരുന്നുവെന്നതിലേക്ക് പഠനങ്ങൾ നീളുന്നു. എന്തായാലും സഭയ്ക്ക് ഒരടയാളം എന്നതിനപ്പുറത്തേക്ക് ഈ താമരക്കുരിശ് ഉപയോഗിക്കപ്പെട്ടുകൂടാ. എല്ലാ രൂപതകളിലും ഇതുപയോഗിക്കപ്പെടുന്നില്ലെന്നു മാത്രമല്ല, സ്വന്തം രൂപതയിൽ ഇതുപയോഗിക്കാൻ പാടില്ലായെന്നു സർക്കുലർ ഇറക്കിയ മെത്രാന്മാരും ഉണ്ട്. അൾത്താരയിൽവയ്ക്കപ്പെടാനുള്ള യോഗ്യത ഈ കുരിശിനില്ല, അതെടുത്തു മാറ്റിയാൽ സഭയോടുള്ള അനേകരുടെ പക കുറയും. അതിന്റെപേരിൽ വെഞ്ചരിപ്പു മാറ്റിവെച്ച പള്ളികൾ വളരെയാണ്. പല പള്ളികളിലും ഒളിച്ചും പാത്തുമാണിത് സ്ഥാപിച്ചതും. അമേരിക്കയിലെ ഒരു പള്ളിയിൽ ഇതു പരസ്യമായി വിശ്വാസികൾ കത്തിക്കുകവരെ ചെയ്തു.

അതിപ്രധാനമായ രണ്ടാമത്തെകാര്യം സഭാധികാരികളും അത്മായനുമായുള്ള ബന്ധമാണ്. അത്മായൻ ഒരു കത്തയച്ചാൽ അതു കിട്ടിയെന്നറിയിക്കാൻപോലുമുള്ള സന്മനസ്സുകാണിക്കുന്ന മെത്രാന്മാർ കുറവ്. ഇതിൽ പെരുത്ത ദിവ്യന്മാരും പെടും. മര്യാദകേട് ഇത്രയ്ക്കു വേണോയെന്നാണു ചോദ്യം. അത്മായൻ പടുത്തുയർത്തിയ പ്രസ്ഥാനങ്ങളിൽ അവനു പ്രവേശനമില്ലെന്നുകൂടി വന്നാൽ? ലോകം മുഴുവനുമുള്ള കത്തോലിക്കർ മാർപാപ്പാ വിളിച്ചു കൂട്ടിയ കുടുംബ സംബന്ധിയായ സിനഡിലേക്കുള്ള അഭിപ്രായസർവ്വേയിൽ പങ്കെടുത്തെങ്കിൽ, അതിനുള്ള അവകാശംപോലും കേരളസഭാമക്കൾക്കു നിഷേധിച്ചതാര്? വെറും ഉപദേശകസമിതിയായി അത്മായരെ ചുരുക്കി! അയ്യായിരം പേർക്കിരിക്കാവുന്ന വലുപ്പമുള്ള പള്ളിയിൽ കയറുന്നവർ എവിടെയിരിക്കണമെന്ന് അച്ചൻപോലീസ് തീരുമാനിക്കേണ്ടതുണ്ടോ? എങ്ങനെയെല്ലാം അവനെ പിഴിയാമെന്നും നിയന്ത്രിക്കാമെന്നുമുള്ളതാണ് വൈദികരുടെ നോട്ടം. പള്ളിക്കുള്ളിൽ നടക്കുന്ന സ്ത്രോത്രക്കാഴ്ച്ച 25000-ൽ കുറയാൻ പാടില്ലെന്ന് ഒരു വികാരി കല്പിക്കുന്നതു കേൾക്കാൻ എനിക്കിടയായി.

ഈ ചിന്താഗതിതന്നെ മാറണം. തിരിച്ചറിവ് സിനഡിന്റെ കാഴ്ചയിലൂടെയെന്ന നിലപാടു മാറ്റി, തനത് ഉൾക്കാഴ്ചയിലൂടെയെന്ന ചിന്തയിലേക്ക് നാം വരണം. അത്മായരുടെ നിലപാട് എപ്പോഴും ഒന്നായിരിക്കണമെന്നില്ല, അതിനെയും ബഹുമാനത്തോടെ കാണാൻ എല്ലാവർക്കും കഴിയണം. അങ്ങനെയായിരുന്ന കഴിഞ്ഞ കാലത്ത് സഭ വളരുകയായിരുന്നുവെന്നത് മറക്കരുത്.

അടുത്തത്, ആരാധനാക്രമമാണ്. വികലമായ വ്യഖ്യാനങ്ങളാണ് സർവ്വത്ര! ഇവിടെ, തിരിഞ്ഞു നിൽക്കണോ കുനിഞ്ഞു നിൽക്കണോ എന്നതല്ല അത്മായന്റെ പ്രശ്നം – ശാന്തമായി മനഃസമാധാനത്തോടെ പള്ളിക്കുള്ളിൽ ആയിരിക്കാൻ കഴിയുന്നുണ്ടോയെന്നതാണ്. 75% സാമ്പാറും 25% ചോറുമായി ഭക്ഷിക്കുന്നതിനെ ചോറുണ്ടുവെന്നല്ല സാമ്പാറു കുടിച്ചുവെന്നാണ് പറയുക. സുവിശേഷവ്യാഖ്യാനമായും ഇടയലേഖനമായും അറിയിപ്പുകളായും മുക്കാൽ മണിക്കൂർ തോന്ന്യാസമാണ് മിക്ക ഞായറാഴ്ചകളിലും. ഗാനങ്ങളുടെപേരിൽ നടക്കുന്ന പ്രകടനങ്ങളെയും ഞാൻ സാമ്പാറിന്റെ ഗണത്തിൽ പെടുത്തും – അതും വരും എക്സ്ട്രാ 15 മിനിറ്റ്. കാതടപ്പിക്കുന്ന ഈ പ്രകടനം മനുഷ്യനെ കോരിത്തരിപ്പിക്കുകയല്ല, അലോസരപ്പെടുത്തുകയാണു ചെയ്യുക. ലത്തീൻ കുർബാന (പ്രത്യേകിച്ചു വിദേശങ്ങളിൽ നടക്കുന്നത്) കണ്ടിട്ടുള്ളവർക്ക് ഇതിന്റെ വ്യത്യാസം മനസ്സിലാകും.

ഇതുപോലെ പ്രാധാന്യമേറിയതാണ് സഭാനടപടികളുടെപേരിൽ നടക്കുന്ന മറ്റു തോന്ന്യാസങ്ങൾ. ഓരോന്നിനും സിനഡു കാണാത്ത മാനങ്ങളുണ്ടെന്നു മനസ്സിലാക്കുക. അടുത്ത കാലത്തു നടപ്പാക്കിയ ഒരു പരിഷ്കാരമാണ്, കല്യാണത്തലേന്ന് വധൂവരന്മാരുടെ വീടുകളിൽ അച്ചന്റെ നേതൃത്വത്തിലുള്ള പ്രാർത്ഥന. മലബാറിലെ ഒരു പാവപ്പെട്ട പെൺകുട്ടിയുടെ പിരിവെടുത്തു നടത്തിയ കല്യാണത്തിന്റെ കഥ കേട്ടു. അച്ചൻ പ്രാർത്ഥനയ്ക്കു വരുമ്പോൾ വാർഡിലുള്ള എല്ലാവരെയും വിളിക്കുന്നതു പതിവായി. അവർക്കു സദ്യകൊടുക്കാനുള്ള ക്രമീകരണങ്ങളും പതിവായി. ഈ വീട്ടുകാരനും ചെലവായി 50,000 രൂപാ, ആ വകയിൽ.

വേദപാഠമായിരുന്നു പണ്ടു പഠിപ്പിച്ചിരുന്നതെങ്കിൽ ഇപ്പോൾ നടക്കുന്നത് മതപഠനമാണ്. കുട്ടികൾ ഭയന്നാണ് ഇതിൽ പങ്കെടുക്കുന്നത് – അത്ര ചിട്ടകളാണവിടെ. സിനഡ് എടുക്കുന്ന തീരുമാനം ചോദ്യംചെയ്യാൻ പാടില്ല. വിവാഹത്തിനു വൈദികനാണു കാർമ്മികൻ തുടങ്ങിയ യുക്തിക്കോ സത്യത്തിനോ നിരക്കാത്ത കാര്യങ്ങളാണ് പിഞ്ചു മനസ്സിലേക്കു തള്ളിവിടുന്നത്. അപ്രമാദിത്വം മാർപാപ്പാതന്നെ തള്ളിക്കളഞ്ഞു. സത്യത്തിനൊരു നിർവ്വചനമുണ്ട് – സത്യമായതിനു മാറ്റമില്ല, മാറുന്നതു സത്യവുമല്ല, എന്ന്. എന്റെ ചെറുപ്പത്തിലുള്ളതൊന്നുമല്ല ഇപ്പോൾ പള്ളിയിൽ കാണുന്നത്. അപ്പോൾ ഞാൻ ചോദിക്കട്ടെ, എന്തായിരുന്നു സത്യം? അവധിക്കാലം കുട്ടികളുടെ അവകാശമാണ്, അവരുടെ ക്രിയേറ്റിവിറ്റി അവർക്കു പ്രകടിപ്പിക്കാനുള്ള ഒരവസരം. 'ഉത്ഥാനോൽസവ'ത്തിന്റെയും 'ഇന്റൻസീവി'ന്റെയുംപേരിൽ അതവർക്കു നിഷേധിക്കുന്നത് തെറ്റാണ്. പ്ലസ് റ്റൂവിനു പഠിക്കുന്നതിനോടൊപ്പം എൻട്രൻസിനു തയ്യാറാവു ▸▸

**ചർച്ച് ആക്ട് സ്പെഷ്യൽ**

സെമിത്തേരികളുടെയും, അതിൽ അടക്കപ്പെടാൻ വികാരിയുടെ അനുവാദത്തിന്റെയുംപേരിൽ ഇവിടെ നടക്കുന്ന കൊള്ള അപ്പാടെ നിർത്തണം. ശവസംസ്കാരംപോലും എത്ര നീട്ടാമെന്നുള്ളതാണ് സഭാധികാരികളുടെ ചിന്ത. അത്മായൻ മരിച്ചാൽ അവനെ സംസ്കരിക്കാനുള്ള കടമ സഭയുടേതാണ്; അതിനുപോലും കഴിയുന്നില്ലെങ്കിൽ എന്തിനീ സംവിധാനം?

ന്നവരെ വേദപാഠത്തിന്റേപേരിൽ ക്രൂശിക്കുന്നത് ചതിയാണ്. വൈദികവിദ്യാർത്ഥികൾക്കു കൊടുക്കുന്ന പരിശീലനത്തിലും കാതലായ തെറ്റുണ്ട്. ഇല്ലായിരുന്നെങ്കിൽ ആർഭാടപ്രിയരും അധികാരമോഹികളുമായ ഒരു വൈദികസമൂഹം ഇവിടുണ്ടാകുമായിരുന്നില്ല. അറിവു സഭാ ഗ്രന്ഥങ്ങളിൽ മാത്രമാണെന്നു വിശ്വസിച്ചു വശായിരിക്കുന്ന ഒരു തലമുറയാണവിടെ കാണുന്നത്.

സെമിത്തേരികളുടെയും, അതിൽ അടക്കപ്പെടാൻ വികാരിയുടെ അനുവാദത്തിന്റെയുംപേരിൽ ഇവിടെ നടക്കുന്ന കൊള്ള അപ്പാടെ നിർത്തണം. ശവസംസ്കാരംപോലും എത്ര നീട്ടാമെന്നുള്ളതാണ് സഭാധികാരികളുടെ ചിന്ത. അത്മായൻ മരിച്ചാൽ അവനെ സംസ്കരിക്കാനുള്ള കടമ സഭയുടേതാണ്; അതിനുപോലും കഴിയുന്നില്ലെങ്കിൽ എന്തിനീ സംവിധാനം? വിശുദ്ധന്മാരുടെപേരിൽ ഓരോ പള്ളിയിലും കാട്ടിക്കൂട്ടുന്ന കോപ്രായങ്ങളും പൂർണ്ണമായും നിർത്തിയേ മതിയാവൂ. ഒന്നും തന്നെ ഇന്ന് യേശുകേന്ദ്രീകൃതമല്ലെന്നു കാണുക. പുണ്യവാന്മാരല്ല സ്വർഗ്ഗം നിയന്ത്രിക്കുന്നത്. മാത്രമല്ല, യേശുവിന്റെ സമീപത്തേക്കു ചെല്ലുവാൻ ഒരു മദ്ധ്യവർത്തിയുടെയും ആവശ്യവുമില്ല - കൂദാശകളൊന്നും അത്മായനു വിലപറയാൻ ഉപയോഗിക്കപ്പെടേണ്ടതുമല്ല.

സഭയുടെ ഭൗതികസ്വത്തുക്കളുടെ നിയന്ത്രണം അത്മായരുടെ കൈയിൽത്തന്നെ വരണം. സഭയുടെ നയപരമായ തീരുമാനങ്ങളിലും അത്മായർ വേണം. പുതിയ മെത്രാന്മാരുടെ നിയമനത്തിലും അത്മായന്റെ അഭിപ്രായം എടുക്കുകതന്നെ വേണം.

സഭയിന്നു നേരിടുന്ന പ്രശ്നങ്ങളിലേക്കും അതിനുള്ള പരിഹാരമാർഗ്ഗങ്ങളിലേക്കും ഒരെളിയ എത്തിനോട്ടം മാത്രമാണിവിടെ നടത്തിയത്. സഭ നന്നാവണം എന്നാഗ്രഹിക്കുന്നവരുടെ ചിന്ത ഈ വഴിക്കു തിരിഞ്ഞേ മതിയാവൂ. ആവശ്യമായിരിക്കുന്നത് മേജർ ഓപ്പറേഷൻ തന്നെ! അല്ലെങ്കിൽ, സർവ്വ സമൂഹങ്ങളുടെയും പരിഹാസപാത്രമായി നാം മാറും, വലിയ താമസമില്ലാതെ!

ഫോൺ: 8891876019



# ഈയൊരു കാര്യത്തിനു വേണ്ടിയാണ് ഞാൻ ലോകത്തിലേക്കു വന്നത്



**ഡോ. ജെ.സി. കുമരപ്പ**

[*'Practice and Precepts of Jesus' എന്ന ഗ്രന്ഥത്തിന്റെ 2-ാമദ്ധ്യായം 2-ാം ഭാഗം. തർജമ സ്വന്തം-എഡിറ്റർ*]

**യേശു വന്നത് സത്യത്തിനു സാക്ഷ്യം വഹിക്കാൻ (യോഹ. 18:37)**

യോഹന്നാന്റെ സുവിശേഷം 14-ാം അദ്ധ്യായം 6-ാം വാക്യമനുസരിച്ച് സത്യവും ജീവനും അവൻതന്നെയാണ്. അതേ സുവിശേഷത്തിലെ ആദ്യത്തെ 4 വാക്യങ്ങളിൽ പറഞ്ഞിരിക്കുന്നതുപോലെ, ഈ പ്രപഞ്ചത്തിന്റെ മൂലകാരണവും അതിന്റെ നിയന്താവും അവൻതന്നെയാണ്:

"ആദിയിൽ വചനമുണ്ടായിരുന്നു. വചനം ദൈവത്തോടുകൂടെയായിരുന്നു. ആ വചനം ദൈവികമായിരുന്നു.

ദൈവത്തിലായിരുന്ന അവനായിരുന്നു ആദിയിൽ ഉണ്ടായിരുന്നത്. സകലതും അവനിലൂടെ ഉണ്ടായി. അവനെക്കൂടാതെ യാതൊന്നും ഉണ്ടായിട്ടില്ല. അവൻ വഴിയാണ് ജീവനുണ്ടായത്. ആ ജീവൻ മനുഷ്യകുലത്തിന്റെ വെളിച്ചമായിരുന്നു" (യോഹ. 1:1-4). സത്യദൈവത്തെ അറിയുകയെന്നതാണ് നിത്യജീവൻ എന്ന് ഇതേ സുവിശേഷം 17:3-ലും, സത്യത്തെക്കുറിച്ചുള്ള അറിവ്, പാപത്തിന്റെ അടിമത്തത്തിൽനിന്നു നമ്മളെ സ്വതന്ത്രരാക്കുമെന്ന് 8:32-ലും, നിയമത്തെ പ്രതിനിധാനം ചെയ്യുന്ന മോശെയാണ് കുറ്റം ചാർത്തുകയെന്ന് 5:45-ലും കാണാം.

നിയമത്തിനുകീഴിൽ മനുഷ്യർ പ്രവർത്തിക്കുക ഒരു നിശ്ചിതരീതിയിലാണ്. ശരിയും ഉചിതവും എന്ന ബോധ്യമായിരിക്കില്ല; മറിച്ച്, നിയമം അനുശാസിക്കുന്ന മാർഗ്ഗത്തിൽനിന്നു വ്യതിചലിച്ചാലുണ്ടാകുന്ന ശിക്ഷയെ ഓർത്തുള്ള ഭയമായിരിക്കും അവിടെ പ്രവൃത്തികളെ നിർണ്ണയിക്കുന്നത്. നിയമത്തിനുകീഴിൽ മനുഷ്യന് ചിന്താസ്വാതന്ത്ര്യവും പ്രവർത്തനസ്വാതന്ത്ര്യവും നഷ്ടപ്പെട്ടുപോയിരുന്നു. പണി തീർത്തിട്ടിരിക്കുന്ന അനുശാസനവഴിയിലൂടെ ഒരു യന്ത്രമനുഷ്യൻ കണക്കേ, തൊട്ടിലുമുതൽ മരണക്കിടക്കവരെ അന്ധമായി ചരിക്കേണ്ടതുണ്ടായിരുന്നു, മനുഷ്യന്. എന്നാലിപ്പോൾ സത്യത്തിന്റെ ചൈതന്യം നമ്മിൽ കടന്നുവന്ന് ജീവിതത്തിന്റെ ചുക്കാൻ ഏറ്റെടുത്തിരിക്കുന്നു. ബാഹ്യമായ നടപടിക്രമങ്ങൾ ഇനിമേൽ മനുഷ്യന് ആവശ്യമില്ലാതായിരിക്കുന്നു. നമ്മിലെ വെളിച്ചത്തിലും ആന്തരികസ്വരം നൽകുന്ന മാർഗ്ഗനിർദ്ദേശപ്രകാരവുമായിരിക്കണം ഇനി നമ്മുടെ പ്രവൃത്തികൾ. ശക്തിയുടെ അടിസ്ഥാനത്തിലുള്ള ബാഹ്യനിയമസംഹിതകൾക്കു വിധേയരാകാതെ, ആന്തരികഅച്ചടക്കത്തിന്റെ വിധിയാളനായ നമ്മിലെ സൂക്ഷ്മമനഃസാക്ഷിക്കു വിധേയരാവുകയാണ് നാം ചെയ്യേണ്ടത്. നിയമം എല്ലായ്പ്പോഴും പാപത്തോടുള്ള ഒരു അടിമത്തഭാവം വഹിക്കുകയും (യോഹ. 7:3) ഭയവും വെറുപ്പും ഉല്പാദിപ്പിക്കുകയും ചെയ്യുന്നു. എന്നാൽ, സത്യത്തിന്റെ ചൈതന്യം പ്രവർത്തിക്കുന്നത് സ്നേഹത്തിലൂടെയാണ്.

അപ്പോൾ ഒരു മനുഷ്യൻ മോഷ്ടിക്കാതിരിക്കുന്നത് പോലീസിനെയോ, തനിക്കു നിയമപരമായി ലഭിച്ചേക്കാവുന്ന ശിക്ഷയെയോ ഭയന്നിട്ടായിരിക്കുകയില്ല; മറിച്ച്, മറ്റൊരാളുടെ നഷ്ടത്തിലൂടെ നേട്ടമുണ്ടാക്കുന്നതു ശരിയല്ല എന്ന് തന്നിലെതന്നെ മനഃസാക്ഷി മന്ത്രിക്കുന്നതുകൊണ്ടായിരിക്കും. ഈ സത്യത്തിന്റെ ചൈതന്യം ഒരിക്കൽ നമുക്കു ലഭിച്ചുകഴിഞ്ഞാൽ, പിന്നീടു നമുക്കൊരിക്കലും മാർഗ്ഗനിർദ്ദേശങ്ങൾക്കായി വലിയ വലിയ ഗ്രന്ഥങ്ങൾ ആവശ്യമായിവരില്ല; എങ്ങനെ മുന്നോട്ടു പോകണമെന്നതുസംബന്ധിച്ച് മറ്റുള്ളവരുടെ ഉപദേശങ്ങളുടെയും ആവശ്യം വരില്ല. നമ്മിലെ സത്യചൈതന്യമായ അവൻതന്നെ സമ്പൂർണ്ണസത്യത്തിലേക്കു നമ്മെ നയിക്കുകയും എല്ലാറ്റിനെയുംകുറിച്ച് (യോഹ. 14:26), യേശു നമ്മോടു വിശദീകരിച്ചുതന്നിട്ടില്ലാത്ത കാര്യങ്ങളെക്കുറിച്ചുപോലും, നമ്മെ പഠിപ്പിക്കുകയും ചെയ്യും (യോഹ. 16:12, 13).

ബാഹ്യനിയമങ്ങളെ ചിന്താരഹിതമായി അനുസരിക്കുന്നത് അരോചകമാണ് എന്നുമാത്രമല്ല, അതൊരു വിധത്തിലും നമ്മെ ശ്രേഷ്ഠതയിലേക്കു ഉയർത്തുകയുമില്ല. എന്നാൽ, ഒരുവൻ തന്റെതന്നെ വെളിച്ചത്തെ, അഥവാ മനഃസാക്ഷിയെ പിന്തുടരുന്നുവെങ്കിൽ, അതിനി മരണത്തിന്റെ നിഴൽവീശുന്ന താഴ്‌വരയിലൂടെ ആയിരുന്നാൽപ്പോലും, അതായിരിക്കും നമ്മെ ഉന്നതിയിലേക്കുയർത്തുന്നതും നമുക്കു സംതൃപ്തി പകരുന്നതും. അതുകൊണ്ട്, 'മരണമന്ത്രാലയ' (the ministration of death)മായ ഒരു നിയമവ്യവസ്ഥിതിക്കുകീഴിൽ അദ്ധ്വാനിച്ചും കനത്തഭാരം ചുമന്നും ജീവിക്കുന്നവരെ യേശു തന്നിലേക്ക്, തന്റെ ക്ലേശരഹിതവും ഭാരം ലഘുവായിരിക്കുന്നതുമായ നുകത്തിനു കീഴിലേക്ക്, തങ്ങളുടെ ആത്മാവിൽ വിശ്രമം കണ്ടെത്തുവാൻ ക്ഷണിക്കുകയാണ്; പിതാവായ ദൈവത്തിന്റെ വെളിപാടും അവന്റെ ചൈതന്യവും സ്വീകരിക്കുന്നവരെ തന്നിലൂടെ 'ആത്മീയമന്ത്രാലയ' (the ministration of the Spirit)ത്തിലേക്ക് ആനയിക്കപ്പെടാൻ ക്ഷണിക്കുകയാണ്.

ഇപ്രകാരം യേശു, തന്നിലേക്കു വരുന്നവരെ പാപത്തിൽനിന്ന്, നിയമതേർവാഴ്ചയുടെ മരണത്തിൽനിന്ന്, അവന്റെ സ്നേഹത്തിന്റെയും കൃപയുടെയും നിറവിലേക്കു രക്ഷിക്കുന്നു (കാണുക റോമ. 6:14, 7:6, 8:2, ഗലാ. 5:18).

**KCRM പ്രോഗ്രാം റിപ്പോർട്ട് – നോർത്ത് അമേരിക്ക**

# ജോസഫ് പുലിക്കുന്നേൽ – ഒരു അനുസ്മരണം

**(4-ാമത് ടെലി-കോൺഫറൻസ് റിപ്പോർട്ട്)**

'KCRM - നേർത്ത് അമേരിക്ക'യുടെ നാലാമത് ടെലി-കോൺഫറൻസ് 2018 ജനുവരി 10, ബുധനാഴ്ച നടത്തുകയുണ്ടായി. രണ്ടുമണിക്കൂർ നീണ്ടുനിന്നതും ശ്രീ എ സി ജോർജിന്റെ അഭാവത്തിൽ ചാക്കോ കളരിക്കൽ മോഡറേറ്റ് ചെയ്തതുമായ ടെലി-കോൺഫറൻസിൽ അമേരിക്കയിലെ വിവിധ ഭാഗങ്ങളിൽനിന്നുമായി അനേകർ സജീവമായി പങ്കെടുത്തു.

കേരളകത്തോലിക്കാസഭയിലെ നവീകരണപോരാളിയായിരുന്ന ജോസഫ് പുലിക്കുന്നേലിനെ അനുസ്മരിക്കുക എന്നതായിരുന്നു ഇപ്രാവശ്യത്തെ കോൺഫറൻസിന്റെ ലക്ഷ്യം. ശ്രീ പുലിക്കുന്നേലുമായി അനേക വർഷമായി സ്നേഹബന്ധത്തിൽ കഴിഞ്ഞിരുന്ന ശ്രീ ജോസഫ് പുല്ലാപ്പള്ളി (ഷിക്കാഗോ) യാണ് പുലിക്കുന്നേലിനെ അനുസ്മരിച്ച് പ്രധാനമായും സംസാരിച്ചത്. പണ്ഡിതനും കർമ്മോൽസുകനും ബഹുമുഖപ്രതിഭയുമായിരുന്ന പുലിക്കുന്നേലുമായുള്ള തന്റെ സ്നേഹബന്ധം ദേവഗിരി കോളേജിൽ അദ്ദേഹം അദ്ധ്യാപകനായിരുന്ന കാലം മുതലുള്ളതാണ് എന്ന മുഖവുരയോടെയാണ് ശ്രീ പുല്ലാപ്പള്ളി തന്റെ അനുസ്മരണം ആരംഭിച്ചത്. പുലിക്കുന്നേൽ എന്ന പ്രവാചകനെ വ്യവസ്ഥാപിതസഭ പുച്ഛിച്ചുതള്ളി. ആ ജ്വലിക്കുന്ന അഗ്നിയെ കെടുത്താൻ സഭാധികാരം എന്നും പരിശ്രമിച്ചുകൊണ്ടിരുന്നു. കോളേജ് അധ്യാപകൻ, കെ.പി.സി.സി. മെമ്പർ, സർവ്വകലാശാല സെനറ്റ് മെമ്പർ, കേരളാകോൺഗ്രസ് സ്ഥാപകനേതാവ് തുടങ്ങിയ നിലകളിൽ ആദ്യകാലങ്ങളിൽ അദ്ദേഹം പ്രവർത്തിച്ചു. പിന്നീടദ്ദേഹം, കാര്യങ്ങൾ നേരേചൊവ്വേ പോകാത്ത ക്രിസ്തീയസഭകളുടെ, പ്രത്യേകിച്ച് താൻ അംഗമായിരുന്ന സീറോ-മലബാർ സഭയുടെ, നവീകരണത്തിനായി തന്റെ ജീവിതം സമർപ്പിച്ചു. ആഡംബര ളോഹധാരികളായ, അധികാര ചിഹ്നങ്ങളായ വടി, തൊപ്പി, മോതിരം, അരപ്പട്ട എന്നിവയൊക്കെ ധരിച്ചുനടക്കുന്ന, അഹന്ത കൈമുതലായ, വെട്ടിപ്പിലും തട്ടിപ്പിലുംകൂടി കള്ളപ്പണം സമാഹരിക്കുന്ന, തങ്ങളുടെ ഇഷ്ടത്തിനു വഴങ്ങാത്ത സാധാരണ വിശ്വാസികൾക്ക് മരിച്ചടക്കും കൂദാശകളും മുടക്കുന്ന സഭാധികാരികളെ യാതൊരു ദാക്ഷിണ്യവുമില്ലാതെ വിമർശന വിധേയരാക്കിയ മഹാധീരനായിരുന്നു, പുലിക്കുന്നേലെന്ന് ശ്രീ. പുല്ലാപ്പള്ളി അനുസ്മരിച്ചു. വി കെ കുര്യൻസാറിന്റെ മരിച്ചടക്കും മുപ്പതോളം വിവാഹങ്ങളും അദ്ദേഹത്തിന്റെ നേതൃത്വത്തിൽ നടത്തിക്കൊടുത്ത് മാറ്റത്തിന്റെ അലകളുയർത്തി, അദ്ദേഹം.



1975 മുതൽ പ്രസിദ്ധീകരിച്ചു തുടങ്ങിയ 'ഓശാന' മാസിക പണ്ഡിതനായ അദ്ദേഹത്തിന്റെ നാവായിരുന്നു. അതിൽ വന്നിട്ടുള്ള അനവധിയായ പഠന-വിമർശനലേഖനങ്ങൾ വരുംതലമുറകൾക്ക് ഒരു നിക്ഷേപ ഖനിയായിരിക്കും.

# ഭൂമികുംഭകോണം, വാഴക്കുളത്തും!

**'സത്യജ്വാല' ജനുവരിലക്കത്തിൽ ശ്രീ. കെ.ജോർജ് ജോസഫ് പുറത്തു കൊണ്ടുവന്ന വസ്തുതകളുടെ (പേജ് - 27) വിശദാംശങ്ങൾ ചർച്ച ചെയ്യുന്നു**

**2018 ഫെബ്രുവരി 25 ഞായറാഴ്ച 2 മണിമുതൽ**

**തൊടുപുഴ ചാഴികാട്ട് ആശുപത്രി ജംഗ്ഷനിലുള്ള വിനായകാ ഓഡിറ്റോറിയത്തിൽ. വാഴക്കുളം സ്വദേശികളായ ശ്രീ. ജോസഫ് കാലായിൽ, ശ്രീ. പി.ജെ. അബ്രാഹം, ശ്രീ. എം.റ്റി. ജോസഫ്**

എന്നിവർ തയ്യാറാക്കിയ പഠനവും പരിഹാരനിർദ്ദേശങ്ങളും ചർച്ചചെയ്യുന്നു. ഏവർക്കും സ്വാഗതം!

**പ്രൊഫ. പി.സി. ദേവസ്യ** (യൂണിറ്റ് സെക്രട്ടറി) ഫോൺ: 9961255175

ശ്രീ പുലിക്കുന്നേ ലിന്റെ പരിശ്രമഫലമായി പുറത്തിറക്കിയ ഓശാന ബൈബിൾ ഏറ്റവും മികച്ച മലയാളം ബൈബിൾ എന്ന ഖ്യാതി നേടി. അതിന്റെ ലക്ഷക്കണക്കിന് കോപ്പികൾ ചുരുങ്ങിയ വിലയ്ക്ക് വിതരണംചെയ്യാനും അദ്ദേഹത്തിനു സാധിച്ചു.

1991-ലെ കാനോൻ നിയമത്തിന്റെ അടിസ്ഥാനത്തിൽ മാർത്തോമ്മാ ക്രിസ്താനികളുടെ പള്ളിയും പള്ളി സ്വത്തുക്കളും മെത്രാന്മാർ പിടിച്ചെടുത്തപ്പോൾ, മറ്റു മത സ്ഥർക്കുള്ളതുപോലെ ക്രൈസ്തവർക്കും അവരുടെ മതസ്വത്തുക്കളും സ്ഥാപനങ്ങളും ഭരിക്കാൻ ഗവണ്മെന്റ് നിയമനിർമ്മാണം നടത്തണമെന്നുള്ള ആശയം ജന മദ്ധ്യത്തിൽ അദ്ദേഹം അവതരിപ്പിച്ചു. അതിന്റെ ഫലമായി, 2009-ൽ ജസ്റ്റീസ് വി ആർ കൃഷ്ണയ്യർ അധ്യക്ഷനായുള്ള നിയമപരിഷ്കരണ കമ്മീഷൻ 'The Kerala Christian Church Properties and Institutions Trust Bill' എന്ന കരടുനിയമത്തിനു രൂപംകൊടുക്കുകയും ഗവൺമെന്റിനു സമർപ്പിക്കുകയുംചെയ്തു. പുലിക്കുന്നേലിന്റെ മരണവും സഭ യിലെ സമീപകാലഭൂമികുംഭകോണവും ചേർന്ന്, ചർച്ച് ആക്ടിന്റെ അനിവാര്യത കേരളക്രൈസ്തവരെ ബോധ്യപ്പെ ടുത്തിക്കൊണ്ടിരിക്കുന്ന ഒരു കാലമാണിത് എന്നും, താമസം വിനാ ചർച്ച് ആക്ട് നടപ്പാകുകതന്നെ ചെയ്യുമെന്നും അദ്ദേഹം വിലയിരുത്തി.

മുഖ്യഅനുസ്മരണത്തിനുശേഷം നടന്ന ചർച്ചയിൽ, പുലിക്കുന്നേലിന്റെ ആശയപ്രപഞ്ചത്തിന്റെയും പ്രവർത്തന മണ്ഡലത്തിന്റെയും വ്യത്യസ്തതലങ്ങൾ വിശകലനംചെയ്ത് പലരും സംസാരിച്ചു. കേരളസഭയെ സംബന്ധിച്ച് പുലിക്കുന്നേൽ ഒരു പ്രവാചകനായിരുന്നുവെന്നും, അസാമാന്യ ധീരതയോടും ബുദ്ധിവൈഭവത്തോടും നിശ്ചയ ദാർഢ്യത്തോടുംകൂടി പുരോഹിതഘടനയ്ക്കെതിരെ ഒറ്റയാൾപ ട്ടാളമായി പടപൊരുതിയ കരുത്തനായിരുന്നുവെന്നും വില യിരുത്തപ്പെട്ടു. കോട്ടയംരൂപതയിലെ സ്വവംശവിവാഹനി ഷ്ഠയ്ക്കും സമുദായഭ്രഷ്ടിനുമെതിരെ അദ്ദേഹം ശക്തമായ നിലപാടെടുക്കുകയും നിശിതമായി വിമർശിക്കുകയും ചെയ്തിരുന്നകാര്യം ശ്രീ. ജോസ് കല്ലിടുക്കിൽ അനുസ്മരി ച്ചു. അദ്ദേഹം കത്തിച്ചുതന്ന സഭാനവീകരണത്തിന്റെ ദീപശിഖ അദ്ദേഹം പ്രസവിച്ചുവിട്ട പുലിക്കുട്ടികൾ മുൻപോട്ടുകൊണ്ടുപോകുമെന്ന പ്രത്യാശയും എല്ലാവരും പ്രകടിപ്പിച്ചു. പുരോഹിതരെ ഒഴിവാക്കിക്കൊ ണ്ടുള്ള അദ്ദേഹത്തിന്റെ ശവദാഹം അനേകർ മാതൃ കയായി സ്വീകരിക്കുമെന്നും ചിലർ അഭിപ്രാ യപ്പെട്ടു.

ക്നാനായസ്വവംശവിവാഹനിഷ്ഠയെയും അതിൻപ്രകാരമുള്ള സമുദായഭ്രഷ്ടിനെയുംകുറിച്ച് ആഗോളതലത്തിൽ പഠിക്കാൻ വത്തിക്കാൻ നിയോഗിച്ച ബിഷപ്പ് മുൾഹാൾ (കാനഡ) തന്റെ റിപ്പോർട്ട് സമർപ്പിക്കുകയും, അതിന്റെ അടിസ്ഥാ നത്തിൽ, കോട്ടയം രൂപതാതിർത്തിക്കു പുറത്തുള്ള ക്നാനായ പള്ളികളിലെയും മിഷനുകളിലെയും അംഗത്വത്തിന് എൻഡോഗമി ഒരു തടസ്സമാകരു തെന്ന് പൗരസ്ത്യതിരുസംഘം കർശനനിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ടെന്നുള്ള വാർത്ത കോൺഫറൻസിൽ പങ്കെടുത്ത എല്ലാവരും സസ ന്തോഷം സ്വാഗതംചെയ്തു. എൻഡോഗാമിയെ വിലക്കിക്കൊണ്ടുള്ള അതേ നിർദ്ദേശം കോട്ടയം രൂപതാതിർത്തിക്കുള്ളിലും നടപ്പാക്കിക്കിട്ടാനുള്ള പ്രവർത്തനങ്ങൾ ഊർജ്ജസ്വലമാക്കേണ്ടതുണ്ടെന്ന് പലരും അഭിപ്രായപ്പെട്ടു. ചർച്ച് ആക്ട് നിയമമാ ക്കേണ്ടതിന്റെ ആവശ്യകത വർദ്ധിച്ചതിനാൽ, അക്കാര്യം ആവശ്യപ്പെട്ട് മുഖ്യമന്ത്രി ശ്രീ. പിണ റായി വിജയന് ഒരു നിവേദനം നൽകണമെന്ന് യോഗം തീരുമാനിക്കുകയും, അതു ഡ്രാഫ്റ്റ് ചെയ്യു ന്നതിന് ശ്രീ. ചാക്കോ കളരിക്കലിനെ യോഗം ചുമ തലപ്പെടുത്തുകയും ചെയ്തു.

'KCRM - നേർത്ത് അമേരിക്ക'യുടെ അഞ്ചാമത് ടെലി-കോൺഫറൻസ്, 'ഫ്രാൻസീസ് പാപ്പയും സഭാനവീകരണയത്നങ്ങളും' എന്ന വിഷയത്തിൽ, 2018 ഫെബ്രുവരി 14, ബുധനാഴ്ച വൈകിട്ട് ഒൻപതു മണിക്ക് (9 pm: Eastern Standard Time) നടത്തുന്നതാണ് എന്ന അറിയിപ്പോടെ 4-ാമത് ടെലി-കോൺഫറൻസ് സമാപിച്ചു.


റിപ്പോർട്ട് തയ്യാറാക്കിയത്:

**ചാക്കോ കളരിക്കൽ** (ജനറൽ കോർഡിനേറ്റർ



# സങ്കല്പകഥകൾ 'കാതലായ വിശ്വാസസത്യ'ങ്ങളായി!

## പ്രൊഫ: പി. എൽ. ലൂക്കോസ്




**ആ**ദത്തിന്റെയും ഹവ്വയുടെയും പാപത്തിനു ശേഷം ലോകത്തിൽ പാപം വളരെ വേഗം വർദ്ധിച്ചു പെരുകിയതായി ഉല്പത്തിയുടെ പുസ്തകം പറയുന്നു ണ്ടെങ്കിലും അത് ഈ ആദ്യപാപത്തിന്റെ ഫലമായിരുന്നുവെന്ന് ഉല്പത്തിപ്പുസ്തകത്തിൽ ഒരിടത്തും സൂചിപ്പിക്കുന്നില്ല. ആദത്തിന്റെയും ഹവ്വയുടെയും പാപത്തെപ്പറ്റി പഴയനിയമത്തിന്റെ മറ്റു ഭാഗങ്ങളിൽ കാര്യമായ പരിചിന്തനമൊന്നും കാണുന്നില്ലെന്നതും പ്രസ്താവ്യമാണ്.

"**ര**ണ്ടാം വത്തിക്കാൻ കൗൺസിലിന്റെ ചൈതന്യമുൾക്കൊണ്ടും 1985 – ലെ മെത്രാന്മാരുടെ സിനഡിന്റെ ആഗ്രഹമനുസരിച്ചും ഒരു വിദഗ്ദ്ധ കമ്മിറ്റി തയ്യാറാക്കിയതും ജോൺ പോൾ രണ്ടാമൻ മാർപാപ്പായുടെ അപ്പസ്തോലികാനുശാസനത്തോടുകൂടി 1992–ൽ പ്രസിദ്ധീകരിച്ചതുമായ 'Catechism of the Catholic Church' എന്ന ഗ്രന്ഥത്തിന്റെ മലയാള വിവർത്തനമാണ് കേരള കാത്തലിക് ബിഷപ്സ് കൗൺസിലിന്റെ ആഭിമുഖ്യത്തിൽ പ്രവർത്തിക്കുന്ന പി. ഓ. സിയിൽനിന്നു പ്രസിദ്ധീകരിക്കുന്ന 'കത്തോലിക്കാസഭയുടെ മതബോധനഗ്രന്ഥം.' കത്തോലിക്കാ സഭ വിശ്വസിക്കുകയും, പഠിപ്പിക്കുകയും ചെയ്യുന്നതെല്ലാം ഈ ഗ്രന്ഥത്തിൽ സമഗ്രമായി പ്രതിപാദിച്ചിട്ടുണ്ട്. ഭാവിയിൽ ഇതിനെ അടിസ്ഥാനപ്പെടുത്തിവേണം മതബോധനഗ്രന്ഥങ്ങൾ രചിക്കാൻ" (ഒന്നാം പതിപ്പിന്റെ പ്രസ്താവനയിൽ നിന്ന്). കത്തോലിക്കാ സഭയുടെ ഏറ്റവും ആധികാരികരേഖയായ ഈ ഗ്രന്ഥത്തിന്റെ 2011–ൽ ഇറക്കിയ രണ്ടാം പതിപ്പിന്റെ 100 മുതൽ 107 വരെ പേജുകളിൽ 'ഉത്ഭവപാപം–കാതലായ ഒരു വിശ്വാസസത്യം' എന്ന തലക്കെട്ടിലുള്ള പ്രബോധനത്തിൽനിന്ന് പ്രസക്തമെന്നു കരുതുന്ന ചില വാക്യങ്ങൾ ഈ ഗ്രന്ഥം വായിക്കാത്തവർക്കുവേണ്ടി താഴെ ഉദ്ധരിക്കുന്നു:

*"പാപത്തിന്റെ പ്രഭവമായി ആദത്തെ മനസ്സിലാക്കുന്നതിന് കൃപാവരത്തിന്റെ പ്രഭവമായി ക്രിസ്തുവിനെ മനസ്സിലാക്കണം...... ക്രിസ്തുരഹസ്യത്തെ വികലമാക്കിക്കൊണ്ടുമാത്രമേ ഉത്ഭവപാപത്തെക്കുറിച്ചുള്ള വെളിപാടിനെ അനുചിതമായി (?) തിരുത്തുവാൻ നമുക്കു കഴിയുകയുള്ളുവെന്നു ക്രിസ്തുവിന്റെ മനോഭാവമുള്ള സഭയ്ക്കു നന്നായി അറിയാം..... നമ്മുടെ ആദിമാതാപിതാക്കന്മാർ സ്വതന്ത്രമായി ചെയ്ത ആദ്യപാപം മാനവചരിത്രത്തിനു മുഴുവൻ ക്ഷതമേല്പിച്ചുവെന്ന് വെളിപാടുവഴി നമുക്കു വിശ്വാസപരമായ സ്ഥിരീകരണം ലഭിച്ചിരിക്കുന്നു. പിശാചിന്റെ പ്രലോഭനത്തിനു വിധേയനായ മനുഷ്യൻ അവന്റെ സ്രഷ്ടാവിലുള്ള വിശ്വാസം അവന്റെ ഹൃദയത്തിൽ നിർജ്ജീവമാക്കി;. സ്വാതന്ത്ര്യം ദുർവിനിയോഗിച്ചുകൊണ്ടു ദൈവകല്പന ലംഘിച്ചു. മനുഷ്യന്റെ ആദ്യപാപം ഇതിൽ അടങ്ങിയിരിക്കുന്നു. സർവ്വമനുഷ്യരും ആദത്തിന്റെ പാപത്തിൽ ഉൾപ്പെടുന്നു. വി. പൗലോസ് പ്രസ്താവിക്കുന്നു.; ഒരു മനുഷ്യന്റെ അനുസരണക്കേടിനാൽ അനേകർ പാപികളായി...... ഒരു മനുഷ്യൻമൂലം പാപവും പാപംമൂലം മരണവും ലോകത്തിൽ പ്രവേശിച്ചു........ അപ്രകാരം എല്ലാവരും പാപം ചെയ്തതുകൊണ്ട് മരണം എല്ലാവരിലും വ്യാപിച്ചു... നാമെല്ലാവരും പാപത്തോടുകൂടെ ജനിക്കത്തക്കവിധം ആദം നമ്മിലേക്ക് ആത്മാവിന്റെ മരണമാകുന്ന പാപം പകർന്നുതന്നു..... വിശ്വാസം നല്കുന്ന ഈ ഉറപ്പു നിമിത്തം, വ്യക്തിപരമായ പാപമൊന്നും ചെയ്തിട്ടില്ലാത്ത ശിശുക്കൾക്കുപോലും പാപമോചനത്തിനായി സഭ മാമ്മോദീസ നല്കുന്നു. ആദത്തിന്റെ പാപം എങ്ങനെയാണ് അവന്റെ സർവ്വസന്തതികളുടെയും പാപമായിത്തീർന്നത്? ആദത്തിൽ മനുഷ്യവംശം മുഴുവനും ഒരു മനുഷ്യന്റെ ഏക ശരീരം പോലെയാണ്. മനുഷ്യവംശത്തിന്റെ ഈ ഐക്യംമൂലം സർവ്വമനുഷ്യരും ആദത്തിന്റെ പാപത്തിൽ പങ്കുകാരായി. ഉത്ഭവപാപത്തിന്റെ സംക്രമണം നമുക്കു പൂർണ്ണമായി ഗ്രഹിക്കാനാകാത്ത ഒരു രഹസ്യമാണ്. പ്രജനനത്തിലൂടെ അതായത്, ഉത്ഭവശുദ്ധിയും നീതിയും നഷ്ടപ്പെട്ട മനുഷ്യപ്രകൃതിയുടെ സമ്പ്രദാനത്തിലൂടെയാണ് ഈ പാപം സമസ്തമാനവരാശിയിലേക്കും സംക്രമിക്കുന്നത്... മാമ്മോദീസാ ക്രിസ്തുവിന്റെ കൃപാവരത്തിന്റെ ജീവൻ പ്രദാനംചെയ്തുകൊണ്ടു മനുഷ്യനിലെ ഉത്ഭവപാപം നീക്കിക്കളയുകയും അവനെ തിരികെ ദൈവത്തിങ്കലേക്കു കൊണ്ടുവരുകയും ചെയ്യുന്നു."*

കത്തോലിക്കാസഭയുടെ മതബോധനഗ്രന്ഥത്തിലെ ഈ

വാചകക്കസർത്ത് രസാവഹമായ രണ്ടു മൂന്നു കാര്യങ്ങൾ വ്യക്തമാക്കുന്നുണ്ട്. ഒന്ന്, തിരുവനന്തപുരത്തുള്ള ശ്രീ പത്മനാഭസ്വാമി ക്ഷേത്രത്തിലെ നിലവറകളിൽ സ്വർണ്ണവും രത്നങ്ങളും കുമിഞ്ഞുകൂടിക്കിടക്കുന്നതുപോലെ കത്തോലിക്കാവിശ്വാസം വെളിപാടുകളുടെയും രഹസ്യങ്ങളുടെയും വലിയ ഒരു നിലവറയാണ്. ആർക്കൊക്കെ എപ്പോഴെല്ലാം എവിടെയൊക്കെ വെച്ചാണ് ഈ വെളിപാടുകൾ ലഭിച്ചത് എന്നു സഭ വ്യക്തമാക്കുന്നില്ല. വിശ്വാസികൾക്കു ഗ്രഹിക്കാനാവാത്ത മഹാരഹസ്യങ്ങളുടെ ചുരുളുകൾ അഴിച്ച മഹാപ്രതിഭകൾ ആരൊക്കെയാണെന്നു സഭ പറയുന്നില്ല. അതൊക്കെ മറ്റൊരു രഹസ്യമായി തുടരട്ടെ! രണ്ട്, മനുഷ്യകുലത്തിന്റെ ചരിത്രത്തിൽ ഇന്നോളം അറിയപ്പെട്ടിട്ടുള്ളതിൽ ഏറ്റവും ഗുരുതരമായ സാംക്രമിക രോഗം 20–25 ലക്ഷം വർഷങ്ങൾക്കുമുമ്പ്, ആദത്തിന്റെ കാലംമുതൽ, ഓരോ തലമുറയിലേക്കും സംക്രമിച്ചുകൊണ്ടിരിക്കുന്ന ഉത്ഭവപാപമാണ്. അതിനു സഭ കണ്ടെത്തിയിരിക്കുന്ന ഒരേയൊരു പ്രതിവിധി–ഒറ്റമൂലി–മാമ്മോദീസമാത്രമാണ്. പ്രജനനം (ഗർഭധാരണം, പ്രസവം) വഴിയാണ് ഈ രോഗം പകരുന്നതെന്നു കൃത്യമായി കണ്ടെത്തിയതുകൊണ്ടാണോ വൈദികരുടെ വിവാഹം സഭ മുടക്കിയത്? രോഗം പിടിപെട്ടിട്ടു ചികിത്സിക്കുന്നതിനേക്കാൾ നല്ലത് രോഗം വരാതെ നോക്കുന്നതാണല്ലോ. വൈദികരെപ്പോലെ കഴിയുന്നിടത്തോളം വിശ്വാസികൾ വിവാഹം കഴിക്കരുതെന്നു സഭ നിഷ്കർഷിക്കുന്നതല്ലേ ഉത്ഭവപാപം തടയാനുള്ള ഉത്തമമാർഗ്ഗം? അപ്പോൾ ഇടയന്മാർക്ക് 'അജപാലന ശുശ്രൂഷ' നടത്താനുള്ള ആടുകളുടെ എണ്ണം കുറഞ്ഞുപോകും എന്നൊരു ദോഷമുണ്ട്! 'മനുഷ്യപ്രകൃതിയുടെ സമ്പ്രദാനത്തിലൂടെയാണ് ഈ പാപം സമസ്ത മാനവരാശിയിലേക്കും സംക്രമിക്കുന്നത്' എന്നുള്ള അത്ഭുതകരമായ കണ്ടുപിടുത്തം സഭ നടത്തിയത് ഉത്ഭവപാപം കണ്ടുപിടിച്ചതോടുകൂടി ആയിരിക്കണമല്ലോ. അപ്പോൾ പാരമ്പര്യശാസ്ത്രശാഖ (Genetics) യുടെ ആദിപിതാവ് 19–ാം നൂറ്റാണ്ടിൽ ആസ്ട്രിയയിൽ ജീവിച്ചിരുന്ന അഗസ്റ്റീനിയൻ സന്യാസിയും സസ്യശാസ്ത്രജ്ഞനുമായിരുന്ന ഫാ. ഗ്രിഗറി മെൻഡൽ അല്ലെന്നും ജനിതകശാസ്ത്രം നാലാം നൂറ്റാണ്ടിൽത്തന്നെ കത്തോലിക്കാസഭ വികസിപ്പിച്ചെടുത്തതാണെന്നും ശാസ്ത്രലോകം അംഗീകരിക്കാത്തത് തീർച്ചയായും പ്രതിഷേധാർഹമാണ്! എന്നാൽ, അനേകലക്ഷം വർഷങ്ങൾക്കുമുമ്പു ജീവിച്ചിരുന്ന ആദിമാതാപിതാക്കളുടെ പാപം ഇപ്പോഴും നവജാതശിശുക്കളിലേക്കു സംക്രമിച്ചുകൊണ്ടിരിക്കുന്ന ജനിതകശാസ്ത്രമാണ് സഭ വികസിപ്പിച്ചെടുത്തത് എന്നറിയുമ്പോൾ കത്തോലിക്കർക്കെല്ലാം മുഴുവട്ടാണെന്ന് ലോകം മുഴുവൻ വിധിയെഴുതും!

കഴിഞ്ഞ പതിനാറു നൂറ്റാണ്ടു കാലം ഒരു ദുർഭൂതത്തെപ്പോലെ കത്തോലിക്കാസഭയെ ആവേശിച്ച ഉത്ഭവപാപം എങ്ങനെയാണുണ്ടായത്? ഉത്ഭവപാപം ഉണ്ടെന്നും അതിന്റെ ബന്ധനത്തിൽനിന്നു മാനവകുലത്തെ മോചിപ്പിക്കാനാണ് യേശുക്രിസ്തു ഭൂമിയിൽ അവതീർണ്ണനായതെന്നും കുരിശിൽ മരിച്ചതെന്നും ഉറച്ചു വിശ്വസിക്കുകയും ദിവ്യരക്ഷകൻ പാപവിമോചകൻ എന്നൊക്കെ യേശുവിനെ വിശേഷിപ്പിക്കുകയും ചെയ്യുന്ന നമ്മൾ, ജന്മപാപത്തെപ്പറ്റി ഒരു വാക്കെങ്കിലും യേശു ഉച്ചരിച്ചതായി നാലു സുവിശേഷങ്ങളിലും കാണുന്നില്ല എന്ന സത്യം ഒരിക്കലും ശ്രദ്ധിച്ചിട്ടില്ല. പഴയനിയമത്തിന്റെ കാനോനികമായി അംഗീകരിക്കപ്പെട്ടിട്ടുള്ള 45 ഗ്രന്ഥങ്ങളിലോ സുവിശേഷങ്ങളും ശ്ലീഹന്മാരെഴുതിയ ലേഖനങ്ങളും ഉൾപ്പെടെയുള്ള 27 പുതിയനിയമഗ്രന്ഥങ്ങളിലോ ഉത്ഭവപാപത്തെപ്പറ്റി യാതൊരു സൂചനയുമില്ല. യേശുവിനെ അടുത്തറിഞ്ഞിരുന്ന അവിടുത്തെ ശിഷ്യന്മാരിൽനിന്നും അവരുടെ അനുയായികളിൽനിന്നും യഥാർത്ഥ ക്രിസ്തീയ വിശ്വാസം നേരിട്ടു ലഭിച്ചവരും ആദ്യത്തെ നാലു നൂറ്റാണ്ടുകളിൽ ജീവിച്ചിരുന്നവരുമായ ക്രിസ്ത്യാനികൾ ഉത്ഭവപാപത്തിൽ വിശ്വസിച്ചിരുന്നു എന്നതിന് എന്തെങ്കിലും തെളിവുകളോ രേഖകളോ ലഭിച്ചിട്ടില്ല. ഉത്ഭവപാപത്തെക്കുറിച്ചുള്ള വെളിപാടായി ക.സ.മ. ഗ്രന്ഥം ഉദ്ധരിച്ചിരിക്കുന്നത് പൗലോസ് ശ്ലീഹാ റോമാക്കാർക്കെഴുതിയ ലേഖനത്തിൽ അഞ്ചാം അദ്ധ്യായത്തിലുള്ള 12-ഉം 19-ഉം വാക്യങ്ങളാണ്. ഉത്ഭവപാപത്തെപ്പറ്റി യാതൊന്നുംതന്നെ പൗലോസ് ശ്ലീഹാ സൂചിപ്പിച്ചിട്ടില്ലെങ്കിലും പ്രധാനമായും മേല്പറഞ്ഞ 12–ാം വാക്യം ദുർവ്യാഖ്യാനിച്ചാണ് ഈ ദുർഭൂതത്തിനു ജന്മം കൊടുത്തിരിക്കുന്നത്.

ദൈവശാസ്ത്രപണ്ഡിതനല്ലാത്ത ഒരു അത്മായൻ സഭയുടെ ഗഹനമായ വിശ്വാസസത്യത്തെക്കുറിച്ച് എഴുതുമ്പോൾ വിശ്വാസ്യത കുറഞ്ഞാലോ എന്നു ഭയമുള്ളതുകൊണ്ട് പ്രഗത്ഭനായ ഒരു ദൈവശാസ്ത്രജ്ഞന്റെ വാക്കുകൾതന്നെ ഉദ്ധരിക്കാം. റവ. ഡോക്ടർ സിപ്രിയൻ ഇല്ലിക്കമുറി OFM Cap. ജർമ്മനിയിലെ മ്യൂൻസ്റ്റർ സർവ്വകലാശാലയിൽ വിശ്വവിഖ്യാതരായ ദൈവശാസ്ത്രജ്ഞരുടെ കീഴിൽ പരിശീലനംനേടുകയും ഇന്ത്യയിലും വിദേശത്തുമുള്ള പ്രമുഖ സെമിനാരികളിൽ ദൈവശാസ്ത്രാദ്ധ്യാപകനായി വളരെക്കാലം പ്രവർത്തിക്കുകയും ചെയ്തിട്ടുള്ളയാളാണ്. ഇംഗ്ലീഷ്, ജർമ്മൻ, മലയാളം ഭാഷകളിൽ നിരവധി ഗ്രന്ഥങ്ങൾ അദ്ദേഹം രചിച്ചിട്ടുണ്ട്. പോൾ ആറാമൻ മാർപാപ്പാ ആഹ്വാനം ചെയ്തതുപോലെ ഉത്ഭവപാപത്തെപ്പറ്റി കാലാനുസൃതവും പ്രസക്തവുമായ പുനർവിചിന്തനം നടത്തുന്ന ദൈവശാസ്ത്രജ്ഞന്മാരുടെകൂടെയാണ് ഡോ. സിപ്രിയൻ ഇല്ലിക്കമുറി. അദ്ദേഹത്തിന്റെ വാക്കുകൾ: *"ഉല്പത്തി രണ്ടും മൂന്നും അദ്ധ്യായങ്ങൾ നാം ധരിച്ചുവച്ചിരുന്ന രീതിയിൽ ഉത്ഭവപാപത്തെപ്പറ്റി ഒന്നുംതന്നെ പറയുന്നില്ലെന്നാണ് ആധുനിക ബൈബിൾ പണ്ഡിതന്മാരുടെ ഏകകണ്ഠമായ അഭിപ്രായം. 'ആദം' (ha adam) എന്ന വാക്കിന്റെ അർത്ഥംതന്നെ മനുഷ്യൻ എന്നാണ്. മനുഷ്യസമൂഹമാണ് ആ വാക്കുകൊണ്ട് ഉദ്ദേശിക്കപ്പെടുന്നത്. അല്ലാതെ ആദ്യത്തെ മനുഷ്യന്റെ പേരായിരുന്നില്ല ആദം എന്നത്. മനുഷ്യകുലത്തിന്റെ ആദിമാതാപിതാക്കൾ രണ്ടു വ്യക്തികളായിരുന്നില്ല (monogenism); പ്രത്യുത, പല വ്യക്തികളായിരുന്നു (polygenism) എന്നാണ് മാനവശാസ്ത്രവിദഗ്ദ്ധന്മാർ ഇന്നു പൊതുവേ അഭിപ്രായപ്പെടുന്നത്. ബൈബിളിന്റെ പ്രബോധനവും ഈ അഭിപ്രായവുമായി യാതൊരു പൊരുത്ത*

*ക്കേടുമില്ല.... ആദത്തിന്റെയും ഹവ്വയുടെയും പാപത്തിനു ശേഷം ലോകത്തിൽ പാപം വളരെ വേഗം വർദ്ധിച്ചു പെരുകിയതായി ഉല്പത്തിയുടെ പുസ്തകം പറയുന്നുണ്ടെങ്കിലും അത് ഈ ആദ്യപാപത്തിന്റെ ഫലമായിരുന്നുവെന്ന് ഉല്പത്തിപ്പുസ്തകത്തിൽ ഒരിടത്തും സൂചിപ്പിക്കുന്നില്ല. ആദത്തിന്റെയും ഹവ്വയുടെയും പാപത്തെപ്പറ്റി പഴയനിയമത്തിന്റെ മറ്റു ഭാഗങ്ങളിൽ കാര്യമായ പരിചിന്തനമൊന്നും കാണുന്നില്ലെന്നതും പ്രസ്താവ്യമാണ്. ഉത്ഭവപാപമുണ്ടെന്ന് ഇസ്രായേൽക്കാർ വിശ്വസിച്ചിരുന്നില്ല. പഴയനിയമത്തിൽ ഒരിടത്തും ഉത്ഭവപാപത്തെക്കുറിച്ചു പറയുന്നില്ല എന്നതു തന്നെയാണ് അതിനു കാരണം. ഉത്ഭവപാപത്തെപ്പറ്റിയുള്ള സഭയുടെ പ്രബോധനത്തിന് ആധാരമായി വി. ആഗസ്തീനോസും പരമ്പരാഗത ദൈവശാസ്ത്രജ്ഞരും ത്രെന്ത്രോസ് സുനഹദോസും ചൂണ്ടിക്കാട്ടുന്നത് റോമാ 5: 12-21 വാക്യങ്ങളാണ്. ഒരു മനുഷ്യൻമൂലം പാപവും പാപംമൂലം മരണവും ലോകത്തിൽ പ്രവേശിച്ചു.; അപ്രകാരം എല്ലാവരും പാപം ചെയ്തതുകൊണ്ട് മരണം എല്ലാവരിലും വ്യാപിച്ചു (5:12), ഒരു മനുഷ്യന്റെ അനുസരണക്കേടിനാൽ അനേകർ പാപികളായിത്തീർന്നതുപോലെ ഒരു മനുഷ്യന്റെ അനുസരണത്താൽ അനേകർ നീതിയുള്ളവരാകും (5:19). ആദത്തിന്റെ പാപം വഴി പാപം ആദ്യമായി ലോകത്തിൽ പ്രവേശിച്ചു; പിന്നീട് എല്ലാ മനുഷ്യരും പാപംചെയ്തു; അങ്ങനെ എല്ലാവരും പാപികളായിത്തീർന്നു; പാപത്തിന്റെ ശിക്ഷയായ മരണം എല്ലാവർക്കും അനുഭവപ്പെടുന്നു. ഇതാണ് 5:12-ൽ പ്രകടമാകുന്ന പൗലോസ് ശ്ലീഹായുടൈ വീക്ഷണം. അന്നത്തേ യഹൂദർ ധരിച്ചിരുന്നതുപോലെ പൗലോസും ശാരീരികമായ മരണത്തെ പാപത്തിനുള്ള ശിക്ഷയായിട്ടാണ് കരുതുന്നത്... ഒരു മനുഷ്യന്റെ അനുസരണക്കേടിനാൽ അനേകർ പാപികളായിത്തീർന്നതുപോലെ എന്ന് 5:19-ൽ പറയുമ്പോഴും ഒരു മനുഷ്യന്റെ അനുസരണക്കേട് മറ്റുള്ളവർക്ക് അവരുടെ സമ്മതമോ പ്രവൃത്തിയോ ഒന്നും കൂടാതെ പാപമായിത്തീർന്നുവെന്ന് അർത്ഥമില്ല. ആദത്തിന്റെ പാപത്തിന് ആദ്യത്തെ പാപമെന്ന നിലയിലും ലോകത്തിലേക്കു പാപത്തിനു പ്രവേശനം നല്കി എന്ന നിലയിലുംമാത്രമേ പൗലോസ് ശ്ലീഹായുടെ വീക്ഷണത്തിൽ, മറ്റുള്ളവരുടെ പാപവുമായി ബന്ധമുള്ളു. അല്ലാതെ, ആദത്തിന്റെ പാപം മറ്റു മനുഷ്യർക്കു പരമ്പരാഗതമായ ധാരണയിലുള്ള ഉത്ഭവപാപത്തിനു കാരണമായി എന്ന് പൗലോസ് വിവക്ഷിക്കുന്നില്ല. അങ്ങനെ കൃത്യമായി പറഞ്ഞാൽ, മേല്പറഞ്ഞ ലേഖനഭാഗത്ത് പൗലോസ് ശ്ലീഹാ ഉത്ഭവപാപത്തെപ്പറ്റി കാര്യമായി ഒന്നും തന്നെ പറയുന്നില്ല. ആഗസ്റ്റിനോസ് പുണ്യവാനാണ് ആദ്യമായി ഉത്ഭവപാപത്തെപ്പറ്റി സ്പഷ്ടമായി പറയുന്നത്. ഉത്ഭവപാപത്തിന് ഉപോത്ബലകമായി ആഗസ്തിനോസ് ഉപയോഗിച്ച വിശുദ്ധഗ്രന്ഥഭാഗം റോമാ 5;12-21 തന്നെയായിരുന്നു. ഇതിൽ സുപ്രധാന വാക്യമായ 5 :12-ന് ശരിയായ ഒരു വ്യാഖ്യാനമല്ല അദ്ദേഹം നല്കിയത്"* (വചനം വിശ്വാസം ജീവിതം I:43-54)

റവ. ഡോ. സിപ്രിയൻ ഇല്ലിക്കമുറിയുടെ വ്യക്തവും സത്യസന്ധവുമായ അപഗ്രഥനത്തിൽനിന്ന് പൗലോസ് ശ്ലീഹാ ഉത്ഭവപാപത്തെപ്പറ്റി ഒരക്ഷരം പോലും എഴുതിവച്ചിട്ടില്ലെന്ന് അർത്ഥശങ്കയ്ക്കിടയില്ലാതെ സമാന്യബുദ്ധിയുള്ള ആർക്കും മനസ്സിലാകും. മാജിക്ക്കാരൻ തന്റെ തൊപ്പിയിൽനിന്നു മുയലിനെ പുറത്തെടുക്കുന്നതുപോലെ പൗലോസ് ശ്ലീഹായുടെ അക്ലിഷ്ടമെന്നു കരുതേണ്ട വാക്കുകൾ ദുർവ്യാഖ്യാനിച്ചാണ് ആഗസ്തിനോസ് ഉത്ഭവപാപം കണ്ടെത്തിയത്. പൗലോസ് ശ്ലീഹാ റോമാക്കാർക്കെഴുതിയ ലേഖനത്തിലുള്ള സുതാര്യമായ രണ്ടു വാചകങ്ങൾക്ക് ആഗസ്തിനോസ് നൽകിയ നൂറു ശതമാനം തെറ്റായ വ്യാഖ്യാനം പൊക്കിപ്പിടിച്ചുകൊണ്ടാണ്, "നമ്മുടെ ആദിമാതാപിതാക്കന്മാർ സ്വതന്ത്രമായി ചെയ്ത ആദ്യപാപം മാനവചരിത്രത്തിനു മുഴുവൻ ക്ഷതമേല്പിച്ചുവെന്ന് വെളിപാടുവഴി നമുക്ക് വിശ്വാസപരമായ സ്ഥിരീകരണം ലഭിച്ചിരിക്കുന്നു" (ക.സ.മ.ഗ്രന്ഥം പേജ് 100) എന്ന് റോമൻ ക്യൂരിയ (Curia) നിയമിച്ച വിദഗ്ദ്ധന്മാർ എഴുതിവച്ചിരിക്കുന്നത്! സഭ കൊട്ടിഘോഷിക്കുന്ന വെളിപാടുകൾ എന്തുമാത്രം പൊള്ളയാണെന്നു തെളിയിക്കാൻ ഏറ്റവും നല്ല ഉദാഹരണം ഇതാണ്. ഉള്ളി തൊണ്ടുപൊളിച്ചാൽ ഒന്നുമില്ലാതാകുന്നതുപോലെ സൂക്ഷ്മമായി പരിശോധിക്കുമ്പോൾ ഇല്ലാതാകുന്ന അടിത്തറയിൽ 'കാതലായ വിശ്വാസസത്യ'ങ്ങൾ കെട്ടിപ്പൊക്കുന്നത് എത്ര ഗർഹണീയമാണ്! വിശ്വാസികളെ കബളിപ്പിച്ച് തങ്ങളുടെ ചൊല്പടിയിൽ നിറുത്താനായി സഭാധികാരികൾ കരുതിക്കൂട്ടി തയ്യാറാക്കുന്ന തന്ത്രങ്ങളല്ലേ ഇതെല്ലാം? "നിങ്ങൾക്ക് കുറച്ചുപേരെ എല്ലാക്കാലത്തും വിഡ്ഢികളാക്കാം; എല്ലാവരെയും കുറേക്കാലത്തേക്ക് വിഡ്ഢികളാക്കാം; എന്നാൽ എല്ലാവരെയും എല്ലാക്കാലത്തും വിഡ്ഢികളാക്കാനാവില്ല" എന്നു പറഞ്ഞത് ഏബ്രഹാം ലിങ്കണാണെന്നു തോന്നുന്നു. കത്തോലിക്കാസഭ പതിനാറു നൂറ്റാണ്ടുകളായി വിശ്വാസികളെ വിഡ്ഢികളാക്കുകയാണ്.

(തുടരും)

ഫോൺ: 944-657-8174

## അറിയിപ്പ്

*ശ്രീ. സാമുവൽ കൂടൽ അദ്ദേഹത്തിന്റെ വീട്ടിൽവച്ചു നടത്തിയ ഒരു സവിശേഷപരിപാടിയുടെ റിപ്പോർട്ട് അടുത്ത ലക്കത്തിൽ പ്രതീക്ഷിക്കുക. ജോർജ് ജെ. പൂഴിക്കാലാ, ജിജോ ബേബി ജോസ്, റ്റി.റ്റി.മാത്യു തകിടിയേൽ, പി.സി.ജോസഫ് ചെന്നൈ മുതലായവരുടെ രചനകൾ സ്ഥലപരിമിതിമൂലം അടുത്ത ലക്കത്തിലേക്ക് മാറ്റിവച്ചിരിക്കുകയാണ് എന്നും അറിയിക്കുന്നു.*

***-എഡിറ്റർ***

# "പ്രവാസി ക്നാനായപള്ളികൾ 'എൻഡോഗമസ്" അല്ല!" – പൗരസത്യതിരുസംഘം



**അലക്സ് കാവുംപുറം**–ന്യൂയോർക്ക് (നാഷണൽ കോ-ഓർഡിനേറ്റർ, KANA)

**ക്**നാനായസമുദായത്തിലെ പ്രശ്നങ്ങൾ പഠിക്കുന്നതിനുവേണ്ടി മാർപാപ്പാ നിയോഗിച്ച ഏകാംഗകമ്മീഷൻ, ബിഷപ്പ് മുൾഹാൾ നൽകിയ റിപ്പോർട്ടിന്റെ വെളിച്ചത്തിൽ, പൗരസ്ത്യതിരുസംഘം 2017 ഡിസം. 18–ന് ഒരു കല്പന പുറപ്പെടുവിക്കുകയുണ്ടായി.

ചിക്കാഗോ സീറോ-മലബാർ രൂപതാദ്ധ്യക്ഷൻ മാർ ജേക്കബ് അങ്ങാടിയത്തിന് അയച്ചു കൊടുത്ത ഈ കല്പനയിൽ, തന്റെ രൂപതയിലെ ഒരു ഇടവകയോ മിഷനോ ഒരു തരത്തിലും സ്വവംശവിവാഹനിഷ്ഠയുടെ അടിസ്ഥാനത്തിലല്ല എന്ന് തന്റെ ജനങ്ങളെ അറിയിക്കുവാൻ ആവശ്യപ്പെട്ടിരിക്കുകയാണ്. പ്രവാസിക്നാനയക്കാർക്കായി, 'ക്നാനായ പാരീഷ്' എന്ന പേരിൽ ഇടവകകൾ അനുവദിച്ചിരിക്കുന്നതിന്റെ ഉദ്ദേശ്യം, ഈ സമുദായത്തിന്റെ സാമൂഹികവും സാംസ്കാരികവുമായ ബന്ധങ്ങളെ ഊട്ടി ഉറപ്പിക്കുന്നതിനുവേണ്ടിയാണ്. എന്നാൽ ഈ ഇടവകകളിലെ അംഗത്വമോ പങ്കാളിത്തമോ ക്നാനായപൈതൃകം ഉള്ളവർക്കുമാത്രമായി നിജപ്പെടുത്തിയിട്ടില്ല.

പൗരസ്ത്യതിരുസംഘത്തിന്റെ ഈ നിലപാട് 2001–ൽ ചിക്കാഗോ രൂപതാരൂപീകരണസമയത്ത്, ബഹുമാനപ്പെട്ട അങ്ങാടിയത്ത് പിതാവിന് കൊടുത്ത കല്പനയ്ക്കു സമാനമാണ്. ക്നാനായ സമുദായത്തിൽനിന്നു വിവാഹം കഴിക്കാത്ത ക്നാനായക്കാരുടെ കുടുംബങ്ങളെ പുറത്താക്കുകയോ, അതല്ലെങ്കിൽ അവരെ ക്നാനായ, ക്നാനായേതര ഇടവകകളിലാക്കി വിഭജിച്ചുനിർത്തുകയോ ചെയ്യുന്ന, 2014 സെപ്റ്റംബർ 19–ന് അങ്ങാടിയത്തുപിതാവ് അംഗീകരിച്ച പോളിസി, ഉദ്ദേശ്യശുദ്ധിയോടെയുള്ളതാണെങ്കിലും മുകളിൽ ആവർത്തിച്ചു പ്രഖ്യാപിച്ചിരിക്കുന്ന നയത്തിനെതിരാണെന്നും പൗരസ്ത്യതിരുസംഘം കണ്ടെത്തി. 2012 ഡിസംബർ 20-ലെ അങ്ങാടിയത്തു പിതാവിന്റെ ഇടയലേഖനം 'സ്വവംശവിവാഹനിഷ്ഠ ഒരുതരത്തിലും ക്നാനായ പള്ളികളിൽ പാടില്ല' എന്ന രീതിയിൽ തിരുത്തി എഴുതുവാനും തിരുസംഘം ആവശ്യപ്പെട്ടു.

പ്രവാസി ക്നാനായ പള്ളികളിൽ എൻഡോഗമി ഒരു തരത്തിലും അനുവദനീയമല്ലെങ്കിലും, കോട്ടയം രൂപതയിൽ അത് 'de facto' എന്ന നിലയിൽ സഹിക്കുമെന്നാണ് പൗരസ്ത്യതിരുസംഘം തലവൻ കർദ്ദിനാൾ ലിയോനാർഡോ സാൻദ്രി ഒപ്പിട്ട കത്തിൽ പറഞ്ഞിരിക്കുന്നത്.

എൻഡോഗമിയെ അനുകൂലിക്കുന്ന ലോകമെമ്പാടുമുള്ള ക്നാനായക്കാരുടെ ഇടയിൽ വളരെയധികം പരിഭ്രാന്തിയും കോളിളക്കവും സൃഷ്ടിച്ചിരിക്കുകയാണ്, ഈ കല്പന. ക്നാനായമെത്രാന്മാരും വൈദികരും അൽമായ സംഘടനാനേതാക്കന്മാരും ഈ കല്പനയെ ശക്തമായി അപലപിക്കുകയും, അത് നടപ്പിലാക്കാൻ ഒരിക്കലും അനുവദിക്കില്ല എന്നു പ്രഖ്യാപിക്കുകയും ചെയ്തിരിക്കുകയാണ്. സീറോ-മലബാർ സഭയുടെ മേലദ്ധ്യക്ഷൻ മാർ ജോർജ് ആലഞ്ചേരി പിതാവും മാർ അങ്ങാടിയത്ത് പിതാവും ഈ കല്പനയെ എതിർക്കുമെന്നാണു കേൾക്കുന്നത്. എന്നാൽ അതിന്റെ സത്യാവസ്ഥ സ്വതന്ത്രമായി വിലയിരുത്തുവാൻ ഇതുവരെയും സാധിച്ചിട്ടില്ല.

എന്നാൽ എൻഡോഗമിയെ എതിർക്കുന്ന ക്നാനായക്കാർക്ക് ഈ കല്പന സന്തോഷവും പ്രത്യാശയും നൽകുന്നതാണ്. പ്രവാസി ക്നാനായപള്ളികളിലെ അംഗത്വം എൻഡോഗമിയുടെ അടിസ്ഥാനത്തിൽ ആയിരിക്കരുത് എന്നു പ്രഖ്യാപിച്ച പൗരസ്ത്യതിരുസംഘത്തിന്റെ നടപടിയെ KANA-യുടെയും KCNS-ന്റെയും ഭാരവാഹികൾ സ്വാഗതംചെയ്തു. കൂടാതെ, ക്നാനായ പിതാക്കന്മാരോടും വൈദികരോടും അൽമായനേതാക്കന്മാരോടും ഈ കല്പന സ്വീകരിക്കുവാനും അതു നടപ്പിലാക്കുവാനും അഭ്യർത്ഥിക്കുകയും ചെയ്തു. ആലഞ്ചേരി പിതാവും അങ്ങാടിയത്തുപിതാവും ഈ കല്പനയ്ക്കെതിരാണെന്നു കേൾക്കുന്നതിൽ അവർ ആശങ്ക പ്രകടിപ്പിക്കുകയുംചെയ്തു.

എങ്കിലും കോട്ടയം രൂപതയിൽ എൻഡോഗമിനയം തുടരാനനുവദിച്ചതിൽ അവർ ഖേദം പ്രകടിപ്പിച്ചു. കോട്ടയം രൂപതാധികാരികൾ തങ്ങളുടെ തെറ്റായ സഭാഭ്രഷ്ട് നയം ഇനിയെങ്കിലും പുനഃപരിശോധിക്കുവാൻ തയ്യാറാവുമെന്ന പ്രത്യാശയും അവർക്കുണ്ട്. ഹൈക്കോടതിയിൽ നിലനിൽക്കുന്ന റിവ്യൂ പെറ്റീഷനാകാം പൗരസ്ത്യതിരുസംഘത്തിന്റെ ഈ തീരുമാനത്തിനു പിന്നിലെന്ന് അവർ ഊഹിക്കുന്നു.

സഭയുടെ ആധികാരികമായ ഈ കല്പനയ്ക്കെതിരെ ക്നാനായ പിതാക്കന്മാരും സീറോ-മലബാർ പിതാക്കന്മാരും പ്രവർത്തിക്കുമോ, ക്നാനായ സമുദായത്തിൽ എന്തെങ്കിലും പുതിയ പൊട്ടിത്തെറികൾ ഉണ്ടാകുമോ, ഈ സമൂഹത്തെ ശാന്തമാക്കുവാനും സഭയോടൊത്തുനിന്നുകൊണ്ട് മുന്നോട്ട് നയിക്കുവാനും സഭാപിതാക്കന്മാർക്ക് സാധിക്കുമോ എന്നൊക്കെ എല്ലാവരും ആശങ്കയോടെ കാത്തിരിക്കുന്നു.

ഫോൺ: (001) 516506938

*–ക്നാനായ സ്വവംശവിവാഹനിഷ്ഠ എന്ന അനാചാരത്തിനും അതിൻപ്രകാരമുള്ള സമുദായഭ്രഷ്ട് എന്ന അത്യാചാരത്തിനുമെതിരെയുള്ള ധർമ്മയുദ്ധത്തിൽ, പുറത്താക്കപ്പെട്ട ഇരകൾക്കൊപ്പം നിന്ന KCRM-നും സത്യജ്വാലയ്ക്കും, ബിഷപ്പ് മുൾഹാൾ കമ്മീഷന്റെ റിപ്പോർട്ട് അവർക്ക് അനുകൂലമായിട്ടുള്ളതാണ് എന്നറിഞ്ഞതിൽ വളരെ സന്തോഷമുണ്ട്. KCRM-ൽ നിന്ന് കെ. ജോർജ് ജോസഫ്, പ്രൊഫ. ജോസഫ് വർഗീസ് (ഇപ്പൻ), ഈ ലേഖകൻ എന്നിവരുടെ ഒരു സംഘം കാക്കനാട്ടെത്തി ബിഷപ്പ് മുൾഹാളുമായി ഇക്കാര്യത്തിൽ ആശയവിനിമയം നടത്തുകയും വിശദമായൊരു നിവേദനം നൽകുകയും ചെയ്ത കാര്യം അഭിമാനത്തോടെ ഓർക്കുന്നു.*

**–എഡിറ്റർ**

# CBCI-യിലെ എല്ലാ അംഗമെത്രാന്മാർക്കും 'ക്നാനായകത്തോലിക്കാ നവീകരണസമിതി' (KCNS) നൽകിയ മെമ്മോറാണ്ടം

*[ഇംഗ്ലീഷിലുള്ള മെമ്മോറാണ്ടത്തിന്റെ മലയാളരൂപം. തർജ്ജമ സ്വന്തം - എഡിറ്റർ]*

**വിഷയം: കോട്ടയം രൂപതയ്ക്കു പുറത്തുനിന്നു വിവാഹംകഴിക്കുന്ന വിശ്വാസികളെ പുറത്താക്കുന്ന സമ്പ്രദായം ഉന്മൂലനംചെയ്യുന്നത് സംബന്ധിച്ച്**

തീയതി: 2018 ജനു. 26

**Your Eminences & Excellencies,**

ശുദ്ധരക്തവാദത്തിന്റെ അടിസ്ഥാനത്തിൽ, കേരളത്തിലെ മറ്റു രൂപതകളിലുള്ളവരുമായി വിവാഹബന്ധത്തിലേർപ്പെടുന്നവരെ കോട്ടയം രൂപതയിൽനിന്നു പുറത്താക്കുന്ന ദുഷിച്ച സമ്പ്രദായത്തിനെതിരെ, 'അഖിലഭാരത മെത്രാൻ സമിതി' (CBCI) യിലുള്ള മെത്രാന്മാർക്കും വത്തിക്കാൻ കൂടുംബസിനഡിനും പൗരസ്ത്യതിരുസംഘത്തിനും 'ക്നാനായ കത്തോലിക്കാ നവീകരണസമിതി' (KCNS) നിരന്തരം നിവേദനങ്ങളയച്ചുകൊണ്ടിരിക്കുന്നു. അതിനോടനുബന്ധിച്ച്, CBCI-യിലുള്ള എല്ലാ മെത്രാന്മാർക്കും 'Blood Wedding' എന്ന പുസ്തകത്തിന്റെ ഓരോ കോപ്പിയും അയച്ചുതന്നിരുന്നു.

ഞങ്ങളയച്ച നിവേദനങ്ങളുടെയും, ചിക്കാഗോയിലെ 'KANA' എന്ന സംഘടനയും ശ്രീ. ബിജു ഉതുപ്പും അയച്ച മറ്റു നിവേദനങ്ങളുടെയും അടിസ്ഥാനത്തിൽ ഈ നീറുന്ന പ്രശ്നത്തെക്കുറിച്ചു കൂലങ്കഷമമായി പഠിക്കാൻ ബിഷപ്പ് മൈക്കിൾ മുൾഹാളിനെ ഒരു ഏകാംഗ കമ്മീഷനായി പരിശുദ്ധസിംഹാസനം നിയോഗിച്ചിരുന്നു. അദ്ദേഹം തന്റെ പഠനറിപ്പോർട്ട് പരിശുദ്ധസിംഹാസനത്തിനും പൗരത്യതിരുസംഘത്തിനും സമർപ്പിച്ചുവെന്നും, അത് ഞങ്ങളുടെ മുൻനിവേദനങ്ങളിലെ നിലപാടുകൾക്കനുകൂലവും കോട്ടയംരൂപതയുടെ നിലപാടുകൾക്കു വിരുദ്ധവുമാണെന്നറിയുന്നു. ലോകത്തൊരിടത്തും ജാതിവ്യവസ്ഥ നിലവിലില്ലാത്ത ഇന്നത്തെ സാഹചര്യത്തിൽ, ഇന്ത്യയിലെ ദളിത് ക്രൈസ്തവർക്കെതിരെ നിലനിൽക്കുന്ന ജാതിവിവേചനത്തിന് അറുതി വരുത്താനാവശ്യമായ ഹ്രസ്വകാല-ദീർഘകാല പദ്ധതികൾ കണ്ടെത്തി ഒരു വർഷത്തിനകം സമർപ്പിക്കാൻ അഖിലഭാരത മെത്രാൻ സമിതി(CBCI)ക്കു കീഴിലുള്ള 171 രൂപതകളോടും 2016 ഡിസംബറിൽ CBCI ആവശ്യപ്പെട്ടിരിക്കുകയാണല്ലോ. അതേ കത്തോലിക്കാസഭ, CBCI-യുടെയും കർദിനാൾ മാർ ജോർജ് ആലഞ്ചേരിയുടെയും കൺമുമ്പിൽതന്നെ, കോട്ടയം രൂപത ആചരിക്കുന്ന സ്വവംശവിവാഹനിഷ്ഠ(Endogamy)യെന്ന മറ്റൊരു ജാതിവ്യവസ്ഥയെ പ്രോത്സാഹിപ്പിക്കുന്നുവെന്നത് ലജ്ജാകരമായ വിരോധാഭാസമാണ്.

അതുകൊണ്ട്, ക്നാനായക്കാരല്ലാത്തവരെ പുറത്താക്കി രൂപതയുടെ വംശശുദ്ധി പരിപാലിക്കാൻ കോട്ടയം രൂപത അതിന്റെ സഭാപരമായ അധികാരം (eclesiastical powers) ദുരുപയോഗിച്ചിരുന്ന നടപടി, താഴെ പറയുന്ന കാര്യങ്ങളുടെ വെളിച്ചത്തിൽ, അടുത്ത് നടക്കുന്ന CBCI സമ്മേളനം പുനഃപരിശോധനയ്ക്കും തുറന്ന ചർച്ചയ്ക്കും വിധേയമാക്കേണ്ടതുണ്ടെന്ന് KCNS നിർവ്വാഹസമിതി ശക്തമായി അഭിപ്രായപ്പെടുന്നു:

a) പരിശുദ്ധസിംഹാസനം നിയോഗിച്ച ഏകാംഗ കമ്മീഷൻ ബിഷപ്പ് മൈക്കിൾ മുൾഹാൾ സമർപ്പിച്ചിരിക്കുന്ന റിപ്പോർട്ട്.

b) പൗരസ്ത്യതിരുസംഘം ബിഷപ്പ് അങ്ങാടിയത്തിനും ആർച്ചുബിഷപ്പ് മാത്യു മൂലക്കാട്ടിനും ഈയിടെ നൽകിയ കത്ത്.

c) ശ്രീ. ബിജു ഉതുപ്പിന്റെ അംഗത്വപ്രശ്നം സംബന്ധിച്ച് അടുത്ത കാലത്തുണ്ടായ കേരളഹൈക്കോടതി വിധി.

പൗരസ്ത്യതിരുസംഘത്തിന്റെ ഇതുസംബന്ധിച്ച ശിപാർശകളെ ഐകകണ്ഠ്യേന പിന്തുണയ്ക്കണമെന്നും ഒപ്പതന്നെ, സഭാപരമായ അധികാരദുർവിനിയോഗവും ഇടവക അംഗത്വനിഷേധവും സംബന്ധിച്ച് ബിജു ഉതുപ്പു കേസിലുണ്ടായ കേരളഹൈക്കോടതി വിധിയെ മാനിക്കണമെന്നും CBCI-യിലെ എല്ലാ മെത്രാന്മാരോടും ഞങ്ങൾ അഭ്യർത്ഥിക്കുന്നു. ബിജു ഉതുപ്പിനെയും കുടുബത്തെയുംപോലെ, സഭാപരമായ അധികാര ദുർവിനിയോഗത്തിനിരകളായവർ അനവധിയാണ്. ബിജു ഉതുപ്പിന്റെ ഇടവകാംഗത്വ പ്രശ്നത്തിലുണ്ടായ പ്രസ്തുത വിധിപ്രഖ്യാപനത്തിന്റെ വെളിച്ചത്തിൽ, രക്തശുദ്ധിയുടെയോ സ്വവംശവിവാഹനിഷ്ഠയുടെയോ അടിസ്ഥാനത്തിൽ ഇന്ത്യയിലെ ഒരു രൂപതയിലും ആരെയെങ്കിലും പുറത്താക്കുകയോ ആർക്കെങ്കിലും കൂദാശകൾ നിഷേധിക്കുകയോ ചെയ്യുന്നത് യേശുക്രിസ്തുവിന്റെ പ്രബോധനങ്ങൾക്കു കടകവിരുദ്ധമാണ് എന്ന് CBCI ഐകകണ്ഠ്യേന പ്രഖ്യാപിക്കണമെന്നും ഞങ്ങൾ ശക്തമായി ആവശ്യപ്പെടുന്നു. കൂടാതെ, കോട്ടയം കത്തോലിക്കാരൂപതയെ ഈ ദുരാചരണത്തിൽനിന്നു മുക്തമാക്കാനാവശ്യമായ ഹ്രസ്വകാല-ദീർഘകാലനടപടികൾ കണ്ടെത്തണമെന്നും CBCI-യോട് ഞങ്ങളഭ്യർത്ഥിക്കുന്നു.

അടുത്തുതന്നെ ബാംഗ്ലൂരിൽ ചേരുന്ന CBCI സമ്മേളനത്തിൽ, ഈ വിഷയത്തെക്കുറിച്ച് പരിചിന്തനം നടത്തണമെന്നും ധീരമായ ഒരു തീരുമാനം ഏകകണ്ഠമായി എടുക്കണമെന്നും ബിഷപ്പ് മുൾഹാൾ കമ്മീഷന്റെ റിപ്പോർട്ടിനെയും കണ്ടെത്തലുകളെയും അനുഭാവപൂർവ്വം അംഗീകരിച്ച് സ്വാഗതം ചെയ്യണമെന്നും CBCI അംഗങ്ങളായ എല്ലാ മെത്രാന്മാരോടും ഒരിക്കൽക്കൂടി ഞങ്ങൾ വിനീതമായി അഭ്യർത്ഥിക്കുന്നു.

ഊഷ്മളമായ ആദരവോടെ

(ഒപ്പ്)
**ലൂക്കോസ് മാത്യു**
(ഫോൺ: 9447507584)
- സെക്രട്ടറി, KCNS

(ഒപ്പ്)
**ടി. ഒ. ജോസഫ്**
(ഫോൺ: 9447056146)
- പ്രസിഡന്റ്, KCNS

ചുമ്മാ!

# എല്ലാ ഉടായിപ്പു വിശ്വാസികൾക്കുമായി ദൈവം എഴുതുന്നത്

*[ചിരിയും ചിന്തയും ഉണർത്തുന്ന ഒരു 'വാട്ട്സ്ആപ്പ്' പോസ്റ്റ്.]*

വിവരംകെട്ടവരേ,

എനിക്കെതിരേ ആരോപണങ്ങൾ ഉന്നയിക്കും മുൻപ് സത്യാവസ്ഥ പരിശോധിക്കേണ്ടതാണ്.

കുറേനാൾമുമ്പ്, അമ്പലമുറ്റത്തും പള്ളിയങ്കണത്തും ഭയങ്കര വെടിക്കെട്ടപകടം നടന്നത് എന്റെ കഴിവുകേടുകൊണ്ടാണെന്നും ഞാൻ ജനത്തെ രക്ഷിച്ചില്ലെന്നും നിങ്ങളിൽ ചിലർ ആക്രോശിച്ചുകേട്ടു.

വെടിക്കെട്ടു നടത്താൻ ഞാൻ പറഞ്ഞോ? മത്സരക്കമ്പം നടത്താൻ പറഞ്ഞോ? എന്നെ സുഖിപ്പിക്കാൻ

ഒരു കോപ്പും നടത്താൻ ഞാൻ പറഞ്ഞിട്ടില്ല.

നിങ്ങൾ നിങ്ങടെ ഇഷ്ടത്തിന് എന്റെ പേരുംപറഞ്ഞ് ഓരോന്ന് തോന്നുന്നപോലെ ചെയ്യുന്നു. നേരേചൊവ്വേ ചെയ്യാനറിയാത്തതുകൊണ്ട് ദുരന്തമുണ്ടാകുമ്പോൾ, കുറ്റം മുഴുവൻ എന്റെ തലയിലേക്ക്.

നിങ്ങളേക്കാൾ നല്ലവൻമാർ അവിശ്വാസികളാണ്. അവർ എന്നെ പ്രീതിപ്പെടുത്താനായി ഒന്നും ചെയ്യാത്തതുകൊണ്ട് വേണ്ടാതീനത്തിന് ഞാനാണ് ഉത്തരവാദി എന്നു പറയാറില്ല.

ഇനി അടുത്ത മുഴുത്ത പണിതരുന്നത് ആനയായിരിക്കും. എടാ വിവരംകെട്ടവന്മാരേ..., ഈ കൊടുംചൂടത്ത് കാട്ടരുവികളിൽക്കിടന്ന് ശരീരം തണുപ്പിക്കേണ്ട ജീവിയെ പിടിച്ച് ചുടുവെയിലത്തുനിർത്തി, പെരുമ്പറയും ചെണ്ടയും കൊട്ടി വട്ടാക്കിയാൽ അതെല്ലാംകൂടി ഓടി നിന്റെയൊക്കെ നെഞ്ചത്തോട്ട് കേറുമ്പോൾ ഞാനാണോടാ ഉത്തരവാദി? ഞാനാരോടും പറഞ്ഞിട്ടില്ല, ആനപ്പുറത്ത് കേറിയിരുന്നു കൊട മാറ്റിക്കളിക്കാൻ. ഇതിനൊക്കെ, നിന്റെയൊക്കെ വീട്ടിൽ പറഞ്ഞിട്ട് ഇറങ്ങിക്കോണം.

നിങ്ങടെ വിചാരം ഞാൻ മായാവിയെയും ഡിങ്കനെയുംപോലെ പറന്നുവന്ന് നിങ്ങളെ രക്ഷിക്കുന്ന ഒരു സെറ്റപ്പാണെന്നാണ്. എന്നാൽ ഞാനങ്ങനല്ല എന്ന് നിങ്ങൾക്ക് ഇതുവരെയും മനസ്സിലായിട്ടില്ല.

ഞാൻ സ്നേഹമാണ്, വെറും സ്നേഹം! ഒരു മതക്കാരെയും ഒഴിവാക്കാത്ത സ്നേഹം! അതായത്, എല്ലാവരോടും, എല്ലാത്തിനോടുമുള്ള സ്നേഹം.

ഓരോ മതക്കാർ എനിക്ക് ഒരുപാട് പേരുകളിട്ടിട്ടുണ്ട്. അതിൽ ഓരോരോ പേരുകൾ പറഞ്ഞ് നിങ്ങൾ തോന്ന്യാസങ്ങൾ കാണിക്കുന്നു. വീടില്ലാത്ത മനുഷ്യർ കടത്തിണ്ണകളിൽ കിടക്കുമ്പോൾ നിങ്ങൾ എനിക്കാണെന്നും പറഞ്ഞ് കൊട്ടാരങ്ങൾ പണിയുന്നു; അയൽക്കാരന്റെ മക്കൾ പട്ടിണി കിടക്കുമ്പോൾ നീയൊക്കെ എനിക്കാന്നും പറഞ്ഞ് പാലഭിഷേകം നടത്തുന്നു; കുരിശിന്റെ പുറത്ത് എണ്ണയൊഴിക്കുന്നു; പള്ളിയിൽച്ചെന്ന് നേർച്ചയിടുന്നു; കാശു കൊടുത്ത് കുർബാനയും ഒപ്പീസും പെരുന്നാളുകളും നടത്തുന്നു!

എന്തിനുവേണ്ടിയാണടാ, ഇത്തരം തെണ്ടിത്തരങ്ങൾ? ഞാൻ വന്ന് നിന്നേം നിന്റെ കുടുംബത്തേംമാത്രം രക്ഷിക്കുമെന്ന് കരുതിയിട്ടോ? എനിക്കതല്ല പണി. നിന്റെ കൈമണിയും സ്തോത്രം പാടലും അല്ലേലൂയയും ഞാൻ ശ്രദ്ധിക്കുന്നേയില്ല.

അതുകൊണ്ട് പരസ്പരം സ്നേഹിച്ച് ഭൂമിയെ സംരക്ഷിച്ച്, പിള്ളേർക്കു വിവേകംപറഞ്ഞുകൊടുത്ത്, നേരേചൊവ്വേ ജീവിക്കുക. ദുരന്തങ്ങൾ ഉണ്ടാവാതിരിക്കാൻ ബുദ്ധിയുപയോഗിച്ച് ജീവിക്കുക... തെറ്റുകളിൽനിന്ന് പാഠംപഠിക്കുക.പറ്റുന്നവർക്കെല്ലാം നന്മചെയ്യുക. എന്നുവച്ചാൽ, എല്ലാത്തിനെയും സ്നേഹിക്കുക.

ചിലർ എന്റെപേരിൽ പോത്തിനെകൊല്ലും, ചിലർ എന്റെപേരിൽ പശുവിനെ കൊന്നവനെ കൊല്ലും, ചിലർ എന്റെ പേരിൽ മനുഷ്യന്റെ കഴുത്തറുക്കും, ചിലർ കക്കും, മുക്കും, കട്ടവന്റെയും മുക്കിയവന്റെയും ബിസിനസ് നന്നാക്കാൻ അവന്റെ ഊളപ്പത്രവും പരസ്യവും വാങ്ങിക്കൂട്ടും; അവർ പറയുന്നിടത്ത് വോട്ട് ചെയ്യും.

എല്ലായിടത്തും പേര് എന്റേത്!

ഇതൊന്നും ചെയ്യാൻ ഞാൻ പറഞ്ഞിട്ടില്ല. ആയതിനാൽ, മേലിൽ തോന്ന്യവാസം ചെയ്തിട്ട് എന്റെ പേര് വലിച്ചിഴയ്ക്കരുത്.

എന്ന്
ഒരു മുന്നറിയിപ്പായി, **ദൈവം**

## സത്യജ്വാല വരിക്കാരോട്

കഴിഞ്ഞ ഏതാനും ലക്കങ്ങളായി, 8 പേജു കൂട്ടിയുള്ള വിശേഷാൽപ്പതിപ്പായിട്ടാണല്ലോ 'സത്യജ്വാല' പുറത്തിറക്കുന്നത്. സഭാപ്രശ്നങ്ങൾ അധികരിച്ചുവരുന്ന ഇന്നത്തെ സാഹചര്യത്തിൽ, പേജുകൾ കുറയ്ക്കുക ഇനി എളുപ്പമാണെന്നു തോന്നുന്നുമില്ല.

ഭൂമികുംഭകോണപ്രശ്നവും ചർച്ച് ആക്ട് വിഷയവും ഉൾക്കൊള്ളുന്ന വിശേഷാൽപ്പതിപ്പ് എന്ന നിലയിൽ ജനു. ലക്കം, എറണാകുളം-അങ്കമാലി അതിരൂപതയിലെ എല്ലാ വൈദികർക്കും, സംസ്ഥാനത്തെ മുഴുവൻ മന്ത്രിമാർക്കും എം.എൽ.എ.മാർക്കും അയച്ചുകൊടുക്കുകയുണ്ടായി. ഈ ലക്കവും അവർക്ക് അയക്കുന്നുണ്ട്. ചർച്ച് ആക്ടിനു കൂടുതൽ പ്രാധാന്യം നൽകാനുദ്ദേശിക്കുന്നതിനാൽ, തുടർന്നുള്ള പല ലക്കങ്ങളും ഇപ്രകാരം വളരെപ്പേർക്ക് സൗജന്യമായി അയച്ചുകൊടുക്കേണ്ടിവരുമെന്നു കരുതണം.

കൂടുതൽ പേജോടുകൂടി കൂടുതൽ കോപ്പികൾ അച്ചടിച്ച് അയച്ചുകൊടുക്കാൻ സ്വാഭാവികമായും ചെലവുകൂടും. അടുത്തനാളുകളിൽ 'സത്യജ്വാല'യ്ക്കു ഭേദപ്പെട്ട രീതിയിൽ സംഭാവന ലഭിച്ചതുകൊണ്ടാണ് ഇങ്ങനെയൊക്കെ ചെയ്യാൻ സത്യജ്വാലയെ ഇപ്പോൾ പ്രാപ്തമാക്കുന്നത്. എന്നാൽ, സംഭാവനയെമാത്രം ആശ്രയിച്ച് മുന്നോട്ടുപോകാമെന്നു കരുതുന്നത് വിവേകമല്ലല്ലോ. വരിസംഖ്യതന്നെയാണ് സ്ഥായിയായ വരുമാനം എന്നു കരുതുന്നു. അതുകൊണ്ട്, ഈ വരുന്ന ഏപ്രിൽ മുതൽ 50 രൂപാകൂടെ കൂട്ടി വാർഷികവരിസംഖ്യ 200/- രൂപ ആക്കിയാലോ എന്നാലോചിക്കുന്നു. വരിക്കാരുടെ അഭിപ്രായങ്ങൾക്കൂടി മാനിച്ചുവേണം തീരുമാനമെടുക്കാൻ എന്നാണു കരുതുന്നത്. ഫോണിലൂടെയോ കത്തിലൂടെയോ സർക്കുലേഷൻ മാനേജരെയോ എഡിറ്ററെയോ നിങ്ങളുടെ അഭിപ്രായം അറിയിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

എന്ന്, **എഡിറ്റർ / സർക്കുലേഷൻ മാനേജർ**



സെക്രട്ടറിയേറ്റ് മാർച്ച് ഉൾപ്പടെയുള്ള പ്രക്ഷോഭപരിപാടികളും സംഘടിപ്പിക്കണമെന്നും പൊതു അഭിപ്രായമുണ്ടായി. അതിന് സാധ്യമാകുംവിധം ചർച്ച് ആക്ട് എന്ന ലക്ഷ്യത്തിൽ ഊന്നി പ്രവർത്തിക്കാൻ അഖിലകേരളാടിസ്ഥാനത്തിൽ ഒരു പ്രസ്ഥാനം കെട്ടിപ്പടുക്കണമെന്നും ചർച്ചയിൽ പങ്കെടുത്തവർ അഭിപ്രായപ്പെട്ടു. അതിൻപ്രകാരം ഫെബ്രു. അവസാന ശനിയാഴ്ച എറണാകുളത്ത് ഒരു നേതൃതല കൂടിയാലോചനായോഗം വിളിച്ചുകൂട്ടാൻ തീരുമാനിക്കുകയും ചെയ്തു.



മുൻ മന്ത്രി, പ്രൊഫ. എൻ. എം ജോസഫ് അദ്ധ്യക്ഷപ്രസംഗം നടത്തുന്നു


കോട്ടയം രൂപതയുടെ സ്വവംശവിവാഹനിഷ്ഠയെക്കുറിച്ചു പഠിക്കാൻ നിയോഗിക്കപ്പെട്ടിരുന്ന ബിഷപ് മുൾഹാൾ കമ്മീഷൻ ആ ആചരണത്തിനെതിരെ വത്തിക്കാനിൽ റിപ്പോർട്ടു കൊടുത്തു എന്ന വാർത്ത KANA -യുടെ അമേരിക്കൻ നാഷണൽ കോർഡിനേറ്റർ ശ്രീ. അലക്സ് കാവുംപുറം അറിയിക്കുകയും എല്ലാവരും കൈയടിച്ച് അതിൽ സന്തോഷം പ്രകടിപ്പിക്കുകയും ചെയ്തു.

2 മണിക്ക് ആരംഭിച്ച യോഗം 4.30–നോടുകൂടി അവസാനിപ്പിച്ചു. തുടർന്ന്, എല്ലാവരും ബാനറും പ്ലക്കാർഡുകളുമായി പാലാ പട്ടണത്തിൽക്കൂടി പ്രകടനം നടത്തി തിരിച്ച് പാലാ ളാലം ജംഗ്ഷനിൽ ഒരുക്കിയിരുന്ന സമ്മേളന സ്ഥലത്ത് 5.15–ന് എത്തി ച്ചേർന്നു.

5.30–ന് പ്രൊഫ: ജോസഫ് പുലിക്കുന്നേൽ അനുസ്മരണവും കത്തോലിക്കാസഭയിലെ ആനുകാലികസംഭവങ്ങൾ വിശദീകരിച്ചുള്ള പൊതുസമ്മേളനവും ആരംഭിച്ചു. മുൻമന്ത്രി പ്രൊഫ: എൻ.എം. ജോസഫ് അദ്ധ്യക്ഷത വഹിച്ചു. അദ്ദേഹം തന്റെ പ്രസംഗത്തിൽ, പുലിക്കുന്നേലുമായി തനിക്ക് ദീർഘകാലമായുണ്ടായിരുന്ന ആത്മബന്ധത്തെക്കുറിച്ചും, അദ്ദേഹം മുന്നോട്ടുവച്ച സഭാനവീകരണദർശനങ്ങളുടെ ഇന്നത്തെ പ്രസക്തിയെക്കുറിച്ചും സംസാരിച്ചു. തുടർന്ന്, പ്രശസ്ത വിമോചനദൈവശാസ്ത്രചിന്തകനും കേരളമത്സ്യതൊഴിലാളി ഫെഡറേഷൻ മുൻ പ്രസിഡണ്ടുമായ ഫാ. ജോസ് കളീക്കൽ പുലിക്കുന്നേലിന്റെ കരുത്തുറ്റ വ്യക്തിത്വത്തെയും വിപുലമായിരുന്ന ആശയലോകത്തെയും അനുസ്മരിച്ചു സംസാരിച്ചു. തുടർന്ന്, പ്രൊഫ: സെബാസ്റ്റ്യൻ വട്ടമറ്റം, ഡോ. ജോസഫ് വർഗീസ്, പ്രൊഫ. പി.സി. ദേവസ്യ എന്നിവരുടെ പ്രസംഗങ്ങളും ഉണ്ടായിരുന്നു. കത്തോലിക്കാ സഭയുടെ ഭൗതികസ്വത്തുകൾ നിയന്ത്രിക്കുന്നതിന് ഒരു നിയമം അനിവാര്യമാണെന്നും അതുകൊണ്ട്, ചർച്ച് ആക്ട് നടപ്പാക്കിയെടുക്കണമെന്നും എല്ലാവരും അഭിപ്രായപ്പെട്ടു.

ഈ ലേഖകൻ സ്വാഗതം ആശംസിക്കുകയും മാത്യു എം. തറക്കുന്നേൽ നന്ദി പറയുകയും ചെയ്തു.

**ഷാജു ജോസ് തറപ്പേൽ**
( സെക്രട്ടറി )



**ഫാ. ജോസ് കളീക്കൽ**



**പ്രൊഫ. സെബാസ്റ്റ്യൻ വട്ടമറ്റം**



**പ്രൊഫ. ഇപ്പൻ**

Regd. No: M2-14438/12
RNI Regd. No: KERMAL/2013-52182
Published on 15-02-2018

February 2018
**Sathyajwala**
Price Rs. 15.00

Registered: KL/KTM/133/2017-19
Licence No. KL/CR/KTM/WPP-08/2017-19
Licensed to Post Without Prepayment.

**കെ.സി.ആർ.എം. റിപ്പോർട്ട്, പാലാ**

# ചർച്ച് ആക്ട് അനിവാര്യം

'**ഭൂ**മികുംഭകോണത്തിന്റെ പശ്ചാത്തലത്തിൽ ചർച്ച് ആക് ടിന്റെ അനിവാര്യത' എന്നതായിരുന്നു 2018 ജനുവരി മാസത്തിലെ ചർച്ചാവിഷയം. കെ.സി.ആർ.എം. തൊടുപുഴ യൂണിറ്റ് നേതാക്കളായ പ്രൊഫ. പി.സി. ദേവസ്യ, അഡ്വ ജോസ് പാലിയത്ത്, ശ്രീ. സി.വി. ജോർജ് എന്നിവരാണ് വിഷയം അവതരിപ്പിച്ച് സംസാരിച്ചത്. അദ്ധ്യക്ഷപ്രസംഗത്തിൽ വൈസ്. പ്രസിഡന്റ് മാത്യു എം.തറക്കുന്നേൽ ഒരു നിയമമില്ലാത്തതാണ് ഭൂമികുംഭകോണം പോലുള്ള അഴിമതികൾക്കും അധികാരദുർവിനിയോഗങ്ങൾക്കും കാരണമെന്ന് അഭിപ്രായപ്പെട്ടു. നിർദ്ദിഷ്ട ചർച്ച് ആക്ട് നടപ്പിലാക്കിക്കിട്ടുന്നതിനുള്ള ശ്രമങ്ങൾ ശക്തമാക്കണമെന്ന ആഹ്വാനവും അദ്ദേഹം നടത്തി.



അഡ്വ. ജോസ് പാലിയത്ത്



പ്രൊഫ. പി.സി. ദേവസ്യ

കത്തോലിക്കാസഭ ഇപ്പോൾ ഒരു അൺലിമിറ്റഡ് കമ്പനിയാണെന്ന് പ്രൊഫ. പി.സി. ദേവസ്യ അഭിപ്രായപ്പെട്ടു. സഭയുടെ രഹസ്യസ്വഭാവംകൊണ്ടാണ് കുംഭ



അലക്സ് കാവുപുറം



സി.വി. ജോർജ്ജ്

കോണം സംഭവിച്ചത്. രഹസ്യസ്വഭാവം ആരെയും അഴിമതിയിലേക്കു നയിക്കുകതന്നെചെയ്യും. അർഹമല്ലാത്ത സ്ഥലങ്ങളിൽ സമ്പത്ത് കേന്ദ്രീകരിക്കാൻ അതിടയാക്കും. സഭയെ കള്ളന്മാരുടെ ഗുഹയാക്കിത്തീർക്കും. സഭയുടെ സാമ്പത്തികകാര്യങ്ങൾ പുരോഹിതർ കൈകാര്യംചെയ്യുവാൻ പാടുള്ളതല്ല. ഇതുറപ്പു വരുത്താൻ ചർച്ച് ആക്ട് പാസ്സായിക്കിട്ടണം. നിയമത്തിന്റെ അഭാവത്തിൽ ആലഞ്ചേരിയും 40 കള്ളന്മാരും ബുദ്ധിപൂർവ്വം ആലോചിച്ച് തന്ത്രപൂർവ്വംചെയ്ത ഭൂമി ഇടപാടിനെ നിയമപരമായി നേരിടാൻ സാധിക്കുമോ എന്നത് സംശയമാണ്.

ദൈവത്താൽ നിയോഗിക്കപ്പെട്ടവരെന്നു സ്വയം അവകാശപ്പെടുന്ന പുരോഹിതരും ശ്രേഷ്ഠപുരോഹിതരും നടത്തുന്ന ഇടപാടുകളിൽ അധാർമ്മികത കാണുമ്പോൾ അവർ ക്രിസ്തുവിരുദ്ധരാണെന്നു തിരിച്ചറിയേണ്ടതുണ്ടെന്ന്, ഭൂമികുംഭകോണത്തിന്റെ ധാർമ്മികവശം പരിശോധിച്ചുകൊണ്ട്, അഡ്വ. ജോസ് പാലിയത്ത് അഭിപ്രായപ്പെട്ടു. ഇടയന്മാർ ആടുകളെ കൊന്നുതിന്നുന്ന അവസ്ഥയാണത്. ഭൂമിഇടപാടിന്റെ ധാർമ്മികഉത്തരവാദിത്തം ഏറ്റെടുത്ത് കർദ്ദിനാൾ ആലഞ്ചേരി സ്വയം രാജിവച്ചേപറ്റൂ, അദ്ദേഹം പറഞ്ഞു.

രാഷ്ട്രീയനേതാക്കളെക്കുറിച്ച് ആരോപിക്കപ്പെടുന്ന ജീർണ്ണതയെക്കാൾ ഗൗരവതരമായ ജീർണ്ണതയാണ് സഭാദ്ധ്യക്ഷന്മാരിൽ സംഭവിച്ചിരിക്കുന്നത് എന്ന് ശ്രീ. സി.വി. ജോർജ് അഭിപ്രായപ്പെട്ടു. തുടർന്ന് ചർച്ച് ആക്ടിന്റെ ഉള്ളടക്കമെന്തെന്നും അതെന്തുകൊണ്ട് ആവശ്യമാണെന്നും അദ്ദേഹം വിശദീകരിച്ചു.

പിന്നീട് നടന്ന ചർച്ചയിൽ കെ.കെ. ജോസ്, ജോയി ഒറവണക്കുളം, പി.കെ, മാത്യു, ഡോ: എം.കെ.മാത്യു, ഇപ്പൻ, സി.കെ. പുന്നൻ, ജോഷി പോൾ, ജോർജ് മൂലേച്ചാലിൽ, ഒ.ഡി. കുര്യാക്കോസ്, അപ്പച്ചൻ മുതലക്കുഴി, ജോൺ മുതുക്കാട്ടിൽ, പ്രൊഫ: സെബാസ്റ്റ്യൻ വട്ടമറ്റം മുതലായവർ സംസാരിച്ചു.

ഭൂമികുംഭകോണത്തെ നിയമപരമായി നേരിടണമെന്നും ചർച്ച് ആക്ടിനുവേണ്ടി പ്രചരണപരിപാടികളും



Printed & Published by George Moolechalil, Vallichira P.O , Kottayam -686574, owned by 'Kerala Catholic church Reformation Movement (KCRM), Tharakunnel bldg, Pala P.O., Kottaym, Kerala-686 575, and Printed at Print House, Opp. St.Thomas HSS, Pala, Pala P.O., Kottayam-686 575. Editor : George Moolechalil, Vallichira P.O.,Kottayam, Kerala-686 574.